286
JANUARY 2021

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

## സ്വത്വം, സമത്വം വിദ്യാഭ്യാസം




വനിതാപതിപ്പ്

KERALA PRIVATE
# COLLEGE TEACHER

JAN 2021 286

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Sony John**
**Dr. N. Renuka**

**Members**
Prof. Jogy Alex
Dr. C. Padmanabhan
Dr. M. Sreekumar
Dr. Sheela M. Joseph
Prof. A.G.Oleena
Prof. Pramod Vellachal
Dr. Vidhu Narayan
Dr. Vysakhan Thambi
Shyla Hameed
Dr. Arya Gopi
Dr. Myna Umaiban
Sona P.
Dr. M.R.Rajesh
Abhilash T.
Harinarayanan S.
Subin Varghese
Bineesh E.K.
Dr. Santhosh Kumar Vallikkat
Reeja Jose P
Dr. Seetha Vijayakumar
V H Nishad

Design : Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

- *എഡിറ്റോറിയൽ* 3
- *സംഘടന - വനിത - ലിംഗനീതി*
**ഡോ. സി. പത്മനാഭൻ** 4
- *അദ്ധ്യാപികമാരുടെ കോവിഡ്കാല വീട്ടകങ്ങൾ*
**ഗസ്റ്റ് എഡിറ്റോറിയൽ** 6
- *വനിത കമ്മിറ്റി റിപ്പോർട്ട് 2020 - 21* 7
- *കർമ്മപാതയിൽ*
**പ്രൊഫ. ഷീല എം. ജോസഫ്** 11
- *മഹാപ്രസ്ഥാനം*
**ആതിര നന്ദൻ** 13
- *Can We check the outbreak of Pandemics like Covid-19 through conservation of Bio-diversity?*
**Dr. Jijikumari T.** 17
- *മലയാളത്തിലെ ഒ.ടി.ടി. റിലീസുകളും പെണ്ണനുഭവങ്ങളും*
**ഡോ. രമ്യ ജി.** 23
- *കണ്ടിട്ടുണ്ടോ എന്ന്*
**ഇ.എം. സുരജ** 27
- *മലയാള ചെറുകഥയിലെ പെണ്ണിടങ്ങൾ*
**രാഗി ആർ.ജി.** 28
- *National Cinema - Negotiating Cultures and Histories*
**Dr. Swapna Gopinath** 32
- *മലയാളസിനിമയിലെ സ്ത്രീകൾ*
**അപർണ ബി.** 36
- *വിമോചനത്തെക്കുറിച്ച് തന്നെ*
**സംഗീത ജി. നായർ** 42
- *ഗ്രാഫിറ്റി*
**ഡോ. അനിത കെ. വിശ്വംഭരൻ** 45
- *ലിംഗ അസമത്വത്തിന്റെ കോവിഡ് പർവ്വം*
**ലിഷ കെ.കെ.** 46
- *Sara Joseph's Ramayana Stories: Muted voice of the gendered subalterns*
**Sreekala** 49
- *പാത്തേയിയും കോയട്ടിയും*
**ഷിലുജാസ് എം.** 53
- *പാണ്ഡവപുരം - സമകാലിക വായന*
**ഡോ. എസ്. ശ്രീകുമാരി** 58
- *ഭൂതാവിഷ്ടർ*
**സബീന ബാലചന്ദ്രൻ** 64
- *ആവാസവ്യവസ്ഥയിൽ നിന്ന് പുറത്തുപോയവർ*
**ഡോ. സിന്റിൽ ജോസ് ചിറയിൽ** 66
- *കാവൽ മാലാഖ*
**കല സജീവൻ** 67
- *സ്വത്വം, സമത്വം, വിദ്യാഭ്യാസം സ്ത്രീകളിലൂടെ*
**ഡോ. ജയശ്രീ. എസ്.റ്റി** 68
- *A Tale About the Discovery of a new Lead in Cancer Therapy*
**Dr. Divya V.** 70
- *സ്ത്രീശാക്തീകരണത്തിലെ നിഷ്പക്ഷത*
**ഡോ. ഷീബ എൻ.എച്ച്.** 73
- *ജീവിതത്തിന്റെ സർഗാത്മകതകൾ*
**അനൂജ ചാക്കോ** 77
- *മാനസസരസ്സ് - തടാകങ്ങളുടെ രാജാവ്*
**ഡോ. ജോയ്സ്കുട്ടി ജോസഫ്** 79
- *വാക്കിലെരിയും കനൽ*
**ഡോ. ബിന്ദു എ.സി.** 87
- *സംഘടനയുടെ സ്ത്രീപക്ഷം*
**നിഷ** 90
- *നിന്നിലേക്കുള്ള ദൂരം*
**ഡോ. മിലൻ ഫ്രാൻസ്** 92
- *നാലുമണി മണങ്ങൾ*
**സന്ധ്യ ഇ** 93

## എഡിറ്റോറിയൽ



മഹത്തായ ഭാരതീയ അടുപ്പകങ്ങളിൽ എരിയുന്ന സ്ത്രീ ജീവിതങ്ങളോട് മലയാളി പുലർത്തിവരുന്ന മനോഭാവത്തിന് നേരെ ഒരു സിനിമ വിരൽ ചൂണ്ടിയ കാലത്ത് തന്നെയാണ് കോവിഡ് ദുരന്തമുഖത്ത് വെർച്വൽ സങ്കേതങ്ങളിലൂടെ സംഘടനാ പ്രവർത്തനം നടത്താൻ നിർബന്ധിതമായ സാഹചര്യങ്ങളിൽ നമ്മുടെ നാട്ടിലെ പെൺകൂട്ടായ്മകൾ വിവിധ തരത്തിൽ ശക്തമായതും. സാഹചര്യങ്ങൾക്ക് അനുസരിച്ച് ജീവിതത്തെ നിർവചിക്കാൻ നാം പൊതുവിൽ ശീലിച്ചതിന്റെ ഫലം കൂടിയാണ് അത്. പ്രതിസന്ധികളിൽ തളരാതെ മുന്നിൽ നിന്ന് നയിക്കുന്ന കരുത്തരായ വനിതകൾ, അവരുടെ നിശ്ചയദാർഢ്യം, പ്രതികൂല സാഹചര്യത്തിലും അടിപതറാതെ ഒരു ജനതയ്ക്കൊപ്പം ചേർന്ന് നില്ക്കാൻ അവർ കാണിച്ച ക്ഷമയും ആത്മബലവും ഇതൊക്കെയാണ് പോയ വർഷം നാം  കണ്ടത്.

പുതിയ ലോക ക്രമത്തിൽ സ്ത്രീ സ്വയം അടയാളപ്പെടുത്തുന്നത് കാലങ്ങൾ കൊണ്ട് പുരുഷൻ നിർമ്മിച്ച കപട സാമൂഹിക ബോധ്യങ്ങളുടെ വ്യാജ ബിംബങ്ങളിലൂടെ അല്ല. അവിടെ ഉറച്ച നിലപാടുകൾ കൊണ്ട് അവർ തീർക്കുന്നത് ബദലുകളാണ്. സാമൂഹിക ജീവിതത്തിന്റെ വ്യക്തവും നിലനിൽക്കുന്ന  മുൻഗണനാ ക്രമങ്ങളെ അട്ടിമറിക്കുന്നതും ആയ ബദലുകൾ. ആരോഗ്യ മന്ത്രി ഷൈലജ ടീച്ചർ മുതൽ കൊവിഡ് പോസിറ്റീവ് ആയിരുന്നിട്ടും കോളജ് ഗവേണിംഗ് ബോഡി ഇലക്ഷനിൽ പി പി ഇ കിറ്റ് ധരിച്ച് വോട്ട് രേഖപ്പെടുത്താൻ എത്തിയ കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ പ്രിയ മാത്യൂസ് വരെ നിലപാടുകൾ കൊണ്ട് നമ്മോട് നിരന്തരം സംവദിക്കുന്നു. ആത്മബലത്താൽ തലയുയർത്തി നിൽക്കുന്ന നൂറുകണക്കായ സ്ത്രീകളോടുള്ള ആദരവാണ് ഈ ലക്കം.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

GENERAL SECRETARY'S PAGE

ഡോ. സി. പത്മനാഭൻ



# സംഘടന-വനിത-ലിംഗനീതി

സംഘടനയ്ക്ക് ഒരു വനിതാ കമ്മിറ്റി ഉണ്ടായിരിക്കുക, സംഘടനാ പ്രസിദ്ധീകരണത്തിന് ഒരു വനിതാ പതിപ്പ് ഉണ്ടായിരിക്കുക എന്നതെല്ലാം ഒരേ സമയം ഒരു കുറവിന്റെ ലക്ഷണവും അതേസമയം ആ കുറവ് പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാണ്. കോളജ് അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷം വരുന്ന വനിതകളുടെ സംഘടനയിലെ സ്ഥാനം ഇന്നും അതിന്റെ പാർശ്വങ്ങളിൽ ഒതുക്കപ്പെട്ടിരിക്കുന്നു എന്നതാണ് ആ കുറവ്. നേതൃസമിതികളിലെ വനിതകളുടെ അനുപാതം മുതൽ ഉന്നതവിദ്യാഭ്യാസമേഖലയിലെ വിവിധ അധികാരസ്ഥാനങ്ങളിൽ ഉള്ള വനിതകളുടെ എണ്ണം വരെ ഇതിന് തെളിവായി ചൂണ്ടിക്കാണിക്കാൻ പറ്റും. എന്നാൽ സംഘടനാ മാർഗങ്ങൾ ഉപയോഗിച്ചുകൊണ്ട് അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട് എന്ന തിരിച്ചറിവ് ആണ് വനിതാ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിന്റെയും സംഘടനാ പ്രസിദ്ധീകരണത്തിന്റെ വനിതാ ലക്കം പ്രസിദ്ധീകരിക്കുന്നതിന്റെയും ഒക്കെ യുക്തി. അത്തരം സവിശേഷശ്രമങ്ങൾ പൊതുവായ പരാധീനതയ്ക്ക് ആക്കം കൂട്ടുമോ എന്ന ചോദ്യം ഉയർത്തിക്കൊണ്ട് സംഘടനകൾക്കകത്ത് പ്രത്യേകമായി വനിതാ കമ്മിറ്റികൾ പ്രവർത്തിക്കുന്നതിന്റെ സാംഗത്യത്തെ സ്ത്രീപക്ഷ ചിന്തകർ തന്നെ വിചാരണ ചെയ്യുന്ന സന്ദർഭത്തിലാണ് ഇത് എടുത്തുപറയേണ്ടി വരുന്നത്. ഒരു തൊഴിൽ മേഖല എന്ന നിലയിൽ കേരളത്തിലെ എയ്ഡഡ് അദ്ധ്യാപന മേഖലയിൽ സ്ത്രീകളുടെ അനുപാതം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നത് 1980കളോട് കൂടി ആണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ ഭൂപരിഷ്കരണാനന്തര കേരളീയസമൂഹം പ്രകടിപ്പിച്ച വർദ്ധിതമായ താല്പര്യമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ച പ്രധാന ഘടകം. ഭൂപരിഷ്കരണത്തിന് ശേഷം പുതുതായി രൂപീകരിക്കപ്പെട്ട കുടുംബ അന്തരീക്ഷത്തിൽ

പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്നത് പലതരം പരിമിതികൾ നിലനിൽക്കേ തന്നെ വ്യാപകമാവുന്നത് ഈ കാലഘട്ടത്തിലാണ്.

വിഷയങ്ങളും സ്ഥാപനങ്ങളും തെരഞ്ഞെടുക്കുന്ന കാര്യത്തിലും മറ്റും പുരുഷാധിപത്യസമൂഹം ഏർപ്പെടുത്തിയ ചില നിഷ്കർഷകൾ ഉള്ളതിനാലും ഉപരിപഠന സാദ്ധ്യതകൾ ചില പ്രത്യേകരീതികളിൽ ക്രമീകരിക്കപ്പെട്ടതിനാലും ചില വിഷയങ്ങളിൽ പെൺകുട്ടികൾ ധാരാളമായി ചേരുന്ന സ്ഥിതിവിശേഷം ഉണ്ടായി. എൺപതുകളിൽ തന്നെയാണ് ആൺകുട്ടികൾ കേരളത്തിന് പുറത്തുള്ള സ്വകാര്യ സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളിൽ ധാരാളമായി ചേർന്ന് പഠിച്ച് തുടങ്ങുന്നതും. കോഴ്സുകൾക്കും സ്ഥാപനങ്ങൾക്കും വരെ ലിംഗപരമായ വ്യത്യാസങ്ങൾ കൈവരുന്നത് ഈ കാലഘട്ടത്തിൽ കാണാൻ സാധിക്കും. പരമ്പരാഗത ആർട്സ്, സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യത നേടിയ അദ്ധ്യാപികമാർ ധാരാളമായി തൊണ്ണൂറുകൾ മുതൽ നിയമിക്കപ്പെട്ടു. അദ്ധ്യാപനവൃത്തിയെ കുറിച്ചുള്ള ആ കാലഘട്ടത്തിലെ പുരുഷാധിപത്യസമൂഹത്തിന്റെ പൊതു കാഴ്ചപ്പാടും ഇത്തരത്തിൽ വനിതകൾ ധാരാളമായി അദ്ധ്യാപനജോലിയിലേക്ക് കടന്നുവരുന്നതിനെ പ്രോത്സാഹിപ്പിച്ച ഒരു ഘടകമാണ്. വിദ്യാഭ്യാസത്തെ കുറിച്ചും തൊഴിലിനെ കുറിച്ചും കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ഉണ്ടായിരുന്ന കാഴ്ച്ചപ്പാടുകൾ ഏറെക്കുറേ തിരുത്തിക്കൊണ്ടും വിഷയങ്ങളുടെയും കോഴ്സുകളുടേയും കാര്യത്തിൽ ഉണ്ടായിരുന്ന ലിംഗപരമായ മുൻവിധികൾ അട്ടിമറിച്ചുകൊണ്ടും പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഉത്സാഹപൂർവം എത്തിച്ചേരുകയും അവരുടെ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്യുന്ന സന്തോഷകരമായ കാഴ്ചയാണ് ഈ നൂറ്റാണ്ടിൽ പിന്നിട്ട് രണ്ടു ദശകങ്ങളിലും കാണാൻ കഴിയുക. കേരളത്തിലെ

**കേരളത്തിലെ എയ്ഡഡ് കോളജ് മാനേജ്മെന്റുകൾ ആദ്യകാലത്ത് പൊതുവിൽ വനിതകൾക്ക് നിയമനം നൽകാൻ വലിയ വിമുഖത കാണിച്ചിരുന്നു എന്നത് ഇത്തരത്തിലുള്ള ഒരു വസ്തുതയാണ്. എന്തിനേറെ പറയുന്നു, വിവാഹിതയായതിന്റെ പേരിൽ ജോലിയിൽ നിന്നും പറഞ്ഞയക്കപ്പെട്ട അധ്യാപികമാർ പോലും ചില സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുണ്ട്.**

ഉന്നതവിദ്യാഭ്യാസമേഖലയിലെ വനിതാ പങ്കാളിത്തം ഇത്തരം സാമാന്യവൽക്കരണങ്ങൾക്കപ്പുറത്ത് വിശദമായ പഠനത്തിന് വിധേയമാവേണ്ട വിഷയമാണ് എന്നത് മറ്റൊരു കാര്യം. കോളജ് അദ്ധ്യാപനമേഖല വനിതകൾക്ക് ബഹുഭൂരിപക്ഷം ഉള്ള മേഖലയായി മാറിയ ഈ കാലഘട്ടത്തിൽ ചരിത്രത്തിലെ ചില വസ്തുതകൾ ഓർത്തെടുക്കുന്നത് തീർച്ചയായും ഗുണം ചെയ്യും. കേരളത്തിലെ എയ്ഡഡ് കോളജ് മാനേജ്മെന്റുകൾ ആദ്യകാലത്ത് പൊതുവിൽ വനിതകൾക്ക് നിയമനം നൽകാൻ വലിയ വിമുഖത കാണിച്ചിരുന്നു എന്നത് ഇത്തരത്തിലുള്ള ഒരു വസ്തുതയാണ്. എന്തിനേറെ പറയുന്നു, വിവാഹിത ആയതിന്റെ പേരിൽ ജോലിയിൽ നിന്നും പറഞ്ഞയക്കപ്പെട്ട അദ്ധ്യാപികമാർ പോലും ചില സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുണ്ട്. നിയതമായ സേവനവ്യവസ്ഥകൾ ഇല്ലാത്ത ഒരു കാലഘട്ടത്തെ കുറിച്ച് സൂചിപ്പിക്കുമ്പോൾ പിരിച്ചുവിട്ടു എന്ന് പറയാൻ പോലും പറ്റില്ലല്ലോ? ഗാർഹിക ഉത്തരവാദിത്തങ്ങൾ പെരുകുമ്പോൾ ജോലിയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ പറ്റില്ല എന്നതായിരുന്നു മാനേജ്മെന്റ് കണ്ടെത്തിയ ന്യായം. അതിൽ നിന്നൊക്കെ മാറി ലിംഗനീതി ഉള്ള നിയതമായ സേവനവ്യവസ്ഥകൾ വന്നതോടെയാണ് അത്തരം ന്യായവാദങ്ങൾ ഉന്നയിക്കാൻ സാധിക്കാത്ത അവസ്ഥ വന്നതും യോഗ്യരായ വനിതകളെ ഒഴിച്ചുനിർത്താൻ പറ്റാത്ത സാഹചര്യം ഉടലെടുത്തതും. കേരളത്തിലെ എയ്ഡഡ് കോളജ് അദ്ധ്യാപക പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാവുന്ന ഒരു കാര്യം എപ്പോഴെല്ലാം പുതിയ സ്ഥാപനങ്ങളുടെ വരവും പുതിയ അദ്ധ്യാപകരുടെ നിയമനവും നടന്നിട്ടുണ്ടോ അപ്പോഴെല്ലാം കാലാനുസൃതമായ പുതിയ മുദ്രാവാക്യങ്ങൾ ഏറ്റെടുക്കാൻ സംഘടനയ്ക്ക് കരുത്ത് പകർന്നു കിട്ടിയിട്ടുണ്ട് എന്നതാണ്. സംഘടനാരൂപീകരണം മുതലിങ്ങോട്ട് സംഘടന കടന്നുവന്ന ഓരോ ദശാസന്ധിയിലും ഗണപരമായ മാറ്റം ഗുണപരമായ മാറ്റമായി ഭവിച്ചതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ നിരത്താൻ സാധിക്കും. അതുകൊണ്ടുതന്നെ നമ്മുടെ മേഖലയിൽ കൂടുതൽ വനിതകൾ കടന്നുവന്നു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. പുരുഷൻ സ്ത്രീ എന്ന ദ്വന്ദത്തിലേക്ക് ലിംഗപരതയെ ചുരുക്കി എഴുതുന്നത് തന്നെ ട്രാൻസ്ജന്റർ അവകാശങ്ങളെ കുറിച്ചുള്ള അവബോധം കൂടുതൽ വ്യാപകമാവുന്ന ഈ കാലഘട്ടത്തിൽ അനുചിതമാണ് എന്നത് മറ്റൊരു കാര്യം. അദ്ധ്യാപന മേഖലയിലെ ട്രാൻസ്ജന്റർ അവകാശങ്ങൾ അടക്കം ഏറ്റെടുക്കാനും സംഘടനയ്ക്കും ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ആകെയും ലിംഗനീതിപരമായ പുതിയ മുന്നേറ്റങ്ങൾ നടത്താനും സഹായകരമാണ് ഈ മേഖലയിൽ കൂടുതൽ അദ്ധ്യാപികമാർ കടന്നുവരുന്നു എന്ന കാര്യം. അത് സംഘടനാപരവും വിദ്യാഭ്യാസസംബന്ധിയും ആയ ഒട്ടേറെ പുതുപ്രതീക്ഷകൾക്ക് വക നൽകുന്നുണ്ട്.

ഗസ്റ്റ് എഡിറ്റോറിയൽ

# അദ്ധ്യാപികമാരുടെ കോവിഡ്കാല വീട്ടകങ്ങൾ



കോവിഡ് മഹാമാരി വുഹാനിൽ നിന്ന് കേരളത്തിലെത്തി എന്ന വാർത്തയും അതോടൊപ്പം തന്നെ വിദ്യാലയങ്ങളൊക്കെയും ഒന്നൊന്നായി അനിശ്ചിതകാലത്തേക്ക് അടയ്ക്കുകയും ഏവരും വീടുകളിൽനിന്ന് പുറത്തേക്കിറങ്ങരുത് എന്ന ആഹ്വാനവും അവശ്യഭക്ഷ്യസാധനങ്ങളുടെ ശേഖരണവും എല്ലാം വളരെ പെട്ടെന്ന് വന്ന് ഭവിച്ച സംഗതികളാണ്. ഏവരിലും ആശങ്കയും അതോടൊപ്പം ഭീതിയും നടമാടിയ സമയം. പലായനങ്ങളും, കുടിയൊഴിക്കലും, വേവലാതികളും ഏറെക്കണ്ട കാലഘട്ടം. എന്നാൽ അദ്ധ്യാപികമാരെ സംബന്ധിച്ചിടത്തോളം അധികഭാരം ചുമക്കേണ്ടിവന്ന സമയം കൂടിയാണ് ഇത്. പഠനം മുഴുവൻ ഓൺലൈനിലേക്ക് മാറിയപ്പോൾ പകച്ചുപോയ അദ്ധ്യാപികമാരെ ചേർത്തണച്ചത് എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ നടത്തിയ ഓൺലൈൻ പഠനക്ലാസ്സുകളാണ്. പ്രായാധിക്യമുള്ള മാതാപിതാക്കളുടെയും കുട്ടികളുടെയും പരിചരണം, വീട്ടുജോലികൾ, അതോടൊപ്പം ക്ലാസ്സുകളുടെ മുന്നൊരുക്കം കൃത്യസമയത്ത് ഓൺലൈൻ ക്ലാസ്സുകൾ നടത്തുക. ഇങ്ങനെ വിവിധങ്ങളായ ഉത്തരവാദിത്തങ്ങൾ അരങ്ങുതകർക്കുകയായിരുന്നു കോവിഡ്കാലത്തെ അദ്ധ്യാപികമാരുടെ വീടകങ്ങളിൽ. ഇങ്ങനെ ഒരവസ്ഥയിലാണ് ഈ വർഷത്തെ വനിതാകമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചത്.

ആദ്യമായി ഒരു പക്ഷെ എ.കെ.പി.സി.ടി.എ പ്രവർത്തനങ്ങൾ കുടുംബങ്ങളിലേക്ക് കടന്നുചെന്നത് ഈ അവസരത്തിലാണ്. ബ്രാഞ്ചുതല മീറ്റിങ്ങുകൾ മുതൽ ജില്ലാതല മീറ്റിങ്ങുകൾ വരെ വീടിനുള്ളിലിരുന്ന് കുടുംബാംഗങ്ങളോടൊപ്പം അവർ പങ്കെടുത്തു. സംഘടനാപ്രവർത്തനങ്ങൾ ചിട്ടയോടും അടുക്കോടും കൃത്യതയോടും കൂടിനടക്കുന്നത് അവർ കണ്ടു. എൻ.ഇ.പി.യും ഇ.ഐ.എ. യും കർഷകസമരവും എല്ലാമെല്ലാം വീടകങ്ങളിൽ എത്തി. അദ്ധ്യാപികമാരുടെ മാനസിക സംഘർഷം കുറയ്ക്കാനായി നൽകിയ മനഃശാസ്ത്രക്ലാസ്സുകൾ ഏറെയും ശ്രദ്ധയാകർഷിച്ചു. ഒരു ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്തവർ അടുത്ത ജില്ലകളിലെ ക്ലാസ്സുകളിലേക്ക് എത്തിച്ചേർന്നു.

ഗൂഗിൾ ഫോർമാറ്റിലൂടെ മിക്കവാറും പേർ അവരുടെ വിശദവിവരങ്ങൾ നൽകിയും വനിതാപതിപ്പിലേക്കുള്ള രചനകളിലൂടെയും സുദീർഘമായ സംഭാഷണങ്ങളിലൂടെയും അവർ സംവദിച്ചുകൊണ്ടേയിരുന്നു. എ.കെ.പി.സി.ടി.എയുടെ കരുതൽ ഏറ്റവും കൂടുതൽ അനുഭവിച്ചറിഞ്ഞ നാളുകൾ കൂടിയായിരുന്നു ഇത്. തുടരെത്തുടരെ വന്ന അദ്ധ്യാപക വിരുദ്ധസർക്കാർ ഉത്തരവുകൾ, ശമ്പളപരിഷ്കരണത്തിന്റെ തടസ്സവാദങ്ങൾ, ഓൺലൈൻ ക്ലാസ്സുകളുടെ വിശദാംശങ്ങൾ ഇവയെല്ലാം തന്നെ ഓരോ കുടുംബവും തൊട്ടറിഞ്ഞു എന്നതാണ്കോവിഡ് കാലത്തിന്റെ സവിശേഷത.

ഈ അസാധാരണ കാലഘട്ടത്തെ പ്രായോഗികമായും ഗുണപരമായും നേരിട്ടു എന്നതാണ് ഈ കാലയളവിലെ പ്രവർത്തനങ്ങളുടെ മികവായി വനിതാക്കമ്മിറ്റി കണക്കാക്കുന്നത്. ബ്രാഞ്ച്, ജില്ലാ, മേഖലാ കൺവീനർമാരടക്കം സംഘബോധം ഒട്ടും ചോരാതെ ഒരു നല്ല നേതൃനിരയെ വാർത്തെടുക്കാൻ കമ്മിറ്റിക്ക് ഈ കാലയളവിൽ കഴിഞ്ഞു. ഇനിയും ചെയ്തുതീർക്കാനുള്ള വിഷയങ്ങൾ മുന്നിലുണ്ട്. നേതൃപഠനക്യാമ്പ്, ക്യാമ്പസിലെ കോഡ് ഓഫ് കോൺഡക്റ്റ്, വനിതാസെൽ രൂപപ്പെടുത്തൽ ഇവയൊക്കെ മുന്നിൽ കണ്ടുകൊണ്ട് വനിതാമുന്നേറ്റത്തിന് ശക്തിപകർന്നുകൊണ്ട് എ.കെ.പി.സി.ടി.എ. വനിതാകമ്മിറ്റി യാത്ര തുടരുന്നു.

**പ്രൊഫ. ഷാജിത എസ്.**
കൺവീനർ, വനിതാ സബ് കമ്മിറ്റി

# വനിത കമ്മിറ്റി റിപ്പോർട്ട് 2020-21

ഒരസാധാരണ കാലഘട്ടത്തിലൂടെയാണ് ഇന്ന് ലോകം കടന്നുപോകുന്നത്. കോവിഡ് മഹാമാരി മനുഷ്യരാശിയെ ഒന്നടങ്കം ഭീതിയുടെ മുൾമുനയിൽ നിർത്തിയിരിക്കുന്നു. ജീവനും അതിജീവനത്തിനുമായി മനുഷ്യൻ ജാഗ്രതയോടെ പ്രവർത്തിക്കുന്ന ഒരു കറുത്തകാലമാണിത്. മനുഷ്യബന്ധങ്ങൾക്ക് ശാരീരിക അകലം ഒരു പ്രതിബന്ധമാകില്ലെന്ന് സാങ്കേതികവിദ്യ തെളിയിച്ചുകഴിഞ്ഞു. വിവരവിനിമയമേഖലകളിലെ വിപ്ലവകരമായ മുന്നേറ്റങ്ങളുടെ ഗുണഭോക്താക്കളായി മാറാൻ സാധാരണക്കാർക്ക് പോലും സാധിച്ചു എന്നതാണ് കോവിഡിന്റെ ഗുണകരമായ വശം.

ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം കോവിഡിനു പുറമെ ഒട്ടേറെ രാഷ്ട്രീയ – സാമൂഹ്യ പ്രതിസന്ധികളും തരണം ചെയ്യേണ്ട ഒരു ഘട്ടമാണിത്. കൃഷി, വിദ്യാഭ്യാസം, പരിസ്ഥിതി തുടങ്ങി ഒരു രാജ്യത്തിന്റെ അടിസ്ഥാനമേഖലകളെല്ലാം സ്വകാര്യവൽക്കരണത്തിനും കുത്തകവത്കരണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ സാമ്പത്തിക രംഗം താറുമാറായിക്കഴിഞ്ഞു. ഫാസിസത്തിന്റേയും കമ്പോളവത്കരണത്തിന്റെയും, ഭീകരത ഈ രാഷ്ട്രം നേരിടുന്ന അതിസങ്കീർണ്ണമായ പ്രശ്നങ്ങളായിമാറുന്നു. തികച്ചും ജനാധിപത്യ വിരുദ്ധമായ ഭരണകൂടതന്ത്രങ്ങൾ ഇന്ത്യയുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്നു എന്നതും വർത്തമാനകാല കാഴ്ചയാണ്.

മുൻകാലത്തെ അപേക്ഷിച്ച് കൂടുതൽ പ്രതിബദ്ധതതയോടെ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിത് എന്ന ബോധ്യത്തോടെ വനിതാ കമ്മിറ്റി വിവിധ വിഷയങ്ങളെ ആസ്പദമാക്കി വെബിനാറുകളും ചർച്ചകളും നടത്തി. ഇവ സമരപരിപാടികളെ ഊർജ്ജിതമാക്കി. അതിന് എല്ലാ ജില്ലകളിൽനിന്നുമുണ്ടായിരുന്ന നിർലോപമായ സഹകരണത്തിനും പിന്തുണക്കും ജില്ലാ സെക്രട്ടറിമാരോടും മേഖല സെക്രട്ടറിമാരോടുമുള്ള നന്ദിപ്രകാശിപ്പിച്ചു കൊണ്ട്- 2020–21 – ലെ വനിത കമ്മിറ്റി പ്രവർത്തനത്തിന്റെ സംക്ഷിപ്ത രൂപം അവതരിപ്പിക്കുന്നു.

എ.കെ.പി.സി.ടി.എ.യുടെ സംസ്ഥാന വനിത കമ്മിറ്റിയുടെ ആദ്യയോഗം 2020 ആഗസ്റ്റ് 29ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ചേർന്നു. സംസ്ഥാന വൈസ് പ്രസിഡന്റും, വനിതാ കമ്മിറ്റി അധ്യക്ഷയുമായ പ്രൊഫ. ഷീല. എം. ജോസഫ് അധ്യക്ഷയായിരുന്നു. ഈ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സി. പദ്മനാഭൻ ആമുഖഭാഷണം നടത്തി. സംസ്ഥാന വനിതാകൺവീനർ ശ്രീമതി. ഷാജിത. എസ് സ്വാഗതവും തൃശ്ശൂർ ജില്ലാസെക്രട്ടറി ഡോ. പ്രദീപ്കുമാർ പ്രവർത്തകകമ്മിറ്റി റിപ്പോർട്ടും അവതരിപ്പിച്ചു. മേഖല കൺവീനർമാരായ ഡോ. നഫീസബേബി (കണ്ണൂർ), ഡോ.ജീന. എൻ.ജെ (കാലിക്കറ്റ്) ഡോ. സിമി പി. സുകുമാർ (എം.ജി) ഡോ. വി. ജയശ്രീ (കേരള) എന്നിവരും ജില്ലാ വനിതാ കൺവീനർമാർ അടക്കം 19 പേർ ഈ യോഗത്തിൽ പങ്കെടുക്കുകയും 2020–21 ലേക്കുള്ള പ്രവർത്തനങ്ങളുടെ കരടുരേഖ തയ്യാറാക്കുകയും ചെയ്തു.

ബ്രാഞ്ചുതലം മുതൽ വനിതാകമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്നും അദ്ധ്യാപികമാർ ഉള്ള ഓരോ ബ്രാഞ്ചിനും നിർബന്ധമായും വനിതാ കൺവീനർ ഉണ്ടായിരിക്കണമെന്നും യോഗത്തിൽ തീരുമാനമായി. കോവിഡ് പശ്ചാത്തലത്തിൽ അദ്ധ്യാപികമാർ അനുഭവിക്കുന്ന മാനസികസമ്മർദ്ദങ്ങൾക്ക് അയവുവരുത്താൻ ജില്ലാതലത്തിൽ മാനസിക സംഘർഷ ലഘൂകരണ ക്ലാസ്സ് നടത്തുന്നതിന് തീരുമാനിച്ചു. അദ്ധ്യാപികമാർ വിദ്യാർത്ഥിനികളുടെ പ്രശ്നങ്ങളിൽ കൂടുതലായി ഇടപെടണമെന്നും കലാലയങ്ങളിൽ കോഡ് ഓഫ് കോൺഡക്റ്റ് ഉണ്ടാകണമെന്നും അതിനായി ശ്രമിക്കണെ

## സ്റ്റേറ്റ് വനിത സബ്കമ്മിറ്റി



**പ്രൊഫ. ഷീല എം. ജോസഫ്**
ചെയർപേഴ്സൺ



**പ്രൊഫ. ഷാജിത എസ്.**
കൺവീനർ

### യൂണിവേഴ്സിറ്റി കൺവീനർമാർ






ഡോ. ടി.പി. നഫീസ ബേബി, (കണ്ണൂർ യൂണിവേഴ്സിറ്റി), ഡോ. ജീന, (കാലിക്കറ്റ് യൂണിവേഴ്സിറ്റി)
ഡോ. സിമി പി. സുകുമാർ (എം.ജി. യൂണിവേഴ്സിറ്റി), ഡോ. ജയശ്രീ വി., (കേരള യൂണിവേഴ്സിറ്റി)

മെന്നും ജനറൽ സെക്രട്ടറി നിർദ്ദേശിച്ചു. ദേശീയ വിദ്യാഭ്യാസനയം, ലിംഗനീതി, ഇ.ഐ.എ. എന്നീ വിഷയങ്ങളിൽ ജില്ലാതല വെബിനാറുകൾ നടത്താൻ തീരുമാനമെടുത്തു. അദ്ധ്യാപികമാരുടെ അക്കാദമികവും സംഘടനാപരവുമായ സമ്പൂർണ്ണ വിവരശേഖരണം നടത്താൻ യോഗം തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയുടെ തീരുമാനങ്ങൾ വനിത അംഗങ്ങളിൽ എത്തിക്കുന്നതിനായി സമൂഹമാധ്യമങ്ങൾ ഉപയോഗിക്കാനുള്ള നിർദ്ദേശം നൽകി.

ഇപ്രകാരം ബ്രാഞ്ചുതലത്തിലുള്ള വനിത കമ്മിറ്റികൾ രൂപീകരിക്കപ്പെടുകയും അതോടൊപ്പം ജില്ലാതല മീറ്റിങ്ങുകളും സജീവമായി നടത്തപ്പെടുകയുണ്ടായി.

06/09/2020 തൃശ്ശൂർ ജില്ലയുടെയും, 09/09/2020 എറണാകുളം ജില്ലയുടെയും, 10/09/2020 കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെയും 11/09/2020 തിരുവനന്തപുരം ജില്ലയുടെയും 17/09/2020 പാലക്കാട് ജില്ലയുടെയും 21/09/2020 കോഴിക്കോട് ജില്ലയുടെയും 23/09/2020 വയനാട് ജില്ലയുടെയും 25/09/2020 മലപ്പുറം ജില്ലയുടെയും ജില്ലാതല മീറ്റിംഗുകൾ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ മീറ്റിംഗിലും വൈസ് പ്രസിഡന്റ് ഷീല എം. ജോസഫിന്റെ സാന്നിദ്ധ്യവും, സംഘടനാചരിത്ര അവലോകനവും നടന്നു. അതത് മേഖല സെക്രട്ടറിമാർ സജീവമായി പങ്കെടുത്തു.

05/09/2020 ദേശീയ വിദ്യാഭ്യാസനയത്തോടുള്ള വിയോജിപ്പ് അറിയിച്ച് സംഘടനയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധദിനാചരണത്തിൽ അധ്യാപികമാരുടെ സജീവപങ്കാളിത്തം ഉണ്ടായി. ദേശീയ വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ട് അക്കാദമിക് കമ്മിറ്റിയുമായി ചേർന്ന് നടത്തിയ വെബ്ബിനാറിൽ 22/09/2020 അദ്ധ്യാപികമാരുടെ പങ്കാളിത്തം സമ്പൂർണ്ണമായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ വെബ്റാലിയിലും അധ്യാപികമാരുടെ സാന്നിധ്യം സജീവമായിരുന്നു.

ജില്ലാകമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി വെബ്ബിനാറുകൾ സംഘടിപ്പിച്ചു.

1. തിരുവനന്തപുരം: ഒക്ടോബർ 16/20, 6 മണിക്ക് 'വർത്തമാനകാല സൈബർ വ്യവഹാരങ്ങളും ലിംഗനീതിയും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഉദ്ഘാടനം പ്രൊഫ. ഷീല എം.ജോസഫ്. വിഷയാവതരണം : അമൃത സതീശൻ (നിയമ അദ്ധ്യാപിക).

2. കൊല്ലം : 16/09/2020, 7മണിക്ക് നടത്തിയ വെബ്ബിനാറിന്റെ വിഷയം – 'കാർഷികനിയമങ്ങൾ – കർഷകൻ പുറത്ത് കുത്തക അകത്ത്'. എന്നതായിരുന്നു. ഉദ്ഘാടനം ഡോ. നിഷ (കൊല്ലം ജില്ലാ സെക്രട്ടറി). മുൻ പ്രസിഡന്റും വനിത കമ്മിറ്റിയുടെ ദീർഘകാല നേതൃത്വവുമായിരുന്ന പ്രൊഫ. എ.ജി.

ഒലീന ആമുഖഭാഷണം നടത്തി. വിഷയാവതരണം അഡ്വ. വി.കെ. പ്രസാദ് (പു:ക:സ. ജില്ലാ വൈസ് പ്രസിഡന്റ്)

3. ആലപ്പുഴ :31/09/2020, 6PM കുമാരി ജിഷമേരി മാത്യു ഉദ്ഘാടനം ചെയ്ത വെബ്ബിനാറിലെ വിഷയം 'പരിസ്ഥിതിയുടെ രാഷ്ട്രീയം' എന്നതായിരുന്നു. ഡോ. ബിജി എബ്രഹാം വിഷയം അവതരിപ്പിച്ചു.

4. പത്തനംതിട്ട: 27/10/2020 'അതിജീവനംകോവിഡിന് മുൻപുംപിൻപും' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ വെബ്ബിനാറിന്റെ ഉദ്ഘാടനം ഡോ. കവിത നിർവ്വഹിച്ചു. വിഷയാവതരണവും ചർച്ചയും ഡോ. കെ. ജയരാജ് (സൈക്കോളജി പ്രൊഫസർ, എം.ജി. കോളേജ്, തിരുവനന്തപുരം) നടത്തി.

5. കോട്ടയം/ഇടുക്കി : 28/10/2020 'മാറുന്ന വിദ്യാഭ്യാസനയവും മാറ്റപ്പെടുന്ന സാമൂഹികനീതിയും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബ്ബിനാറിന്റെ ഉദ്ഘാടനം പ്രൊഫ. എ.ജി. ഒലീന നിർവ്വഹിച്ചു. വിഷയാവതരണം സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗമായ കുമാരി ജിഷ മേരി മാത്യു നിർവഹിച്ചു.

28 നവംബർ 20ന് 'അധ്യാപക ജീവിതം ഓൺലൈൻ കാലത്തെ വെല്ലുവിളികൾ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബ്ബിനാറിൽ വിഷയാവതരണം നടത്തിയത് ഡോ.വിനോദ് കുമാർ എം.വി (പ്രൊഫസർ വി.പി.എസ്.വി ആയുർവേദ കോളേജ്, കോട്ടയ്ക്കൽ) ആയിരുന്നു.

തൃശ്ശൂർ: 17/10/2020 സമയം 2.30ന് നടത്തിയ വെബ്ബിനാർ ഡോ. ബിന്ദു ആർ. ഉദ്ഘാടനംചെയ്തു. വിഷയം: സ്ത്രീകളും സൈബർ നിയമങ്ങളും എന്നതായിരുന്നു. അഡീഷണൽ ഗവ: പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായ ഡോ. ഡി. ഗീതാകുമാരി വിഷയാവതരണം നടത്തി.

മലപ്പുറം: 12/11/2020 സമയം 4.30 – 6.00 വെബ്ബിനാർ മേഖലാ സെക്രട്ടറി പ്രൊഫ. പി. ഹരിദാസ് ഉദ്ഘാടനം ചെയ്തു. 'ഓൺലൈൻ പഠന കാലത്തെ അധ്യാപക ജീവിതവും മനഃശാസ്ത്ര പ്രശ്നങ്ങളും'. എന്നതായിരുന്ന വിഷയം. അവതരിപ്പിച്ചത് ഡോ. എം.വി. വിനോദ്കുമാർ (പ്രൊഫ. ആയുർവേദ കോളേജ്, കോട്ടക്കൽ)

കോഴിക്കോട്: ജനവരി 03 സമയം 01.00 PM പാനൽ ചർച്ച സംഘടിപ്പിച്ചു. 'പൊതുഇടത്തിൽ സ്ത്രീകൾ' എന്നതായിരുന്ന വിഷയം. രാഷ്ട്രീയം, സിനിമ, മാധ്യമം, സാഹിത്യം, എന്നീ മേഖലയിലുള്ളവർ സംസാരിച്ചു. കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല ഉദ്ഘാടനം നിർവ്വഹിച്ചു. പ്രൊഫസർ എ.ജി. ഒലീന, ദീദി ദാമോദരൻ, റെജി ആർ. നായർ, ആര്യഗോപി എന്നിവർ ചർച്ച ഒരു പുത്തൻ അനുഭവമാക്കി മാറ്റി.

കണ്ണൂർ/ കാസർകോട് : 03/10/2020 സമയം 03.00 PM കോളേജ് അദ്ധ്യാപകരിലെ മനഃശാസ്ത്രസിദ്ധികളുടെ വികസനം ഒരു മുഖവുര' എന്നവിഷയത്തിൽ സംഘടിപ്പിച്ച വെബ്ബിനാറിൽ ഡോ. വിനോദ്കുമാർ (പ്രൊഫ. കോട്ടയ്ക്കൽ ആയുർവേദ കോളേജ്) വിഷയാവതരണം നടത്തി.

ജില്ലാതല പരിപാടികൾക്കൊപ്പം തന്നെ ബ്രാഞ്ച് തല വെബ്ബിനാറുകളും സംഘടിപ്പിച്ചു. അതിൽ ശ്രദ്ധേയമായവ കൂടി ചേർക്കുന്നു .

സർസയ്യീദ് കോളേജ് തളിപ്പറമ്പ് വിഷയം: 'സംഘടനാചരിത്രം അനുഭവം – മുൻകാല അധ്യാപികമാരുടെ സംഘടനാ അനുഭവങ്ങൾ ചർച്ച ചെയ്യുന്ന ശിൽപശാല.'

പയ്യന്നൂർ കോളേജ് 7/10/2020ൽ സംഘടിപ്പിച്ച വെബിനാറിൽ കണ്ണൂർ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം സുകന്യടീച്ചറിന്റെ ആഭിമുഖ്യത്തിൽ 'ഹത്രസ് ഇന്ത്യ എത്തിനിൽക്കുന്നയിടം' വിഷയത്തിലെ ചർച്ച ഏറെ ശ്രദ്ധിക്കപ്പെട്ടു.

ശ്രീകൃഷ്ണപുരം വി.ടി.ബി. കോളേജ് സംഘടിപ്പിച്ച 'പ്രാദേശിക ഭരണ സംവിധാനത്തിലെ മാറ്റങ്ങളും സാധ്യതകളും വനിതാപ്രാതിനിധ്യത്തിലൂടെ' എന്ന വിഷയത്തിൽ നടത്തിയ വെബിനാറിൽ വിഷയാവതരണം നടത്തിയത് ഡോ. അമൃത കെ.പി. (കില, തൃശ്ശൂർ) ആണ്.

നെഹ്റു ആർട്സ് ആൻഡ് സയൻസ് കോളേജ്, കാഞ്ഞങ്ങാട് സംഘടിപ്പിച്ച 'സ്ത്രീകളും പ്രസ്ഥാനങ്ങളും' എന്ന വിഷയത്തിൻമേലുള്ള ചർച്ച നയിച്ചത് ഡോ. ഷീബ കെ.എം (കാലടി സർവകലാശാല) ആണ്.

സെയിന്റ് ഗ്രിഗോറിയസ് കോളേജ് കൊട്ടാരക്കര നടത്തിയ വെബ്ബിനാറിന്റെ വിഷയം 'സ്ത്രീകളിലെ ക്യാൻസർ' എന്നതായിരുന്നു. നയിച്ചത് ഡോ. എൻ.ആർ. റീന (ഗവ: ഹോസ്പിറ്റൽ, കൊട്ടാരക്കര).

ഇതിനോടൊപ്പം വനിതാകമ്മിറ്റി ശ്രദ്ധപതിപ്പിച്ച വിഷയങ്ങളിൽ ആദ്യത്തേത് റിസോഴ്സ് പൂളിന്റെ പൂർത്തീകരണമായിരുന്നു. അത് അവസാനഘട്ടത്തിലെത്തിനിൽക്കുന്നു. അതിനായി ഒരു ഗൂഗിൾ ഫോം സർകുലേറ്റ് ചെയ്തിരുന്നു. 836 പേരാണ് ഇതുവരെ ഫോം ഫിൽ ചെയ്തത്. ജില്ല കേന്ദ്രീകരിച്ച് അതത് ബ്രാഞ്ചുകളിലേയ്ക്ക് ലിസ്റ്റ് ഒന്നുകൂടി അയച്ചിട്ടുണ്ട്. ക്രോഡീകരിച്ചശേഷം ലിസ്റ്റ് ഫൈനൽ ആയി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. വനിതാ അംഗങ്ങളിൽ റിസർച്ച് ചെയ്യുന്നവരെയും ഏതെങ്കിലും മേഖലയിൽ കൂടുതൽ സംഭാവന നൽകുന്നവരെയും കണ്ടെത്താനും അവരുടെ പ്രോഗ്രാമുകൾ AKPCTA ചാനലിലൂടെ പ്രദർശിപ്പിക്കുവാനുള്ള നിർദ്ദേശം നൽകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. വനിതാപതിപ്പിലേക്കുള്ള രചനകളുടെ സമാഹരണവും വിലയിരുത്തലുകളും ഈകാലയളവിനുള്ളിൽ ചെയ്തു തീർക്കുവാൻ കഴിഞ്ഞു. ഇതിനായി എം.ജി മേഖലാ കൺവീനർ ഡോ. സിമി പി. സുകുമാറിന്റെ നേതൃത്വത്തിൽ നാലംഗങ്ങളെ ചുമതലപ്പെടുത്തി. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങ ളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അതത് ജില്ലകളിലെ ഇലക്ഷൻ പ്രവർത്തനങ്ങളിൽ വനിതാ അംഗങ്ങൾ പങ്കാളികളായിരുന്നു. കണ്ണൂർ ജില്ലാ കമ്മിറ്റിയും മേഖലാ കമ്മിറ്റിയും ചേർന്ന് ഒരു ഓൺലൈൻ വാർത്താപത്രിക

ആരംഭിച്ചു. അതോടൊപ്പം സംഘടന നടത്തിയ ചർച്ചാവേദികളിലും സമരപോരാട്ടങ്ങളിലും വനിത കമ്മിറ്റിയുടെ നിറസാന്നിധ്യമുണ്ടായിരുന്നു.


സർവീസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന സർവീസ് ക്ലിനിക്കിലേക്ക് ജില്ലയിൽ നിന്ന് ഒരു വനിതയെക്കൂടി ഉൾപ്പെടുത്തുകയും എല്ലാ ക്ലിനിക്കുകളിലും വനിതാപ്രാതിനിദ്ധ്യം ഉറപ്പാക്കുകയും ചെയ്തു.

തുടർപ്രവർത്തങ്ങൾ : നേതൃപരിശീലന ക്യാമ്പ് അടിയന്തരമായി നടത്തേണ്ടതുണ്ട്. അതിനുള്ള തയ്യാറെടുപ്പു നടന്നു വരുന്നു. ചരിത്രക്ലാസ്സുകൾ മേഖലാതലത്തിൽ നടത്തുന്നതിനുള്ള താൽപര്യം അറിയിച്ചിട്ടുണ്ട്. അതിനുവേണ്ട നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. ആഭ്യന്തര പരാതി പരിഹാര സെൽ എല്ലാ കോളേജുകളിലും നിലവിലുണ്ടോ എന്ന് ഉറപ്പു വരുത്തുക. ഒരു രണ്ടാം ഘട്ട പ്രവർത്തനമെന്ന നിലയിൽ കോളേജ് തലത്തിൽ ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം അടിയന്തരമായി നൽകണം എന്ന നിർദ്ദേശം കുടി വന്നിട്ടുണ്ട്.

## ജില്ലാ വനിതാ കൺവീനർമാർ



ആശ പ്രഭാകരൻ (തിരുവനന്തപുരം), ഡോ. അപർണ പി.(കൊല്ലം),
പ്രിയ പ്രിയദർശൻ (ആലപ്പുഴ), ഡോ. ബി. ശ്രീകല (പത്തനംതിട്ട-2)



ഡോ. ഇന്ദു സി. നായർ (പത്തനംതിട്ട - 1 ), സിജിമോൾ സി.ജി. (കോട്ടയം),
ഡോ. ശ്രീജ എസ്. (എറണാകുളം), ജിഷ മത്തായി (വയനാട്)



ഷീജ (തൃശൂർ), ബിന്ദു (പാലക്കാട്), ഡോ. അനുപമ കൃഷ്ണൻ (മലപ്പുറം),
വിദ്യ (കോഴിക്കോട്), ശ്രീലത ഇ. (കണ്ണൂർ/കാസർകോഡ്)

# കർമ്മപാതയിൽ

**പ്രൊഫ. ഷീല എം. ജോസഫ്**
വൈസ് പ്രസിഡന്റ്, എ.കെ.പി.സി.ടി.എ.



ജീവിതത്തിലെ വർണ്ണാഭമായ ഒരദ്ധ്യായം അവസാനിക്കുകയാണ്. എന്റെ പ്രിയപ്പെട്ട സംഘടനയോടും കുട്ടികളോടും അതിലുപരി കുന്നിൻ മുകളിലെ ചുവപ്പിന്റെ കലാലയം എന്നറിയപ്പെടുന്ന പ്രിയപ്പെട്ട എസ്.ഇ.എസ്. കോളേജിനോടും 2021 മേയ് 31 ന് വിട പറയുകയാണ്. കാലത്തിന്റെ അനിവാര്യമായ നീതിയ്ക്ക് വഴിപ്പെടുമ്പോഴും നിറഞ്ഞ ചാരിതാർഥ്യവും കൃതകൃത്യതയും മനസ്സിന് സന്തോഷം തരുന്നു. കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷത്തെ സേവന കാലം ഒരു ശമ്പളക്കാരിയുടേതല്ല, ഒരു അധ്യാപികയുടേതാണ് എന്ന അഭിമാനബോധത്തോടെയാണ് പടിയിറക്കം. ഡിപ്പാർട്ട്മെന്റിന്റെ നാലു ചുമരുകൾക്കുള്ളിൽ എന്റെ സേവനകാലം തളച്ചിടാൻ എന്തു കൊണ്ടോ മനസ്സ് വന്നില്ല. ഒരു പക്ഷേ എന്റെ വിദ്യാഭ്യാസ ജീവിതത്തിൽ എന്റെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച മനുഷ്യത്വവും, സാമൂഹ്യ പ്രതിബദ്ധതയും ജീവിതത്തിൽ കൈവിടരുത് എന്ന് പഠിപ്പിച്ച പ്രൊവിഡൻസ് കോളേജിലെ പ്രിൻസിപ്പലായിരുന്ന പ്രിയപ്പെട്ട സി. ജെറാൾഡയുടെയും അധ്യാപികമാരുടെയും ശിക്ഷണമായിരിക്കാം കാരണം. കോളേജിലെ എല്ലാ പ്രവർത്തനങ്ങളിലും, സംഘടനാ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമാവാൻ ഞാൻ ശ്രമിച്ചിരുന്നു. അതൊരു വാശിയായിരുന്നു. പെണ്ണിന്റെ വാശി.

വാശിയെപ്പറ്റി പറഞ്ഞല്ലോ. കുട്ടികളുടെ ഇടയിൽ രാഷ്ട്രീയ ഭേദമെന്യേ അവരുടെ പ്രിയപ്പെട്ട ടീച്ചർ ആവണമെന്നത് അവയിലൊന്നാണ്. കുട്ടികളുടെ ആവശ്യങ്ങൾക്ക് അവരുടെ

ഒപ്പം നിന്ന് പോരാടാൻ യൂണിയൻ അഡ്വൈസർ എന്ന നിലയിൽ സാധിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ നിസ്സീമമായ സ്നേഹവും ആദരവും അംഗീകാരവും നൽകുന്ന അഭിമാന ബോധം ഒരവാർഡിനും നൽകാനാവില്ല. അവർ ജയിച്ചപ്പോൾ, ചിരിച്ചപ്പോൾ ഞാനൊരധ്യാപിക ആയി.

സംഘടനാ പ്രവർത്തനത്തിന്റെ നാൾവഴികൾ അത്ര സുഖകരമല്ല. 1988 ജനവരി ഒന്ന മുതൽ എ.കെ.പി.സി.ടി.എ അംഗമാണ്. സംഘടനാ രംഗത്തെ സജീവ സ്ത്രീ സാന്നിധ്യമായി കോളേജിലെ വിവിധ വിഷയങ്ങളിൽ അഭിപ്രായം പറയാനം, തീരുമാനങ്ങൾ വിദ്യാർഥി സൗഹൃദവും അധ്യാപക സൗഹൃദവും ആക്കാൻ വേണ്ട നിലപാടുകൾ സ്വീകരിച്ചത് പലപ്പോഴും എതിർ സംഘടനയിലും, ഒരു സംഘടനയിലും ഇല്ലാത്ത പുരുഷമേധാവിത്വ മനോഭാവമുള്ള മാനേജ്മെന്റിന്റെ മാനസപുത്രൻമാരുടെയും ശത്രുവാക്കി മാറ്റി. പ്രസ്ഥാനത്തിന്റെ ശക്തമായ പിന്തുണയും, ആത്മാർഥ സുഹൃത്തുക്കൾക്കൂടിയായ സംഘടനാംഗങ്ങളുടെ ഇടപെടലും പലപ്പോഴും ഇരയാവാതെ രക്ഷപെടാൻ സഹായിച്ചിട്ടുണ്ട്.

സംഘടന 1988 മുതൽ ഏറ്റെടുത്ത എല്ലാ സമരങ്ങളിലും സജീവ സാന്നിധ്യമാവാൻ കഴിഞ്ഞു. വളരെ വേദനയോടെയാണ് കഴിഞ്ഞ സമരത്തിൽ നോട്ടീസ് നൽകിയത്. കാരണം റിട്ടയർ ചെയ്യുന്നത് കൊണ്ട് സമരം ചെയ്യാൻ സംഘടന അനുവദിച്ചിരുന്നില്ല. യുജിസി ശമ്പളത്തിന്റെ മാസ്മരിക വലയത്തിനുള്ളിൽ സമരത്തിന്റെ സുഖകരമല്ലാത്ത ഒരുപാട് അനുഭവങ്ങളുണ്ട് എന്ന ചരിത്രം പുതുതലമുറ മറന്നുകൂടാ.

സ്ത്രീയെന്ന നിലയിൽ എന്നെ മൂക്കുകയറിട്ടു നിയന്ത്രിക്കാൻ എന്റെ കുടുംബം തയ്യാറായിരുന്നില്ല. മാത്രമല്ല എന്റെ നിലപാടുകൾ വിദ്യാഭാസ സമൂഹത്തിന് ഗുണപ്രദമാണ് എന്ന വിശ്വാസത്തിൽ സ്നേഹപൂർവ്വം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സ്റ്റാഫ് അഡ്വൈസർ, ഗ്രീവൻസ് സെൽ കൺവീനർ, ഡിസിപ്ലിൻ കമ്മിറ്റി കൺവീനർ, അലൂമിനി ചുമതല, പി.ടി.എ, ഫൈൻ ആർട്സ് ചുമതല, സ്റ്റാഫ് എഡിറ്റർ, പരീക്ഷാ ചുമതല എന്നിങ്ങനെ കുട്ടികളെ സഹായിക്കാൻ ലഭിച്ച എല്ലാ അവസരവും പരമാവധി നന്നായി ചെയ്തു കൊണ്ട് വിദ്യാർഥികളുടെ പ്രിയപ്പെട്ട ടീച്ചറായി മാറാൻ സാധിച്ചു എന്നത് സന്തോഷം നൽകുന്നു. ഇങ്ങനെ സർവ്വവ്യാപിയായി നിറഞ്ഞു നിൽക്കാൻ സാധിച്ചതിന്റെ ആനന്ദം ഒന്ന വേറെതന്നെയാണ്. ഒരിക്കലും അധ്യാപനം മടുപ്പുണ്ടാക്കില്ല. ഒപ്പം കുട്ടികളുടെ ഒപ്പം കഴിയുന്നതു കൊണ്ട് പ്രായവും നമ്മെ തളർത്തില്ല. ബോറടിക്കില്ല. അത്രയ്ക്ക് പ്രിയപ്പെട്ടതായിരുന്നു എനിക്ക് അധ്യാപനവും, അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവും.

പലപ്പോഴും പഠനയാത്രകളിലെ സ്ത്രീ പ്രാതിനിധ്യം നിർബ്ബന്ധമാവുമ്പോൾ, മറ്റു ഡിപ്പാർട്ട്മെൻറിലെ വിദ്യാർഥികൾ സഹായം തേടി വരുമ്പോൾ, അവരുടെയൊപ്പമുള്ള യാത്രകൾ, കുട്ടികളെ അടുത്തറിയാൻ ലഭിച്ച അസുലഭ മുഹൂർത്തങ്ങളായിരുന്നു. ഒത്തിരിയേറെ വിദ്യാർഥി സുഹൃത്തുക്കളെ ഇത്തരം യാത്രകൾ നേടി തന്നു.

സംഘടനാ പ്രവർത്തനം വൻ സൗഹൃദവലയം ഉണ്ടാക്കി തന്നു. സുഹൃത്തുക്കൾ, അതൊരു ഭാഗ്യമാണ്. ഒരു പാട് ആത്മാർഥ സുഹൃത്തുക്കൾ, നല്ല അനുഭവങ്ങൾ ഇതെല്ലാം സംഘടന തന്നതാണ്.

ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പലരും വിമുഖത കാണിച്ചിരുന്ന കാലഘട്ടത്തിൽ, യു ജി സി യുടെ നാഷണൽ സെമിനാർ നടത്തിയതിന്റെ പേരിൽ, മൂന്ന വർഷങ്ങൾക്ക് ശേഷം എഫ്.ഐ.പി പാസ്സായപ്പോൾ നേരത്തേ നടത്തിയ സെമിനാറിൽ അഴിമതി ഉണ്ടെന്ന കെ.പി.സി.ടി.എ യുടെ പരാതിയിൽ അന്വേഷണം നേരിടുകയും എഫ്.ഐ.പി നഷ്ടപ്പെടുകയും, പി.എച്ച്ഡി സ്വപ്നം ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു ഒരനുഭവം സേവന കാലത്തുണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഏഴ് വർഷം ഹൈക്കോടതിയിൽ കേസ് നടത്തിയ അനുഭവം പല സർവ്വീസ് നിയമങ്ങളും പഠിക്കാൻ അവസരമുണ്ടാക്കി തന്നു. ആ വിഷയത്തിൽ നിരന്തരമായ വേട്ടയാടലുകൾക്ക് ഇരയായപ്പോൾ അന്നത്തെ സംസ്ഥാന പ്രസിഡണ്ട് സുകുമാരൻ സാറും വനിതാ കമ്മിറ്റി കൺവീനർ ഒലീന ടീച്ചറും അടങ്ങുന്ന എ.കെ.പി.സി.ടി.എ. പ്രതിനിധികൾ മാനേജരെ അദ്ദേഹത്തിന്റെ വീട്ടിൽ പോയി കണ്ട് സംഘടനാ നിലപാട് വ്യക്തമാക്കിയതിന് ശേഷമാണ് ശമനമുണ്ടായത്. എല്ലാ ദുർഘട ഘട്ടത്തിലും സംഘടന ഒപ്പമുണ്ടായിരുന്നു. ഇവിടെയൊക്കെ ജയിച്ചത് സംഘടനയാണ്, അതിന്റെ ശക്തിയാണ്.

ഞാനെന്തെങ്കിലും ഒക്കെ ആയിട്ടുണ്ടെങ്കിൽ അതൊക്കെ നേടി തന്നത് സംഘടനാ പ്രവർത്തനത്തിന്റെ അനുഭവങ്ങളാണ്. ബ്രാഞ്ച് പ്രസിഡണ്ട്, ബ്രാഞ്ച് സെക്രട്ടറി, ജില്ലാ വനിതാ കൺവീനർ, മേഖല വനിതാ കൺവീനർ, സംസ്ഥാന കമ്മിറ്റി അംഗം, ജില്ലാ പ്രസിഡണ്ട്, സംസ്ഥാന വൈസ് പ്രസിഡണ്ട് എന്നീ നിലകളിലുള്ള സംഘടനാ ചുമതലകൾ നിർവഹിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് എന്നെ സംബന്ധിച്ചിടത്തോളം വലിയ അനുഭവങ്ങളാണ്.

റിട്ടയർ ചെയ്താലും വെറുതെ ഇരിക്കാൻ പറ്റുമെന്ന് തോന്നുന്നില്ല. സമൂഹത്തിലെ സഹായം അർഹിക്കുന്നവരൊപ്പം ഒരു സാധാരണ വ്യക്തിയായി ഞാനുണ്ടാവും.

സംഘടന നേടിത്തന്ന നേതൃപാടവത്തിനും വ്യക്തിത്വത്തിനും എന്നും സംഘടനയോട് കടപ്പാടുണ്ടാവും. എന്റെ സേവനകാല അനുഭവങ്ങൾ പുതുതലമുറ അധ്യാപികമാർക്ക് പ്രചോദനമാവട്ടെ. എപ്പോഴും സംഘടനയ്ക്ക് വേണ്ടിയാണ് നാം പ്രവർത്തിക്കേണ്ടത്. സംഘടനയെ സ്വന്തം നേട്ടങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്ന ഉദ്ദേശത്തോടെയായിരിക്കരുത്. സംഘടനയെ മുന്നിൽ നിന്ന് നയിക്കാൻ അധ്യാപികമാർ കൂടുതലായി മുന്നോട്ട് വരട്ടെ എന്നാംശംസിക്കുന്നു.

# മഹാപ്രസ്ഥാനം

ഹിരണ്യ നിർത്താതെ ഓടുകയാണ്. ചുറ്റും ഇരുട്ടു പരന്നിരിക്കുന്നു. മറ്റുള്ളവർ കാതങ്ങൾക്കപ്പുറത്താണ്. കാൽക്കീഴിൽ ഞെരിഞ്ഞമരുന്ന ഉണങ്ങിയ ഇലകളുടെ ഞരക്കങ്ങൾക്കു മുകളിലായി, ഇരുട്ടിലേക്ക് ഇറ്റിറ്റു വീഴുന്ന മഞ്ഞുതുള്ളികൾക്കു മുകളിലായി, വിറയ്ക്കുന്ന നെഞ്ചിൻകൂടിൽനിന്ന് ശ്വാസപടലങ്ങൾ ഉയർന്നു. ദൃഷ്ടി കൊണ്ടുമാത്രം ഇരുട്ടിനെ തുളച്ച് ഹിരണ്യ മുന്നേറി.

ഒരുനിമിഷം. അടിമുതൽ മുടിവരെ ഒരു തരിപ്പ്. കാലുകൾ ഇനി മുന്നോട്ടില്ല എന്ന മട്ടിൽ മടങ്ങി. തഴമ്പുകൾ പൊട്ടിട്ട പാദത്തിനു മുകളിൽ ഞെരിയാണിക്കു ചുറ്റും നേർത്തുതിളങ്ങുന്ന നൂൽപോലെ കാണപ്പെട്ടത് ഒരു വഴുവഴുപ്പ് അവശേഷിപ്പിച്ച് മെല്ലെ ഇറങ്ങിപ്പോയി.

"കാടിന്റെ കടി'. ആദ്യത്തെ അടയാളവാക്ക്. അവർ നാലുപേരും ഇവിടം കടന്നു പോയിരിക്കും. വഴി രണ്ടായി പിരിയുന്നിടത്തുനിന്ന് നേരെ ഇടത്തോട്ട്. അധികദൂരം നീങ്ങിയിട്ടുണ്ടാവില്ല. പരസ്പരം കാണാതെ വെറുപ്പു മുഴുവൻ വാക്കുകളിൽ നിറച്ച് രണ്ടുപേർ തർക്കിക്കുന്നു. കശ്യപും തഥാഗതനുമാണ്.


ജാതിയുടെ ദുർഗന്ധം വമിക്കുന്ന വാക്കുകൾ കശ്യപ് തുപ്പുന്നു. തഥാഗതൻ പലപ്പോഴും അവ ഒന്നും മിണ്ടാതെ കുടിച്ചിറക്കുന്നു. ഒരു വലിയ ശബ്ദത്തോടെ ഹിരണ്യ തന്റെ വെറുപ്പ് പുറത്തേക്കു ഛർദ്ദിച്ചു. ഇന്നലെ രാവിലെ മുതൽ ഒന്നും കഴിച്ചതല്ല. കൊഴുത്ത പിത്തരസം മൂക്കുനീറ്റിക്കൊണ്ട് വായിലൂടൊഴുകി.

“ഞങ്ങളുടെ ഊഴം കഴിഞ്ഞതാണ്.”

വെറുപ്പിന്റെ കയത്തിൽനിന്ന് മെല്ലെ തലകളുയർത്തി തഥാഗതനും കശ്യപും പറഞ്ഞു.

**ആതിര നന്ദൻ**
എൻ.എസ്.എസ്. കോളേജ്,
മഞ്ചേരി





"നിങ്ങൾ ഒരുമിച്ചിവിടംവരെ എത്തുമെന്ന് കരുതിയിരുന്നില്ല." പരിഹാസം. സഹതാപം.  ആശ്വാസം.

ചിരിയറച്ച് രണ്ടുപേർ. രാവും പകലും. കറുത്ത തൊലി ഇന്നും വെറുപ്പിന്റെ മത്സരത്തിൽ തോറ്റ് ചുരുണ്ടുകൂടി.

“തഥാഗതാ"

ഹിരണ്യ മെല്ലെ അടുത്തു വന്നു. പോർവീരൻ. കറുത്തുമെലിഞ്ഞ സുന്ദരൻ. കളിയിലെ തുറുപ്പുചീട്ട്. അങ്ങനെയാണ് വാട്സാപ് സന്ദേശത്തിലെ ഉള്ളടക്കത്തിലുള്ളത്. ചുരുണ്ടുനീണ്ട തലമുടി ഒരു ചെറുവള്ളി കൊണ്ടു വാരിക്കെട്ടി ആ വലിയ വൃക്ഷത്തിന്റെ വേര് തലയിണയാക്കി തഥാഗതൻ അന്നത്തെ സമാധിയിലേക്ക് ചുരുണ്ടു. കാൽവിൻ, അവനെവിടെ? അസ്വസ്ഥത ഉളവാക്കുന്ന ആ നോട്ടം നേരിടാൻ മടിച്ചാണ് മുന്നോട്ടുവെച്ച കാലുകൾ തളർച്ചകൊണ്ടു ചുറ്റി പിന്നിലായത്.

മത്സരം ആരാണു ജയിക്കുക എന്നറിയില്ല. യഥാർത്ഥത്തിൽ എന്താണ് മത്സരം എന്നുതന്നെ വ്യക്തമായിട്ടില്ല. ചങ്കുറ്റം തെളിയിക്കാനിറങ്ങിയതാണ്. തലവാചകം അതായിരുന്നല്ലോ. കാൽവിനെ കാണുന്നതുവരെ മത്സരം രസകരമായിട്ടാണ് തോന്നിയത്. ഒരുകാട് മറ്റു സഹായങ്ങളൊന്നുമില്ലാതെ കടന്ന് അപ്പുറം പറ്റണം. ചില അടയാള വാചകങ്ങളാണ് പുതുതായി ഉണ്ടാക്കിയ വാട്സാപ് ഗ്രൂപ്പിൽ ആദ്യം കിട്ടിയ സന്ദേശം. 'മഹാപ്രസ്ഥാനം.' അതാണു ഗ്രൂപ്പിന്റെ പേര്. ഗ്രൂപ്പ് ഇൻഫോയിൽ മറ്റംഗങ്ങളെ നോക്കി. വിചിത്രമായ പേരുകൾ കശ്യപ്, തഥാഗതൻ, അഹാബ്, കാൽവിൻ, പിന്നെ ഹിരണ്യ. ഗ്രൂപ്പ് അഡ്മിൻ കാൽവിനാണ്. ആരാണ് കാൽവിൻ? പ്രൊഫൈൽ പിക് നോക്കി. ബിൽ വാട്ടേഴ്സന്റെ കാർട്ടൂൺ കഥാപാത്രം കാൽവിൻ ഒരു കണ്ണിറുക്കി നാക്കു നീട്ടി നിൽക്കുന്നു. നീലത്തിമിംഗലങ്ങൾക്കെതിരെ പ്രതിഷേധിക്കാം... അതാണ് സ്റ്റാറ്റസ്. ഒരു സഞ്ചിയിൽ തുണിയും അവശ്യ സാധനങ്ങളും നിറച്ച് വിമാനത്താവളത്തിൽ എത്തിയപ്പോൾ നല്ല തലയെടുപ്പോടെ, ആത്മവിശ്വാസത്തോടെ നടന്നു നീങ്ങുന്ന എയർഹോസ്റ്റസുമാരെ കണ്ണുകൾ കൊണ്ടുഴിഞ്ഞ് ഒരുത്തൻ നിൽക്കുന്നതുകണ്ടു. അവന്റെ അടുത്തു നിന്നിരുന്നവൻ നോക്കിച്ചിരിച്ചു കൊണ്ടു കൈ നീട്ടി.

“തഥാഗതൻ"

ആത്മവിശ്വാസം പകരുന്ന നോട്ടം, മാപ്പുചോദിക്കും പോലെ ചിരി. മറ്റവൻ അപ്പോഴും വാർപ്പുമാതൃകകളെ കണ്ണുകൾകൊണ്ട് പിന്തുടരുകയായിരുന്നു.

“സ്ത്രീത്വത്തെ മറക്കാനാണോ മുടി പറ്റെ വെട്ടിയത്?"

കാൽവിന്റെ ആദ്യ ചോദ്യം.

“അല്ല, അപകടങ്ങൾ ഒഴിവാക്കാൻ."

കണ്ണിൽ നോക്കി തന്നെ മറുപടി

“ഓ.. കാട്ടിൽ കയറുമ്പോൾ കമ്പോ ചില്ലയോ ഉടക്കാതിരിക്കാനാവും അല്ലേ?"

തഥാഗതൻ ഇടപെട്ട് അന്തരീക്ഷത്തിന് കനമൊന്ന് കുറച്ചു.

“ഞാൻ കാൽവിൻ. അഹാബും കശ്യപും നമ്മെ കാത്ത് വണ്ടിയിൽ ഇരിക്കുന്നു."

“നമ്മളോട് എന്തിനാണ് വിമാനത്താവളത്തിൽ വരാൻ പറഞ്ഞത്?"

തഥാഗതൻ ആരോടെന്നില്ലാതെ ചോദിച്ചു.

“ഒരു പക്ഷേ വൈരുദ്ധ്യങ്ങൾ വ്യക്തമാവാൻ. പുരോഗമനത്തിന്റെ അടയാളങ്ങളിൽ വ്യാപരിച്ച് കാടിന്റെ പ്രാകൃതത്തിലേക്കുള്ള തിരിച്ചുപോക്കിന് രൂക്ഷതയുണ്ടാക്കാൻ.."

കാൽവിൻ സഞ്ചി തോളത്തിട്ട്

ഹിരണ്യയെ അർത്ഥഗർഭമായി നോക്കി പറഞ്ഞു. അടി പതറാതെ ഹിരണ്യ തിരിച്ചു ചോദിച്ചു.

"എന്തുകൊണ്ട് 'ഒരു പക്ഷേ', നിങ്ങ ളല്ലേ ഗ്രൂപ്പ് അഡ്മിൻ?"

"ഗ്രൂപ്പ് ചരിപ്പിക്കുന്നത് ഞാനാണെ ന്നേയുള്ളൂ. ഉണ്ടാക്കിയത് ഞാനല്ല. നിങ്ങളെപ്പോലെതന്നെ കിട്ടുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് നീങ്ങു ന്ന എന്നേയുള്ളൂ."

വിമാനത്താവളത്തിനു പുറത്ത് ഒരു ജീപ്പ് കാത്തു നിന്നിരുന്നു.

നീണ്ടു തടിച്ച് ഇരുനിറത്തിലുള്ള ഒരാൾ. ചിത്രങ്ങളിൽ കാണുന്ന രാ ജാവിനോട് സാദൃശ്യം.

"അഹാബ്, ഈ സഞ്ചികളൊന്ന് മുകളിലേയ്ക്കിട്ടെ."

"അയാൾ ഈ വണ്ടിയിൽ കയറി ല്ലെന്ന് പറയുന്നു. പറയുന്നിടത്ത് എത്തിക്കോളാമെന്ന്."

ഒരു മരത്തിനു നേരെ വിരൽ ചൂണ്ടി അഹാബ് പറഞ്ഞു. ചുറ്റുമുള്ള വായു വിനെത്തന്നെ തൊടാനറച്ച് ഒരു വലിയ സഞ്ചിയും കെട്ടിപ്പിടിച്ച് ഒരാൾ അവിടെ വിഷമിച്ചു നിന്നി രുന്നു.

"കശ്യപ്, നിയമങ്ങൾ എല്ലാവർ ക്കും ഒരുപോലാണ്. നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ഇപ്പോൾ തന്നെ ലെഫ്റ്റടിച്ചോളൂ".

കശ്യപ് മിണ്ടാതെ വണ്ടിയുടെ അടു ത്തേക്ക് നീങ്ങി. അഹാബിനെയും കാൽവിനെയും തഥാഗതനെയും അറപ്പോടെ നോക്കി ഹിരണ്യയെ കാണാത്ത മട്ടിൽ വണ്ടിയിൽ കയറി. ജീപ്പ് മെല്ലെ മുന്നോട്ടു നീങ്ങി. അവർ മഹാപ്രസ്ഥാനം ആരംഭിച്ചു. കല്ലും കുഴികളും ഒരു ക്കിയ താളത്തിൽ ജീപ്പ് സഞ്ചരിച്ചു. കാൽവിന്റെ കണ്ണുകൾക്കു മുന്നിൽ ഹിരണ്യയുടെ ഉറക്കം ഞെട്ടിമാറി നിന്നു. കാടിന്റെ അതിർത്തിയിലെ ത്തുമ്പോഴേയ്ക്കും ഹിരണ്യയും ചെറു തായി മയങ്ങിത്തുടങ്ങിയിരുന്നു.

ജീപ്പിന്റെ ഇരമ്പൽ ദൂരെ മാഞ്ഞ് ഇല്ലാതെയായപ്പോൾ, കാടിന്റെ വന്യതയ്ക്കൊപ്പം ഒരന്യതാബോധ വും അവരെ ആശ്ലേഷിച്ചു.

അന്തരീക്ഷത്തിൽ വൈരുദ്ധ്യാത്മ കത സൃഷ്ടിച്ച് അഞ്ചു പേരും അവരു ടെ നിറഞ്ഞ ഭാണ്ഡങ്ങളും.

"മത്സരം നമ്മൾ തമ്മിലാണെ ങ്കിലും ഒരു സംഘമായി സഹ കരിച്ച് മുന്നോട്ട് നീങ്ങിയാലേ ജീവനോടെ ഈ കാടിന് പുറത്ത് കടക്കാനാവൂ. എല്ലാതരത്തിലും സഹകരിക്കേണ്ടി വരും."

കാൽവിൻ വീണ്ടും ഹിരണ്യയെ നോക്കി. ചെറുഭീഷണിയോടെ.

"ഒരു വരിയായി പരസ്പരം കൈ കോർത്ത് പിടിച്ച് നമുക്കു മുന്നോട്ട് നീങ്ങാം. കാട്ടിൽ കയറിയ ഉടനെ കുറച്ചു ബുദ്ധിമുട്ടും. ഇരുട്ടു പരിചയമാ വാൻ കുറച്ചു കഴിയും. അതുകൊണ്ട് വഴി തെറ്റാതെ പിടിച്ചു പിടിച്ചു നീങ്ങാം. അഹാബ് നയിക്കട്ടെ. പിന്നിൽ തഥാഗതൻ, അതിനുപി ന്നിലായി കൈ പിടിച്ച് കശ്യപ്, പിന്നിൽ ഹിരണ്യ, ഏറ്റവും പിറ കിൽ..." കാൽവിൻ തന്റെ നേർക്ക് ആംഗ്യം കാണിച്ചു കണ്ണിറുക്കി. പ്രൊഫൈൽ പിക്കിലെ കാൽവി നെ അനുകരിച്ചു. ഹിരണ്യ അസ്വ സ്ഥതയോടെ ചുമൽ കുലുക്കി.

അഹാബ് തന്റെ സഞ്ചിയിൽ നിന്നു മടവാളും ടോർച്ചുമെടുത്ത് മുന്നിൽ കുതിച്ചു നടന്നു. ഒപ്പമെ ത്താൻ ബദ്ധപ്പെട്ട് തഥാഗതനും. തഥാഗതന്റെ കൈ പിടിക്കാനറച്ച് കശ്യപ് പിന്നിൽ നടന്നു. തഥാഗ തൻ സ്പർശിച്ചതൊന്നും സ്പർശിക്കാ തിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് വരി യൊപ്പിച്ചു നടക്കാൻ ഹിരണ്യയെ ഒരുതരത്തിലും സമ്മതിക്കാതെ കാൽവിൻ അവളെ തന്നിലേയ്ക്കടു പ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഹിരണ്യ പതുക്കെ സംസാരിക്കാ നാരംഭിച്ചു.

"ഞാനെന്റെ ഭർത്താവുമായി പിരി യാൻ കാരണമെന്താണെന്നറിയാ മോ? അദ്ദേഹത്തിന്എന്നേക്കാളി ഷ്ടം തന്റെ ഫോണിലെ നിത്യസ ന്ദർശകരെയാണ്. അദ്ദേഹത്തിന്റെ ബോധോപബോധ അബോധ മനസ്സുകളിലൊന്നും ഞാനില്ല. എന്നേ ഞാൻ നിഷ്കാസിതയാണ്. ഉടലളവുകൾക്കപ്പുറത്തെ ഞാനെന്ന വ്യക്തിയെ അദ്ദേഹം ഒരിക്കലും കണ്ടിട്ടില്ല. അളവുകൾ തെറ്റിയ പ്പോൾ ഒട്ടും തിരിച്ചറിയാതെയായി രിക്കുന്നു. ബന്ധങ്ങളിലുള്ള വിശ്വാ സം എനിക്കും എന്നേ നഷ്ടപ്പെട്ടു. സ്നേഹത്തിനു വിലകൊടുക്കാതെ കണ്ണുകൾകൊണ്ട് ഉടലളവുകൾമാ ത്രം തേടുന്നവരെ വ്യക്തിത്വമുള്ള ആരും പുച്ഛിക്കും."

കാൽവിന്റെ പിടി അപ്പോഴും അയ ഞ്ഞിരുന്നില്ല.

"നിങ്ങളുടെ ഭാര്യയോടാരെങ്കിലും ഇങ്ങനെ പെരുമാറിയാൽ നിങ്ങൾ ക്ഷമിക്കുമായിരിക്കും. "കൺഗ്രാ റ്റ്സ് ബ്രോ എന്നു കൈയും കൊടു ക്കും അല്ലേ.."

അടുത്ത വാചകം പറയുന്നതിനുമു മ്പേ ഹിരണ്യ ഒരു താഴ്ചയിലേയ്ക്കു ടുത്തെറിയപ്പെട്ടു. സിനിമയിലെ ഗ്രാഫിക്സിനെ അതിശയിപ്പിക്കുമാറ് ഹിരണ്യ ഒരു ഞാന്നുകിടന്ന വേ രിൽത്തട്ടി പിന്നിലേക്ക് തെറിച്ചു.

"അയ്യോ ഹിരണ്യ വീണുപോയിരി ക്കുന്നു. അഹാബ് ഇനി എന്തുചെ യ്യും"

"വീണവരെ തിരിഞ്ഞു നോക്കാൻ നമുക്കധികാരമില്ല. അതുകൊണ്ട് മു ന്നോട്ടുപാകാം. അടയാളവാക്കുകൾ ഓർത്ത് അവൾ വരട്ടെ."

അഹാബ് നിർവ്വികാരനായി പറ ഞ്ഞു "കാടിന്റെ കടി"

തഥാഗതൻ പിറുപിറുത്തു

**************

ഹിരണ്യ തിരിച്ചെത്തിയ ശേഷം നിലാവുദിച്ചുയർന്നു. തഥാഗതൻ കിടന്ന വൃക്ഷച്ചുവടിനടുത്തെ പാറ പ്പുറത്ത് നിശ്ശബ്ദനായി കിടക്കുന്ന കാൽവിന്റെ രൂപം.

"ഞാൻ ക്ഷമ ചോദിക്കുന്നു..."

കാൽവിൻ അവളെ നോക്കാതെ പറഞ്ഞു.

ഒരു നെടുവീർപ്പോടെ ഹിരണ്യ പാ റപ്പുറത്തിരുന്നു. ഓരോരുത്തരായി രാത്രിയെ മനസ്സിലാവാഹിച്ച് കണ്ണു കളടച്ചു. എല്ലാവരും ക്ഷീണിതരാ യിരുന്നു.



ഒരു ഞെട്ടലോടെ തഥാഗതൻ കണ്ണു തുറന്നു. കശ്യപിന്റെ കണ്ണുകളിലെ തിളക്കം അവന്റെ കൈയിലെ കത്തിയേക്കാൾ തഥാഗതനെ ഭയപ്പെടുത്തി.

“നീയും നിന്റെ കൂട്ടരും എന്റെ ജോലിസാധ്യതകളൊക്കെ നഷ്ടപ്പെടുത്തി. നീ ചാകണം. അർഹിക്കാത്തതനുഭവിക്കുന്നവരൊക്കെച്ചാകണം.”

“ഞാനെഴുതിയ പരീക്ഷകളിലൊക്കെ എനിക്ക് ഒന്നാം റാങ്കാണ്. പിന്നെ എന്താണ് ഞാനർഹിക്കാതെ നേടിയത്? അർഹിക്കുന്നതു പലപ്പോഴും നിങ്ങൾ എന്നിൽനിന്ന് പിടിച്ചു വച്ചിട്ടല്ലേ ഉള്ളൂ."

“എന്താണത് പറയ്."

“നിങ്ങളുടെ സ്നേഹം. നിങ്ങളുടെ മണ്ണ് സ്പർശിക്കാത്ത മൃദുലമായ കാലുകൾക്ക് മുറിവേൽക്കാതിരിക്കാൻ എന്റെ കാലുകൾകൊണ്ട് നിങ്ങൾക്കുമുന്നേ വഴി വൃത്തിയാക്കി ഞാൻ നടന്നു."

ആ കറുത്ത കാലുകളിൽ അങ്ങിങ്ങായി ചോരത്തുള്ളികൾ. കശ്യപ് നിശ്ശബ്ദനായി. പാറയ്ക്കപ്പുറത്തെ നദിയ്ക്കു മുകളിലായി നിറയെ മിന്നാമിനുങ്ങുകൾ പൊങ്ങിപ്പറന്നു.

“ആകാശമിറങ്ങി നക്ഷത്ര വിളക്കുകൾ. അടുത്ത അടയാള വാചകം"

കാൽവിൻ വിളിച്ചു കൂവി.

“നദിയിറങ്ങി കടക്കണം".

“ശുദ്ധ ഭ്രാന്ത്."

"അതിനാർക്കാണ് നീന്താനറിയുക" അഹാബ് പിറുപിറുത്തു.

പക്ഷെ വേറെ വഴിയില്ല. ഓരോരുത്തരായി വെള്ളത്തിലിറങ്ങി.

വെള്ളത്തിലിറങ്ങിയപ്പോൾ മീനുകളായി മാറിയ അനുഭവം. കുറച്ചു നേരത്തേയ്ക്ക് എല്ലാവരും വെള്ളത്തിൽ പൊങ്ങിക്കിടന്ന് ശരീരത്തിന്റെ ലാഘവത്വം ആസ്വദിച്ചു. അല്പം കഴിഞ്ഞാണ് അവർ ശ്രദ്ധിച്ചത്. അഹാബെവിടെ? വെള്ളത്തിൽ മുങ്ങിത്താഴുന്ന അഹാബിന്റെ ഫാസ്റ്റ് ട്രാക് വാച്ചു കെട്ടിയ കൈ ഒരു നിമിഷം ഹിരണ്യ കണ്ടു.

“എന്തിനാണ് പരിഭ്രമിക്കുന്നത്? വീണാൽ തിരിഞ്ഞു നോക്കരുതെന്നല്ലേ. അടയാളവാക്ക് ഓർമ്മിച്ചു വരട്ടെ."

കാൽവിൻ പരിഹസിച്ചു.

തഥാഗതനെ പോലെ അഹാബിന്റെ മുടിയും നീണ്ടുകിടന്നിരുന്നതുകൊണ്ട് വെള്ളത്തിനടിയിലൂടെ അതു പിടിച്ചു വലിച്ച് ഹിരണ്യ അഹാബിനെ കരയ്ക്കെത്തിച്ചു. ജീവിതത്തിലേക്ക് തിരിച്ചു വന്ന അഹാബ് മെല്ലെ ഹിരണ്യയുടെ കൈ പിടിച്ച് എഴുന്നേറ്റു.

"നമുക്കിനി അധികം സമയമില്ല. നേരം പുലരാറായി. കാടെത്ര ബാക്കിയുണ്ടെന്നറിയില്ല. വേഗം നീങ്ങാം.

എല്ലാവരേയും ശ്വാസം മുട്ടിച്ചുകൊണ്ട് പുക അന്തരീക്ഷത്തിൽ പടർന്നു. കാട്ടുതീയിൽ കരിഞ്ഞു തീർന്നു കൊണ്ടിരിക്കുന്ന വനഭാഗം അവർക്കുമുന്നിൽ അവരെ വിഴുങ്ങാനെന്നവണ്ണം ചുവന്നവായ പൊളിച്ചു നിന്നു.

“പോർവീരൻ കറുത്തു മെലിഞ്ഞ സുന്ദരൻ. കളിയിലെ തുറുപ്പുചീട്ട്."

അടുത്ത അടയാളവാചകം കശ്യപ് മെല്ലെ ഉരുവിട്ടു. ദേഹത്തിലൂടെ ഒരു മിന്നൽപിണർ പാഞ്ഞതുപോലെ തഥാഗതനു തോന്നി. കനലാട്ടം നടത്തുന്ന തന്റെ കാലുകൾക്ക് തീക്കനൽ പൂവിതളുകളാണ്. പക്ഷെ ആ തീയിന് കണക്കും കൃത്യതയുമുണ്ട്. ഇത് കാട്ടു തീക്കനലാണ്.

“ഞാൻ തയ്യാറാണ്. ഓരോരുത്തരെയായി കടത്തിവിടാം. ഒരു ചെറിയ പൊള്ളൽ പോലുമേൽക്കാതെ. ഇതിനപ്പുറത്ത് നമ്മൾ ആഗ്രഹിച്ച വിജയം കാത്തിരിക്കുന്നു..."

“ആരാണ് പോർവീരൻ”

അഹാബ് ഇടയ്ക്കുകയറി ചോദിച്ചു.

"കനലാട്ടത്തിനിടയിൽവച്ച് മൂതിയടഞ്ഞ ഒരു കഥാപാത്രം'.

തഥാഗതൻ പുഞ്ചിരിയോടെ പറഞ്ഞു. ആത്മവിശ്വാസം പകരുന്ന നോട്ടം മാപ്പുചോദിച്ചുകൊണ്ടുള്ള അതേ പുഞ്ചിരി.

“ഞാൻ തിരിച്ചുപോവുന്നു"

കശ്യപ് പെട്ടെന്നാണത്പറഞ്ഞത്. കശ്യപിന്റെ കൈ പിടിച്ച് അഹാബും പിന്നിലായി കാൽവിനും ഹിരണ്യയും നടന്നു.

മഹാപ്രസ്ഥാനത്തിന്റെ നിയമങ്ങളെല്ലാം തെറ്റിച്ച് അവർ പരസ്പരം കൈവിടാതെ ചിരിച്ചാർത്ത് തിരിഞ്ഞു നടന്നു പോകുന്ന വഴിക്ക് തഥാഗതനാണതു ചോദിച്ചത്-

“നമുക്കു പുതിയ ഗ്രൂപ് തുടങ്ങിയാലോ? "നീലത്തിമിംഗലങ്ങൾ വിഴുങ്ങാത്തവർ"

# "CAN WE CHECK THE OUTBREAK OF PANDEMICS LIKE COVID-19 THROUGH CONSERVATION OF BIO-DIVERSITY?"

## AN ANALYSIS

**Dr. Jijikumari T.**
St. Pius X College,
Rajapuram, Kasaragod



Ecological balance is a pre-condition for sustainable development. Preservation of aggregate capital is a necessary condition to attain it. Among the aggregate capital, natural capital plays very critical role. Due to anthropocentric activities, lot of damages are happening to the natural capital such as climate change, global warming, different types of pollution, deforestation, and bio diversity loss etc. Among the damages, the loss of bio diversity pose a threat to the very existence of mankind in this universe. That is, not only the present day Corona Virus Covid-19, the destruction in bio diversity can cause the outbreak of different epidemics and pandemics in future too. Therefore, necessary and sufficient actions should be taken to conserve natural resources in general and bio diversity in particular to make a convenient atmosphere for the existence of all living organisms in this Planet.

**Key Words: Ecological balance,**

**sustainable development, aggregate capital, bio diversity, climate change, global warming, deforestation, covid-19, and pandemic.**

**Introduction**

Non-declining aggregate capital stock is the rule of sustainable development. Aggregate capital includes Natural capital, Human capital and Manmade capital. Among them, over use of natural capital definitely creates significant deterioration of environmental resources in one hand and there is a possibility of severe nature related risks on the other. That is, our motto should be, over the years, natural capital should not decline, and should strictly follow the strong sustainability rule. Otherwise, if we are trying to compensate natural capital with manmade capital, natural risks may arise in the form of natural calamities or in the form of the present day pandemic like Covid-19.

In our daily life, we all totally relying on natural capital like atmosphere, water bodies, forest resources, minerals, fisheries and ecosystem services. Moreover, we are also depending upon the goods and services produced from these natural capital like food, fuel, fiber, medicines, and the services like water filtration, climate regulation, and erosion control. All these goods are using by the mankind at free of cost. These unpriced goods and services will not available from the markets and therefore they are under-valued by business and are invisible economically. Market is totally failing to provide environmental resources. That is, all these natural capital are getting freely create a mind of over use or exploitation and that kind of unseen dependencies on natural capital results in unmanaged business risk and that risks can have material impacts on the bottom line.

Due to anthropogenic activities and exploitation upon the natural resources creates so many problems like air pollution, waste discharge on water, filling of land, loss of biodiversity, and other illegal activities impose negative impacts on other living organisms and other human beings and such uncompensated neighborhood effect is termed as negative externalities. That negative externalities can also bring serious business risks. These externalities can be internalize by using new regulation, legal action, consumer boycotts and brand damage leads to costs to the business. As a result it is required to treat like any other serious off balance sheet liability. Therefore proper understanding, measurement and management should be needed to avoid these business risks.

Definitely, where there is risk, there is opportunity. Companies can get more values at lower cost by understanding and embracing natural capital dependencies whilst enhancing rather than degrading natural capital. Similarly, understanding environmental impacts can also create new value, by enabling innovation, reducing costs and enhancing reputation.

**Significance of the study**

It is high time to act against different epidemics and pandemics that we are suffering now. All these virus borne diseases are the ultimate result of human greed. Due to the anthropocentric view, we think that the natural resources are created only for human beings, and we are the center or master creature in this Universe. We exploiting these resources without considering the fellow creature's needs. For our wellbeing we are encroaching the wild life and they are forced to get into human habitat. Wild lives are considered as the reservoir of different viruses. Then it is very important to discuss the connection between bio diversity loss and emergence of pandemics.

Let me briefly explain the concept of bio diversity, its types and threats.

**Bio diversity, its Types and Threats**

'Bio diversity' means the varieties or differences among living organisms in all forms of ecosystems such as terrestrial, marine and aquatic eco systems. And this includes differences within species, between species and of ecosystems. That is, it is the sum total of all living organisms in this Universe. From the estimation by the scientists, it is noted that around 10 million different species inhabit this planet.

Generally, bio diversity can be classified into three categories such as Genetic bio diversity, Species diversity and Eco system diversity.

1. Genetic diversity: It is the difference is happening due to gene differences. In individuals new genetic variations are arising by gene and chromosome mutations and in sexual reproduction in organisms can spread through the population by recombination.
2. Species diversity: species can be defined as a group of similar organisms that produce offspring's with one another and share a common lineage. Species diversity refers to the number of plants and animals that are present in a region. In all ecosystems we can see species diversity. Some areas are rich in species that others.
3. Eco system diversity: This planet is blessed with different eco systems like forest, desert, oceans, mountain, hills, glaciers, plains etc. In all these eco system we can see entire differences in life. As a result of human activities, bio diversity is facing serious threats. Population growth,




resource consumption, climate change, global warming, urbanization over exploitation of natural resources and environmental degradations are main dangers. Overfishing and decline of species, Pollution and eutrophication, Degradation and destruction of the sea floor, Leisure and tourism will become a threat to Marine ecosystem. Moreover, degradation, destruction and fragmentation of natural habitats, decrease in the capacity of the agricultural areas to host wildlife, pollution of soils, air and water, recreation and leisure, and climate change will affect terrestrial area.

**Relation between loss of Bio diversity and Pandemics like Covid-19**

According to a group of biodiversity experts, different kinds of pandemic like covid-19 will occur frequently unless we stop rapidly destroying nature. It is estimated that around 1.7 million unidentified viruses are existing in mammals and water birds which can infect human. Recently celebrated Earth Day reminded us that if we are not stopping exploitation of nature through carbon emission, glaciers may felt very fast and in the inner parts of glaciers so many pandemic viruses are existing and they are more powerful to bring further acute health issues and can raise threat to the very existence of mankind in the future. Through rampant deforestation, rapid industrialization and infrastructure development bring us closer to these kinds of viruses. In short, Biodiversity experts warned that future pandemics are on the horizons if mankind does not stop its rapid destruction of nature.

The intergovernmental science-policy platform on Biodiversity and Ecosystem services put the responsibility for Covid-19 on our shoulders. According to them, there is a single species that is responsible for the Covid-19 pandemic, i.e.; us, human beings. Along with climate and biodiversity crises, recent pandemics are a direct consequence of human activity particularly our global financial and economic systems, based on our greedy activities to achieve economic growth at any cost. To overcome the challenges of the current crisis, we have small window of opportunity to avoid sowing the seeds of future ones. The reports also warn that around one million species of plants and animals are at risk of extinction within a decade. All these things are happening due to greedy attitude towards nature. To escape from such a panic situation, the



government should introduce stimulus plans to attain sustainable and nature-positive initiatives along with financial package announcements. And it is sure that, immediately after the lockdown that announced during this pandemic may further lead to rapid industrial investments, overuse of fossil fuels and emissions that may surely subsidizes the emergence of future pandemics.

Intensive farming, uncontrolled expansion of agriculture, mining and infrastructure development, rampant deforestation, and the exploitation of wild life have created a convenient path for the spillover of disease from wildlife to people.

Along with financial packages, we should adopt some rules that should be considered for Covid-19 related stimulus plans. All countries should strengthen environmental regulations such as investments in the interest of all to prevent future global outbreaks, adopt the policy of 'one health approach' by the policy makers for decision making that express the complex network among the health of all livings organisms, and ecosystem, and take policies to promote healthcare systems in the third world countries where resources are scarce and underfunded.

According to the environmentalists, the evolution of Corona virus is the ultimate result of current climatic condition and the loss of biodiversity. Moreover deforestation, the consumption and exotic animal trafficking also contributes to the spreading of diseases. It is better to manage the issues of human health in relation to biodiversity and environment through the campaign of One Health Initiative of World Health Organization. This initiative has three main objectives such as fight against zoonosis, ensuring food safety and combating antibiotic resistance. The initiative gives an indication that we cannot live without contacting bio diversity. Among the three objectives, food security and zoonoses are directly related to the current covid-19.

From the recent experience it is understood that Covid-19 pandemic is a very serious issue even though we are facing various challenges relating to climate change and drastic decline in biodiversity. Catastrophic events such as forest fires in Amazon forest and Indonesia seemed less serious suddenly and we all fear for our own health, that of our loved ones and it could touch all of us immediately.

We can connect the outbreak of all previous epidemics that the world faced such as AIDS, Ebola, Sars,

Mers etc. and the new corona virus Covid 19 have direct connection with the environmental destruction and loss of biodiversity.

**New pathogens**

Nowadays, there is an alarming increase in the encroachment of mankind towards nature environment. Since the start of industrial era, more than 85 % of wetlands have been destroyed and 100 million hectares of tropical forests were cleared in between 1980 to 2000. By doing so we are inviting new pathogens that can threat our lives. Most probably, wild animals are the disease reservoirs and they are living in such special ecosystems where the very survival of human beings are strictly prohibited by the nature itself.

Due to deforestation, the isolated small communities settled on the edge of forest zones can hunt wild animals easily and they send infected meat to the nearby cities. Through this way Ebola epidemic spread to major human centers. Sometimes the so called bush meat may even exported to other countries to meet the demand of expatriates may further spreads the health risk far away from remote areas. Deforestation drives wild animals out of their natural habitats and closer to human populations, creating a greater opportunity for zoonotic diseases - that is, diseases that spread from animals to humans. Moreover, human displacement are happening due to the spread of infectious diseases like Zika, Malaria, and Dengue fever which are the direct outcome of climate change. Displaced population may vulnerable to some biological threats like measles, diarrheal diseases and some respiratory problems.

Human beings have the shameless courage to hunt exotic and wild species for recreational activities. People are sometimes, mad to the appeal of rare species, or for exotic meal and naïve pharmacopeia, hunt these wild animals and trade in these rare animals fill the markets and in turn provide the ways to contaminate the urban centers by new epidemic. The SARS rose out of the connection between carnivores, bats and greedy human consumers.

In 2007, a major scientific article stated that"thepresence of a large reservoir of SARS-Cov-like viruses in horseshoe bats, together with the culture of eating exotic mammals in southern China, is a time bomb". That bomb seems to have exploded in November 2019 with the Covid-19.

**The danger of zoonoses**

A large number of disease outbreaks are zoonotic, primarily caused by ecological damage. It can be seen that most of the emerging diseases are Zoonoses, an infectious agents that can pass between animals and human. Majority of this agents coming through wild animals. There are two major consequences have been happening due to the consumption and export or import of exotic animals. First, there is a possibility of an epidemic by coming direct contact with the rare infectious agents, while they cannot defeat our immune system, trafficking and confinement of different exotic animals together allow the infectious agents to recombine and cross the barrier between species. It happened in the case of SARS and may have been the cause of Covid-19. Second, enormous pressure on wild lives are happening through catching and selling of it. This is happened in the case of present day Covid-19 from the Pangolin. Different species of this mammal are found in Africa and Asia, and in spite of their protected status, are capturing for their meats and scales in spite of their protected status. Estimates show that each year around 20 tons of meat are seized by the customs every year.

Due to our activities, we are endangering ourselves by enabling the creation of new diseases and greedy exploiting the genetic, species and eco system bio diversities that provide the ecological balance of the whole universe. From our experience of different epidemics, it is found that increasing frequency of disease outbreaks has connection with climate change and loss of biodiversity. Technological advancements provide hopes for finding out counter measures but at the same time proper conservation and protection of environmental resources should also be done.

From the estimates, it is seen that between the years 1980 to 2013, around 12,012 epidemics outbreak happened and it effected 44 million individual cases in the world. Probably the mass outbreak is the result of high levels of global travels, trade and connectivity, high density of population and finally we can connect it to the climate change and bio diversity. Around 31% of outbreaks, like Ebola, Zika, and Nipah viruses, happened only because of deforestation.

To escape from the bio diversity crisis, we can adopt some measures voluntarily such as stopping the over exploitation of nature through deforestation, reduce the world trade in any commodity in living species, the transport of exotic animals etc. Experts warning that drastic changes may happen in the world order after covid-19. To benefit from that now order, we urged to respect bio diversity.

**Pandemic preparedness**

During this pandemic situation first of all we should thank our public health system. Through the counter measures such as vaccine, antivirals and antibiotics which reduces the risk of massive loss of life. For the pandemic preparedness, increased research and development is needed most. In the search of new vaccines, innovative technologies are critically needed. One promising



area of research is gene-encoded antibodies that create ‘factories’ in our body to make antibodies against specific pathogens. Successful drug development not only the result of advanced synthetic biology but a link to nature based solutions and bio diversity and researchers are increasingly reverting to nature. Biodiversity is a natural repository for more than half of the medicines that we develop. Around 50,000 to 70,000 plan species are extracted for traditional and modern  medicine, thus the drugs developed from natural products are accelerating the loss of biodiversity.

**Conclusion**

Let me conclude that, the present day pandemic Covid 19- is a stark reminder that our assault on the natural world has some consequences. It should serve as a wakeup call that the impact of anthropocentric activities on the environment is not just carbon emission and it is a high time to start addressing the nature related risks caused by him. Nature-related risk affects many sectors, can be bigger than carbon risk, and can take a bite out of our economy faster than climate change.

The economic loss from the Covid-19 is estimated at around $ 10 trillion dollars that is approximately one-eighth of the global GDP. To block its recurrence, we need to give too much importance to human health and conservation of global bio diversity reserves.

For governments and companies alike, the time to do this is now. Nature-related risk affects many sectors, can be bigger than carbon risk, and can take a bite out of our economy faster than climate change. Disease is an environmental issue.

**Protecting biodiversity and the climate is about protecting our own health too.** Conserve nature and ensure the sustainable use of natural resources could prevent the next pandemic. Through the measures to protect nature, efficient and sustainable use of natural resources and public awareness campaign about the dangers of zoonotic diseases could play a significant role in sustainable development with important co-benefits for people, biodiversity and the climate.

In short, absolutely we can come back better from the current Covid-19 crisis stronger and resilient than ever by choosing policies and actions that protect nature, so nature will definitely protect us. By changing human behavior, definitely we can handle future pandemics in a better way. Biodiversity is a natural repository for more than half of the medicines that we develop. A large number of disease outbreaks are zoonotic, primarily caused by ecological damage.

References:

1. Nick Hanley,Jason F. Shogren and Ben White, “Environmental Economics in Theory and Practice”. (Second Edition)

www.biologydiscussion.com
www.greenfacts.org
www.aboutbioscience.org
www.geospatialworld.net



# മലയാളത്തിലെ ഒ.ടി.ടി. റിലീസുകളും പെണ്ണനുഭവങ്ങളും

പുതിയ സിനിമാശീലങ്ങളിലേക്ക് മലയാളിയെയും തള്ളിവിട്ടുകൊണ്ടാണ് കോവിഡ് കാലം കടന്നു പോകുന്നത്. മനുഷ്യർ ഇടപെടുന്ന സമസ്ത മേഖലയെയും കോവിഡിനു മുൻപ്,  കോവിഡിന് ഒപ്പം, കോവിഡിനുശേഷം എന്നു തരംതിരിച്ചു കാണേണ്ട സ്ഥിതി നിലവിലുണ്ട്. മലയാളിയുടെ സിനിമാസംസ്കാരത്തിന്റെ അവസ്ഥയും മറിച്ചല്ല. കൂട്ടായ്മകളും പൊതുഇടങ്ങളും വിലക്കപ്പെട്ടതോടെ ഏറ്റവും അന്യമായിത്തീർന്ന തിയേറ്ററുകൾ. ഉല്ലാസത്തിന്റെയും, ഒത്തുചേരലിന്റെയും, സമയംകൊല്ലലിന്റെയും ഇടമായി നിന്ന തിയേറ്ററുകൾ അൺബ്ലോക്ക് ഘട്ടങ്ങൾ പലതുകഴിഞ്ഞിട്ടും പൂർണ്ണമായും തുറക്കപ്പെടുന്നില്ല. സിനിമ എന്ന കലയെയും വ്യവസായത്തെയും സമൂലം ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമായാണ് OTT പ്ലാറ്റ്ഫോമുകൾ സജീവമായത്. മലയാളിയുടെ പുതുശീലത്തിന്റെ ഭാഗമായി OTT റിലീസുകളും മാറി.

ഉത്കണ്ഠാഭരിതമായ അനുഭവങ്ങൾ നല്കി സൈക്കോത്രില്ലറുകൾ തിയേറ്ററുകളെ ഭരിച്ചുകൊണ്ടിരുന്നപ്പോളാണ് പൊടുന്നനെ ലോക്ക്ഡൗൺ എത്തുന്നത്. സൂപ്പർ മെഗാസ്റ്റാറുകളുടേതടക്കം ബിഗ്ബഡ്ജറ്റ് ചിത്രങ്ങൾ തിയേറ്ററുകളിൽ എത്തുമെന്ന പ്രതീക്ഷ സജീവമായി നില്ക്കുന്ന ഘട്ടമായിരുന്നു അത്. ആമസോൺ പ്രൈം റിലീസുകളിലേക്ക് വിതരണക്കാർ എത്തുന്നതും സാവകാശമായിരുന്നു. ഈ ഘട്ടത്തിൽ OTT റിലീസുകൾ ആയി സിനിമകൾ ഇറങ്ങുന്നതിനു സ്വീകാര്യത ലഭിച്ചു. ഇത്തരം സിനിമകൾ സ്ത്രീജീവിതത്തെ അടയാളപ്പെടുത്തുന്നതിൽ ചില പൊതുസ്വഭാവങ്ങൾ പ്രകടി

ഡോ. രമ്യ ജി
ദേവസ്വം ബോർഡ് കോളേജ്,
തലയോലപ്പറമ്പ്





പ്പിച്ചു എന്നത് ശ്രദ്ധേയമാണ്.

സീയു സൂൺ, ഹലാൽ ലവ്സ്റ്റോറി എന്നീ സിനിമകൾ പെണ്ണനുഭവങ്ങളെ കൃത്യമായി ഫോക്കസ് ചെയ്യുന്നുണ്ട്. പ്രണയം, ദാമ്പത്യം, യാത്ര, തൊഴിലന്വേഷണം, വിശ്വാസം എന്നീ വിഷയങ്ങളിലെല്ലാം പെണ്ണിന്റെ നിലപാട് എന്ത്? എന്ന ചോദ്യം ഈ സിനിമകൾ മുന്നോട്ടുവയ്ക്കുന്നു. നിഗൂഢതനിറഞ്ഞവളും നിശബ്ദയായും പ്രധാന നായികമാരെ പരിചയപ്പെടുത്തുന്ന ഈ സിനിമകൾ അവരുടെ പൊരുളറിയാനുള്ള അന്വേഷകരാക്കി പ്രേക്ഷകരെ മാറ്റുന്നു. വീടകങ്ങളുടെയും സ്വന്തമായ മുറികളുടെയും സ്വന്തം ഇടങ്ങളുടെയും പരിചിതമായ ചൂടിൽ ഇരുന്നാണ് ഭൂരിപക്ഷം പ്രേക്ഷകരും ഈ അന്വേഷണത്തിലേക്ക് നയിക്കപ്പെടുന്നത് എന്നതും ഒരു സവിശേഷതയാണ്.

കോവിഡ്കാലത്തെ നിയന്ത്രണങ്ങളെ സർഗ്ഗാത്മകമായ ഒരു ചലച്ചിത്ര സാധ്യതയായി വികസിപ്പിക്കുന്ന മഹേഷ് നാരായണൻ എന്ന സംവിധായകൻ സീ യു സൂണിലൂടെ. കൂട്ടിലടയ്ക്കപ്പെട്ടപോലെ നിശ്ചലരായ മലയാളിക്ക് ആശ്വാസവും, വിശ്വാസവും പകരാൻ ശീർഷകം കൊണ്ടുതന്നെ കഴിയുന്നുണ്ട് സംവിധായകന്. അടച്ചിട്ട മുറികളും വരാന്തകളും കോണിപ്പടികളും കാഴ്ച്ചയുടെ ഇടങ്ങൾ ആകുമ്പോഴും സൈബർ സ്പേസിന്റെ അതിദൂരം വ്യാപിക്കുന്ന നോട്ടങ്ങളിൽ വിസ്മയിക്കുന്ന പ്രേക്ഷകർ. വിരൽത്തുമ്പിൽ തെളിയുന്ന വിവരങ്ങൾ, സ്വകാര്യതകൾ, പ്രണയാഭ്യർത്ഥനകൾ എന്നിവയെല്ലാം ലോകത്തിന്റെ വിശാലതയെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. സ്മാർട്ട്ഫോണും കമ്പ്യൂട്ടർ ലാപ്ടോപ്പ് സ്ക്രീനുകളും ഉപയോഗിച്ചു പറയുന്ന കഥയിൽ വിരസമായ നിമിഷങ്ങളേയില്ല. അഭിനേതാക്കളുടെ ഭാവവിന്യാസത്തിനുള്ള സൂക്ഷ്മസാധ്യതകളും വികാരാനുസാരിയായ പാശ്ചാത്തലസംഗീതവും വിദഗ്ധമായി ഇതിനോട് ഇണക്കിച്ചേർത്തിരിക്കുന്നു.

സൈബർ സ്പേസിനെ നിസ്സങ്കോചം ഉപയോഗിക്കുന്ന അനുമോൾ എന്ന കഥാപത്രം അതിജീവനത്തിന്റെ കരുത്താണ് പ്രസരിപ്പിക്കുന്നത്. വീട്, കുടുംബം എന്നിവയെ ചേർത്തുപിടിച്ചുകൊണ്ടുള്ളതാണ് ആ അതിജീവനം എന്നതും പുതുവായനയ്ക്ക് ഇടംനല്കുന്നു. കുടുംബത്തിനുവേണ്ടിയാണ് തൊഴിൽ തേടി അനു വിദേശത്ത് എത്തുന്നത്. കബളിപ്പിക്കപ്പെടുമ്പോഴും ചൂഷിതയാകുമ്പോഴും സർവ്വശക്തിയുമെടുത്ത് രക്ഷപെടുവാൻ അവൾ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. നാട്ടിലുള്ള അമ്മയും കുടുംബവും നിസ്സഹായരായി കൈമലർത്തുമ്പോഴും തന്റെ അവസ്ഥ നിരന്തരമായി അവരിലേക്ക് അനു എത്തിച്ചുകൊണ്ടേയിരിക്കുന്നു.

സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ ശ്രമിക്കുമ്പോഴും അതിവിദഗ്ധമായ സ്നേഹാന്വേഷണങ്ങളും അവൾ നടത്തുന്നു. തൊഴിൽ ദാതാവായി കരുതിയ ജേക്കബ്ബ് സാർ പുരുഷകാമനയുടെ വിപണനവസ്തുവായി തന്നെ മാറ്റുമ്പോഴും അയാളെ അച്ഛൻ എന്ന് പരിചയപ്പെടുത്താനാണ് അനുവിന് ഇഷ്ടം. അനുവിനെ തൊട്ടുനില്ക്കുന്ന വീട് എന്ന സ്നേഹാനുഭവം അവളുടെ സ്വത്വത്തിന്റെ തന്നെ ഭാഗമാണ്. അതുകൊണ്ടാണ് ഇങ്ങനെയൊരു പരിചയപ്പെടുത്തൽ വരുന്നത്. കാമുകനിൽ നിന്ന് ഇഷ്ടവും സ്റ്റാറ്റസും പിടിച്ചുവാങ്ങാനുള്ള ഒരു

പൊളിക്കഥയായി ഒരിക്കലും ഇത് മാറുന്നില്ല. സിനിമയുടെ അവസാന ഭാഗത്ത് താൻ എത്തപ്പെട്ട ലോകം അമ്മയെ പരിചയപ്പെടുത്തുന്ന അനുവിന്റെ വീഡിയോ സന്ദേശം കെവിൻ ഒരിക്കൽക്കൂടി കാണുന്നുണ്ട്. ജേക്കബ്ബ് സാറിന്റെ മകളുടെ ഫോട്ടോ കാണിച്ച് തന്നെപ്പോലില്ലേ എന്ന അനുവിന്റെ നിഷ്കളങ്കമായ ചോദ്യത്തിലൂടെയും കെവിൻ കണ്ടെത്തുന്നത് ഈ സ്നേഹത്തിന്റെ ആഴമാണ്. തന്റെ ചുറ്റുമുള്ള അപ്രിയ സത്യങ്ങളെ അനു തനിക്ക പ്രിയതരമായ വെർച്വൽ അനുഭവമാക്കിമാറ്റുകയാണ് ഇതിലൂടെ. സ്നേഹവും കുടുംബവും ആണല്ലോ അവളുടെ പ്രിയതരമായ അനുഭവം. വിശ്വാസങ്ങൾ മുറിപ്പെടുമ്പോഴും അമ്മയും കുടുംബവും നിസ്സഹായരാകുമ്പോഴും അവൾ സ്നേഹാന്വേഷണം തുടർന്നുകൊണ്ടേയിരിക്കുന്നു. വെർച്വൽ ലോകത്തെയാണ് അവിടെയും ചേർത്തുപിടിച്ചത്. ഡേറ്റിങ്ങ് ആപ്പിലെ ചാറ്റുകൾ വഴിയാണ് അനു ജിമ്മിയിലേക്ക് എത്തുന്നത്. സ്നേഹത്തിന്റെ തണൽ ആദ്യ ചാറ്റ് വഴിതന്നെ ഉറപ്പിച്ചെടുക്കുന്നു. FB ചാറ്റുകൾ വഴികുടുംബവുമായി ബന്ധപ്പെടുമ്പോഴും യാതനകളെല്ലാം തുറന്നുകാണിക്കുന്നു. തൊഴിലിനായി വിദേശത്ത് എത്തിയ ഉടനെ അനുവിൽ ഉണ്ടാകുന്ന പ്രതീക്ഷയും തുടർന്നുള്ള പട്ടിണിയും പീഡനവും സഹിക്കുന്നതിലുള്ള വൈഷമ്യവും കോൾ ഗേളാക്കി തന്നെ മാറ്റുമ്പോൾ ഉണ്ടാകുന്ന അസഹ്യമായ നിസ്സഹായതയും പീഡനങ്ങളിൽ ശരീരവും മനസ്സും തകരുന്ന അവസ്ഥയും എല്ലാം തെളിയുന്നത് ചാറ്റ്ബോക്സുകളിലാണ്.

പൂർണ്ണമായി മൊബൈൽ, കമ്പ്യൂട്ടർ സ്ക്രീനുകളിൽ ചിത്രീകരിച്ചിരിക്കുന്ന ഈ സിനിമയിൽ അനുവിന്റെ അനുഭവലോകം മുഴുവൻ വരുന്നത് ചാറ്റ്ബോക്സുകളിലാണ്. നീണ്ടുപോകുന്ന ലൈവ് വീഡിയോ കോളുകളിലായി മറ്റുകഥാപാത്രങ്ങൾ സ്ക്രീൻ സ്പേസ് നേടുമ്പോൾ ചാറ്റ് ബോക്സിലെ റെക്കോർഡ്ചെയ്ത സന്ദേശങ്ങളായി അനുവിനെ കൂടുതൽ അവതരിപ്പിക്കുന്നു. മറ്റുകഥാപാത്രങ്ങളുടെ വർത്തമാന കാലാവസ്ഥ മാത്രമാണ് വിഷയമാകുന്നതെങ്കിൽ അനുവിന്റെ പിൽക്കാലവും സമകാലവും ഭാവിയും ചലച്ചിത്രത്തിന്റെ പ്രധാന പ്രമേയമാണ്. അനുവിന്റെ കഥയറിയാനുള്ള അന്വേഷണമായി സിനിമ മാറുന്നു.

പ്രണയത്തിന്റെ തരളതയായി വരുന്ന അനു നിഗൂഢതയിലൂടെയും പ്രതിനായികാഭാവത്തിലൂടെയും കടന്ന് അതിനായികയായി സിനിമയിൽ നിറയുന്നു. വീടിന്റെ പ്രതീക്ഷയായി അന്യനാട്ടിലെത്തുമ്പോൾ അനുവിനുണ്ടായിരുന്ന ആത്മവിശ്വാസം ദുരിതാനുഭവങ്ങൾക്കിടയിലും മായുന്നില്ല. നാട്ടിലേക്ക് തിരിച്ചെത്താൻ വേണ്ട പാസ്പോർട്ട് അനു തിരിച്ചുവാങ്ങുന്നത് സെക്സ്റാക്കറ്റ് ഉടമയായ ജേക്കബ്ബ് സാറിന്റെ ലാപ്ടോപ് കൈക്കലാക്കി വിലപേശുന്നതിലൂടെയാണ്. അവിടെയും ഒതുങ്ങാതെ അയാൾ പ്രതീക്ഷിക്കാത്ത രീതിയിൽ നിയമസഹായം തേടാനും തന്നെപോലെ അകപ്പെട്ടുപോയവരെ രക്ഷിക്കാനും അനുവിന് കഴിയുന്നുണ്ട്.

"എവിഡൻസിനുവേണ്ടി ഒന്നുമല്ല.. ആളെ ശരിക്കൊന്നു കാണാനാ" എന്ന അപേക്ഷയുമായി അവസാന ഭാഗത്ത് കെവിൻ വീഡിയോ ചാറ്റിങ്ങിനായി എത്തുമ്പോൾ മുഖം പാതിമറച്ചാണ് അനു വരുന്നത്. അയഥാർത്ഥമായ ദേഷ്യം പ്രകടിപ്പിച്ചുകൊണ്ട് സംസാരിച്ചു തുടങ്ങുന്നു.



എന്നാൽ സംസാരത്തിനിടയിൽ ഉള്ളുതുറന്നുപോകുകയും, മുഖാവരണം അഴിഞ്ഞുമാറുകയും ചെയ്യുന്നു. കണ്ണീർതുള്ളിയുമായി അനുവിന്റെ മുഖം ക്ലോസ്അപ്പിൽ നിറയുന്നു. വെർച്വലായി മാറാൻ ശ്രമിക്കുന്ന അനു അവൾ അറിയാതെ തന്നെ തന്റെ നേര് പകർത്തുകയാണെന്ന് സൂചിപ്പിക്കുന്ന ഈ രംഗത്തിലൂടെ. സിനിമയിലുടനീളമുള്ള അനുവിനെ ഒറ്റ സീനിൽ പകർത്തുന്നു.

"WHAT YOU WITNESSED SO FAR, IS THE VIRTUAL LIFE OF CHARACTERS IN THIS FILM. C U SOON IN THEATRES, WITH THEIR REAL LIVES." എന്ന വാക്യങ്ങളിൽ ആണ് സിനിമ അവസാനിക്കുന്നത്. വെർച്വൽ ലോകത്ത് സഞ്ചരിക്കുന്ന കുറെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുന്നതിനൊപ്പം 'മുഖം' മറച്ചുപിടിച്ച് അയഥാർത്ഥമാക്കാൻ സ്വയംശ്രമിക്കുമ്പോഴും അറിയാതെ Real ആയിപ്പോകുന്ന പെണ്ണിന്റെകൂടി കഥയാണിത്. സിനിമയുടെ അവസാനം കാണിക്കുന്ന വാക്യം മറ്റുകഥാപാത്രങ്ങൾക്കെല്ലാം വ്യാഖ്യാനമാകുമ്പോഴും 'വഴി തെറ്റി നടന്ന്' വ്യാഖ്യാനങ്ങൾക്കും വാചകങ്ങൾക്കും അപ്പുറം വളരുന്ന നേരിന്റെ തെളിച്ചമായി അനു എന്ന കഥാപാത്രം മാറുന്നു.

'ഹലാൽ ലവ്സ്റ്റോറി' എന്ന ചിത്രത്തിലും പെണ്ണനുഭവത്തിന്റെ ഈ നേരറിവ് കാണാം. ഏകാഗ്രതയോടെ, സൂക്ഷ്മതയോടെ അത് എടുത്തു കാണിക്കാൻ കഴിഞ്ഞില്ല എങ്കിലും അതിനുള്ള ശ്രമം പൂർണ്ണമായി ഉണ്ടാവുന്നുണ്ട് ചിത്രത്തിൽ. ആചാരവും വിശ്വാസവും നിഴലിച്ചുനില്ക്കുന്ന അന്തരീക്ഷത്തിൽ നിന്ന് സാങ്കേതികത്തികവുള്ള കലയിലൂടെ തുറന്ന ലോകം നിർമ്മിക്കാനുള്ള ശ്രമമാണ് ചിത്രത്തിൽ അവതരിപ്പിക്കുന്നത്. സിനിമയ്ക്കുള്ളിലെ സിനിമ ഇവിടെ പ്രധാനവിഷയമാകുന്നു. സിനിമയുടെ യാന്ത്രികതയും സാങ്കേതികതയും ചർച്ചയാക്കാനുള്ള ശ്രമവും ഉണ്ടാകുന്നുണ്ട്. ഇതിനിടയിലും ഉള്ളഴിഞ്ഞുപോകുന്ന സാധാരണ മനുഷ്യരെയും കേന്ദ്രീകരിക്കുന്നു. സുഹ്റ എന്ന കഥാപാത്രത്തിന്റെ നന്മയും നർമ്മവും അതൃപ്തിയും ഇതിൽ പ്രധാനമാണ്. സുഹ്റയെ മുന്നിൽ നിർത്തിക്കൊണ്ട് അസാമാന്യമായ സ്ക്രീൻ സ്പേസ് നല്കുന്ന രീതിയിലല്ല ഇതു നേടുന്നത്. സുഹ്റ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന മിക്ക രംഗങ്ങളിലും ഭർത്താവ് ഷെരീഫ് കൂടി വരുന്നുണ്ട്. അവരുടെ ഒരുമയുടെ താളത്തെക്കാൾ സഹജമായ നർമ്മബോധത്തോടെ ദാമ്പത്യത്തിന്റെ പാരസ്പര്യത്തെ ലളിതമാക്കുന്ന സുഹ്റയുടെ അനുഭവലോകം മുന്നിട്ടുനില്ക്കുന്നു.

ദാമ്പത്യജീവിതത്തിലെ കടമകൾ നിർവ്വഹിച്ചോ എന്നത് റേറ്റിംഗ് സ്കേലിൽ അടയാളപ്പെടുത്തി ഉറപ്പിക്കുന്ന ഷെരീഫ് സന്താനങ്ങളോടുള്ള കടമ നിർവ്വഹിച്ചോ എന്ന ചോദ്യം പൂരിപ്പിക്കാൻ സുഹ്റയുടെ ഉത്തരം കൂടി തേടുന്നു. "ഒരു ഭർത്താവിന്റെ കടമ നിർവ്വഹിക്കാൻ അയാളുടെ ഭാര്യ എന്തുചെയ്യണം" എന്ന് അഭിനയമോഹത്തോടെ നടക്കുന്ന ഷെരീഫ് നാടകീയമായി ചോദിക്കുമ്പോൾ "ഭർത്താവിന്റെ കടമ ഭർത്താവല്ലേ നിർവ്വഹിക്കേണ്ടത്, ഭാര്യയല്ലല്ലോ?" എന്ന് സുഹ്റ മറുപടിപറയുന്നു. കൃത്യവും വ്യക്തവുമായ അഭിപ്രായമുള്ള പെൺകരുത്തിന്റെ ശബ്ദം ഇതിൽ ഉണ്ട്. നർമ്മരസത്തോടെ ഭർത്താവിന്റെ അമിതാഭിനയത്തെ താക്കീത് ചെയ്തുകൊണ്ടാണ് സുഹ്റയുടെ എൻട്രിതന്നെ. താൻ ഒരു മികച്ച നടനാണ്എന്ന് കരുതുന്ന ഷെരീഫിന് ഒരു സന്ദർഭത്തിൽ പാകതയുള്ള അഭിനയം എങ്ങിനെ ആവാമെന്നു പറഞ്ഞുകൊടുക്കുന്നു പോലുമുണ്ട് സുഹ്റ. സിനിമയിൽ അഭിനയിക്കണം എന്നത് നിർബന്ധമാവുമ്പോൾ ഭർത്താവിൽ നിന്ന് ഒരു ഉപദേശവും സുഹ്റ തേടുന്നില്ല എന്നതും ശ്രദ്ധേയമാണ്. സ്വന്തമായി അതിനുള്ള പഠനത്തിൽ മുഴുകുന്നുമുണ്ട്.

പരിഭ്രമത്തോടെ അഭിനയത്തെയും സിനിമാസങ്കേതങ്ങളെയും സമീപിക്കുന്ന സുഹ്റ തന്റെ മനസ്സും അനുഭവവും തുറന്നറിയിക്കാനുള്ള വേദിയായി അവയെ മാറ്റുന്ന തരത്തിലേക്ക് വളരുന്നു. ആക്ടിംഗ് ട്രെയിനിംഗ് സെഷനിൽ ഭർത്താവിനോടുണ്ടായിരുന്ന ഒരു പരിഭവം അകമഴിഞ്ഞ് അവൾ പറഞ്ഞുപോകുന്നത് യാന്ത്രികതയായി മാത്രം സിനിമാസാങ്കേതങ്ങളെ ഒതുക്കാത്തതുകൊണ്ടാണ്. അപരിചിതമായ സങ്കേതങ്ങളോട് കുറഞ്ഞ സമയംകൊണ്ട് അടുത്തുചേരാനും അവൾക്കു കഴിയുന്നു.

"ഇങ്ങള് എന്നെ ഇങ്ങനെ മനസ്സു തുറപ്പിക്കല്ലേ.. എനിക്ക് വിഷമങ്ങളെ പുറത്തുപറയുന്ന അസുഖമുണ്ട്" എന്ന് റഹിംസാബിനോട്പറഞ്ഞ് നിശബ്ദയാകുന്ന സുഹ്റ ഷോട്ടിനായി എത്തുമ്പോൾ തുറന്നുപോകുന്നു. കെട്ടിപ്പിടിക്കുന്ന രംഗം സിനിമയിൽ വേണ്ടെന്ന തീരുമാനത്തോടെ ഷോട്ടിന് തയ്യാറായി എത്തുന്ന സുഹ്റയും ഷെരീഫും തങ്ങളുടെ ഉള്ളിലെ അടുപ്പം അനുഭവിച്ച് സ്വാഭാവികമായി കെട്ടിപ്പിടിച്ചുപോകുന്നു.

ഭർത്താവിനോടുള്ള ഇഷ്ടവും പരിഭവവും പരിഹാസവും ഉള്ളിലടക്കി കുറച്ചുമാത്രം പുറത്ത്പ്രകടിപ്പിച്ചാണ് സുഹ്റ ജീവിക്കുന്നത്. അന്യരുടെമുന്നിൽ അവൾ തീർത്തും നിശബ്ദയാണ്. തന്റെ വിഷമമെന്താണെന്നു ചോദിച്ചെത്തുന്ന റഹിംസാഹിബിനോടുപോലും കൃത്യമായി നിലപാടുപറഞ്ഞ് മാറിനില്ക്കുന്നു അവൾ. അതേ സുഹ്റതന്നെ സിനിമാസങ്കേതങ്ങളെ തുറവിയുടെ മാധ്യമമായി തിരഞ്ഞെടുക്കുന്നു. ഇത് ഷെരീഫിലേക്ക് കൂടി സംക്രമിക്കുന്നുണ്ട്. അഭിനയിക്കേണ്ട രംഗം റിഹേഴ്സൽ ചെയ്യുന്നതിന് ഇടയിലാണ് തങ്ങളുടെ മനസ്സിന്റെ താളം സുഹ്റയും ഷെരീഫും വീണ്ടെടുക്കുന്നതും ക്രമീകരിക്കുന്നതും. പുറത്തുനിന്നുള്ളവരുടെ ഉപദേശവും ശ്രമവും വിഫലമായി പോകുന്നിടത്താണ് അവർ സ്വയമറിയാതെ അതിലേയ്ക്ക് എത്തുന്നത്.

പെണ്ണനുഭവങ്ങളുടെ തുറന്നുപറച്ചിലുകളായി സോഷ്യൽ മീഡിയയേയും സിനിമാസങ്കേതങ്ങളെയും മാറ്റുന്ന സീ യു സൂണും ഹലാൽ ലവ്സ്റ്റോറിയും. അതിനായകന്മാരുടെ വമ്പൻ റിലീസുകൾ OTT പ്ലാറ്റ്ഫോമുകളിൽ എത്താതെ തിയേറ്റർ തുറക്കുന്നതിനായി കാത്തിരിക്കുമ്പോഴാണ് ഈ നിശബ്ദവിപ്ലവം നടക്കുന്നത്.

# കണ്ടില്ലെന്ന് നടിച്ച്



ഞാൻ വെച്ചുണ്ടാക്കിക്കോളാം,
ചേച്ചി വിളമ്പിക്കൊടുക്കു
എന്ന്
ഇത്തിരിനിറം കുറഞ്ഞ ഒരു ചെമ്പരത്തി -
വീട്ടിനു പിന്നിൽ മാത്രം
പൂക്കുന്നവൾ;
മഴ കൊണ്ടു മാത്രം
മുടി തുവർത്തുന്നവൾ -
എന്റെ കുടിയഴകുനിനക്കുണ്ടല്ലോ
എന്നു കുമ്പളപ്പൂവിന്റെ
മഞ്ഞയോടു
കിണുങ്ങുന്നവൾ -
എന്താണു ചെയ്യേണ്ടതെന്ന്
ഒരിക്കലും തീർച്ചവരാതെ
ഇടംവലം ചുറ്റുന്ന
ഇലകൾ;
പൂവേ എന്നു വിളിച്ചപ്പൊഴൊക്കെ
അതാരെയാണെന്ന്
ചുറ്റും നോക്കുന്ന
കോങ്കണ്ണിപ്പൂക്കൾ:
ഇത്തിരി നീട്ടത്തിലൊരു
ഞാത്ത് കൊതിച്ചു പോയല്ലോ
എന്നതു പോലെ
കനംകുറഞ്ഞ
കുറ്റബോധങ്ങളാൽ
തലകുനിച്ചു നിന്നവൾ-
അത്ര മോഹിച്ചു
വിരിയിച്ചൊരോർമ്മയിൽ
വണ്ടുകൾ പാറുന്നത് കാണുമ്പോൾ
കണ്ണില്ലാത്തവളെപ്പോലെ നില്ക്കും;
ശരിക്കും അന്ധയായൊരുത്തിയ്ക്ക്
മനസ്സിടറുന്നത് കണ്ടില്ലെന്ന് നടിച്ച്!

**ഇ.എം. സുരജ**
എൻ.എസ്.എസ്. കോളേജ്,
ഒറ്റപ്പാലം



# മലയാള ചെറുകഥയിലെ പെണ്ണിടങ്ങൾ

**രാഗി ആർ.ജി.**
കെ.എസ്.എം.ഡി.ബി.സി.
ശാസ്താംകോട്ട



കഥമെനയാൻ തുടങ്ങിയ കാലം മുതൽക്കേ പെൺകഥകളുണ്ടെങ്കിലും പെണ്ണ്, കഥയെഴുതി തുടങ്ങിയതും പെണ്ണിടങ്ങൾ കഥയിൽ കാലൂന്നാൻ തുടങ്ങിയതും ഏറെ വൈകിയാണ്. പെണ്ണെഴുതുമ്പോഴും പെണ്ണിനെ എഴുതുമ്പോഴും സമൂഹം ചില കരുതലുകളും തുറിച്ചുനോട്ടങ്ങളും കരുതിവെയ്ക്കാറുണ്ട്. ഭാവനയുടെ സഞ്ചാരങ്ങളിൽ പോലും ആത്മസത്തയുടെ പൊടിപ്പുകൾ തേടുന്ന ഇത്തരം സമീപനങ്ങൾ കഥകളിലെ പെണ്ണിടങ്ങളെ ഗൗരവപൂർവ്വം സമീപിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. അതുകൊണ്ട് തന്നെ മലയാളകഥാലോകം സ്ത്രീയെ അടയാളപ്പെടുത്തുന്നതെങ്ങനെയെന്ന അന്വേഷണത്തിന് പ്രസക്തിയേറെയാണ്.

മലയാള ചെറുകഥകളിൽ സ്ത്രീ പാത്രങ്ങൾക്ക് തിളക്കം വെച്ചത് നവോത്ഥാനകാലഘട്ടത്തോടെയാണ്.  വി.ടി. അടക്കമുള്ളവരുടെ ആദ്യകാല കഥകളിൽ അവൾ യാതനയുടെ ദുരിതക്കയങ്ങളിൽ മുങ്ങിത്താഴുന്ന പരമ്പരാഗത മാതൃകകൾ മാത്രമായിരുന്നു. ആദർശവനിതയോ ത്യാഗിനിയോ ആകാൻ വിധിക്കപ്പെട്ടവരായിരുന്ന അക്കാലത്തെ കഥാപാത്രങ്ങൾ. ഇതിനൊരു മാറ്റം വന്നത് ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിലൂടെയാണ്. സ്വസമുദായത്തിലെ സ്ത്രീയാതനകളായിരുന്നു അന്തർജ്ജനവും ആദ്യകാലത്ത് പകർത്തിയിരുന്നത്. പിന്നീട് ജീവിതത്തെ ധൈര്യത്തോടെ കാണുന്ന സ്ത്രീകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. മാതൃത്വത്തെ തീവ്രമായവതരിപ്പിക്കുന്ന അന്തർജ്ജനത്തിനെക്കുറിച്ച്, "മാതൃത്വത്തെ തള്ളിപ്പറയുന്ന ഫെമിനിസ്റ്റുകളുണ്ടെങ്കിൽ അവരുടെ

എതിർവശത്താണ് സ്ത്രീസ്വാതന്ത്ര്യവാദിയായ അന്തർജ്ജനം നിൽക്കുന്നത്" എന്ന് ലീലാവതിടീച്ചർ പറഞ്ഞുവെയ്ക്കുന്നത് കുടുംബത്തെയും കുഞ്ഞുങ്ങളെയും തള്ളിപ്പറയാതെ തന്നെ, സ്ത്രീയ്ക്ക് സ്വത്വപ്രകാശനം സാധ്യമാണെന്ന് അടിവരയിടാനാണ്.

'അവിവാഹിത', 'കൊടുങ്കാറ്റിൽ പെട്ട ഒരു ഇല' എന്നീ കഥകളിൽ ഇത് വ്യക്തമാകുന്നുണ്ട്. ഒരാൾ ഭർത്താവിന്റെ സ്നേഹം ആഗ്രഹിക്കുന്നവളും മറ്റൊരാൾ ചതിക്കപ്പെട്ടുകിട്ടിയ കുഞ്ഞിനെ കൊല്ലാനാകാതെ വിഷമിക്കുന്നവളുമാണ്. ഇരുധ്രുവങ്ങളിൽ നിൽക്കുമ്പോഴും ജീവിക്കാൻ കരുത്തുകാട്ടുന്നിടത്ത് അവർ ഒരു പോലെ വിജയിക്കുന്നു. നമ്പൂതിരി സമുദായത്തിന്റെ കഥാകാരി എന്ന് മുദ്രകുത്തപ്പെടുമ്പോഴും സമൂഹത്തിന്റെ വ്യത്യസ്ത പശ്ചാത്തലങ്ങളെ കഥയിലാവാഹിക്കാൻ അന്തർജ്ജനത്തിന് കഴിഞ്ഞു. സമുദായത്തിനൊപ്പം ദേശീയത മുറുകെപിടിക്കാനും അന്തർജ്ജനത്തിനായത് അവരുടെ വ്യക്തിത്വത്തിന്റെ സവിശേഷതയായിരുന്നു. അടുക്കളപ്പാത്രങ്ങളിൽ തിരുകിവെച്ച കുറിപ്പുകൾ രാത്രിയിൽ ചെറുവിളക്കിന്റെ മിന്നായത്തിൽ എഴുതിപൂർത്തിയാക്കിയിരുന്ന, കുഞ്ഞുങ്ങളെ ഒക്കത്തും വിരൽത്തുമ്പിലും ബന്ധിച്ച് സമ്മേളനങ്ങളിൽ സംസാരിച്ചിരുന്ന ലളിതാംബികയ്ക്ക് കുടുംബം ഒരു കടമ്പയോ പിന്നോട്ടുവലിക്കലോ ആയിരുന്നില്ലെങ്കിലും വേഗം വയസ്സാകണേ എന്നവർ പ്രാർത്ഥിച്ചിരുന്നതായി മകനായ എൻ. മോഹനൻ സാക്ഷ്യപ്പെടുത്തുന്നു. എഴുതുന്നവൾ കേട്ടിരുന്ന ദുർഖ്യാതികളിൽ അവരെത്ര മാത്രം ഖിന്നയായിരുന്നു എന്നതിനുദാഹരണമാണിത്. വയസ്സാകുമ്പോൾ ഇത്തരം അപവാദങ്ങൾ കേൾക്കേണ്ടിവരില്ലല്ലോ എന്ന് അന്തർജ്ജനം ആശ്വസിച്ചിരുന്നിരിക്കണം. എഴുതുന്ന പെണ്ണിനോടുള്ള സമൂഹത്തിന്റെ നിലപാടുകളിൽ ഇന്നും മാറ്റമില്ല.

അന്തർജ്ജനത്തിന് സമകാലികയായി കടന്നുവന്ന കെ. സരസ്വതിയമ്മ സ്ത്രീവാദസാഹിത്യത്തിന്



ലളിതാംബിക അന്തർജ്ജനം

അനിഷേധ്യയാണ്. സ്ത്രീപുരുഷ സമത്വം എന്ന കൈയ്യെത്താ കനവായിരുന്ന അവരുടെ കഥകളിൽ സാക്ഷാത്കരിച്ചത്. ശക്തിയുള്ള സ്ത്രീയെ മലയാളകഥാലോകം കണ്ടത് സരസ്വതിയമ്മയുടെ കഥകളിലൂടെയായിരുന്നു. പുരുഷനിരാസത്തോളം പടർന്ന രചനകളും വിരളമല്ല. സ്വകാര്യജീവിതത്തിൽ അവിവാഹിതയായി തുടർന്ന സരസ്വതിയമ്മ ജീവിതം കഥയിലും കഥ ജീവിതത്തിലും പകർത്തുകയായിരുന്നോ എന്ന് സംശയിക്കപ്പെടാം. പുരുഷന്മാരുടെ ഇരട്ടമുഖം തുറന്നിടുന്ന 'ഇരട്ടവേഷം', സ്വത്വമുള്ള പെണ്ണിന്റെ വരവറിയിക്കുന്ന 'പെൺബുദ്ധി', സ്ത്രീ പ്രതിരോധതലങ്ങളാവിഷ്കരിക്കുന്ന 'പാവങ്ങൾ', 'രമണി' തുടങ്ങിയ കഥകൾ പുരുഷവിദ്വേഷത്തിന്റെ കഥാകാരിയാണ് സരസ്വതിയമ്മ എന്ന തോന്നലിന് ഇടയാക്കി.

സ്ത്രീപക്ഷത്തിന്റെ ഈ ജൈത്രയാത്രയ്ക്ക് ശക്തിപ്രാപിക്കുന്നത് നവോത്ഥാനാനന്തര കാലത്താണ്. മാധവിക്കുട്ടിയിലൂടെ പെണ്ണെഴുത്തിന്റെ ആർജ്ജവം മലയാളി വായനാസമൂഹം കൊണ്ടറിയുകയായിരുന്നു. ഹൃദയത്തിൽത്തന്നെ തറച്ച


സാറാജോസഫ്


അഷിത

കഥകളിലേറെയും. വ്യവസ്ഥാപിത സങ്കല്പങ്ങൾക്ക് രക്തംപൊടിയാന ത് ധാരാളമായിരുന്നു. പെണ്ണിനേ പെണ്ണിനെ പകർത്താനാവൂ എന്ന തിരിച്ചറിവായിരുന്നു മാധവിക്കു ട്ടിക്കഥകൾ നൽകിയത്. ജീവിത ത്തിന്റെ ഊഷരതയും കാഠിന്യവും പച്ചയായവർ ആവിഷ്കരിച്ചു. മറ്റാ രും പറയാത്ത കഥകളായിരുന്നു മാധവിക്കുട്ടിയുടേത്. വിവാഹപൂർവ്വ ലൈംഗികത, വിവാഹേതര ലൈം ഗികത, സ്നേഹരാഹിത്യമാർന്ന ദാമ്പത്യം തുടങ്ങി സ്ത്രീയുടെ പറ യരുതായ്മകളെ കഥകൾ കൊണ്ട് മാധവിക്കുട്ടി കീറി മുറിച്ചു. "ഒരു സ്ത്രീയ്ക്ക് മറ്റൊരു സ്ത്രീയെ സ്നേഹി ച്ചാലെന്താ?" എന്ന ലെസ്ബിയൻ ചോദ്യം മാധവിക്കുട്ടിയുടെ ആദ്യ കഥയിലൂടെത്തന്നെ പുറത്തുവന്നു. മലയാളി മധുരം പുരട്ടിയൊളിപ്പിച്ച ലൈംഗികത പൊതിഞ്ഞുവെച്ചൊ രു തീക്കട്ടയാണെന്ന് മാധവിക്കുട്ടി യോളം സത്യസന്ധമായി മറ്റാരും പറഞ്ഞിട്ടുണ്ടായിരുന്നില്ല. ജീവിത ത്തെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാൻ പിൻമുറ എഴു ത്തുകാർക്ക് ധൈര്യം പകർന്നത് മാധവിക്കുട്ടിയാണെന്ന് പറഞ്ഞാൽ തെറ്റില്ല. പരുന്തുകൾ, സൂര്യൻ, കോലാട്, നെയ്പായസം തുടങ്ങിയ കഥകൾ കൈയ്യടക്കത്തോടെ വാർ ന്നുവീണ സ്ത്രീപക്ഷ രചനകളാണ്.

സാറാജോസഫിന്റെ കഥകൾ പെണ്ണെഴുത്തിന്റെ ഉണർത്തുപാ ട്ടായിരുന്നു. 'പാപത്തറ' എന്ന സമാഹാരം അനുഭവത്തിന്റെ അമ്ലം പകർന്ന് അനുവാചകരെ പൊള്ളി ച്ചു. സ്ത്രീയനുഭവത്തിന്റെ ചൂടും ചൂരും പകർന്ന 'അശോക', 'തായ്കുലം' എന്നീ കഥകൾ പുരുഷന്റെ കപട മുഖം വലിച്ചെറിയാൻ പര്യാപ്തമാ യിരുന്നു. അയോമുഖി, ശൂർപ്പണഖ, സീത തുടങ്ങി പുരാണത്തിൽ നിന്നും ഇറങ്ങിവന്ന സ്ത്രീകൾ മൗനത്തിന്റെ കെട്ടഴിച്ചെറിഞ്ഞു. പു രുഷാധികാരത്തിന്റെ വിലക്കുകൾ ക്കുമേൽ അവർ ഉറക്കെ ശബ്ദിച്ചു. ഇതിനൊപ്പം ചേർത്തുവയ്ക്കാവുന്നൊ രു കഥയാണ് 'മുടിത്തെയ്യമുറയുന്നു'. സ്ത്രീസ്വത്വാവിഷ്കാരത്തിന്റെ ശക്തയായ പ്രതിനിധിയാണിതി ലെ ലളിത. സ്ത്രീയെ ലൈംഗികോ പകരണമായി മാത്രം കണ്ടിരുന്ന പുരുഷമേധാവിത്വത്തിന്റെ മുമ്പിൽ തന്റെ സ്വത്വത്തിന്റെ ഭാഗമായ മുടിയഴിച്ചുലഞ്ഞാടുകയാണവൾ. സ്ത്രീയുടെ ശക്തിചൈതന്യങ്ങൾ വെളിപ്പെടുത്താനുള്ള ശ്രമങ്ങൾ സാറാജോസഫിന്റെ കഥകളിൽ



ഇന്ദുമേനോൻ, പ്രിയ എ.എസ്., ചന്ദ്രമതി

പ്രകടമാണ്.

നിഗൂഹനം ചെയ്തൊരു പരിഹാസമാണ് സിതാരയുടെ കഥകളെ വ്യത്യസ്തമാക്കുന്നത്. 'അഗ്നി'യുടെ കഥാകാരിയായി അവർ മേൽവിലാസപ്പെട്ടത് എഴുത്തിലെ ഈ ആർജ്ജവം കൊണ്ടാണ്. 'അഗ്നി'യിലൂടെ മലയാള ചെറുകഥയുടെ ചരിത്രത്തിലേക്കാണ് സിതാര നടന്നുകയറിയത്. പ്രിയ വ്യവസ്ഥാപിതമാതൃകകളെ പൊളിക്കുന്ന കഥാപാത്രമാണ്. തന്നെ നശിപ്പിച്ചവനോട് നിനക്ക് ശക്തികുറവാണെന്ന് തിരിച്ചടിക്കുന്ന, അതിലൂടെ അവന്റെ പൗരുഷം ചോർത്തിക്കളയുന്ന പ്രിയ വായനക്കാരെ അത്ഭുതപ്പെടുത്തുന്നു. 'സാക്ഷി'യിലെ ഷാഹീൻ, 'തുടർവാർത്ത'യിലെ പത്രക്കാരി തുടങ്ങിയ കഥാപാത്രങ്ങൾ പെണ്ണിന്റെ ശക്തിയും സാമർത്ഥ്യവും വെളിപ്പെടുത്തുന്ന ആധുനികോത്തര പ്രതിനിധികളാണ്.



ഗ്രേസി

ഇന്ദുമേനോന്റെ കഥകൾ പ്രവചനാതീതമായ ഭാവനാപരിസരങ്ങളാൽ സമ്പന്നമാണ്. 'ആൺവണ്ടികൾ' എന്ന കഥയിലെ ഊർമ്മിള, 'അന്ന(അ)പൂർണ്ണ'യുടെ പട്ടികളി'ലെ അന്ന തുടങ്ങിയവർ പ്രതീക്ഷ നൽകി അസ്തമിച്ചു പോയവരാണ്. 'ലെസ്ബിയൻ പശു', 'ഭ്രൂണം' എന്നീ കഥകൾ വായനയുടെ പ്രത്യയശാസ്ത്രം തിരുത്തിഎഴുതുന്നു. പൂമക്കുട്ടിയും ലെസ്ബിയൻ പശുവുമൊക്കെ കഥാഴങ്ങളിൽ വേദനയൊളിപ്പിക്കുന്ന ഇന്ദ്രജാലക്കാരികളാണ്. പ്രിയ എ.എസിന്റെ 'വയലറ്റ് പൂച്ചകൾക്ക് ശൂവയ്ക്കാൻ തോന്നുമ്പോൾ' എന്ന കഥ സ്ത്രീയുടെ അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടിയുള്ള സമരപ്രഖ്യാപനമാണ്. കെ.ആർ. മീരയുടെ 'മോഹമഞ്ഞ', 'കരിനീല' തുടങ്ങിയ കഥകൾ 'പ്രണയത്തിന്റെ സ്ത്രീഭാവങ്ങൾ പകർന്നെടുക്കുമ്പോൾ ഗ്രേസിയുടെ കഥകൾ വിഭ്രാന്തിയുടെ വ്യത്യസ്താനുഭവങ്ങളാകുന്നു. 'ഒറോതയും പ്രേതങ്ങളും' എന്ന കഥയിലെ ഒറോത സമൂഹത്തിന്റെ മുൻവിധികൾക്കുമേലുള്ള പ്രഹരമാണ്. 'പാവക്കുട്ടി' ചൂഷണവിധേയരാകുന്ന പെൺമക്കൾക്കുവേണ്ടിയുള്ള പിടച്ചിലാണ്. ചന്ദ്രമതിയുടെ 'പ്രായോജകരെയും കാത്ത്' എന്ന കഥ പ്രതികരണശേഷി നഷ്ടപ്പെടുന്ന സമൂഹത്തിന്റെ പെണ്ണനുഭവങ്ങളെ ദൃശ്യവൽക്കരിക്കുന്നു. 'അഞ്ചാമന്റെ വരവ്', 'ദേവീഗ്രാമം' തുടങ്ങിയ കഥകൾ സ്ത്രീസ്വത്വം പ്രദർശിപ്പിക്കുന്നവയാണ്. അഷിതയുടെ 'അമ്മ എന്നോടു പറഞ്ഞ നുണകൾ' സ്ത്രീയുടെ നേരനുഭവങ്ങളാകുന്നു. പുതുമുറ എഴുത്തുകാരുടെ സ്ത്രീപക്ഷത്തിന് പ്രതീക്ഷ ഏറെയാണ്. ധന്യാരാജിന്റെ 'അതിജീവനമാർഗങ്ങൾ' എന്ന കഥ ഇത്തരത്തിൽ ശ്രദ്ധിക്കപ്പെടുന്നു.

പുരുഷന്റെ കപട പുരോഗമനവാദത്തെ തകർക്കുകയും സ്ത്രീയുടെ അതിജീവനമാർഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കഥയാണിത്.


ഇത്തരത്തിൽ സ്ത്രീയെ കഥാലോകം മുഖ്യപ്രമേയമാക്കുന്നുണ്ടെങ്കിലും ശക്തിയും ആർജ്ജവവുമുള്ള പാത്രങ്ങൾ ആധുനികോത്തരകാലത്തും കുറവാണ്. പെണ്ണിന്റെ ദൈന്യതയ്ക്കു നിറംപകരാനാണ് എഴുത്തുകാരിലേറെപ്പേരും ശ്രമിച്ചത്. വ്യവസ്ഥിതിയുടെ അരുതായ്മകളെ പ്രതിരോധിക്കുന്ന സ്ത്രീകൾ കുറയുന്നതും സ്ത്രീസ്വത്വം അംഗീകരിക്കാനുള്ള സമൂഹത്തിന്റെ മടിയും കഥയോടും കഥാകാരിയോടുമുള്ള സമീപനത്തിൽ വ്യക്തമാകുന്നുണ്ട്. അതുകൊണ്ട് തന്നെ പെണ്ണനുഭവങ്ങളുടെ ഉടലാഴങ്ങൾ കടന്ന് ആർജ്ജവമുള്ള സ്ത്രീകൾ വരേണ്ടതിന്റെ ആവശ്യകത കഥയിലെ പെണ്ണിടങ്ങൾ ഓർമിപ്പിക്കുന്നു.

# NATIONAL CINEMA
## NEGOTIATING CULTURES AND HISTORIES

**Dr. Swapna Gopinath**
SN College, Chempazhanthi



The early decades of the new millennium witnessed major paradigm shifts in the manner in which histories are being shaped, voices are being erased and communities are being marginalized in India. Post 2014, the agendas have been drawn out and an old dream of the radical Hindutva forces has begun to take shape into a scary reality: a mythical, homogeneous Hindu identity that is expected to be the defining force in the new India. Measures taken in this regard have been very precise and destructive, leading to massive protests like the anti-CAA protests that shook the power centres and made the leaders hesitant in pursuing their dreams of a unified Hindu India. Yet the forces have been at play, and cultural representations, practices and products seeking to give voice to the hegemonic identity have remained popular, cinema being one of them. Bollywood and the industry, on the whole, has responded to these



Dadasaheb Phalke

calls for a national identity rooted in the Hindu identity and films that eulogise this new Indianness are aplenty and have remained in news for several reasons. These films that claim to be nationalistic and representing the cultural ethos of India are toxic since they speak the language of hatred and seek to other and demonise communities, thereby enabling the Hindu radicals to perpetuate their dream of destroying the imagined nation of India.

Apart from the third cinema of auteurs like Mrinal Sen, Indian cinema has remained socially aware during the tumultuous decades of Indian history and a careful reading into Hindi cinema will unravel the nuanced manner in which cinema has responded to the concerns about nation and national identity. Earlier films of the pre-independence era showed concerns about the Indian identity as it was being shaped from a volatile and heterogenous entity. Attempts at glorifying a mythical past can be seen in films like *Raja Harishchandra* (Phalke 1913) and *Lanka Dahan* (1917). Values that can trigger a sense of self respect and patriotism were essential for the freedom struggle and these films attempted to create that sense of a national spirit a form of religious revivalism.

As India gained independence, the dreams and aspirations of a newly born nation, along with the angst and distress following partition became the hallmark of films released during this time. Communal tensions that shook the nation became a theme in films like *ChalisKarod* (1947) and *Bhaichara* (1943). Post-independence, Nehru's visions about a nation worked around development and the five-year plans were believed to deliver the best for the nation. The films understood nationalism as development and films like *NayaDaur* (1957) eloquently described this thought about the nation. The years that followed also saw wars with neighbors and the soldier emerged as a prominent figure in the films too. The farmer and the soldier became key roles in nation building activities and films glorified them too. The films of the times saw the hostile neighbour as the other and several films like *Upkar* (1967) and *Hindustan kiKasam* (1971) worked around these themes. Communal harmony which remained a concern throughout the history of India became a theme recurrently figuring in the history of Bollywood cinema. The aim was not to divide the nation, or to other a particular community, but it was to build channels for communication. Even as they remained superfluous at times, the concern for Hindu-Muslim harmony was real and genuine. *GaramHawa* (1973) and *Pakeezah*

(1972) can be mentioned as examples in this context.

As we reach the 1980s, we see a paradigm shift in the manner in which we imagine our nation, the shift being the result of several factors. Doordarshan decided to air two television series, on *Mahabharat* and *Ramayan*, two epics that played a significant role in defining the religious identity of Hindu community. The fact that it addressed the upper caste communities among the Hindus was conveniently forgotten and a homogenous Hindu identity was slowly carved out of these hugely popular mediocre series. The epics created spaces that were divisive and dangerous for the national narratives carefully constructed over decades post-independence. Following the resurgence of ideas around a new India, built around the process of othering and erasure of marginalized communities including Muslims and Dalits, the destruction of the mosque and the Ramjanmabhoomi dispute emerged as a pointer towards the future of the identity of the new Indian. *Roja*(1992) as a film deserves to be mentioned in this context. It became a significant turning point, when the Kashmiri Muslim became established as the other, while the Hindu, the woman, upper caste, addressing a pan-Indian audience, the couple in the film being from Tamil Nadu, fought for the life of her husband. The scene where the protagonist protects the flag becomes a trope, defining the new India, and the national identity established beyond doubt. It is a paradox that a deeply divisive film won the national award for national integration, again reinstating the fact that nationalism, the construct is being redefined, reshaped and in this new nation, the citizen is the Hindu, upper caste and middle or upper class, geographical positioning no longer matter, since the diaspora plays a prominent role in this new nation building activity.In 1994, *Economic and Political Weekly*



initiated a discussion on the kind of nationalism as endorsed and celebrated by *Roja* (1992). Following *Roja* (1992), several films toed the line and diaspora films too helped in this process of establishing the new citizen as the hegemonic identity. Amidst these films about Hindu Indian, there were also films like *My Name is Khan*, which differentiated between the good and the bad Muslim. Patriotism is an emotion that is to be worn on the sleeve when it comes the other, especially the Muslim in India.

Nationalism as a theme has been a strong presence in various story lines, over the decades, working in to tales of communal harmony, of military narratives and sometimes historicals about Indian culture. While the construct of the nation is a recent one, and the notion of an Indian identity is younger still, historicals are created to establish an identity that seeks to historicise myths and fabricate histories that substantiate the claims of the hegemonic communities. Historicals as a genre has emerged as a favorite for several reasons. The possibility of creating spectacles and the grandeur and the gigantic proportions possible in creating scenes of splendour makes it a favorite with film makers who enjoy creating larger-than-life visual narratives. The genre makes it possible to incorporate spectacular song and dance sequences without disrupting the narrative. But the genre, as in contemporary India, also has the potential to be a tool for propaganda. Films like *Padmavat* (2018)and *Panipat* (2020) has successfully created a Muslim protagonist, who is demonized and made an easy target for annihilation. The villain, who wears clothes, that are historically inappropriate representations, with mannerisms

that highlight his lustful and treacherous nature is a hateful character. A Muslim invader who treats Indian norms with contempt is created in this film. While the character of Padmavati is itself considered a fictitious one, the film becomes a lie, a wholesome lie intended to further political agendas. *Tanhaji: The Unsung Warrior* (2020) is about a Maratha warrior who history is well known among the people of Maharashtra, as it is part of the oral folk traditions of the land. While the battles of the ancient past were fought over territories rather than religion, the stories of these battles are being reworked in popular cultural products into religious conflicts, with Islamophobia carefully worked into the plots, thereby creating a new national narrative of exclusion.



*Manikarnika*(2019) is another film that successfully builds on this theme of othering. The upper caste Hindu represents the new India, the new national identity is shaped around this notion of Indianness which seeks to obliterate multifarious identities, communities, peoples who reside in this nation and fervently believe in their Indianness.Manikarnika, the queen who played a major role in the first war of independence in 1857, is mentioned to be born a Brahmin and raised as a Kshatriya. The film also hints at the complex relationship between religion and national identity, as conversations about betraying the country being equated with betraying one's religion.

Films on war in the recent times have increasingly turned out to be jingoistic, hypernationalistic and suited to flare up feelings of intense patriotism. These films turn away from the dehumanizing nature of wars and refuse to address complex issues that define war and systemic violence unleashed by nations upon one another. *Uri: The Surgical Strike* (2016) and *Bharat* (2019) are films that fall in this category.War films have always created the space for discourses on national pride but the exaggerated manner in which the content is manipulated makes contemporary war films strikingly different and problematic. Another equally prominent genre employed for jingoistic nationalism is the sports movies. Inevitably they begin and end with national anthem and national flag as tropes to instill a sense of pride. National pride is built around the victory of the home team which we know is predictable in a sports movie. *Dangal*(2016) can be treated as a representational film of this genre. It had an emotional scene at the end of the film when national anthem is played. When the film was being released, India had just been through the controversy of national anthem being mandatory in film theatres. Audience had to now stand erect twice, once before the film began and another at the climax. Even physically challenged people were attacked verbally and physically for not getting up from their seats and respecting the national anthem.

National cinema in India is in a state of consolidation, shaping itself around a hypernationalistic agenda that seeks to marginalize, dehumanize and erase the other. Voices of the diverse subjectivities are lost in the glamor of the gigantic spectacles created for the hegemonic social classes. Cinema as a cultural product with deeply embedded ideologies is a dangerous terrain and when exploited by neoliberal forces hand in glove with cultural nationalists with an agenda of creating a homogenous nation, the creative spaces of cinema turn into a mine field capable of producing deadly weapons of religious fanaticism and create a conducive environment for the exclusionary politics of hatred.

# മലയാള സിനിമയിലെ സ്ത്രീകൾ

## പുതിയകാല 'സ്ത്രീപക്ഷ' സിനിമകളിലേക്ക് ഒരു നോട്ടം

**അപർണ ബി.**
എൻ എസ് എസ് കോളേജ്
ഒറ്റപ്പാലം



മലയാളസിനിമ അതിന്റെ വിവിധ ഘട്ടങ്ങളിൽ കൊണ്ടു വന്നിട്ടുള്ള സ്ത്രീകഥാപാത്രങ്ങളുടെ മാതൃകകൾ വളരെ താല്പര്യം ജനിപ്പിക്കുന്നവയാണ്. റോസി എന്ന ആദ്യനടിയെക്കുറിച്ച് ഇന്നും (2020ൽ) കനി എന്ന അവാർഡ് ജേതാവായ നടിക്ക് സംസാരിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന അന്വേഷണം സിനിമ എന്ന കലാരൂപത്തിന്റെ വ്യത്യസ്ത വശങ്ങളിലേക്ക് കാണികളുടെ നോട്ടം തിരിച്ചുവിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു കൂടിയുള്ള ചർച്ചകളിലേയ്ക്ക് വഴിതുറക്കുന്നു.

ആദ്യകാലത്തെ സ്ത്രീവിരുദ്ധത മാറ്റിവെച്ചാൽ, 1970 – 80 കളിൽ മലയാള സിനിമയ്ക്കുണ്ടായിരുന്ന ആർജ്ജവം പോലും സ്ത്രീ - ദലിത് കഥാപാത്ര രചനയിൽ അതിനുശേഷം വന്ന സിനിമകൾക്ക് ഉണ്ടായില്ല. സ്ത്രീകളുടെ സങ്കീർണ്ണമായ ജീവിതാനുഭവപരിസരങ്ങളിൽ നിന്നും നല്ലതിനും ചീത്തയ്ക്കും ഇടയ്ക്കും അപ്പുറത്തുമുള്ള സ്ത്രീകളെ

ആവിഷ്കരിക്കാൻ പണ്ടത്തെ ചില സിനിമകൾക്ക് കഴിഞ്ഞപ്പോൾ ആണിന്റെ വോയറിസ്റ്റിക് നോട്ടങ്ങൾ തൃപ്തിപ്പെടുത്തുക മാത്രമായി പിന്നീടുള്ള പലസിനിമകളുടെയും ലക്ഷ്യം. ചാരിത്ര്യവും ജാതിയും വർഗ്ഗവും വർണ്ണവും സ്ത്രീയെ നിർണ്ണയിക്കുന്ന അടിസ്ഥാനകാര്യങ്ങളായി മാറാൻ സിനിമയും അതിന്റേതായ പങ്കുവഹിച്ചു.

ആണധികാരത്തിന്റെ പലവിധ വകഭേദങ്ങൾ അബോധത്തിൽ സ്വാംശീകരിച്ചിട്ടുണ്ട് ഇവിടുത്തെ സ്ത്രീ കാണികൾ പോലും. പലപ്പോഴും പെൺസൗന്ദര്യശാസ്ത്രത്തിനും അവരുടെ താല്പര്യങ്ങൾക്കും അനുസരിച്ച് മാറാൻ സിനിമ നിർബന്ധിതമാവുന്നുണ്ടെങ്കിലും, സിനിമയിലെ അടിസ്ഥാനപരമായ ആൺകോയ്മയെ നിരാകരിക്കാതെയാണ് ഈ മാറ്റം സാധ്യമാക്കപ്പെടുന്നത്. വളരെ ഹെജിമോണിക് ആയ രീതികളിലൂടെ ഇപ്പോഴും നല്ല സ്ത്രീ / ചീത്ത സ്ത്രീ ദ്വന്ദ്വങ്ങൾ സിനിമ സ്ത്രീകൾക്ക് മേൽ അടിച്ചേല്പിക്കുന്നു.

അതുകൊണ്ടുതന്നെ സ്ത്രീവിരുദ്ധ തെറികളും പാട്ടുകളും അടികളും മുദ്രാവാക്യങ്ങളും തമാശകളും പരാമർശങ്ങളും അഭിപ്രായങ്ങളും സ്ത്രീകൾ തന്നെ കേട്ടിരിക്കുകയും ഉപയോഗിക്കുകയും ചിലപ്പോഴൊക്കെ ആസ്വദിക്കുകയും ചെയ്യുന്നു. തടിച്ചുകറുത്ത പല്ലുപൊങ്ങിയ സ്ത്രീകളെ ഉപയോഗിച്ചുള്ള കോമഡിഷോകളെ അതിലെ രാഷ്ട്രീയം കാണാതെ തമാശയായി മാത്രം കാണാൻ കഴിയുന്ന സ്ത്രീകൾ ഉണ്ടാവുന്നത് ഇത്തരം കണ്ടീഷനിങ്ങിലൂടെയാണ്. ആദ്യകാലത്തു സിനിമ കാണുന്ന സ്ത്രീകൾ 'വെളുത്തവരായിരുന്നു' എന്നതിനാലാണ് ഇത്തരം തമാശകൾ സാധ്യമായിരുന്നത്. ഇന്ന് തടിച്ചവരും കറുത്തവരും ആയ ഒരു വലിയ വിഭാഗം കൂടി കാണുന്ന സിനിമയിലും ടി.വി. യിലും മാറ്റങ്ങൾ അനിവാര്യമായിത്തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടാണ് സിനിമയെ ഒരു കലാരൂപം മാത്രമായി കാണണം എന്ന അഭിപ്രായത്തിനോട് വിയോജിപ്പ് രേഖപ്പെടുത്തേണ്ടിവരുന്നത്.



ഒരുവിഭാഗം ജനങ്ങളുടെ മാത്രം താല്പര്യത്തെ പൊതുപ്രവണതയായി സാമാന്യവൽക്കരിക്കുന്നതിലെ രാഷ്ട്രീയം അത്ര നിഷ്കളങ്കമല്ല.

സ്ത്രീകഥാപാത്രങ്ങളുടെ തൊലിയുടെ നിറമോ നടപ്പിന്റെ രീതിയോ രൂപഭാവങ്ങളിലെ പ്രത്യേകതകളോ ചമയമോ ആഭരണങ്ങളോ ഒക്കെ രാഷ്ട്രീയമാവുന്നുണ്ടെന്ന് സിനിമയിലെയും ടി.വി. സീരിയലുകളിലെയും നായികമാരെ കണ്ടിരിക്കുമ്പോൾ മനസ്സിലാവു മല്ലോ. പലപ്പോഴും മോഡേൺ ആവുക എന്നതിന് ഈ മാധ്യമങ്ങളിൽ അഹങ്കാരിയും സ്വാർത്ഥയും കുടുംബത്തിൽ ചേരാത്തവളും ആവുക എന്ന് കൂടി അർഥം വരുന്നു. ഇപ്പോഴും മലയാളസിനിമയും സീരിയലുകളും പിടിച്ചുനിൽക്കുന്നത് നല്ല അമ്മയും ഭാര്യയും മകളും ഒക്കെയായ സ്ത്രീകളുടെ സാന്നിധ്യത്തിന്മേലാണ്. ജോലിക്കു/പണിക്കു പോകുന്നവളോ, കലാകാരിയോ, കായികരംഗത്ത് പ്രാഗൽഭ്യം തെളിയിച്ചവളോ, എഴുത്തുകാരിയോ, മാധ്യമപ്രവർത്തകയോ, കളക്ടറോ, തൊഴിലുടമയോ ആവട്ടെ, കുടുംബം നോക്കുന്നവളും എളിമയും ക്ഷമയും സഹനവും കൈമുതലാക്കിയവളുമായാൽ ഒരു ആദർശ സ്ത്രീപരിവേഷം നൽകാൻ സമൂഹത്തിനു ബുദ്ധിമുട്ടില്ല. ഭർത്താവുണ്ടാവുക/ഇല്ലാതിരിക്കുക, കുഞ്ഞുണ്ടാവുക/ഇല്ലാതിരിക്കുക, കുടുംബത്തോടൊപ്പമായിരിക്കുക / ഒറ്റയ്ക്ക് താമസിക്കുക, എന്നീ കാര്യങ്ങൾ ചോദിച്ചറിഞ്ഞാണ് സമൂഹം സ്ത്രീയെ വിധിക്കുന്നത്. ഒറ്റയ്ക്ക് കാര്യങ്ങൾ ചെയ്യുമ്പോൾ, ഒറ്റയ്ക്ക് ജീവിക്കുമ്പോൾ, അനീതികൾക്കെതിരെ പ്രതികരിക്കുമ്പോൾ, സ്വന്തം ജീവിതം സ്വയം തിരഞ്ഞെടുക്കുമ്പോൾ ഒക്കെ ഒരു സ്ത്രീയ്ക്ക് എന്തൊക്കെ സംഭവിക്കും എന്ന് സിനിമ സമൂഹത്തിനു കാണിച്ചുകൊടുക്കുന്നു. അതൊരുവിധത്തിൽ ഒരു ഭീഷണിയും മുന്നറിയിപ്പും, ഓർമ്മപ്പെടുത്തലുമൊക്കെ ആയിട്ടാണ് കാണികളുടെ അബോധമനസ്സിലേയ്ക്ക് പതിയുന്നത്.

ഈ സിനിമകൾ കാണിക്കാൻ മടിക്കുന്ന കാര്യങ്ങളും ഇവിടെ പറയേ



ണ്ടതുണ്ട്. സ്ത്രീകൾ വിജയകരമായി കൈകാര്യം ചെയ്യുന്ന ബിസിനസ്സുകൾ, പദവികൾ, അവരുടെ രാഷ്ട്രീയചർച്ചകൾ എന്നിവയൊന്നും സിനിമകൾ കാണിക്കുന്നില്ല. പകരം ബന്ധങ്ങളിലെ പ്രശ്നങ്ങൾ, മക്കളുടെ ജീവിതം /ഭാവി, അടുക്കളയും അനുബന്ധപ്രവൃത്തികളും എന്നിങ്ങനെ സ്ഥിരം വാർപ്പ് മാതൃകകൾ ഇന്നും സിനിമയിൽ പിന്തുടരുന്നത് ശ്രദ്ധേയമാണ്.

വിവാഹിതരായ, ഭാര്യക്കൊപ്പം താമസിക്കുന്ന പുരുഷന്മാർ കുട്ടികളെ നോക്കുക, അടുക്കളപ്പണിചെയ്യുക, അലക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതും സിനിമ കാണിക്കാതെ പോകുന്നു. ഇന്നും നമ്മുടെ സിനിമകളിൽ സ്ത്രീയ്ക്കും പുരുഷനും പ്രത്യേക വേഷങ്ങളും കടമകളും തന്നെ കല്പിച്ചുവെച്ചിരിക്കുന്നു. സ്ത്രീകളെ ബഹുമാനിക്കാനും തുല്യരായി പരിഗണിക്കാനും കഴിയുന്ന പുരുഷകഥാപാത്രങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ത്രീകൾക്ക് സംരക്ഷണം കൊടുത്ത് കൂട്ടിലടച്ച് കൊണ്ടുനടക്കുന്ന മനുഷ്യരല്ല നമ്മുടെ സമൂഹത്തിന് ആവശ്യം. സ്ത്രീകൾക്ക് എതിരെയുള്ള അക്രമങ്ങൾക്ക് ഉത്തരവാദിയായ പുരുഷന്മാരെ ഒറ്റപ്പെടുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യവ്യവസ്ഥയാണ് വേണ്ടത്. ഒരു ബഹുജനമാധ്യമം എന്ന നിലയ്ക്ക് സിനിമയ്ക്ക് ഈ മാറ്റം സാധ്യമാക്കുന്നതിലും ഒരു വലിയ പങ്കുവഹിക്കാനുണ്ട്.

പലപ്പോഴും ഈ പ്രശ്നങ്ങൾ കൂടുതൽ വ്യക്തമാവുക മറ്റു രാജ്യങ്ങളിലെ, ഭാഷകളിലെ സിനിമകളും സീരീസുകളും കാണുമ്പോഴാണ്. പുരുഷാധിപത്യം അതിന്റെ ഏറ്റവും അപകടകരമായ രീതിയിൽ തുടരുന്ന ഒരിടമാണ് സിനിമ. അത് സ്ക്രീനിലെ പോലെത്തന്നെ സിനിമാവ്യവസായത്തിലും ഉണ്ടെന്ന് നമ്മളോട് വിളിച്ചുപറഞ്ഞത് WCC എന്ന സ്ത്രീതാര സംഘടനയാണ്. അവർ പറയുന്നതിനെ അവഗണിക്കുന്നതിൽ കാര്യമുണ്ടെന്നു തോന്നുന്നില്ല.

കുടുംബത്തിനപ്പുറം സ്ത്രീയ്ക്ക് ജീവിതമുണ്ടെന്ന് ഓരോ സ്ത്രീക്കും തോന്നുന്ന ഒരു കാലത്തിനു മാത്രമേ സ്ത്രീയുടെ ആവശ്യങ്ങളെ അനുഭാവപൂർവ്വം കാണാനും അവൾക്ക് ആവശ്യമുള്ള സ്വതന്ത്രമായ ഒരിടത്തിനെ ബഹു

മാനിക്കാനും സാധിക്കൂ.

ഏറ്റവും മനോഹരമായതും സംതൃപ്തി യുളവാക്കുന്നതുമായ ഒരു ജീവിതം ജീവിച്ചുതീർക്കാൻ സ്ത്രീകൾക്ക് സാധിക്കുന്ന ഒരു സമൂഹത്തിനെ മാത്രമേ സ്വതന്ത്ര സമൂഹമായി കാണാൻ കഴിയൂ. സ്ത്രീകളെ ബഹുമാനിക്കുക എന്നാൽ സ്ത്രീയ്ക്ക് സമൂഹം കല്പിച്ച് കൊടുത്തിരിക്കുന്നതും അടിച്ചേൽപ്പിക്കുന്നതുമായ ചില റോളുകളെ മാത്രം ബഹുമാനിക്കുക എന്നല്ലല്ലോ അർഥം. പലതരം സ്ത്രീകളുടെ പലതരം വ്യക്തിത്വങ്ങളെ മുൻവിധികളില്ലാതെ കാണുക എന്നതാണത്. ഇന്നും മലയാളസിനിമയിൽ വിവാഹിതയായ/വിധവയായ ഒരു സ്ത്രീയുടെ പ്രണയം അപൂർവ്വകാഴ്ചയാണ്. അഥവാ അങ്ങനെ ഒന്ന് കാണുന്നെങ്കിൽ അത് സ്ത്രീകൾക്കുള്ള ഒരു ധാർമ്മിക ഉപദേശമായി മാത്രമേ ചിത്രീകരിക്കൂ. പ്രണയവും ലൈംഗികതയും എല്ലാം ഏതു പ്രായത്തിലുള്ള സ്ത്രീകൾക്കും കുറ്റബോധത്തോടു കൂടി മാത്രം സമീപിക്കാവുന്ന വിഷയങ്ങളാണ് മലയാള സിനിമയിൽ. അത് ലൈംഗിക ആക്രമണമാണെങ്കിൽ പോലും ഇരയാക്കപ്പെട്ട സ്ത്രീയാണവിടെ വിഷമിച്ച്, എരിഞ്ഞുതീരുന്നതും ആത്മഹത്യചെയ്യുന്നതും. മകളാവട്ടെ, സഹോദരിയാവട്ടെ, ഭാര്യയാവട്ടെ, അമ്മയാവട്ടെ, വിദ്യാർത്ഥിനിയാവട്ടെ, ജോലിക്കാരിയാവട്ടെ പെണ്ണെന്ന നിലയിൽ അവൾ കടന്നുപോകുന്നത് കടുത്ത പരീക്ഷണങ്ങളിലൂടെയാവും. ജീവിതത്തെ സന്തോ ഷത്തോടെയും സമാധാനത്തോടെയും സമീപിക്കുക എന്നത് ആരും അവളെ പഠിപ്പിക്കുന്നേയില്ല.

ഒരുപക്ഷേ ജീവിതത്തെ ആഹ്ലാദത്തോടെ നേരിടാൻ ആൺകുട്ടികളെയും സമൂഹം പ്രാപ്തരാക്കുന്നില്ല എന്നുവേണം കരുതാൻ. പെണ്ണിന്റെ സംരക്ഷണം ആണിന്റെ തലയിൽ അടിച്ചേല്പിക്കുന്നത് അവരോടു ചെയ്യുന്ന തെറ്റ് കൂടിയാണ്. ആണിനെ പഠിപ്പിക്കേണ്ടത് പെണ്ണിനെ ബഹുമാനിക്കാൻ മാത്രമാണ്. വീട്ടിലെ സ്ത്രീകളിൽ ഒരാളുടെ പ്രവൃത്തി കുടുംബത്തിന് ഒരു അഭിമാന പ്രശ്നമാവുന്നത് അവൾ എന്ന വ്യക്തിയുടെ ഇഷ്ടങ്ങളെ മനസ്സിലാക്കാനും അംഗീകരിക്കാനും കുടുംബം തയ്യാറാവാത്തതുകൊണ്ടാണ്. ഒരു പ്രായം കഴിഞ്ഞാൽ ആൺ-പെൺ വ്യത്യാസമില്ലാതെ കൗമാരക്കാരെ വ്യക്തികളായി കാണുന്നതിൽ സമൂഹവും, കാണിക്കുന്നതിൽ മാധ്യമങ്ങളും പരാജയപ്പെടുകയും ഇത്തരം ആരോഗ്യകരമായ നിയമങ്ങൾ രാജ്യങ്ങളിൽ ഇല്ലാതിരിക്കുകയും ചെയ്യുന്നത് തികച്ചും നിർഭാഗ്യകരമാണ്. ഇത്തരം സമൂഹങ്ങളെ പരിഷ്കൃതമെന്നും നല്ലതെന്നും മനസ്സിലാക്കുമ്പോൾ, സ്വന്തം ജീവിതം സ്വയം തിരഞ്ഞെടുത്ത് അത് പൂർണ്ണമായ അർത്ഥത്തിൽ ജീവിച്ചു മുന്നോട്ടുപോകാൻ കഴിയാതെ ഓരോ തലമുറയും നിർഭാഗ്യകരമായ അവസ്ഥകളിലൂടെ കടന്നുപോകാൻ ബാധ്യസ്ഥരാവുകയാണ്. സിനിമ മുന്നോട്ടുവെയ്ക്കുന്ന ജീവിതപരിസരങ്ങൾ യുവാക്കളിൽ കൂടുതൽ ആകാംക്ഷകളും ആശയക്കുഴപ്പങ്ങളും ഉണ്ടാക്കുകയുംചെയ്യും.

കഴിഞ്ഞ കുറെ വർഷങ്ങളിലെ,



സ്ത്രീപക്ഷ സിനിമകൾ എന്ന വിശേഷണത്തോടെ വന്ന പല ചിത്രങ്ങളും എടുത്തുനോക്കിയാൽ സിനിമയിലെ ഒളിച്ചുകടത്തപ്പെടുത്തുന്ന സ്ത്രീവിരുദ്ധത എളുപ്പം മനസ്സിലാവും. 22 ഫീമെയിൽ കോട്ടയം എന്ന സിനിമയോടുകൂടിയാണ് പല മേഖലകളിലും സ്ത്രീപക്ഷ സിനിമയെക്കുറിച്ചുള്ള ചർച്ചകൾ സജീവമാകുന്നത്. എന്നാൽ ഈ സിനിമയുടെ അവസാനഭാഗത്ത്, തന്നോട് വലിയ ക്രൂരതകാണിച്ച പഴയ കാമുകനോട് ഇപ്പോഴും പ്രണയം ബാക്കി നിൽക്കുന്നു എന്ന നായിക സൂചിപ്പിക്കുന്നുണ്ട്. ലൈംഗികാവയവം ഇല്ലെങ്കിലും തന്റെ സ്ത്രീകളോടുള്ള കാഴ്ച്ചപ്പാടിൽ വ്യത്യാസമൊന്നും വരാനില്ല എന്ന് മുൻപ് സൂചിപ്പിച്ച കാമുകൻ പ്രസ്താവിച്ചതിനശേഷമാണ് നായികയുടെ ഈ പ്രതികരണം. പിന്നീടുവന്ന കൊട്ടിഘോഷിക്കപ്പെട്ട സിനിമയാണ് മഞ്ജുവാര്യർ നായികയായ ഹൗ ഓൾഡ് ആർ യു എന്നത്. ഇവിടെയും, ജോലിക്കാരിയായ ഒരു സ്ത്രീ തളർന്നുപോകുന്നത് തന്നോടൊരുപരിഗണനയും കാണിക്കാത്ത ഭർത്താവും മകളും തന്നെക്കൂട്ടാതെ വിദേശജീവിതത്തിന് തയ്യാറെടുക്കുമ്പോഴാണ്.പുതിയൊരു മേഖലയിൽ സന്തോഷം കണ്ടെത്തുന്ന നായിക ഭർത്താവും മകളും എന്ന വൃത്തത്തിൽ നിന്നും കൂടുതൽ അകലേക്ക് പോകുവാനൊന്നും തയ്യാറല്ല. അവർ ഏറ്റവും സന്തോഷകരമെന്ന വിശേഷിപ്പിക്കുന്ന നിമിഷം ഭർത്താവും മകളും തന്നെ അംഗീകരിക്കുന്ന നിമിഷത്തെയാണ്. കുടുംബത്തിന്റെ സമ്മതവും അംഗീകാരവും അവരെ പലപ്പോഴും വിട്ടുവീഴ്ചകളിലേക്ക നയിക്കുന്നുണ്ട്. കുടുംബത്തിന്റെ സന്തോഷം = സ്വന്തം സന്തോഷം എന്ന സമവാക്യത്തിനാണ് എന്നും സ്ത്രീകൾ മുൻഗണന നൽകുന്നത്/നൽകേണ്ടത് എന്ന് സിനിമ ഊന്നിപ്പറയുന്നു. എന്നാൽ ആ സന്ദേശം ഒരിടത്തും തുറന്നു പറയുന്നില്ല. ഒരു മിഡിൽ ക്ലാസ്സ് സ്ത്രീയ്ക്കുമാത്രം സാധ്യമാവുന്ന ഉയർച്ചയെ ഇവിടെ വലുതാക്കി ആഘോഷിക്കുമ്പോഴും കാണികൾ അതുകാണാതെ പോവുന്നത് ഇത്തരം ഒരു മാറ്റം പോലും അവർ ജീവിക്കുന്ന പുരുഷാധിപത്യസമൂഹത്തിൽ സങ്കല്പിക്കാവുന്നതിലും അധികമാണെന്നതിനാലാണ്.

പുതിയനിയമം എന്ന സിനിമയിലെ വാസുകി ഒരു കലാകാരിയും ഉപരിമധ്യവർഗ്ഗ ജീവിതം നയിക്കുന്നവളും ആണെങ്കിലും റേപ്പ് എന്ന ഒരു കുറ്റകൃത്യം അവളുടെ മനസ്സിനെയാകെ താളം തെറ്റിക്കുന്നുണ്ട്. സംഭവിച്ചതിനെക്കുറിച്ച് തുറന്നു സംസാരിക്കാൻ കഴിയാത്ത ദാമ്പത്യത്തിൽ അവൾ തന്റെ ജീവിതം തിരികെ പിടിക്കുന്നത് പ്രതികാരം നിർവ്വഹിച്ചാണ്. എന്നാൽ ആ പ്രതികാരം മുഴുവനായും വക്കീലായ അവളുടെ ഭർത്താവ് നിശ്ചയിക്കുന്ന തിരക്കഥയിലാണ് സംഭവിക്കുന്നതെന്നതാണ് ശ്രദ്ധിക്കേണ്ട





കാര്യം. ആ പുരുഷന്റെ അഭാവത്തിൽ അവൾക്കെന്തു സംഭവിക്കും എന്നതും കാണികൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

ചാർലിയിലെ ടെസ്സ പുതിയ ജനറേഷന്റെ പ്രതിനിധിയായിട്ടു കൂടി അതിമാനുഷികനായ നായകനെ ത്തേടിയുള്ള അവളുടെ അന്വേഷണമാണ് കഥയുടെ കേന്ദ്രബിന്ദു. വിവാഹം വേണ്ടെന്നു പറഞ്ഞ് വീടു വിട്ടുന്നുണ്ടെങ്കിലും നായിക ഇവിടെ സ്വന്തം വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്ന രീതിയിൽ ഒന്നും ചെയ്തു കാണുന്നില്ല. നായകന്റെ പ്രതിച്ഛായയിൽ നായിക അലിഞ്ഞുകിടക്കുകയാണിവിടെ. താൻ എന്താണെന്നു സ്വയം അടയാളപ്പെടുത്തുന്ന ഒന്നും പ്രത്യേകിച്ച് നായിക ചെയ്യുന്നില്ല എന്നത് ശ്രദ്ധേയമാണ്. അങ്ങനെ നോക്കിയാൽ എബിസിഡി എന്ന സിനിമയിലെ അപർണ്ണയുടെ മധുമിത എന്ന കഥാപാത്രം (അവരുടെ മധ്യവർഗ്ഗ കുടുംബം, ലിബറൽ മാതാപിതാക്കൾ എന്നിങ്ങനെയുള്ള പാരമ്പര്യത്തിന്റെ പ്രിവിലേജുകൾ ഒഴിവാക്കി നിർത്തിയാൽ) എത്രയോ മികച്ചുനിൽക്കുന്ന ഒരു സ്ത്രീസാന്നിധ്യമാണ്!

ഹിന്ദി സിനിമയിലും ഇതേ രീതിയിൽ സ്ത്രീകഥാപാത്രങ്ങളെ നിഴലുകളായി മാത്രം ചിത്രീകരിക്കുന്ന 'സ്ത്രീപക്ഷ' സിനിമകൾ ഉണ്ടാവുന്നുണ്ട്. പിങ്ക് (Pink) എന്ന സിനിമയെടുത്താൽ ആദ്യപകുതിയിൽ ശക്തമായി നിൽക്കുന്ന സ്ത്രീകഥാപാത്രങ്ങൾ രണ്ടാം പകുതിയിൽ അമിതാഭ് ബച്ചന്റെ കഥാപാത്രത്തിനുവേണ്ടി വെറും അബലകളായി മാറുന്ന തമാശയാണ് കാണാൻ സാധിക്കുക. Angry Indian Goddesses എന്ന സിനിമയിലാവട്ടെ വളരെ ശക്തമായി സ്വത്വം അടയാളപ്പെടുത്തുന്ന സ്ത്രീകൾ അവസാനം പുരുഷാധിപത്യസമൂഹത്തിനു മുൻപിൽ ഇരകളാക്കപ്പെട്ട് പകച്ചുനിൽക്കുന്ന കാഴ്ച ഒരു മുന്നറിയിപ്പിന്റെ സന്ദേശംപോലെ കാണികളെ പിടിച്ചുലയ്ക്കുന്നു. അടുത്തിടെ ഇറങ്ങിയ ഥപ്പട് (Thappad) എന്ന സിനിമയും കൈകാര്യം ചെയ്യുന്നത് മധ്യവർഗ്ഗ സമൂഹത്തിന്റെ സംരക്ഷണയിലും അച്ഛന്റെ തണലിലും നിന്നുകൊണ്ട് സ്വന്തം ജീവിതത്തെ പുനർനിർവ്വചിക്കാൻ ശ്രമിക്കുന്ന സ്ത്രീകഥാപാത്രത്തെയാണ്. ഒറ്റയ്ക്കുള്ള സ്ത്രീകളുടെ ജീവിതസമരങ്ങളെയും ആശകളെയും ആശങ്കകളെയും ചിത്രീകരിക്കുന്നതിൽ വളരെയധികം നീതിപുലർത്തിയ അപൂർവം സിനിമകളിലൊന്ന് പർച്ചേദ് (Parched) ആണ് എന്നു തോന്നുന്നു. എന്നാൽ തമിഴ് സിനിമകളിലെ സ്ത്രീകഥാപാത്രങ്ങൾ പലപ്പോഴും കാണികളെ അത്ഭുതപ്പെടുത്തുംവിധം നിലപാടുകളും ധൈര്യവും കാണിക്കുന്നതു പതിവാണ്.

മലയാള സിനിമയ്ക്ക് സ്ത്രീയെ ചിത്രീകരിക്കാൻ ഇന്നും പ്രതിബന്ധങ്ങൾ ഏറെയാണെന്നാണ് ഇവിടെ മനസ്സിലാക്കേണ്ടത്. ഒന്നുകിൽ അറിവില്ലായ്മയോ അല്ലെങ്കിൽ സമൂഹത്തിലെ സ്വീകാര്യതയോ സിനിമയെ ഇത്തരത്തിൽ വാർപ്പ് മാതൃകകളിൽ സ്ത്രീകഥാപാത്രങ്ങളെ തളച്ചിടാൻ നിർബന്ധിതരാക്കുന്നുണ്ടാവണം. എന്നാൽ ഇപ്പോഴുള്ള ചെറിയ മാറ്റങ്ങളൊക്കെയും കൂടുതൽ സ്ത്രീകാണികൾ ഉണ്ടാവുന്നതിന്റെയും, സ്ത്രീകൾ സ്വന്തം അവസ്ഥകളെക്കുറിച്ച് ബോധവതികളാകുന്നുണ്ട് എന്നതിന്റെയും പ്രത്യക്ഷ ഉദാഹരണങ്ങളാണ്. ഇനിയും കൂടുതൽ വ്യക്തതയോടെയും നിലപാടോടെയും സ്ത്രീകഥാപാത്രങ്ങൾ മലയാളസിനിമയിൽ കയറിവരുമെന്ന പ്രതീക്ഷ പുതിയ തലമുറയിലെ സ്ത്രീകളുടെ ഇടപെടലുകളിൽ നിന്ന് ലഭിക്കുന്നുമുണ്ട്.



# വിമോചനത്തെക്കുറിച്ച് തന്നെ

*"I measure the progress of a community by the degree of progress which women have achieved"*
**- Dr. B R AMBEDKAR**

**സംഗീത ജി. നായർ**
എസ്.എൻ. കോളേജ്, ചേളന്നൂർ




ഇന്നത്തെ കേരളസമൂഹം വളരെ പുരോഗമിച്ചതാണെന്ന തന്നെയാണ് നാമെല്ലാം വിശ്വസിക്കുന്നത്. സാക്ഷരതയുടെ കാര്യത്തിലായാലും വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യബോധം ഇതിലെല്ലാം തന്നെയും ഉന്നതനിലവാരം പുലർത്തുന്നവരാണ് നാമെന്നതിൽ തർക്കമില്ല. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് നോക്കിയാൽ എല്ലാം കൊണ്ടും താരതമ്യേന മെച്ചപ്പെട്ടവരാണ് നമ്മൾ. എങ്കിലും, നിലവിലുള്ള പുരുഷകേന്ദ്രീകൃത സമൂഹത്തിന് സ്ത്രീയോടുള്ള മനോഭാവത്തിന് എന്തെങ്കിലും പുരോഗതി വന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചാൽ നിരാശപ്പെടേണ്ടി വരും. എന്തെന്നാൽ പുരുഷനാൽ ക്രമീകരിക്കപ്പെട്ട വ്യവസ്ഥിതിയിലാണ് സമൂഹം ചലിച്ചുകൊണ്ടിരിക്കുന്നത്. സ്ത്രീ എങ്ങനെ പെരുമാറണം, വസ്ത്രം ധരിക്കണം, എത്രത്തോളം പഠിക്കണം, ഏതെല്ലാം തൊഴിലിൽ ഏർപ്പെടണം

ഇതെല്ലാം നിശ്ചയിക്കുന്നതും, ഇതിലെല്ലാം അധികാരബോധത്തോടെ ഇടപെടുന്നതും പുരുഷനാണ്, അതോടൊപ്പം പാട്രിയാർക്കിയിൽ അടിമപ്പെട്ട സ്ത്രീകളും.

സ്ത്രീകളെയെന്നല്ല, ഏതൊരു മനുഷ്യ ജീവിയെയും ജാതി / വംശ / ലിംഗ / വർഗ്ഗപരമായി വേർതിരിക്കുന്നതിനെ ചോദ്യം ചെയ്യാനുള്ള ഏതൊരു വ്യക്തിയുടെയും അവകാശത്തെപ്പറ്റി അവബോധമുണ്ടാക്കുന്ന ഒരു ചിന്താപദ്ധതിയാണ് ഫെമിനിസം. Feminism advocates equity and equality between men and women in all aspects of life എന്നൊക്കെ നിർവ്വചിക്കാൻ എളുപ്പമാണെങ്കിലും തുല്യത എന്നൊരു സങ്കല്പം തീരെയില്ലാത്ത നമ്മുടെ സമൂഹത്തിൽ ഇന്നും ഇതിനു യാതൊരു സ്വീകാര്യതയും ലഭിച്ചിട്ടില്ല.സ്ത്രീകളെ അടിച്ചമർത്തുന്ന സാമൂഹിക അസമത്വത്തിനെതിരെ ആരൊക്കെ ശബ്ദമുയർത്തുന്നോ അവരെല്ലാം (ജെൻഡർ വ്യത്യാസമില്ലാതെ) സ്ത്രീപക്ഷവാദികളാണ്. ഞാനൊരു ഫെമിനിസ്റ്റാണ് എന്ന് അഭിമാനത്തോടെ പറയുന്ന നിരവധി പുരുഷന്മാർ ഉണ്ടെന്നിരിക്കിലും ഇപ്പോഴും പഴയ സങ്കല്പത്തിൽ അഭിരമിക്കുന്നവരാണ് ഏറിയ പങ്കും. മാറിയ ലോകക്രമത്തിൽ, ചിന്തകളെയും ധാരണകളെയും പുതുക്കിപ്പണിഞ്ഞ് ഒരു പരിഷ്കൃത സമൂഹത്തിനു ചേരുന്നരീതിയിൽ പെരുമാറാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. സ്ത്രീകൾ തങ്ങളേക്കാൾ താഴ്ന്നവരാണെന്നുള്ള പുരുഷധാരണ മാറുകയും, അവരും, മറ്റേതു ജെൻഡറിൽ പെട്ടവരും തങ്ങളെപ്പോലെ തന്നെ ഈ ഭൂമിയിൽ തുല്യാവകാശം ഉള്ളവരാണെന്ന് മനസ്സിലാക്കുകയും ചെയ്താൽ ഒരു പരിധിവരെ മാറ്റം വന്നേക്കാം.

നിർഭാഗ്യവശാൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ടവരാണ് ഫെമിനിസ്റ്റുകൾ, പ്രത്യേകിച്ചും കേരളത്തിൽ. ഇതിന് പ്രധാനമായ ഒരു കാരണം സിനിമ തുടങ്ങിയ ദൃശ്യമാധ്യമങ്ങളിൽ ഫെമിനിസ്റ്റുകളെ വളരെ ആഭാസമായ രീതിയിൽ ചിത്രീകരിച്ച് വികൃതവത്കരിച്ചതാണ് . സ്ത്രീപക്ഷവാദികൾ പുരുഷവിരോധികളാണെന്നും പുരുഷന്മാരെ അടക്കിഭരിക്കാനാഗ്രഹിക്കുന്നവരാണെന്നുമുള്ള ഒരു തെറ്റായ സന്ദേശം സമൂഹത്തിൽ പ്രചരിക്കാൻ ഇത്തരം കോമാളിവത്കരണം സഹായിച്ചിട്ടുണ്ട്. അതു കൊണ്ടുതന്നെ, മുടിമുറിച്ചു ചെറുതാക്കി, പരിഷ്കൃത വേഷം ധരിച്ചു നടക്കുന്ന സ്ത്രീകളെയെല്ലാം പരിഹാസത്തോടെയും അവജ്ഞയോടെയും നോക്കിക്കാണുന്ന ഒരു സമൂഹം തന്നെയാണ് ഇപ്പോഴും നമ്മൾ. സ്ത്രീയുടെയും പുരുഷന്റെയും ബയോളജിക്കൽ ആയുള്ള വ്യത്യാസങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുന്ന ഒരു ആശയമാണ് ഫെമിനിസം, അല്ലാതെ അതിനെ വെല്ലുവിളിക്കുന്ന, നിരാകരിക്കുന്ന, നിഷേധാത്മകമായ സമീപനമല്ല. ഇതു മനസ്സിലാക്കാതെ, നിലവിലുള്ള വ്യവസ്ഥിതിയെ അപ്പാടെ കീഴ്മേൽ മറിച്ചു കളയുന്ന ഒരു പ്രസ്ഥാനമായി ഫെമിനിസത്തെ കാണുമ്പോഴാണ് പ്രശ്നം. എല്ലാ മനുഷ്യ ജീവികൾക്കും തുല്യനീതി ഉറപ്പാക്കുക എന്നതാണ് ഇത്തരം പ്രസ്ഥാനങ്ങളുടെ പരമമായ ലക്ഷ്യം. ആദ്യം സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനു വേണ്ടി തുടങ്ങിയ സ്ത്രീവാദപ്രസ്ഥാനം






ഇന്നീ പുതിയ നൂറ്റാണ്ടിൽ സ്ത്രീകളോടൊപ്പം അവഗണനയും വിവേചനവും അനുഭവിക്കുന്ന എല്ലാ മനുഷ്യർക്കും കൂടി വേണ്ടിയുള്ള ഒന്നായി വികസിച്ചു കഴിഞ്ഞിരിക്കുന്നു. പക്ഷെ ഇപ്പോഴും ആണധികാര ബോധം തങ്ങളുടെ മേൽക്കോയ്മ സ്ഥാപിച്ചുറപ്പിക്കാൻ വേണ്ട എല്ലാ നീക്കങ്ങളും തുടർന്ന് കൊണ്ടേയിരിക്കുന്നു. ഫ്രഞ്ച് ചിന്തക സിമോൺ ദ ബുവ്വെയുടെ പ്രശസ്തമായ പുസ്തകത്തിന്റെ പേര് തന്നെ 'The Second Sex' എന്നാണ്. പുരുഷൻ ഇപ്പോഴും സ്ത്രീയെ രണ്ടാം കിടക്കാരായി കരുതുന്നു എന്നാണത് സൂചിപ്പിക്കുന്നത്. സ്ത്രീയെ അപരവത്കരിക്കുന്ന (othering) ഈ പ്രവണതയുടെ തുടർച്ചയെന്നോണം മറ്റു ലിംഗ -ലൈംഗിക സ്വത്വങ്ങളെ 'third gender ' എന്ന് വിശേഷിപ്പിക്കാനും അവനു യാതൊരു മടിയുമില്ലാത്തതും അത്തരമൊരു ബോധനിർമ്മിതി കൊണ്ടാണ്. മനുഷ്യരെ സെക്ഷ്വാലിറ്റിയുടെ പേരിൽ ഒന്ന്, രണ്ട് , മൂന്ന് എന്നിങ്ങനെ തരംതിരിക്കുമ്പോൾ അവിടെ തുല്യനീതി എങ്ങനെ നടപ്പിലാകും? സാമൂഹ്യനീതി വകുപ്പ് 2019 ജൂൺ മാസത്തിൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം 'ഭിന്നലിംഗം', 'മൂന്നാംലിംഗം', 'ഭിന്നലൈംഗികത' എന്നീ വാക്കുകൾ ഉപയോഗിക്കുന്നത് വിവേചനമാണെന്നും പകരം transgenders എന്ന് ഉപയോഗിച്ചാൽ മതിയെന്നും കൃത്യമായി പറഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോഴും നമ്മൾ വിവേചനപരമായ സംബോധനകൾ തുടരുന്നു.

വീട്ടിലും തൊഴിലിടത്തും ആൺ മേധാവിത്തം വളരെ സ്വാഭാവികമാണെന്ന് വിശ്വസിക്കുന്നവരാണ് സ്ത്രീകളുൾപ്പെടുന്ന പൊതുസമൂഹം. പാടിയാർക്കി അത്രയും ശക്തമായി മനസ്സുകളിൽ വേരൂന്നിയതു കൊണ്ടാണ് പലപ്പോഴും പല അധിക്ഷേപങ്ങളും നിസ്സാരമായി തള്ളിക്കളപ്പെടുകയോ ഒത്തുതീർപ്പാക്കപ്പെടുകയോ ചെയ്യുന്നത്. സ്ത്രീവിരുദ്ധമായ ഡയലോഗുകൾ നിറഞ്ഞ സിനിമയും സീരിയലുകളും ജനപ്രീതിയാർജ്ജിക്കുന്നതും ഇതു കൊണ്ടാണ്. പലപ്പോഴും സ്ത്രീകൾ ഇത് തിരിച്ചറിയാതെ, പൊതുബോധത്തിന്റെ കൂടെ നിൽക്കുമ്പോൾ അവർക്കുവേണ്ടി ശബ്ദിക്കാൻ ആരുണ്ടാവും? സ്വപ്രയത്നത്താൽ കഴിവ് തെളിയിച്ച, ഉന്നതപദവി വഹിക്കുന്ന സ്ത്രീകളെപ്പോലും വാക്കാലും നോക്കാലും പ്രവൃത്തിയാലും അവഹേളിക്കാൻ അവനു കഴിയുന്നതും സമൂഹബോധത്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പിന്തുണയുള്ളതു കൊണ്ടാണ്. ഇത്തരം സോഷ്യൽ കണ്ടീഷനിങ്ങിൽ നിന്നും പുറത്തു കടന്ന്, അപരിഷ്കൃതവും അബദ്ധജടിലവുമായ വിചാരധാരകൾ തുടച്ചുനീക്കി പുതിയൊരു ബോധനിർമ്മിതിയ്ക്കു വഴിയൊരുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. തങ്ങളോട് ഇടപഴകുന്നവർക്കും, പുതുതലമുറയ്ക്കും ലിംഗവിവേചനത്തെക്കുറിച്ചും തുല്യനീതിയെക്കുറിച്ചുമുള്ള അവബോധം പകർന്നു നൽകാൻ അധ്യാപക സമൂഹത്തിനു കഴിയും. അതിനായി പുതിയ അറിവുകളാൽ സ്വയം പുതുക്കുകയും പഴയ ബോധ്യങ്ങൾ unlearn ചെയ്യുകയും വേണം. ഒരു സമൂഹത്തിന്റെ പുരോഗതി അവിടുത്തെ സ്ത്രീകളുടെ അവസ്ഥ നോക്കിയാൽ മനസ്സിലാക്കാൻ കഴിയും എന്ന് അംബേദ്കർ പറഞ്ഞത് എത്ര ശരിയാണ്. ഒരുവശത്ത് സ്ത്രീ ശാക്തീകരണം നടക്കുമ്പോൾ മറുവശത്ത് അതിനോടൊപ്പം gender sensitisation നെക്കുറിച്ചുള്ള അവബോധം കൂടി സമൂഹത്തിന്റെ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും കൊടുക്കേണ്ടതാണ്. എങ്കിൽ മാത്രമേ, ജെൻഡർ വ്യത്യാസമില്ലാതെ,പരസ്പര ബഹുമാനവും സ്നേഹവും പാരസ്പര്യവുമുള്ള സമൂഹമായി നമ്മൾ ഉയരുകയുള്ളൂ.



ഇടവെയിൽ വേളയിലേടിന്റെ പള്ളയിൽ
മിഴിയുള്ളവർ കണ്ടു തിരുവചനം.
അപഥസഞ്ചാരമെന്നഭിജാത നാട്യങ്ങ-
ളടയാളവാക്യങ്ങൾ ചൂണ്ടുന്നിടം.
തെരുവിടം, താളമിടഞ്ഞ വർണ്ണങ്ങളിൽ
വരയും പരാജിതസ്സംഭ്രമങ്ങൾ,
തണലറ്റ വാക്കിൽപ്പരാതികൾ പിന്നെയും
കുലവാണികൾ വീണ കൊത്തളങ്ങൾ.
മഴവാലെയുരുവായ മൺകാഴ്ചയാണെന്ന
കടലുപ്പുകാറ്റു വിരിച്ച മെത്ത.
ഉഴുതിട്ടു വേർപ്പണിഞ്ഞുടലുരുക്കങ്ങളിൽ-
ച്ചിരകാലമായ് നീണ്ടിരുണ്ട പച്ച.
വരമുദ്രകൾ കരൾപ്പിണരിൽ ലിപികളായ്-
ക്കരമാളി വീണു പടർന്ന കാഴ്ച.
തനി ദ്രാവിഡം; മുത്തമിഴാം തളിർക്കുടം
വിരിയിച്ച പൂക്കൾ നിറഞ്ഞ കച്ച.
ശിലയൊന്നു തൊട്ടാൽച്ചിലമ്പിന്റെ ചെത്ത മാ-
യുതിരുന്നു വാഴ്വിന്റെ ഭാവമേതും
ഉടവാളിലോലയിൽക്കരിയിൽക്കലികളി -
ലെരിതീയിലൂടെപ്പടർന്ന വാഞ്ഛ.
ജയഭേരിയിൽ മുട്ടി വാർന്ന നിണം തൊട്ടും
തിലകം തിലോദകമൊത്തു ചേരും.
അനുജനെയൊറ്റിയോരാർത്തരായിപ്പോഴ-
മലയുന്ന പിന്നാമ്പുറത്തെയൊച്ച.
കവനം മഹാസർഗ്ഗപൂർത്തിയായ് മർത്ത്യത -
യ്ക്കുറവെന്ന മാതൃകാസ്ഥാനമായി
മിഴി തുറപ്പിക്കാൻ വെളിച്ചപ്പെടുന്നേതു
തിരിവിലും ഗുരുവാം പ്രഭാവലയം.
സഹജീവനം പന്തിയിലയായ് നിവർന്നു തീൻ
തൊട്ടുവിച്ച പശികളിലുണ്ടു മൂർച്ച.
അതിജീവനം വില്ലുവണ്ടിയിൽക്കുടമണി-
യണിയിച്ച വേഗങ്ങളാകുമിച്ഛ.
തെരുവിന്റെ നാവിത് തിരുവാക്ക് മച്ചകം
തഴകുന്ന വെയിലു പോലെത്രയുച്ചം!
വഴുതുന്ന വാക്കിൽ മെരുങ്ങും വിധേയന്നു
വഴിയൊരുങ്ങുന്നതിൻ സാക്ഷി നിത്യം !!

**ഡോ. അനിത കെ. വിശ്വംഭരൻ**
വി.പി.എസ്.വി. ആയുർവ്വേദ
കോളേജ്, കോട്ടക്കൽ



# ലിംഗ അസമത്വത്തിന്റെ കോവിഡ് പർവ്വം

**ലിഷ കെ.കെ.**
ക്രൈസ്റ്റ് കോളേജ്,
ഇരിങ്ങാലക്കുട



ഡോണാൾഡ് ട്രംപ് മുതൽ ധാരാവിയിലെ ചേരിനിവാസികളെവരെ പിടികൂടിയ കോവിഡ്-19 ന് ലിംഗ വിവേചനമോ വർഗ വിവേചനമോ വംശീയ വിവേചനമോ ജാതി-മത വിവേചനമോ രാഷ്ട്ര-പ്രദേശ വിവേചനമോ ഇല്ലെന്ന് നമുക്കറിയാം. കോവിഡ് സൃഷ്ടിച്ച ലിംഗ അസമത്വത്തെ കുറിച്ചാണ് ഈ കുറിപ്പ്. മരണനിരക്കിന്റെ കാര്യമെടുത്താൽ പുരുഷന്മാരാണ് സ്ത്രീകളെക്കാൾ കോവിഡിന് കീഴടങ്ങുന്നതെങ്കിലും സാമ്പത്തികവും സാമൂഹികവുമായ മണ്ഡലങ്ങളിൽ പുരുഷന്മാരെക്കാളധികം കോവിഡ് പ്രതികൂലമായി ബാധിച്ചത് ലോകമെമ്പാടും സ്ത്രീകളെയാണ്. അമേരിക്കയിൽ കോവിഡ് ബാധിച്ച് മരിച്ച പുരുഷന്മാരുടെ എണ്ണം സ്ത്രീകളെക്കാൾ ഇരട്ടിയാണ്. പശ്ചിമ യൂറോപ്പിൽ മൊത്തം കോവിഡ് മരണങ്ങളിൽ 69 ശതമാനം പുരുഷന്മാരത്രെ. ചൈനയിലും മറ്റിടങ്ങളിലുമെല്ലാം സമാനമായ മരണക്രമമാണ് കണ്ടുവരുന്നത്.



ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് കോവിഡ് വൈറസിനോടുള്ള സ്ത്രീകളുടെ പ്രതിരോധവ്യവസ്ഥാ പ്രതികരണം പുരുഷൻമാരെക്കാൾ ശക്തമാണെന്നതാണ്. ഓക്സ്ഫഡ് സർവകലാശാലയിലെ ഇമ്യൂണോളജി പ്രൊഫസറായ ഫിലിപ്പ് ഗോൾഡറിന്റെ നിരീക്ഷണം ഇത്തരുണത്തിൽ പ്രസക്തമാണ്. 'അണുബാധയോടുള്ള സ്ത്രീകളുടെ പ്രതരോധവ്യവസ്ഥാപ്രതികരണം പുരുഷന്മാരെക്കാൾ തീക്ഷ്ണവും തീവ്രവുമാണ്. ഇതിനൊരു കാരണം, സ്ത്രീകളിൽ രണ്ട് എക്സ് ക്രോമസോമും പുരുഷന്മാരിൽ ഒരൊറ്റ എക്സ് ക്രോമസോമും ആണ് ഉള്ളത് എന്നതാകാം. കൊറോണ വൈറസിനെ പെട്ടെന്ന് മനസ്സിലാക്കാനുള്ള പ്രോട്ടീൻ എൻകോഡ് ചെയ്യപ്പെട്ടിരിക്കുന്നത് എക്സ് ക്രോമസോമിലാണ്. അതിനാൽ രണ്ട് എക്സ് ക്രോമസോമുകൾ ഉള്ള സ്ത്രീകളിൽ പുരുഷന്മാരെക്കാൾ ഇരട്ടി പ്രോട്ടീൻ പ്രതിരോധകോശങ്ങളിൽ കൊറോണ വൈറസിനെതിരെ ഉത്പാദിപ്പിക്കപ്പെടും.

ഇതുകൂടാതെ പുരുഷന്മാരുടെ ജീവിതശൈലിയും കൊറോണ വൈറസിന് അതിന്റെ സംഹാരമാർഗം അയത്നലളിതമാക്കുന്നു. പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങൾ ശ്വാസകോശത്തെയും ഹൃദയ പ്രവർത്തനത്തെയും ദുർബലമാക്കുന്നു. ഉദാഹരണത്തിന് ചൈനയിൽ 50 ശതമാനം പുരുഷന്മാർ പുകവലിക്കുന്നവരാണ്. സ്ത്രീകൾ 5 ശതമാനമേയുള്ളൂ. എന്നാൽ ജീവശാസ്ത്രപരവും ജീവിതശൈലീപരവുമായ വ്യത്യാസങ്ങൾ കോവിഡ് എത്രത്തോളം സ്ത്രീ-പുരുഷന്മാരിൽ ഏൽപ്പിക്കുന്ന പ്രഹരസാധ്യത വർധിപ്പിക്കുന്നു എന്ന കാര്യത്തിൽ കൂടുതൽ ഗവേഷണം നടന്നുവരുന്നതേയുള്ളൂ. തറപ്പിച്ചു പറയാൻ ഇനിയും സമയമായിട്ടില്ല.

തൊഴിൽ മേഖലയിലാണ് കോവിഡിന്റെ താണ്ഡവം മുൻപേ നിലനിൽക്കുന്ന ലിംഗപരമായ അസമത്വം കൂടുതൽ ശക്തമാക്കിയത്. മിക്ക രാജ്യങ്ങളുടെയും സമ്പദ് വ്യവസ്ഥകൾ മാന്ദ്യത്തിന്റെ ദിശയിലേക്ക് നീങ്ങിയതോടെ ദശലക്ഷക്കണക്കിന് ആളുകൾക്കാണ് തൊഴിൽ നഷ്ടമുണ്ടായത്. അവരിൽ ഏറിയ കൂറും സ്ത്രീകളാണ്. ഇതിനൊരു കാരണം, സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുന്നത് സേവനമേഖലകളിലാണ് എന്നതാണ്. സൂപ്പർ മാർക്കറ്റുകളിലും റസ്റ്റാറന്റുകളിലും ബാറുകളിലും ട്രാവൽ ഇൻഡസ്ട്രിയിലും ഹോസ്പിറ്റാലിറ്റി മേഖലയിലും ജോലി നോക്കുന്നവരിലധികവും സ്ത്രീകളാണ്. മഹാമാരി ഏറ്റവുമധികം ബാധിച്ചത് ഇത്തരം തൊഴിൽ രംഗങ്ങളെയാണ്. ഭാര്യയും ഭർത്താവിനും ജോലിയുള്ള കുടുംബങ്ങളിൽ പല സന്ദർഭങ്ങളിലും പ്രതിഫലം കിട്ടാത്ത ജോലികളായ ഗൃഹപരിപാലനവും കുട്ടികളെ നോക്കലുമെല്ലാം സ്ത്രീകൾ ചെയ്യേണ്ടിവരുന്നത് കാരണം അവർക്ക് ജോലി രാജി വെയ്ക്കേണ്ടി വരികയോ അല്ലെങ്കിൽ അധ്വാനം പതിന്മടങ്ങ് വർധിക്കുകയോ ചെയ്യുന്നു.

ഏകരക്ഷിതാക്കളുടെ (Single parents), പ്രത്യേകിച്ച് അത്തരം



സ്ത്രീകളുടെ (Single mothers) കാര്യമാണ് ഏറെ പരിതാപകരം. കുട്ടികളെ നോക്കാൻ അവരിൽ പലരും ജോലിയിൽ നിന്ന് വിട്ടുനിൽക്കാൻ നിർബന്ധിതരാകുന്നു. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ആഗോള ആരോഗ്യനയ വകുപ്പിൽ പ്രൊഫസറായ ക്ലെയർ വെൻഹാമിന്റെ നിരീക്ഷണം ഈ പശ്ചാത്തലത്തിൽ ശ്രദ്ധേയമത്രെ: 'എല്ലാ മഹാമാരികൾക്കും ലിംഗപരമായ പ്രഭാവമുണ്ട്. ആരും അതിനെപ്പറ്റി സംസാരിക്കുന്നില്ല എന്നതും നയരൂപീകരണത്തിന് ചുക്കാൻ പിടിക്കുന്നവർക്ക് ഇതിനെപ്പറ്റി ബോധമില്ല എന്നതുമാണ് പ്രശ്നം'.

മറ്റൊരു കാര്യം, കോവിഡ് കാലത്ത് ലോകത്തുടനീളം ഗാർഹിക പീഡനം വൻതോതിൽ കൂടി എന്നതാണ്. കോവിഡ് സൃഷ്ടിച്ച ജോലിനഷ്ടവും സമ്മർദ്ദവും പണമില്ലായ്മയും ലോക്ക് ഡൗണുമെല്ലാം ഗാർഹിക പീഡനങ്ങൾ മാത്രമല്ല വിവാഹ മോചനങ്ങളും വർധിപ്പിച്ചു എന്ന വാർത്തകൾ പലപാട് മാധ്യമങ്ങളിൽ വന്നത് നാം കണ്ടതാണ്.

ജർമനിയിലും സ്വീഡനിലും കുട്ടികളെ നോക്കാനായി കൂടുതൽ കാലം പറ്റേർണിറ്റി ലീവ് കൊടുക്കുന്ന സമ്പ്രദായമുണ്ട്. ഇന്ത്യയിൽഅത് നാമമാത്രമാണ്. കൊറോണ വൈറസ് സമൂഹത്തിലെ എല്ലാ അസമത്വങ്ങളെയും രൂക്ഷമാക്കിയിട്ടുണ്ട്. പക്ഷേ, ലിംഗപരമായ അസമത്വത്തിന്റെ തീവ്രത പലപ്പോഴും വേണ്ടത്ര ചർച്ച ചെയ്യപ്പെ ടുന്നില്ല. ആൺകോയ്മാ സമൂഹങ്ങളിൽ അതെപ്പോഴും അങ്ങനെയാണല്ലോ. ഏറിയും കുറഞ്ഞുമാണെങ്കിലും ലോകത്തെല്ലായിടത്തുമുള്ളത് പിതൃമേധാവിത്വ സമൂഹങ്ങളും പിതൃമേധാവിത്വ മനക്കൂട്ടുമാണ്.

കോവിഡ് കാരണമുണ്ടായ മറ്റൊരു പ്രതികൂലഘടകം അക്കാദമിക രംഗത്ത്, ഗവേഷണ-പ്രസിദ്ധീകരണ കാര്യങ്ങളിൽ പ്രത്യേകിച്ച് സ്ത്രീകളുടെ പ്രാതിനിധ്യം കുറഞ്ഞു എന്നതാണ്. കോവിഡ് പൂർവ ഘട്ടത്തിൽതന്നെ ആൺകോയ്മ പുലരുന്ന സ്ഥാപനസംസ്കാരവും ലിംഗപരമായ വിവേചനം വ്യാപകമായ ഗാർഹിക ജോലിയും ഗവേഷണ-പ്രസിദ്ധീകരണരംഗത്തെ പിതൃമേധാവിത്വപരമായ മുൻവിധികളും പിയർ റിവ്യൂവ്ഡ് ജേണലുകളിലെ ആൺപക്ഷപാതമുണ്ടാക്കുന്ന സ്ത്രീസാന്നിധ്യക്കുറവും എല്ലാം നിലനിന്നിരുന്നു. കോവിഡ് ഈ പ്രതിലോമ പ്രവണതകളെ രൂക്ഷമാക്കിയിട്ടുണ്ടെന്ന് 'ലാൻസറ്റ്' പോലുള്ള ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ ഈയിടെ വെളിപ്പെടുത്തുകയുണ്ടായി.

# SARA JOSEPH'S RAMAYANA STORIES

## MUTED VOICE OF THE GENDERED SUBALTERNS

**Sreekala**
NSS College, Pandalam



Hindu mythological narratives provide great vistas of knowledge and experience for life. But the most noteworthy and striking feature of all these narratives is that they are from a male perspective in a society which is exclusively patriarchal. The narration in mythology is the outcome of a patriarchal culture and hence reflects its values, systems and beliefs. Diverse kinds of discrimination and injustice prevailed there, especially racial and gender discrimination and inequality. The hierarchy prevailed in the hegemonic power structure created subalterns also, among which include women characters who are always treated as the 'Other'. It is the absence of gender justice which created situations that lead to insurmountable crisis like the fall of nations and the end of dynasties.

The modern retellings narrate the events from the perspective of the characters who are sidelined or marginalized-the subalterns of mythology. These retellings open alternate



views and perceptions to the readers and reveal that the mythological world is not an egalitarian society. The alternate representations of the retellings heightened the lack of this egalitarian view in the mythologies. The heroines, who remain as shadowy figures in the patriarchal discourse stransform themselves in the retellings as real-life characters with a powerful voice and distinct individuality. Till now their voices are either subdued, muted or silenced as they are the subalterns.

Sara Joseph provides a feministic retelling to the Ramayana myths in her *Retelling the Ramayana: Voices from Kerala* which was translated into English by Vasanthi Sankaranarayanan. Though she dealt with the ubiquitous heroine herself in one of the stories in this collection, her main focus is on those who are underprivileged not only by their gender but by the intersection of innumerable contributing factors which conspire against them to ensure their subalternity.

Manthara is one of the minor characters of the epic tale *Ramayana,* but she is portrayed in the mythology as the evil instigator, the hunchbacked perpetrator of all the turn of events that followed after king Dasarath's decision regarding his successor. Sara Joseph in the story "Black Holes" retells the events that happened soon after the aborted coronation of Ayodhya. The narrator traverses through the mind of Manthara who is in an attempt to escape from Ayodhya to save herself from the royal spies who are searching her throughout the kingdom. But the manipulation, treachery, greed, dishonesty and the hunger for power of the royals came to the fore as the narration is unfolded from Manthara's perspective.


She considered those who reside on the fringes as far more principled and trustworthy than those who occupy the centre. As an underdog it is easy to find a scapegoat in her so that they can save several faces. In the power struggle between the royals, she is just a pawn who is targeted for being loyally executing the task assigned to her by her master. The assault on her made easy by her subaltern status and her gender. But she is not ready to yield; as she is a feminist who decided to build her life from its scratches as she reaches Kekaya. Besides, she feels that she needs to be rewarded as what she has done is according to the interests of her master, though it has failed in its execution. She is an empowered woman as compared to the women of the royals as with all her limitations, she carried out her decisions, even if it is to escape from the prying eyes of the spies of Ayodhya. As the hunchbacked ugly hag opens up her heart, as sheattempts to escape from an Ayodhya of conflicting interests, struggles

and dishonesty of which she is a victim, many idols shatter.

She is only an instrument, a loyal servant appointed by King Aswapathi of Kekaya to inform him the matter, if anything happens against the interests of his daughter, Kaikeyi. Manthara had only affection and tenderness towards young Rama. The whole palace along with the nation pointed an accusing finger towards her for what happened; just because of her gender and her position in the social hierarchy. She is vulnerable and therefore easy to victimize and to find fault with her. But she is not ready to succumb to the hypocrisies of the royals' as she realized that though she is a subaltern she has more integrity compared to them. She is not shattered or broken in spite of the bruises and wounds on her body and her mind. She has decided to reach Kekaya and to demand her rights or rather her compensation for a decent living with her family. This feministic spirit in Manthara coupled with her faith and trust in herself, and her contempt for the intrigues of the privileged transforms her to an admirable woman in spite of her physical deformities and her doubly marginalized status. In the retelling Manthara becomes far more adorable than the ideal and virtuous characters of the great epic and her intolerable experiences as narrated in the story earns her the sympathy and support which she conspicuously lacks in the narrative of the great epic.

An equally ill-judged character in the great mythological narrative with its several versions is Soorpanakha. Patriarchal, racial, cultural and gender hegemony are the pivotal themes in the story "Mother Clan". Though repressed, tortured and brutalized to a greater extent than any other woman in mythology, Soorpanakha never succumbed herself to her miseries.

She has endured intolerable pain and humiliation that a woman,




or any human being, can endure. Her life has turned into a barren sterile promontory and those who are responsible for it are hailed as heroes. The story unfolds through the thought processes of a Soorpanakha who has lost the meaning of her existence. She is thirsting for revenge as fire burns in her heart. She is the sister of the unvanquished Ravana and in her race a woman is not considered as inferior to man, though both differ in their duties and practices. She is not familiar with a culture which considers violence to a woman as a heroic deed and blaming the victim for the same.

In Sara Joseph's story Soorpanakha is the embodiment of motherhood and a celebration of the feminine spirit. Her dark body, her ample breasts, her swirling skirt and her swinging anklets all proclaim her femininity as she danced in the forest with wild ecstasy. The women of her clan identify their life with the rhythm of nature and they exult in it. There is nothing inappropriate for a woman of her clan to express her desire for a man and to approach him for its fulfilment. If there is any unwillingness or inability for the man to fulfil it there is only a polite decline on his part. Though considered inferior in race and gender compared to the cultural norms of the civilized patriarchal society, their clan also have their customs and practices which could not conform to the much-celebrated civilized society. It is indeed this cultural difference that made Soorpanakha, an object of ridicule for both the strangers, the men who are alien to her culture, in "Mother Clan".

She felt that her femininity has suffered a major setback due to the violent attack by the two men, who posed as heroes who guard justice. Her breasts along with her nose were cut off by these men and thus they disfigured her. They consider a woman's breasts as a source of nurturing, providing milk to generations and it is a source of feminine power. Cutting away those breasts symbolizes the removal of all the feminine maternal emotions.

It can only be seen as the attempt of the colonisers to root out the nourishment of the subjugated, and their essential feminine characters; thus, injecting their own culture and their manner of nurturing and nourishment instead. It can also be viewed as an attempt to establish the stamp of the patriarchal culture of the civilized world in their rhythm of life which was very much in tune with nature. The names of the men are not mentioned in the story, though they could be identified as Rama and Lakshmana of the epic.Soorpanakha through the retelling becomes one with *Prakriti* and the men who are alien to their culture were there to destroy it. The story transforms the woman from an ugly, lecherous demoness to a pretty feminine creature following the instincts of nature.The binaries of 'nature-culture' dichotomies are evident in the story as she is identified with 'nature' and the attack on her is an affront on it by 'culture'.

Soorpanakha lives in tune with



nature and she is not aware of the cultural norms of the sophisticated society. But to those men who are alien to this culture she is promiscuous and hence she is open to ridicule and humiliation. It is a method to control female sexuality by the oppressive patriarchal authority which always wants to restrain the powers of the feminine. In Sara Joseph's story it assumes the proportion of not only the conflict between two cultures, but also an attempt on the part of the colonial powers to impose their culture as superior, and the method they adopted is to root out the source of nourishment of the indigenous. This explanation gains ground as it is not only Soorpanakha who is maimed by cutting off her breasts, but also Ayomukhi, the powerful guardian of the weapons at Dandaka. Establishing the authority over the women of a race is to demoralize the powers of that race which the colonialists skillfully execute. Sara Joseph's Soorpanakha is the embodiment of feminine power who enjoys gender justice and equality in her race compared to these aspects in the society of the sophisticated upper class.

The stories present the idyllic realm of the subaltern women who has their own worth as an individual in their communities. This feministic consciousness of the individual worth of women, though conspicuously absent in the upper-class society, is due to the patriarchal hegemony which is prevalent in these societies. Women of these subaltern societies, contrary to the existing beliefs and theories of feministic discourses, enjoy a much better status and liberty of life. The status of women is not double marginalization, but a position of privilege. As these modern retellings present the narrative from the perspective of the subalterns there is a 'demythification' of these mythological tales which resulted in a 'remythification'.

Hegemonic upper-class is always privileged according to the norms of patriarchaldiscourses. But even in that world of elitism women are marginalized and hence subaltern women are doubly marginalized according to it.But theretellings on Manthara and Soorpanakhaportray an alternate representation of a world where gender justice prevails. The misogynistic tendencies of an androcentric system areobviously evident in the mythological narratives, not even as a subtext. The parochialism of the patriarchal norms obliterates the attemptto portray the mythologicalworld as an egalitarian realm. The modern retellings on Hindu mythology which are prolific in the recent years have a significant role in highlighting this disparity of the mythological world.

**Works Cited**

Joseph, Sarah. "Black Holes". Trans. VasanthiSankaranarayanan. *Retelling the Ramayana: Voices from Kerala*.Oxford University Press, 2005. 97-107.

"Mother Clan". Trans. VasanthiSankaranarayanan. *Retelling the Ramayana: Voices from Kerala*.Oxford University Press, 2005.117-125.

# പാത്തേയിയും കോയട്ടിയും

പാത്തേയിക്കിപ്പോൾ അമ്പത്തിനാല് വയസ്സായി. കോയട്ടിക്ക് അമ്പത്തിയാറും. പത്തേയിയോട് കഥ പറഞ്ഞും അവരുടെ കഥകൾ കേട്ടും വളർന്ന ഒരു കുട്ടിക്കാലമായിരുന്നു എന്റേത്.

പാത്തേയിക്ക് കോയട്ടിയോട് തോന്നിയ പ്രണയത്തിന്റെ അടരുകൾ അടുക്കിച്ചേർത്തുണ്ടാക്കിയ സ്വപ്നലോകത്തായിരുന്നു എന്റേയും സ്വപ്നങ്ങൾ വളർന്നു പന്തലിച്ചത്.

ഏതാണ്ട് പത്തുനാൽപ്പത് വർഷങ്ങൾക്ക് മുൻപാണ് പാത്തേയി കോയട്ടിയെ ആദ്യമായി കാണുന്നത്. പാത്തേയി ആറാം ക്ലാസിലും കോയട്ടി ഏഴാം ക്ലാസിലുമാണന്ന്.

കോഴിക്കോട് പട്ടണത്തിൽ നിന്ന് കഷ്ടിച്ച് ആറോ ഏഴോ കിലോമീറ്റർ മാത്രം അകലത്തിലുള്ള വേങ്ങേരി എന്ന ഒരു ചെറിയ പ്രദേശത്തായിരുന്ന കോയട്ടിയും പാത്തേയിയും ജീവിച്ചിരുന്നത്. അവിടെത്തന്നെയുള്ള ഒരു യു പി സ്കൂളിലായിരുന്നു അവരുടെ പ്രാഥമിക പഠനവും. പഠിക്കുന്ന കാലത്ത് നല്ല ഓട്ടക്കാരനും ഫുട്ബോൾ കളിക്കാരനുമായിരുന്ന കോയട്ടി ആ സ്കൂളിലെ തന്നെ ഏറ്റവും ഉയരം കൂടിയ വിദ്യാർത്ഥിയുമായിരുന്നു. അവനെ കാണുമ്പോഴൊക്കെ തന്നെയും പാത്തേയിക്ക് ഒരു തരിപ്പാണ്. ഒന്ന് നേരിട്ട് നോക്കാൻ പോലും പേടി തോന്നിയിരുന്ന ആ കാലത്ത്  അവനെക്കുറിച്ച് മനോഹരമായ കഥകൾ നെയ്യുകയും സ്വപ്നം കാണുകയും ചെയ്തിരുന്നതായി പാത്തേയി എന്നോട് പലപ്പോഴും പറഞ്ഞിട്ടുണ്ട്.

ഏഴാംക്ലാസിലെ വർഷാന്ത പരീക്ഷയുടെ അവസാന ദിവസമെങ്കിലും കോയട്ടിയോട് തന്റെ ഇഷ്ടം തുറന്ന് പറയണമെന്ന് പാത്തേയി നിനച്ചതാണ്. എന്നാൽ അന്നും അവനെ കണ്ട മാത്രയിൽ അവളുടെ ശബ്ദം നിലച്ചു പോവുകയും നാവ് വരളുകയും കാലുകൾ ഉറച്ചുപോവുകയും ചെയ്തു. ഒരു നോട്ടം പോലും ബാക്കിവെയ്ക്കാനാവാതെ പാത്തേയി അന്നും പതിവ് പോലെ സ്കൂൾ വരാന്തയിറങ്ങി നടന്നകന്നു. അതായിരുന്നു കുട്ടിക്കാലത്തെ അവരുടെ അവസാനത്തെ കൂടിക്കാഴ്ച.

ഏഴാം ക്ലാസിനു ശേഷം കോയട്ടി എവിടെപ്പോയെന്നോ എന്തെല്ലാം

**ഷിലുജാസ് എം.**
ഫാറൂഖ് കോളേജ്, മലപ്പുറം



പണികൾ ചെയ്യേന്നോ പാത്തേയിക്കോ നാട്ടുകാർക്കോ യാതൊരു അറിവുമില്ലായിരുന്നു. പത്താം ക്ലാസിലെ പരീക്ഷ തോറ്റതിൽ പിന്നെ പാത്തേയിക്ക് പഠിപ്പ് തുടരാനുമായില്ല. കുടിലെ ദാരിദ്ര്യം പെരുകിവന്നപ്പോൾ അവളും ഉമ്മച്ചീടെ കൂടെ കൂടി മറ്റു വീടുകളിലെ അടുക്കളപ്പണികൾ ചെയ്യാൻ തുടങ്ങി.

തന്റെ പ്രായത്തിലുള്ള മറ്റു പെൺകുട്ടികളുടെയെല്ലാം കല്യാണം പതിനാറോ പതിനേഴോ വയസ്സ് ആകുമ്പോൾത്തന്നെ കഴിഞ്ഞെങ്കിലും പാത്തേയിക്ക് ഇരുപത് വയസ്സ് വരെ കാത്തിരിക്കേണ്ടിവന്നു മംഗല്യത്തിന്. തന്നെ പെണ്ണുകാണാനായി കോയട്ടി എന്നെങ്കിലും തന്റെ കുടിലേയ്ക്ക് കയറി വരുമെന്ന് പാത്തേയി വെറുതെ കിനാവു കണ്ടു.

എന്നാൽ ഒരിക്കലും അതുണ്ടാവില്ലെന്നും പത്തേയിക്ക് നന്നായിഅറിയാമായിരുന്നു. നാട്ടുനടപ്പ് പ്രകാരം ദാരിദ്ര്യമുള്ള വീടുകളിലെ പെൺകുട്ടികളെ കെട്ടാൻ മിക്കവാറും രണ്ടാം കെട്ടുകാരോ മൂന്നാംകെട്ടുകാരോ ഒക്കെ വരാറാണ് പതിവ്.

അങ്ങനെയിരിക്കെയാണ് പാത്തേയിയേക്കാൾ പന്ത്രണ്ട് വയസ്സിനു മൂപ്പുള്ള മൊയ്തീനുമായി വാപ്പ അവളുടെ കല്യാണം നിശ്ചയിക്കുന്നത്.

കോഴിക്കോട് വലിയങ്ങാടിയിൽ ദിവസക്കൂലിക്ക് ചുമട് എടുക്കാൻ പോകുന്ന പണിയായിരുന്നു മൊയ്തീന്. കല്യാണം കഴിഞ്ഞതിൽപ്പിന്നെ അടുത്തടുത്തുണ്ടായ പ്രസവങ്ങളും ഗർഭം അലസലുകളും തുടരെയുണ്ടായ ആരോഗ്യപ്രശ്നങ്ങളും എല്ലാം കൂടി പാത്തേയി ആകെ അവശയായി. ആദ്യത്തെ പത്ത് വർഷങ്ങൾക്കുള്ളിൽത്തന്നെ പാത്തേയി ഏതാണ്ടൊരു ജീവച്ഛവം പോലെ ആയിത്തീർന്നു. പിന്നീടുള്ള പത്തുവർഷക്കാലം നിന്നുതിരിയാൻ പോലും സമയം കിട്ടിയില്ല അവർക്ക്. കുട്ടികളും അവരുടെ അസുഖങ്ങളും അവരെ തീറ്റിപ്പോറ്റലും മൊയ്തീന്റെ കടങ്ങളും ദീനവും പരിചരണവുമെല്ലാമായി പാത്തേയി നെട്ടോട്ടമോടിക്കൊണ്ടിരുന്നു.

മൂന്ന് പെൺമക്കളാണ് പാത്തേയിക്ക്. അവരുടെ ഭാവിയോർക്കുമ്പോൾ പാത്തേയിയുടെ കണ്ണുകളിൽ ഇരുട്ടു നിറയും. അങ്ങനെ ദാരിദ്ര്യം കൊടുമ്പിരികൊണ്ട ഒരു കാലത്താണ് പാത്തേയി താൻ പഠിച്ച യു പി സ്കൂളിലെ പുതിയ ഹെഡ്മാഷെ കാണാൻ പോകുന്നത്. സ്കൂളിൽ എന്തെങ്കിലും ഒരു പണി തരപ്പെടുത്തി തരണമെന്ന് ഏറെ വിഷമത്തോടെയും സങ്കടത്തോടെയുമാണ് പാത്തേയി ഹെഡ്മാഷോട് യാചിച്ചത്. തന്റെ മുൻപിൽ കരച്ചിലടക്കാൻ പാടുപെടുന്ന പാത്തേയിയോട് അങ്ങിനെയാണ്പിറ്റേ ദിവസം മുതൽ സ്കൂളിൽ വരാൻ ഹെഡ് മാഷ് പറയുന്നത്.

അങ്ങിനെ താൻ പഠിച്ച സ്കൂളിലെ തന്നെ കഞ്ഞിപ്പുരയിൽ ഒരു താൽക്കാലിക പാചകക്കാരി ആയി ദിവസക്കൂലിയിൽ പാത്തേയി നിയമിക്കപ്പെട്ടു.

പാത്തേയിക്കത് വലിയൊരു ആശ്വാസമായിരുന്നു. വീണ്ടും കൂടുതൽ ഉന്മേഷത്തോടെ അവർ ഓടി നടക്കാൻ തുടങ്ങി. വീട്ടിലെ പണിയെല്ലാം തീർത്ത് കൃത്യം പത്തര മണിക്ക് അവർ സ്കൂളിലെത്തും.

പാചകം കഴിഞ്ഞ് കഞ്ഞിച്ചെമ്പ് കഴുകി കമിഴ്ത്തി നാലര മണിയാകുമ്പോൾ സ്കൂളീന്ന് പുറത്തിറങ്ങും അതായിരുന്നു പതിവ്. കഞ്ഞിപ്പുരയിലെ തീരുന്ന സാധനങ്ങളുടെ ലിസ്റ്റ് കൊടുക്കാൻ ഹെഡ്മാഷെ കാണാൻ പോകുമ്പോഴെല്ലാം പാത്തേയി അദ്ദേഹത്തിന് മുന്നിൽ നന്ദിയോടെ കണ്ണുനിറച്ച് നിന്നു.

പാത്തേയിക്ക് ദിവസവരുമാനമായി തുടങ്ങിയപ്പോൾത്തന്നെ അവളുടെ കെട്ട്യോന്റെ സ്വഭാവത്തിലും കാര്യമായ മാറ്റങ്ങൾ കണ്ടു തുടങ്ങി. പല ദിവസങ്ങളിലും പണം ആവശ്യപ്പെട്ട് അയാൾ അവരെ ചീത്തവിളിച്ചു, ഉപദ്രവിച്ചു. ഇടയ്ക്കെല്ലാം വഴക്കിട്ട് കുടീന്ന് ഇറങ്ങിപ്പോയി.

പാത്തേയിക്ക് നാൽപ്പത്തിരണ്ട് തികഞ്ഞ ഒരുനാളിൽ മൊയ്തീൻ അവളേയും കുഞ്ഞുങ്ങളെയും എക്കാലത്തേയ്ക്കുമായി ഉപേക്ഷിച്ച് നാടുവിട്ടു.

പിന്നീടൊരു ദിവസം സാധനം വാങ്ങിക്കുന്ന കടയിലെ അബ്ദുള്ളയാണ് പാത്തേയിയോട് പറഞ്ഞത് മൊയ്തീനെ വയനാട്ടിൽ വെച്ച് കണ്ട കാര്യവും അയാൾക്ക് അവിടെ വേറെ ഭാര്യയും കുട്ടികളും ഉള്ളതുമെല്ലാം. പാത്തേയിക്ക് കണ്ണീര് ഒരിക്കലും വറ്റാത്തതിനാൽ മൊയ്തീനെകുറിച്ചുള്ള ആ വാർത്ത അവരിൽ ചെറിയ ഞെട്ടലേ ഉണ്ടാക്കിയുള്ളൂ.

കണ്ണുകളിൽ കഷ്ടപ്പാടിന്റെ കണ്ണീരും പ്രത്യാശയുടെ രശ്മിയും ഒരുമിച്ച് വിരിയുന്ന അപൂർവ്വ പ്രതിഭാസമാണ് പാത്തേയിയെന്ന് അവരോട് സംസാരിക്കുമ്പോഴൊക്കെയും എനിക്ക് തോന്നാറുണ്ട്. ജീവിതത്തോടുള്ള അവരുടെ അടക്കാനാവാത്ത കൊതിയും പ്രതീക്ഷയും എന്നെ ഒരുപാട് അത്ഭുതപ്പെടുത്തിയിട്ടുമുണ്ട്. കുഞ്ഞു കാര്യങ്ങളിൽപെട്ട് തലപുണ്ണാക്കി നിരാശകേറി മടുക്കുമ്പോഴൊക്കെയും പാത്തേയിയാണ് പലപ്പോഴും എന്നെ ജീവിക്കാൻ പ്രേരിപ്പിച്ചിട്ടുള്ളത് എന്ന് പോലും എനിക്ക് തോന്നിയിട്ടുണ്ട്.


എന്റെ എം.ഫിൽ. ഗവേഷണം കഴിഞ്ഞു കോട്ടയത്ത് നിന്ന് നാട്ടിൽ തിരിച്ചെത്തിയ ഒരു ദിവസം ഉച്ചതിരിഞ്ഞ നേരത്ത് ഞാൻ പാത്തേയിയെ കാണാൻ പോയിരുന്നു. അന്ന് അവൾ പതിവിലും ആഹ്ലാദവതിയായിരുന്നു. എന്തെന്നില്ലാത്ത ചുറുചുറുക്കായിരുന്നു പാത്തേയിയുടെ ചലനങ്ങളിലും സംസാരത്തിലുമെല്ലാം.

എന്നോട് പറയാൻ ഒരുപാട് കഥകൾ സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്ന് തോന്നി.

കഥകൾ പറയുമ്പോൾ ആ നാൽപ്പത്തിയഞ്ചുകാരിയുടെ കണ്ണുകൾ കൂടുതൽ കൂടുതൽ വിടർന്നു വരികയും ചുണ്ടുകൾ ചെറുതായി വിറക്കുകയും ചെയ്തുകൊണ്ടിരുന്നു.

മേൽച്ചുണ്ടുകൾക്ക് മീതേ വിരിയുന്ന വിയർപ്പ്പൊടികളെ ഇടയ്ക്കിടെ ബ്ലൗസിൽ തുടച്ചുകൊണ്ട് അവർ എന്നെ നോക്കി കണ്ണിറുക്കി ചിരിച്ചു.

ഈ പ്രായത്തിലും പാത്തേയിക്ക് പ്രേമമോ?!! ഞാൻ ആകെ അമ്പരന്നു പോയി അവരുടെ ഭാവമാറ്റങ്ങൾ കണ്ടപ്പോൾ.



പാത്തേയിയുടെ കഥ കേൾക്കാൻ അക്ഷമയോടെ ഞാൻ കോലായിലെ തിണ്ടമേൽ ചാടികയറി ഇരുന്നു. കാലിൻമേൽ കാൽ കയറ്റി വെച്ച് അവരെ സാകൂതം നോക്കി.

കൗതുകം നിറഞ്ഞ എന്റെ ആ ഇരിപ്പ് കണ്ടപ്പോൾ അവർ കഥകളുടെ കെട്ടഴിച്ചു. എട്ടുമാസം മുൻപാണ് അത് സംഭവിച്ചത്, പാത്തേയിയുടെ ജീവിതത്തിലെ ഒരു സുപ്രധാനമായ ട്വിസ്റ്റ് !!

അന്നും പതിവുപോലെ കഞ്ഞിച്ചെമ്പുമെടുത്ത് സ്കൂളിന് പിറക് വശത്തുള്ള കിണറിന് അടുത്തേക്ക് നടക്കുകയായിരുന്നു പാത്തേയി. അപ്പോ ഴാണ് കഞ്ഞിപ്പുരയിലേക്ക് ആവശ്യമായ ധാന്യങ്ങൾ കൊണ്ടു വരുന്ന ലോറി മുറ്റത്ത് നിറുത്തിയിട്ടത് അവർ ശ്രദ്ധിച്ചത്. ലോറി ഓടിച്ചിരുന്ന ആളെ കണ്ടപ്പോൾ പാത്തേയി ശരിക്കും ഞെട്ടി, ആറാം ക്ലാസിൽ വച്ച് തന്റെ  മനസ്സ് കവർന്ന കോയട്ടിയിരുന്നു അത്.

അവന്റെ മെല്ലിച്ച നീണ്ട പ്രകൃതം ആകെ മാറിയിരിക്കുന്നു. കാലം ഒരുപാട് മാറ്റങ്ങൾ തീർത്തെങ്കിലും പാത്തേയി പെട്ടെന്ന് തന്നെ കോയട്ടിയെ തിരിച്ചറിഞ്ഞു.

പതിവ് തെറ്റിയില്ല കോയട്ടിയെ കണ്ടതും പാത്തേയിയുടെ തൊണ്ട വരണ്ടു. ശബ്ദം നിലച്ചു. കാലുകൾ കുഴഞ്ഞു തുടങ്ങി. പെട്ടെന്ന് അവന്റെ മുന്നിൽ വെച്ച് പാത്തേയി അറിയാതെ തേങ്ങി കരയാൻത്തുടങ്ങി. എന്തിനാണ് കരയുന്നതെന്ന് അറിയാതെ അവളുടെ മുൻപിൽ കോയട്ടി അന്തംവിട്ടങ്ങിനെ നിന്നുപോയി.

അന്നാദ്യമായി പത്തേയിയുടെ കണ്ണീർച്ചാലുകൾ അവരുടെ കവിൾത്തടങ്ങളെ കൂടുതൽ തിളക്കമുള്ളതും സുന്ദരവുമാക്കി മാറ്റി. ആ കൂടിക്കാഴ്ചയെ പറ്റി പറയുമ്പോൾത്തന്നെ കവിളുകൾ തുടുത്ത് പത്തേയി പതിവില്ലാതെ സുന്ദരിയായി തോന്നിച്ചു..

കോയട്ടിയുമായി പിന്നീടുണ്ടായ ഓരോ കൂടിക്കാഴ്ചകളിലും പാത്തേയിക്ക് ഏറ്റവും ആവശ്യമുള്ള ഒരു സമയത്ത് താൻ വരുമെന്ന് കോയട്ടി അവർക്ക് വാക്ക് കൊടുത്തുകൊണ്ടേയിരുന്നു. വീണ്ടും വീണ്ടും ജീവിക്കാൻ കൊതി ബാക്കിയാക്കുന്ന വാക്കുകളായിരുന്നു പാത്തേയിക്കവ.

കോയട്ടി അങ്ങിനെയൊക്കെ പറഞ്ഞിരുന്നെങ്കിലും പാത്തേയി ഒരുപാട് അത് ആഗ്രഹിച്ചിരുന്നെങ്കിലും ഒരിക്കൽപോലും കോയട്ടിയെ അവരുടെ ജീവിതത്തിലേക്ക് വിളിക്കാൻ പാത്തേയിക്ക് കഴിഞ്ഞിരുന്നില്ല. അത്രയ്ക്കും വല്യ പ്രാരാബ്ധക്കാരനായിരുന്നു കോയട്ടി. നാല് മക്കളും ഭാര്യയും ഉമ്മയുമടങ്ങുന്ന ഒരു വലിയ കുടുംബത്തിന്റെ ഏക അത്താണിയും ആശ്രയവുമായിരുന്നു കോയട്ടി എന്നത് പാത്തേയ്ക്ക് നന്നായി അറിയാമായിരുന്നു.

കോയട്ടിയെ കാണാൻ പറ്റാത്ത ദിവസങ്ങളിലെല്ലാം പാത്തേയിയുടെ ശരീരവും മനസ്സും ഒരുപോലെ ആ കഞ്ഞിപ്പുരയിൽ വെന്തുനീറി. ആ ദിവസങ്ങളിലെ അവരുടെ സങ്കടവും വിതുമ്പലും കരച്ചിലും നെടുവീർപ്പുകളും ദീർഘനിശ്വാസങ്ങളുമെല്ലാം ആ കഞ്ഞിപ്പുരയുടെ നാല് ചുവരുകൾക്കുള്ളിലായി തങ്ങി നിന്നു.

അവയെല്ലാം മൂളലും കുറുകലുമായി അവിടമാകെ കറങ്ങിത്തിരിഞ്ഞു. കോയട്ടിയെ കാണുന്ന നാളുകളിലെല്ലാം പാത്തേയിയുടെ സങ്കടങ്ങൾ അലിഞ്ഞില്ലാതാകും.

ആ ദിവസങ്ങളിൽ പാത്തേയി കുട്ടികൾക്ക് വിളമ്പുന്ന ചോറിനും പയറ്കറിക്കുമെല്ലാം പറഞ്ഞറിയിക്കാനാകാത്ത സ്വാദാണ്.

ആ കഞ്ഞിപ്പുരയുടെ അകത്തേ മൂലയിൽ ചെമ്പുകൾ അടുക്കി വെയ്ക്കുന്ന



ഒരു ചെറിയ ഇടമുണ്ട്. അവിടുത്തെ ചുമരിൻമേലെല്ലാം കരിക്കട്ടക്കൊണ്ട് പാത്തേയി കോയട്ടിയുടെ പേര് എഴുതിവെച്ചിട്ടുണ്ടത്രേ.

സ്വതവേ ഇരുട്ട് നിറഞ്ഞ ആ മൂലയിലേക്ക് ആരും പോവാറില്ലെന്നും പോയാൽത്തന്നെ എഴുതിയതൊന്നും ആരും കാണില്ലെന്നും പാത്തേയി പറഞ്ഞു. ആ ധൈര്യത്തിലാണത്രേ പാത്തേയി അങ്ങനെ ചെയ്തത്.

അതു പറയുമ്പോൾ ഒരു പതിനെട്ടുകാരിയുടെ കുസൃതിയാണ് ഞാൻ പാത്തേയിയിൽ കണ്ടത്. ഈ പ്രായത്തിലും പാത്തേയി എന്തൊരു റൊമാന്റിക് ആണെന്ന് പറഞ്ഞ് ഞാൻ അവരുടെ തട്ടം പിടിച്ചു വലിച്ചപ്പോൾ അവർ പൊട്ടിപ്പൊട്ടി ചിരിച്ചു.

പാത്തേയിയുടെ മൂന്നാമത്തെ മകളുടെ കല്യാണത്തലേന്നാണ് ഞാൻ പിന്നീട് അവരെ കാണുന്നത്. അപ്പോഴേക്കും തികഞ്ഞ ഒരു പ്രാരാബ്ധകാരിയായി മാറിയിരുന്നു പാത്തേയി. എങ്കിലും ജീവിതത്തോടുള്ള പ്രതീക്ഷയും അടക്കാനാവാത്ത ആവേശവും അവരിൽ അപ്പോഴും നിറഞ്ഞുനിന്നിരുന്നു.

നാൽപ്പത്തിയെട്ട് വയസ്സിൽത്തന്നെ ഒരു അറുപതുകാരിയെപോലെ തോന്നിച്ചു പാത്തേയിയെ.

ഒട്ടിയ കവിളുകളും ഉന്തിയ കവിളെല്ലുകളും വരണ്ട ചുണ്ടുകളും കറുപ്പ് പടർന്ന കൺതടങ്ങളും പാത്തേയിയെ അവരല്ലാതെ ആക്കിയത് പോലെ.

കുറച്ച് കാശ് അവരുടെ കയ്യിൽ ഏല്പിച്ചായിരുന്നു ഞാനന്ന് മടങ്ങിയത്. അന്ന് കണ്ട ആ പ്രാരാബ്ധക്കാരിയോട് എനിക്ക് കോയട്ടിയെക്കുറിച്ചൊന്നും ചോദിക്കാൻ തോന്നിയില്ല. എന്നോട് എന്തെല്ലാമോ പറയാൻ ആഗ്രഹിച്ചിരുന്നെങ്കിലും പാത്തേയിക്ക് ഒരിടത്ത് ഒന്നടങ്ങി നിൽക്കാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നു അന്ന്.

പാത്തേയിയുടെ ഈ ഓട്ടം ഒരിക്കലും അവസാനിക്കില്ലേ ...? അവരെക്കുറിച്ചോർത്ത്  ഞാനന്ന് വല്ലാതെ അസ്വസ്ഥയായിരുന്നു.

വീട്ടിലെത്തിയ ഉടൻ ഞാൻ എന്റെ ഉമ്മച്ചിയോട് പാത്തേയിയെക്കുറിച്ച് സംസാരിച്ചു തുടങ്ങി. പത്തേയിയുമായുള്ള അന്നത്തെ കൂടിക്കാഴ്ച്ച എന്റെ മനസ്സിനെ ആകെ ഉലച്ചിരുന്നു. പാത്തേയി കുറേ ചോദ്യങ്ങൾ എന്റെ മനസ്സിൽ ബാക്കിയാക്കിയിരുന്നു.

'പാത്തേയി ഇപ്പോഴും ഒറ്റക്കാണോ ഉമ്മാ ?'

എന്റെ ചോദ്യം കേട്ടപ്പോൾ ഉമ്മച്ചി പറഞ്ഞു;

'പാവം പാത്തേയി ഒറ്റയ്ക്കാണ്. ഇളയ രണ്ട് പെൺമക്കളേയും കെട്ടിച്ചത്.. മൊയ്തീൻ ഇട്ടേച്ച് പോയതിന് ശേഷം അവൾ ശരിക്കും ഭാരം വലിയ്ക്കുകയായിരുന്നു.. അവൾക്ക് തണലായി ആരുമില്ലാതായി'

അതും പറഞ്ഞ് ഉമ്മച്ചി നെടുവീർപ്പിട്ടു.

പാത്തേയിയെ പിന്നെ ആരും വിവാഹം ചെയ്തിട്ടില്ലെന്ന് ഉമ്മച്ചിയുടെ സംസാരത്തീന്ന്തന്നെ എനിക്ക് മനസിലായി.

അപ്പോപ്പിന്നെ കോയട്ടി എവിടെപ്പോയി...??

ഉത്തരം കിട്ടാത്ത കുറേ ചോദ്യങ്ങളുമായാണ് പിറ്റേ ദിവസം ഞാൻ എന്റെ ജോലി സ്ഥലമായ മുളങ്കുന്നത്തുകാവിലേക്ക് തിരിച്ചു പോയത്.

ഏറ്റവും ഒടുവിലായി അഞ്ചു മാസം മുൻപാണ് എനിക്ക് പാത്തേയിയെ വീണ്ടും കാണാൻ അവസരം ഉണ്ടായത്.

മനസ്സിനെ വല്ലാതെ നീറ്റിയ ഒരു

കൂടിക്കാഴ്ചയായിരുന്നു അത്.

നാട്ടിൽ പോകണമെന്ന ആഗ്രഹം കലശലായി തോന്നിയപ്പോഴാണ് രണ്ടു ദിവസത്തെ ലീവ് എടുത്ത് ഞാൻ വേങ്ങേരിയിൽ എത്തിയത്.

ഉമ്മച്ചിയോട് പലതും സംസാരിച്ചിരിക്കുന്നതിനിടയിലാണ് പാത്തേയിയെകുറിച്ചുള്ള സംസാരവും കടന്നുവന്നത്.

ഏതാണ്ട് ഒന്നര വർഷമായി ഒരു ഭാഗം പൂർണമായും തളർന്ന പാത്തേയി കിടപ്പിലാണത്രേ.

ഞാനെങ്ങിനെയാണ് ആ വാർത്തയെ ഉൾക്കൊണ്ടതെന്ന് എനിക്ക് തന്നെ അറിയില്ലായിരുന്നു.

അങ്ങനെയൊരു നിസ്സഹായാവസ്ഥയിൽ പാത്തേയിയെ കാണാനുള്ള ധൈര്യം മനസ്സിന് ഉണ്ടായിരുന്നില്ലെങ്കിലും പാത്തേയിയെ കാണാനായി ഞാൻ എത്രയും പെട്ടെന്ന് അവിടുന്ന് ഇറങ്ങി. എന്റെ ആശ്വാസവാക്കുകളെല്ലാം പാത്തേയിയുടെ മുൻപിൽ പാഴ്ശ്രമങ്ങളാകുമെന്ന് എനിക്ക് നന്നായി അറിയാമായിരുന്നു. ആ യാത്രയിലുടനീളം എന്റെ മനസ്സ് പാത്തേയിയുടെ ലോകത്ത് ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു.

പാത്തേയിയെ ഏത് അവസ്ഥയിലായിരിക്കും ഞാൻ കാണുക ?

അവരെ നോക്കാൻ ആരും ഉണ്ടാകില്ലേ? ശരിയായ മരുന്നും ചികിത്സയും പാത്തേയിക്ക് കിട്ടുന്നുണ്ടായിരിക്കുമോ? എന്റെ ചിന്തകൾ കാടുകയറിത്തുടങ്ങി. വളരെ പതുക്കെ എന്നാൽ വർദ്ധിച്ച മനഃപ്രയാസത്തോടെയാണ് ഞാനവരുടെ കോലായിലേക്ക് കയറിയത്, കതക് ചാരിയ നിലയിലായിരുന്നു.

വളരെ പതുക്കെയാണ് ഞാൻ വാതിലിൽ കൊട്ടിയത്. എന്നാൽ അകത്തുനിന്ന് ഒരു പ്രതികരണവും കേൾക്കുന്നുണ്ടായിരുന്നില്ല.

പ്രതികരണമൊന്നും കേൾക്കാതായപ്പോൾ ഞാൻ പതുക്കെ വാതിൽ തള്ളിത്തുറന്ന് പാത്തേയിയുടെ വീടിനകത്തേയ്ക്ക് കയറി.

പതിവില്ലാത്ത വിധം മനോഹരമായി വൃത്തിയോടെ സൂക്ഷിച്ചിരുന്നു പാത്തേയിയുടെ ആ കുഞ്ഞു വീട്.

ആരായിരിക്കാം ഈ വീട് ഇത്ര ഭംഗിയോടെ കാക്കുന്നത് ?!

ഞാൻ അതിശയപ്പെട്ടു.

വളരെ ചെറുതാണെങ്കിലും ചുവന്ന കാവിയിൽ തിളങ്ങുന്ന ആ നടുമുറിയിൽ തൈലത്തിന്റെയും കുഴമ്പിന്റെയും കനത്ത മണം നിറഞ്ഞു നിന്നിരുന്നു.

അടുക്കളയ്ക്കടുത്ത് സാരി കൊണ്ട് വാതിൽകർട്ടനിട്ട ഒരു ചെറിയ മുറിയുണ്ട്. അവിടെയാണ് പാത്തേയി കിടക്കുന്നതെന്ന് എനിക്ക് പെട്ടെന്ന് മനസ്സിലായി.

നിറഞ്ഞ കണ്ണുകളോടെയാണ് ഞാൻ ആ മുറിയിലേക്ക് കയറിയത്. ആ മുറിയിലേക്ക് കാലെ ടുത്തു വെയ്ക്കുമ്പോൾ എന്റെ മുഖത്ത് ഒരിക്കലും സങ്കടഭാവം പടരാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഒരുഭാഗം മുഴുവനായും തളർന്നു പോയ ഒരവസ്ഥയിൽ പാത്തേയിയെ കണ്ടാൽ ആ നിമിഷം എനിക്ക് എന്നെത്തന്നെ നഷ്ടപ്പെട്ടുപോകുമോയെന്ന് ഞാൻ പേടിച്ചു പോയി.

ഇല്ലാത്ത ഒരു ചിരി എടുത്ത് മുഖത്തണിഞ്ഞാണ് ഞാൻ പാത്തേയിക്ക് മുൻപിൽ പ്രത്യക്ഷപ്പെട്ടത്.

എന്നാൽ അവിടെ അന്ന് കണ്ട ആ കാഴ്ചയിൽ ഞാൻ പൊട്ടിക്കരഞ്ഞു പോയി. സന്തോഷമായിരുന്നോ സങ്കടമായിരുന്നോ എന്നെ കരയിച്ചതെന്ന് എനിക്കുതന്നെ തിരിച്ചറിയാനാവാത്ത ഒരു അവസ്ഥ.

എന്റെ ചോദ്യങ്ങൾക്കെല്ലാമുള്ള ഒരു വലിയ ഉത്തരമായിരുന്നല്ലോ പാത്തേയി എക്കാലവും... ചോദ്യങ്ങളോ ഉത്തരങ്ങളോ ഇല്ലാത്ത ഒരു പ്രത്യേക ഭാഷയാൽ പാത്തേയി എന്നെ വീണ്ടും വീണ്ടും കുട്ടിക്കെട്ടിക്കൊണ്ടേയിരിക്കുന്നു.

അവിടെ ഒരു ചെറിയ പലക കട്ടിലിൽ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ പാത്തേയി കിടക്കുകയാണ്, കോയട്ടിയുടെ മടിയിൽ !!

പാത്തേയിയെ തന്റെ ഇടത്തേ കൈകൊണ്ട് താങ്ങിപ്പിടിച്ചിരിക്കുകയായിരുന്നു കോയട്ടി. മറ്റേ കൈകൊണ്ട് അയാൾ തന്റെ മുൻപിൽ വെച്ചിരിക്കുന്ന പാത്രത്തിലെ റാഗിക്കഞ്ഞി കോരി പാത്തേയിയുടെ വായിൽ പതുക്കെ ഒഴിച്ചുകൊടുക്കുകയാണ്.

ഇടക്കിടെ ഒരു ത്തുവാല കൊണ്ട് കോയട്ടി പാത്തേയിയുടെ ചുണ്ടുകളിലും കവിളുകളിലുമെല്ലാം ഒപ്പുന്നുണ്ട്.

കയ്യില്ലാത്ത ഒരു വെളുത്ത ബനിയനും കാവിമുണ്ടുമായിരുന്നു കോയട്ടിയുടെ വേഷം. അയാളുടെ മുണ്ടിലാകെ അവിടവിടെയായി തൈലവും എണ്ണയും പുരണ്ടിട്ടുണ്ട്.

അയാളുടെ നരച്ച താടിയിലും കണ്ണുകളിലും വല്ലാത്ത ഒരു തരം പ്രകാശം ഓളം വെട്ടുന്നത് പോലെ !

"ഇയാളാണോ റൂമി വായനകളിലെ ഷംസ് തബ്രീസെന്ന പ്രണയ സൂര്യൻ ?! "

ഞാനൽഭുതത്തോടെ കോയട്ടിയെ നോക്കിക്കൊണ്ടിരുന്നു.. എന്റെ കണ്ണുകളിൽ നിന്ന് കണ്ണീർ ചാലിട്ടൊഴുക്കുകയായിരുന്നു അപ്പോൾ.

പാത്തേയിക്ക് ജീവിതത്തിൽ ഏറ്റവും ആവശ്യം എന്ന് തോന്നിയ സമയത്തു തന്നെ കോയട്ടി എത്തിയിരിക്കുന്നു.

പാത്തേയിയുടെ കവിൾത്തടങ്ങളിലെ സ്ഥിരസാന്നിദ്ധ്യമായിരുന്ന കണ്ണീർ ചാലുകൾ അന്നാദ്യമായി ഗതിമാറി എന്റെ കവിളുകളിലൂടെ ഒഴുകിക്കൊണ്ടിരുന്നത് ഞാനറിഞ്ഞു. കണ്ണീർ അപ്രത്യക്ഷമായപ്പോൾ പാത്തേയിയിൽ ഇപ്പോൾ ബാക്കിയാകുന്നത് ജീവിതത്തോടുള്ള അടക്കാനാവാത്ത കൊതിയും പ്രത്യാശയും മാത്രമാണ്. അവയെ ആർക്കുംതന്നെ വിട്ടുകൊടുക്കാതെ പാത്തേയി എന്നെ നോക്കി കണ്ണിറുക്കി ചിരിച്ചുകൊണ്ടിരുന്നു..

ചോദ്യങ്ങളോ ഉത്തരങ്ങളോ ഇല്ലാത്ത പ്രണയഭാഷയിൽ.

# പാണ്ഡവപുരം
## സമകാലിക വായന

**ഡോ: എസ്. ശ്രീകുമാരി**
പ്രൊവിഡൻസ് വിമൺസ്
കോളേജ്, കോഴിക്കോട്



ജീവിതത്തിന്റെ ബാഹ്യതലങ്ങളിൽ നിന്നും ഉള്ളറയുടെ അജ്ഞേയ ഭാവങ്ങൾക്ക് ആസ്വാദ്യതയുടെ തീവ്രത പകർന്ന എഴുത്തുകാരനാണ് സേതു. അതായത്, വർണ്ണവൈവിധ്യമാർന്ന ബാഹ്യകാഴ്ചകളിൽ നിന്ന് മനസ്സിന്റെ ഭ്രമാത്മകമായ ആന്തരികഗർത്തങ്ങളിലേക്ക് ചിന്തകളെ വ്യാപരിപ്പിച്ച് സാങ്കല്പികമായിട്ട് മാത്രമാണെങ്കിലും ഇഷ്ടജനസംഗമവും ഇഷ്ടസിദ്ധികളും നുകരാൻ മനുഷ്യനെ പ്രാപ്തമാക്കിയ സേതുവെന്ന എഴുത്തുകാരന്റെ ശ്രദ്ധേയമായ രചനയാണ്, പാണ്ഡവപുരം ഓർമ്മയുടെ വാക്കുകൾക്ക് പ്രാണവായുവിനെക്കാൾ മഹത്വം കല്പിക്കുന്ന കരുത്തരായ പാണ്ഡുപുത്രന്മാരുടെ സ്മരണയിൽ ജാരന്മാരുടെ ഇടയിൽ ഇഷ്ടകാമുകനെ കണ്ടെത്തി തന്റെ വിരൽത്തുമ്പിൽ നിർത്തി അയാള ചലിപ്പിക്കാൻ, സ്വപ്നം കാണാൻ പ്രാപ്തി നേടിയ സാങ്കല്പിക ലോകമാണ് പാണ്ഡവപുരം നൽകുന്ന വായനാനുഭവം. യാഥാർത്ഥ്യത്തിന്റെ കണിക

പോലും ഏശാത്ത സുന്ദരസ്വപ്ന രാജ്യം. നിലനിൽപ് സ്വപ്നസമാനമാണെങ്കിൽ പിന്നെ അതിന് ആധാരമാകുന്ന ജൈവഘടകങ്ങളും ഇഷ്ട സങ്കല്പങ്ങളുടെ കാമനകളെ പൂരിപ്പിക്കാതെ വയ്യല്ലോ. കുന്നിൻ മുകളിലെ ദേവീ പ്രതിഷ്ഠപോലെ സിന്ദൂരതിലകത്തിന്റെ അരുണാഭയിൽ ജ്വലിക്കുന്ന ദേവിയെയാണ് സേതു അവതരിപ്പിക്കുന്നത്. ആണായിപിറന്നവരാരും കാമുകിയാക്കാൻ കൊതിച്ച ദേവിയുടെ ജീവിതത്തിലെ ശാപമായിരുന്ന ഭർത്താവ് കുഞ്ഞിക്കുട്ടൻ. കുടുംബജീവിതത്തിന്റെ ഭാരം പേറാൻ കഴിവില്ലാത്ത കുഞ്ഞിക്കുട്ടൻ തന്റെ കഴിവുകേടുകളെ മറച്ചുവെച്ച്, ഭാര്യയുടെ സൗന്ദര്യം അപകടകരമാണെന്നും പാണ്ഡവപുരത്തെ ജാരൻമാർ അവളെ ഉറിച്ചു നോക്കുന്നു എന്ന് ആരോപിച്ചും അവളെ ഉപേക്ഷിക്കുന്നു. തന്റെ വ്യാകുലതകൾ തുറന്നുപറയാൻ പോലുമുള്ള പ്രാപ്തി അയാൾക്കില്ല. ആരോടും പറയാതെ ഒരു ദിവസം അയാൾ അപ്രത്യക്ഷനാകുന്നു. പ്രായമായ അമ്മയുടെയും വിവാഹപ്രായമെത്തിയ സഹോദരിയുടെയും തന്റെ ബീജത്തെ ഉദരത്തിൽ പേറുന്ന ഭാര്യയുടെയും സുരക്ഷ ആരുടെ കരങ്ങളിൽ ഏൽപിച്ചാണ് കുഞ്ഞിക്കുട്ടൻ നാട്ടുവിട്ടത്? തന്റെ സാന്നിധ്യത്തിൽ ജാരന്മാർ തന്റെ ഭാര്യയെ ആരാധിക്കുന്നെങ്കിൽ തന്റെ അസാന്നിധ്യത്തിൽ എന്തായിരിക്കും സംഭവിക്കുക എന്ന് അയാൾ ചിന്തിച്ചോ?

ഇന്നലെ രാത്രിയിൽ പതിവുള്ള മറ്റൊരു പേടി സ്വപ്നത്തിനുവേണ്ടി കാത്തുകിടക്കെ അപൂർവമായ ചില ഓർമകളുടെ നിറപ്പകിട്ടുള്ള കുപ്പിച്ചില്ലുകൾ ചിതറികൊണ്ട് പാണ്ഡവപുരം തന്റെ മനസ്സിലേയ്ക്ക് കടന്നുവന്നു. അഭയാർത്ഥികോളനിയിലെ ദേവാലയത്തിലെ പ്രാർത്ഥനാമുറിയിലെ ഏഴുനിറങ്ങളിലുള്ള കണ്ണാടിക്ഷണങ്ങൾ പതിച്ചുവെച്ച ശരറാന്തൽ വീണ്ടണഞ്ഞിരിക്കണം. ആദ്യം കണ്ടത്, ചുവന്ന തറയോടുകൾ പതിച്ച മഞ്ഞച്ചായമടിച്ച മരതകത്തിന്റെ മേൽക്കൂരകളുള്ള കുറെ കൊച്ചുകൊച്ചുവീടുകളാണ്. പിന്നെ പുറകിലായി അച്ചിൽ വാർ




ത്തിട്ട മഞ്ഞനിറമുള്ള കെട്ടിടങ്ങളും. കോളനിയ്ക്കാകെ ഒരു മഞ്ഞനിറമായിരുന്നു. ഫാക്ടറിയിലെ നീണ്ട പുകക്കുഴലുകൾ തുപ്പുന്ന വിഷവാതകം ശ്വസിച്ച് പഴുത്ത മുഖമുള്ള മനുഷ്യർ. ഫാക്ടറിയെ കോളനിയുമായി ബന്ധിപ്പിക്കുന്ന കറുത്ത നിരത്തിന്റെ വക്കത്ത് മഞ്ഞവെളിച്ചം തുപ്പുന്ന വിളക്കുകാലുകൾ. എന്നിങ്ങനെ മഞ്ഞയും പച്ചയും മരതകവും വെളിച്ചവും നിറപ്പകിട്ടുള്ള കുപ്പിച്ചില്ലുകളും തിളങ്ങുന്ന കണ്ണാടികഷണങ്ങളും ചേർന്നൊരുക്കുന്ന പുകയുടെ കാളിമയിൽ അവ്യക്തവർണ്ണങ്ങളുടെ ഓർമ്മകളിലേക്ക് ദേവി നമ്മെ ക്ഷണിക്കുന്നത്.

സ്വപ്നത്തിനു മാത്രമല്ല വർണ്ണവൈവിധ്യം. ശ്രീകോവിലിൽ ആരാധിക്കുന്ന ദേവിക്കും ദേവിയെ ധ്യാനിക്കുന്ന സ്ത്രീകൾക്കും പാണ്ഡവപുരത്തെ സുമംഗലികൾക്കും വശ്യതയുടെ സിന്ദൂരവർണ്ണമാണ്. കാച്ചിയ എണ്ണയുടെ മണമുള്ള കേശഭാരവും തടിച്ച ജഘനവും ഉയർന്ന മാറും തിങ്കൾ തോൽക്കുന്ന മുഖകാന്തിയും തറവാടിത്തവും മൂളിശൃംഗാരവുമായി കുളക്കടവും ക്ഷേത്രദർശനവുമായി ദിനചര്യ കഴിക്കുന്ന തറവാടിത്തത്തിന്റെ പൊയ്മുഖമണിഞ്ഞവളുമല്ല സേതുവിന്റെ നായികമാർ. മറിച്ച്, ജീവിതത്തിന്റെ ഗതിവിഗതികളെക്കുറിച്ച് കൃത്യമായ ധാരണ ഉള്ളവരാണവർ.


പരാശ്രയത്വം അടിമത്വമാണെന്നും ഏത് പ്രതികൂല സാഹചര്യത്തെയും അതിജീവിച്ചുകൊണ്ട് കടമയും ഉത്തരവാദിത്വവും പുലർത്തുന്നവൾ, കുടുംബനാഥൻ അനാഥമാക്കിപ്പോയ അഗതികളെ തികഞ്ഞ കർത്തവ്യബോധത്തോടെ പോറ്റുന്നവൾ, സ്വന്തം ലൈംഗിക കമാനകളെ നിഗൂഢമാക്കുന്നവൾ സംരക്ഷകന്റെ ഭാവത്തിൽ അടുത്തുകൂടി സ്ത്രീശരീരത്തിൽ മോഹവലയം സൃഷ്ടിക്കുന്ന കാരണവൻമാരെ ആട്ടിപ്പുറത്താക്കാൻ കെൽപ്പുള്ളവൾ, തന്റെ മനോഗതങ്ങളെ പങ്കുവെയ്ക്കാൻ മനസ്സിനിണങ്ങിയവനെ സ്വമേധയാവരിക്കാൻ പ്രാപ്തിയുള്ളവൾ ആഢ്യത്വത്തിന്റെ മാറാപ്പണിഞ്ഞ് പൊയ്പ്പോയ തറവാടിത്തത്തിന്റെ കാവലാളായ പ്രമാണിമാരെ പ്രാപിക്കാതെ മറ്റുള്ളവരാൽ വെറുക്കപ്പെടുന്ന ജാരനിൽ മാന്യതയുടെയും മനുഷ്യത്വത്തിന്റെയും മഹത്വം കാണുന്നവൾ, പാരമ്പര്യ സദാചാരമൂല്യങ്ങളെയും ചിന്തകളെയും നിരാകരിക്കുന്നവൾ, ഭർത്താവിനെ ദൈവമായി കാണാതെ അയാളുടെ പ്രവൃത്തികളിലെ ശരിതെറ്റുകൾ വിചാരണ ചെയ്യുന്നവൾ. നേരിന്റെ നൈർമല്യം തൊട്ടറിഞ്ഞ യഥാർത്ഥ ജീവിത ചരിത്രത്തിന്റെ നേർക്കാഴ്ചകളെ വിവേകപൂർവം എടുത്തുകാണിക്കുന്ന ദേവിക്ക് സമകാലികതയുടെ ഏതൊക്കെ പരിവേഷങ്ങളാണ് ചേരാത്തത്? ശാക്തീകരിക്കപ്പെട്ട പെൺവ്യക്തിത്വത്തിന്റെ മാതൃകയാണവൾ അനലംകൃതമായ പച്ചയായ മനുഷ്യയാണവൾ

തൊള്ളായിരത്തി എഴുപതുകളുടെ രണ്ടാം പകുതിയിലെ എഴുത്തുകാർ മലയാള വായനക്കാരെ നയിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തമായൊരു ലോകത്തിലേയ്ക്കാണ് സേതു വായനക്കാരെ കൂട്ടികൊണ്ടുപോകുന്നത്. അവാസ്തവികമാണെങ്കിലും ഒരു സ്ത്രീയുടെ പക്ഷത്തു നിന്നും ചിന്തിക്കുമ്പോൾ എഴുത്തുകാരന്റെ മനസ്സിൽ ഉരുവം പ്രാപിക്കുന്ന ചിന്തകളുടെ വർണ്ണചിത്രങ്ങളാണല്ലോ അയാൾ ജന്മം നൽകുന്ന കഥാപാത്രങ്ങൾക്കുള്ളത് അഥവാ എഴുത്തുകാരന്റെ കാഴ്ചപ്പാടാണ് അയാളുടെ കഥാ

പാത്രങ്ങളുടെ ഭാവഹാവങ്ങളെ പരിണയിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ പാരമ്പര്യത്തിന്റെയും ഉത്തരാധുനികതയുടെയും മേച്ചിൽ പുറങ്ങളിൽ വിലയം പ്രാപിക്കാതെ വ്യത്യസ്തമായൊരു ലോകം സേതു എന്ന എഴുത്തുകാരൻ സ്വയം സൃഷ്ടിച്ചെടുക്കുകയായിരുന്നു. അത് അനശ്വരമെന്നോ വിശ്വാസമെന്നോ വാഴ്ത്തപ്പെടാനുള്ളതല്ല. തന്റേടമുള്ള പെൺവ്യക്തിത്വങ്ങൾ വളർന്നു വരേണ്ടത് സമകാലിക സമൂഹത്തിന്റെ ആവശ്യമാണ്. ആഗോളീകരിക്കപ്പെട്ട ജീവിത ചുറ്റുപാടിൽ ഒരു ഉപഭോഗവസ്തുവിന്റെ മൂല്യച്യുതിയിലേക്ക് സ്ത്രീ അധഃപതിച്ചുപോകാതിരിക്കാനുള്ള ഒരു ഉദ്ബോധനമായി സേതുവിന്റെ സ്ത്രീകഥാപാത്രങ്ങളെ പ്രത്യേകിച്ച് പാണ്ഡവപുരത്തിലെ ദേവിയെ വായിക്കുന്നതിൽ തെറ്റില്ല.

### സ്ത്രീസ്വത്വവും ദേവിയെന്ന കഥാപാത്രവും

രൂപവും ഭാവവും ജീവനും ജീവിതവും ഇല്ലാത്ത ഒരു സഹജീവിയെന്ന് വിലമതിക്കാത്ത ഏതോ ആകൃതിയും രൂപവുമുള്ള ഭൂമുഖത്തെ അനേക ലക്ഷം ജീവിവർഗ്ഗങ്ങളിലൊന്നുമാത്രമാണ് സ്ത്രീ. അവൾ ജന്മം നൽകുന്ന പുരുഷനോ? കുറ്റമറ്റവനും സർവഗുണസമ്പന്നനും അവകാശാധികാരങ്ങൾ കയ്യാളാൻ പോന്നവനും. മൺമറഞ്ഞ നൂറ്റാണ്ടുകളിലെവിടെയോ തഴുകിത്തലോടി പോന്ന പുരുഷാധിപത്യവ്യവസ്ഥയുടെ കീറച്ചേലയിലെ വിഴുപ്പലക്കുന്ന ധാരണകൾ മാത്രമാണെന്ന വ്യക്തമായ അഭിപ്രായവും ധിഷണയും വ്യക്തിത്വവും ഉത്തരവാദിത്തബോധത്തോടെതാൻ ഏറ്റെടുത്ത കടമകൾ നിറവേറ്റുന്നതുമാണ് സ്ത്രീയെന്ന സ്ഥിതിയിലേക്ക് സമൂഹം പരിവർത്തനപ്പെട്ടത് മനസ്സിലാക്കാതെ, സ്വന്തം വ്യക്തി താൽപര്യങ്ങൾക്കു വേണ്ടി സമുദായ മര്യാദയുടെയും അച്ഛനമ്മമാരുടെയും പ്രേരണ എന്ന ന്യായവാദത്തിന്റെയും അടിസ്ഥാനത്തിൽ ഉദ്യോഗവും, സൗന്ദര്യവും ഉൽപതിഷ്ണുത്വവുമുള്ള സ്ത്രീയെ വിവാഹം കഴിച്ച് കുടുംബം പോറ്റാൻ ഗതിയില്ലാതെ വരുമ്പോൾ ഭാര്യയുടെ സദാചാരത്തെ പഴിച്ചുകൊണ്ട് നിഷ്കാസിതരാകുന്ന പുരുഷന്മാർ സമൂഹത്തിലെവിടെയും ഏതു കാലത്തും ദൃശ്യമാണ്. അതിലൊരു കണ്ണിയാണ് കുഞ്ഞിക്കുട്ടനും. എന്നാൽ അതിനപ്പുറത്ത്, കുലീനത പെറ്റുവളർത്തിയ കുടുംബത്തിലെ അംഗമാണവളും. അവൾക്ക് തന്റെ ഭർത്താവ് ഒരമാനുഷികനല്ല. തന്റെ പരിഭവങ്ങളും പരാതികളും പങ്കിടാനുള്ള ഒരു പച്ചയായ മനുഷ്യനാണ്. തന്റെ ഉള്ളിലെ പകയാകാം താൻ ദർശിച്ച കാമുകന് ജാരന്റെ രൂപം നൽകാൻ ദേവിയെ പ്രേരിപ്പിച്ചത്. പക്ഷേ അയാളെ തന്റെ വരുതിയ്ക്ക് നിർത്തി തന്നെ മാത്രം അനുസരിക്കുന്ന ഒരടിമയാക്കാനുള്ള പ്രേരണയാണ് അനന്തമായ കാത്തിരിപ്പിലേക്ക് ദേവിയെ നയിച്ചത്. മാനസിക സ്വസ്ഥത നഷ്ടപ്പെട്ടവനെയാണ് സ്വപ്നം വേട്ടയാടുന്നത്.. സ്വപ്നത്തിൽ താൻ നട്ടുവളർത്തുന്ന ആദർശങ്ങൾക്കും മോഹങ്ങൾക്കും നിർവികാരമായി അനന്തമായി നീളുന്ന റെയിൽ പാളങ്ങളെപ്പോലുള്ള ദൈർഘ്യം. ഭൂമിയിൽ ജീവിച്ചിരിക്കുന്ന ആർക്കും പറയാം.'പാണ്ഡവപുരം' എന്നൊരു സ്ഥലനാമം ഇല്ലെന്ന് പക്ഷേ ഹൃദയത്തിൽ നട്ടുവളർത്തി ലാളിച്ച സ്വപ്നങ്ങൾക്ക് ഒരു യാഥാർത്ഥ്യത്തിന്റെ ശക്തിയും ഊർജ്ജവും ഉള്ളവയാണെന്ന് ദേവിക്ക് മാത്രമേ അറിയൂ. മറ്റുള്ളവരുടെ നേട്ടങ്ങളും ഉദേശങ്ങളും സഹിച്ച് ഒരു ജാള്യതയുമില്ലാതെ റെയിൽവെസ്റ്റേഷനിലെ ഒരു സ്ഥിരം സന്ദർശകയായി ദേവി മാറിയത് കേവലം മനോവിശകലനത്തിന്റെ തലത്തിൽ നിന്നും മാത്രം കാണേണ്ടുന്ന ഒന്നല്ല. തന്നോട് ഒരു വാക്കുപോലും പറയാതെ നാടുവിട്ടു പോയ ഭർത്താവ് എന്നെങ്കിലുമൊരിക്കൽ തന്നെത്തേടിവരും എന്ന് അതിയായി ആഗ്രഹിക്കുന്നവൾ. ആ പ്രതീക്ഷയ്ക്ക് ചുറ്റിലും വെറുപ്പിന്റെ രൂപത്തിൽ പതിച്ചനോട്ടങ്ങൾ കാവലാളായപ്പോൾ താൻ കാത്തിരുന്ന പുരുഷന് സ്ത്രീയെ വഞ്ചിക്കുന്ന ജാരന്റെ ഭാവപ്പകർച്ച ആവാഹിക്കപ്പെട്ടതിൽ തികഞ്ഞ ഔചിത്യമുണ്ട്. മാത്രമല്ല, അരോഗദൃഢഗാത്ര



നം ഏത് വെല്ലുവിളിയും നേരിടാൻ പോന്നവനും സ്ത്രീയെ അംഗീകരിക്കുന്നവ്യം ആയിരിക്കും ആയാൾ. ദേവി എന്ന കഥാപാത്രത്തിന് ആ നാട്ടുകാരുടെ ഇഷ്ടമൂർത്തിയായ സാക്ഷാൽ ദുർഗ്ഗയോടാണ് സാദൃശ്യം കല്പിച്ചിരിക്കുന്നത്. തിന്മയ്ക്ക് നേരെ നന്മവരിക്കുന്ന അജയ്യശക്തിയുടെ പ്രതീകം. അതായത്, നാം നാട്ടിൽ കണ്ടുശീലിച്ച ശരികൾക്കപ്പുറത്തുള്ള ശരിയാണ് നോവലിസ്റ്റ് ദേവിക്ക് നൽകുന്നത് എന്നർത്ഥം.

സമസ്ത അധികാര ചിഹ്നങ്ങളെയും നിരാകരിക്കുന്ന സമഗ്രമായ ഒരു ജനാധിപത്യ സമത്വത്തെക്കുറിച്ചുള്ള സ്വതന്ത്രവാദമാണല്ലോ 'ഫെമിനിസം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അധികാര ചിഹ്നങ്ങളെ നിരാകരിക്കുന്ന ഒരു കാഴ്ചപ്പാടാണ് സ്ത്രീയും മുന്നോട്ടു വെയ്ക്കുന്നത് എന്ന് പറയുന്നതിന്റെ അടിസ്ഥാനം എന്താണ്? അതായത്, നവോത്ഥാനത്തെ തുടർന്ന്, നൂറ്റാണ്ടുകളായുള്ള അടിച്ചമർത്തലുകളിൽ നിന്ന് ഉയിർകൊണ്ട പൗരബോധമാണ് മറ്റുപല വാദഗതികളെയുംപോലെ ഫെമിനിസ്റ്റ് സിദ്ധാന്തത്തിനും അടിസ്ഥാനം എന്താണ്? അണിഞ്ഞിരുന്ന ആഭരണത്തിന്റെയും ധരിച്ചിരിക്കുന്ന വസ്ത്രത്തിന്റെയും അടിസ്ഥാനത്തിലല്ല മേൽവസ്ത്രം മാറ്റി കീഴാള അടിമത്തം പ്രകടിപ്പിച്ചും പാതയോരങ്ങളിലെ പൊന്തക്കാടുകളിൽ മറഞ്ഞിരുന്ന'തിരുദർശന'ങ്ങളിൽ നിന്നും മുക്തി നേടിയും അല്ല സ്ത്രീയുടെ ജാതി-മത-വർഗ്ഗ നിർണയം നടത്തേണ്ടതെന്ന് അവൾ തിരിച്ചറിഞ്ഞു. പാഠശാലാവിദ്യാഭ്യാസത്തിലൂടെയും മറ്റു പൊതുഇടങ്ങളിൽനിന്നും വിജ്ഞാനത്തിന്റെ ഇതരമണ്ഡലങ്ങളിലൂടെയും മുന്നേറിയ സ്ത്രീ അധികാരചിഹ്നങ്ങളെയും പുരുഷ മേൽകോയ്മകളെയും തിരിച്ചറിഞ്ഞ്, പ്രതിഷേധിക്കാനും പ്രതിരോധിക്കാനും കരുത്തു നേടി. അവഗണിക്കപ്പെടുന്നവളുടെ ധാർമ്മിക ശക്തിയായി പ്രവർത്തിക്കുക എന്ന നിലപാടിൽ നിന്നാണ് ഫെമിനിസ്റ്റ് ആക്ടിവിസം ശക്തി പ്രാപിക്കുന്നത്. അത്തരം പ്രവർത്തനങ്ങളുടെ സർഗ്ഗാത്മകശക്തിയാണ്



'പാണ്ഡവപുരം' മലയാള ചലച്ചിത്രത്തിൽ നിന്നും

സ്ത്രീപക്ഷ രചനകൾ. സ്ത്രീയ്ക്കെതിരെ ഉയർന്നുവരുന്ന അതിക്രമങ്ങളെ ചെറുക്കാനുള്ള പൊതുബോധം രൂപപ്പെട്ടത് ഇത്തരം ശാക്തീകരണ കൂട്ടായ്മയുടെയും ഫലമാണ്.

സ്വാതന്ത്ര്യത്തിൽ വന്നുവീഴുന്ന വിലങ്ങുകൾ എത്രയോ ആണ്. വണ്ടിയാപ്പീസിൽ വന്നു കാത്തിരിക്കുവാൻ പാടില്ല. കാത്തുകാത്തിരുന്ന് വന്നുകയറുന്ന അതിഥിയെ വീട്ടിൽ താമസിപ്പിക്കാൻ പാടില്ല. ആരാണിതൊക്കെ നിശ്ചയിക്കുന്നത്. തന്റെ കൈകാലുകളിൽ കുച്ചുവിലങ്ങിടാൻ ആർക്കാണ് അധികാരം? എന്ന് ദേവി ചോദിക്കുന്നത് വളരെ പ്രസക്തമാണല്ലോ. ഓരോരുത്തനെ ആയി ഞാൻ ആവാഹിച്ച് വരുത്തും. ആവരുടെ വിഷപ്പല്ലുകൾ പറിച്ച് രാവുക്ക് രാവ് ആരുമറിയാതെ കെട്ടുകെട്ടിക്കും (ജ.112) എന്ന തീരുമാനത്തിലേയ്ക്ക് അവളെ നയിക്കുന്നതിന്റെ അടിസ്ഥാനവും മറ്റൊന്നല്ലല്ലോ. അടുത്തു കൂടി പ്രണയം നടിച്ച് പ്രലോഭിപ്പിച്ച് അവളെ ഉപയോഗിച്ചശേഷം സുഹൃത്തുക്കൾക്കും മറ്റ് പെൺവാണിഭക്കാർക്കും കാഴ്ചവെച്ച് അതിൽ ഊറ്റം കൊള്ളുന്ന പുരുഷനോട് സ്ത്രീക്ക് മറ്റെന്തു പ്രതികാരമാണ് ചെയ്യാനാകുക. തന്റെ വലയിൽ വീഴുന്നവനെ തന്റെ ചൊൽപടിക്ക് നിർത്തി വളർത്തു നായയെപോലെ കൊണ്ടുനടക്കാം എന്ന് ആശിക്കാം. ഈ നോവൽ

എഴുതപ്പെടുന്നത് 1970 കളിലാണ്. അന്ന് സ്ത്രീപീഡനം ഒരു പബ്ലിക് ഒഫൻസ് എന്നപോലെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നില്ല. പക്ഷേ എഴുത്തുകാരനിലെ പ്രതിബദ്ധതയാണ് ഈ നോവലിന്റെ ആനുകാലികത. അതാണ് ഈ നോവലിനെ വേർതിരിക്കുന്ന ഘടകം. ഇന്ന് ഈ നോവൽ വീണ്ടും വായിക്കപ്പെടുമ്പോൾ ദേവിയെപ്പോലെ ഓരോ വായനക്കാരനും ചിന്തിക്കും- വരും വരാതിരിക്കില്ല. ഇന്നല്ലെങ്കിൽ നാളെ അല്ലെങ്കിൽ മറ്റെന്നാൾ ഓരോ ജാരനേയും കൈകാര്യം ചെയ്യ് സ്ത്രീക്ക് രക്ഷനേടാനുള്ള ഒരു ദിനം അതിവിദൂരതയിലല്ലാതെ ഉണ്ടാകും. ഒരു സാങ്കല്പിക ദേശത്ത് ഒരു സ്ത്രീയുടെ സ്വപ്നത്തിൽ ദർശിക്കുന്ന വൈകാരിക സംഘർഷം പ്രതിഷേധമായി പടരുന്നു. അത്തരം വികാരങ്ങളെ സാമൂഹിക പ്രതിഭാസങ്ങളുടെ സ്വാഭാവിക പരിണതിയിലേക്ക് കഥാകൃത്ത് വായനക്കാരനെ എത്തിക്കുന്നിടത്താണ് പാണ്ഡവപുരം വേറിട്ടു നിൽക്കുന്നത്.

### ഫാന്റസി നൽകുന്ന പുത്തൻ വായനാനുഭവം

ആഗ്രഹമോ ഭയമോ വെറുപ്പോ സൃഷ്ടിക്കുന്ന സംഭവങ്ങൾ ഉപബോധമനസ്സിൽ ഇടം പിടിക്കുമ്പോൾ പുനർജനിക്കപ്പെടുന്ന അനുഭൂതികൾ സ്വപ്നാടനത്തിന്റെയോ മിത്തുകളിൽ ഉപജീവിക്കുന്നതോ



നോവലിനെ അടിസ്ഥാനമാക്കിയ ഹിന്ദി ചലച്ചിത്രം 'നിരാകാർ ഛായ'വിൽ നിന്നും

വൈയക്തികത്തിയിൽ വിലയം പ്രാപിക്കുന്നതോ ആകാം. തികച്ചും അസാധാരണമായ മാനസികാവസ്ഥയിലാണ് ഇത്തരം മനോനില സൃഷ്ടിക്കപ്പെടുന്നത്. അതുകൊണ്ട് ഇവയ്ക്ക് ശക്തമായ യാഥാർത്ഥ്യത്തിന്റെ തലമാണുള്ളത്. യാഥാർത്ഥ്യത്തിൽ നിന്നും തികച്ചും അകന്നു നിൽക്കുന്നഇത്തരം ബിംബങ്ങൾ അത്ഭുതം ജനിപ്പിക്കുന്നതാണ്. നാടോടിക്കഥ മുതൽ അത്യന്താധുനിക സാഹിത്യവുമായി ആവിഷ്കാര തലങ്ങളിൽ ഫാന്റസിക്ക് പ്രസക്തി ലഭിക്കുന്നതിനുള്ള കാരണവും ഈ അതിശയഭാവമാണ്. സാഹിത്യത്തിനപ്പുറത്ത് സമകാലിക സിനിമയും ഫാന്റസി ഉപയോഗിക്കുന്നു. അതായത് യാഥാർഥ്യത്തിനും സാധ്യത്തിനും (റീശൈയഹല) വഴങ്ങാത്ത മിത്തുകൾ സാധാരണ യുക്തിയെ നിരസിക്കുന്നു. പുതുതായി ചിലബന്ധങ്ങളിലൂടെ പുത്തൻ യാഥാർത്ഥ്യങ്ങൾ സൃഷ്ടിക്കുന്നു. മനസ്സും അതു സൃഷ്ടിക്കുന്ന വികാരങ്ങളുമാണ്. ഫാന്റസിക്ക് അടിസ്ഥാനം. നിർവഹിക്കാനും നിർണയിക്കാനും കഴിയാത്തവിധം നിഗൂഢതകളുടെ കലവറയാണല്ലോ മനസ്സ്. ആ മനസ്സ് ലോകവസ്തുക്കൾക്കപ്പുറത്തുള്ള ധാരണകളെ ചേർത്തുവെച്ച് സ്വന്തം പരിത:സ്ഥിതിക്ക് യോജിച്ചവിധം ഒരു ചിന്താലോകം സൃഷ്ടിച്ചെടുക്കുന്നു. ഉപബോധമനസ്സ് സൃഷ്ടിക്കുന്ന ഇത്തരം ഭ്രമാത്മക ചിന്തകളുടെ ലോകത്താണ് ഫാന്റസി ഭദ്രമാകുന്നത്. സൂക്ഷ്മമായി പറഞ്ഞാൽ കലയിലെ യാഥാർത്ഥ്യം ജീവിത സത്യമല്ല. വൈകാരിക സത്യം മാത്രമാണ്. അതുകൊണ്ട് ആന്തരികയാഥാർത്ഥ്യമാണ് കലയിലെ യാഥാർത്ഥ്യം

മനുഷ്യന്റെ മനസ്സിനെയും വികാരങ്ങളെയും വിശകലനവിധേയമാക്കുന്ന പഠനമേഖലയായതിനാൽ ഫാന്റസിക്ക് മന:ശാസ്ത്രവുമായി അഭേദ്യബന്ധമുണ്ട്. അത്തരം സൈക്കോളജിക്കൽ അപ്രോച്ചാണല്ലോ പാണ്ഡവപുരത്തിലെ ദേവിയിൽ ദർശിക്കാവുന്നത്. സ്വപ്നാനുഭവങ്ങളിലൂടെ അനാവൃതമാകുന്ന മനസ്സിന്റെ വ്യാകുലതയും വൈകാരികതയുമാണല്ലോ പാണ്ഡവപുരത്തിലെ ദേവിയിൽ ദർശിക്കാവുന്നത്. അതായത് അടിച്ചമർത്തപ്പെട്ട അഭിലാഷങ്ങൾ ആവിഷ്കരിക്കാനായി ഉപബോധ-അബോധമനസ്സുകൾ കണ്ടെത്തുന്ന ഉപായമാണ് സ്വപ്നമെന്ന് മന:ശാസ്ത്രജ്ഞർ പറയുന്നു. മനുഷ്യന്റെ പ്രതീക്ഷകളെ സാക്ഷാത്കരിക്കുന്ന അവസ്ഥയാണ് സ്വപ്നം. ഇത്തരം സാക്ഷാത്കാരങ്ങളുടെ ചിത്രീകരണമാണ് ഫാന്റസിക് അടിസ്ഥാനം. ദിവാസ്വപ്നത്തിൽ മുഴുകി സ്വയം നിർവഹിച്ചെടുക്കുന്ന ഭാവങ്ങളെ താലോലിച്ച് ജീവിക്കുന്ന കാല്പനിക ജീവിതാവസ്ഥയും ഭ്രമാത്മകതയ്ക്ക് കാരണമാകും. താൻ കുഞ്ഞിക്കുട്ടനൊപ്പം പാണ്ഡവപുരത്ത് താമസിച്ചിരുന്നതായും ഭർത്താവ് രാത്രികാലങ്ങളിൽ ഡ്യൂട്ടിക്കായി ഫാക്ടറിയിലേക്കു പോകുന്ന ദിവസങ്ങളിൽ അയാൾ (ജാരൻ) തന്റെ റൂമിലേക്കു തന്നെ നോക്കിയിരിക്കുന്നതായും അന്നു തന്നെ അയാൾ തന്റെ പ്രണയവലയത്തിനുള്ളിൽപ്പെട്ടിരുന്നുവെന്നും ദേവി പ്രഖ്യാപിക്കുന്നു.

മനുഷ്യമനസ്സിന് ബഹുത്വ സ്വഭാവമാണ് ഉള്ളത്. മനുഷ്യൻ എന്ന യാഥാർത്ഥ്യം ഏകത്വത്തിൽ നിലകൊള്ളുമ്പോൾത്തന്നെ അവനുള്ളിൽ കുടികൊള്ളുന്ന മനസ്സ് പല രൂപങ്ങളിലേക്ക് രൂപം മാറുന്നു. ഇന്ദ്രിയനിഗ്രഹം സാധിച്ച യമികളിൽപോലും പാണ്ഡവപുരത്തിലെ സങ്കല്പനങ്ങൾ മനുഷ്യന്റെ വിറങ്ങലിച്ച മോഹങ്ങളും ആധിപത്യത്തിനെതിരെയുള്ള വെല്ലുവിളികളും ഉള്ളിൽ കുടികൊള്ളുന്ന നിശ്ചയദാർഢ്യത്തിന്റെ പ്രകടീകൃതരൂപകവും വിട്ടുവീഴ്ചയില്ലാത്ത പ്രതികാരത്തിന്റെ വശ്യതയും കൊണ്ട് അനന്യമായ ഒരു തലം കൈക്കൊള്ളുന്നു. പാണ്ഡവപുരം എന്ന പ്രയോഗം തന്നെ ലോകത്ത് എവിടെയും ഇല്ലാത്തൊരു സ്ഥലനാമമാണല്ലോ. സദാചാരനിഷ്ഠരും വീരശൂരപരാക്രമികളും അജയ്യമായൊരു പൗരുഷവും അനുപമമായ നയതന്ത്രങ്ങളും

പുലർത്തുന്ന അഞ്ചുപുരുഷന്മാർ സ്നേഹത്തിന്റെ ശാന്തിമന്ത്രം കൊണ്ട് ഒരമ്മ ഒരുമിപ്പിച്ചതിന്റെ വിശുദ്ധിയിലാണ് പാണ്ഡവപുരം കെട്ടിയുണ്ടാക്കിയിരിക്കുന്നത്. എന്നാൽ ജാരൻ ശ്യാമളയ്ക്കും രഘുവിനും പറഞ്ഞുകൊടുക്കുന്ന കഥയിൽ നേതൃസ്ഥാനത്തേക്ക് കടന്നുവരുന്ന പാഞ്ചാലിയെന്ന യുവസുന്ദരിയുടെ കടാക്ഷവിക്ഷേപങ്ങളിൽ അഞ്ചു പുരുഷൻമാരും മോചനമില്ലാത്ത വിധം അകപ്പെട്ടുപോയതിനാലാണ് പാണ്ഡവപുരത്തിലെ സങ്കല്പനങ്ങൾ വേറിട്ടു നിൽക്കുന്നത്. അത്തരം ഒരു വലയിൽ അകപ്പെട്ടവരാണ് ഇവിടെ ഓരോ ജാരനും. 'ഒന്നാമനും വരും..' എന്ന് ദേവി പറയുമ്പോൾ സ്ത്രീ സൗന്ദര്യത്തിനു മുന്നിൽ സമസ്താപരാധം പറഞ്ഞ് അടിയറവ് പറയുന്ന പുരുഷനെ പരിഹസിക്കുകയാണ് യഥാർത്ഥത്തിൽ ദേവി. ആ വലയത്തിൽ നിന്ന് ജാരന് ഒരിക്കലും മോചനം ഉണ്ടായെന്ന് വരില്ല. പക്ഷേ ദേവി ഏറ്റവും സമുന്നതമായ ആരാധ്യസ്ഥാനത്തേയ്ക്കാണ് ഉയർത്തപ്പെടുന്നത്. ആത്മാർപ്പണവും ക്ഷമയുമാണ് അതിനവളെ പ്രാപ്തയാക്കുന്നത്. തന്റെ ചുറ്റുമുള്ള പുരുഷകേസരിമാരെ മടുക്കുമ്പോൾ അവൾ മറ്റൊരാളായി രൂപം മാറുന്നു. പരകായ പ്രവേശമല്ലാത്ത യഥാർത്ഥ വ്യക്തിത്വത്തിന്റെ രൂപം. സ്ത്രീയെ ഭരിക്കുന്ന പുരുഷന്റെ അതേ രൂപം. നോവലിസ്റ്റ് പറയുന്നതുപോലെ 'പുരുഷന്റെ വേഷമണിഞ്ഞ് തലപ്പാവ് കെട്ടി, പൊയ്മീശയണിഞ്ഞ് ആ അനക്കമില്ലാത്ത രാജവീഥിയിലൂടെ അവൾ ധൈര്യത്തോടെ നടന്നു. തന്റെ തീരുമാനത്തിന്റെ വിശുദ്ധിയായിരുന്നു അവൾക്ക് ആ ധൈര്യം കൊടുത്തത്. അങ്ങനെ നടന്നുനടന്ന് കാടും താണ്ടി അവൾ ആ കുന്നിന്റെ മുകളിലെത്തി ഒരു കൊച്ചു പാറയിൽ ചമ്രം പടിഞ്ഞിരുന്ന് അവൾ കണ്ണടച്ച് പ്രാർത്ഥിച്ചു... അവളുടെ ഇന്ദ്രിയങ്ങൾ മറ്റേതോ ഉണർവിനു വേണ്ടി കാത്തിരിക്കുകയായിരുന്നു. ഒടുവിൽ വർഷങ്ങൾക്കുശേഷം അവൾക്കു ചുറ്റും ഒരു ക്ഷേത്രമുണ്ടായി. അവൾ പാണ്ഡവപുരത്തെ കന്യകകളുടെ, സുമംഗലികളുടെ രക്ഷകയായി." സ്ത്രീശക്തിയെ അം




ഗീകരിക്കുകയും അവളുടെ ചിന്തകളിലെ വിശുദ്ധിയെ ആരാധിക്കുകയും ചെയ്യുന്ന ഒരെഴുത്തുകാരനിൽ നിന്നു മാത്രമേ ആധുനികതയുടെ തികവുറ്റ ഇത്തരം സങ്കല്പനങ്ങൾ മെനഞ്ഞെടുക്കാൻ കഴിയൂ. മക്കൾ ഉപേക്ഷിച്ച അമ്മയെയും അച്ഛന്റെ അഭാവത്തിൽ സഹോദരനും ഉപേക്ഷിക്കുന്ന പെങ്ങളെയും, അച്ഛൻ ഉപേക്ഷിച്ച മകനെയും രക്ഷിക്കേണ്ടത് സ്ത്രീയുടെ ഉത്തരവാദിത്തമാണെന്ന് സ്വന്തം പ്രവൃത്തിയിലൂടെ സമൂഹത്തിനു കാട്ടികൊടുക്കുന്നവൾ. തറവാട്ട് മഹത്വം വർണ്ണിച്ച് കാരണവർ ചമഞ്ഞ് പെൺശരീരത്തിൽ കണ്ണുംനട്ട് വരുന്നവനെ ആട്ടി വേലിയ്ക്ക് പുറത്താക്കാൻ തന്റേടമുള്ളവൾ. ഒത്തുകിട്ടിയാലോ എന്ന് മോഹിച്ച് സദാചാരത്തിന്റെ മേലങ്കിയണിഞ്ഞെത്തുന്ന കരക്കാരെ വരുതിയ്ക്ക് നിർത്താൻ, തന്റെ ആവാഹനത്തിൽ കുടുങ്ങിയെത്തിയവനെ സംരക്ഷിക്കാൻ പ്രാപ്തിയുള്ളവൾ. ഇപ്രകാരം ഒരേ സമയം പല രൂപങ്ങളിൽ പല ഉത്തരവാദിത്തങ്ങളിൽ പലപദവികൾ അലങ്കരിക്കാൻ പ്രാപ്തിയുള്ളവരെ ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടുന്ന കുഞ്ഞിക്കുട്ടന്മാർ ആരാധിക്കാതെ മറ്റെന്താണ് ചെയ്യുക?

**ആധാര ഗ്രന്ഥങ്ങൾ**

1. മാറുന്ന കാലം മാറുന്ന സ്ത്രീ ജീവിതം - ഡോ.എസ്. ശ്രീകുമാരി
2. കേരളീയ സ്ത്രീനവോത്ഥാന ചരിത്രം - ഡോ.എസ്. ശ്രീകുമാരി
3. പാണ്ഡവപുരം - സേതു
4. അനുഭവങ്ങളെ ആർക്കാണു പേടി - ഇ.വി. രാമകൃഷ്ണൻ
5. ആത്മകഥയ്ക്കൊരാമുഖം - ലളിതാംബിക അന്തർജ്ജനം

# ഭ്രമിഷ്ടർ

മാലിനിയുടെ പുല്ലുമേഞ്ഞ മൺകുടിൽ നക്ഷത്രാങ്കിത മായ വിശാലാകാശത്തിനു ചുവടെ താഴ്വരയിൽ ഒറ്റപ്പെട്ടുനിന്ന വന്മര ത്തിന്റെ നിഴലുപറ്റി മണ്ണിലേക്കു മുഖം കുനിച്ചു നിന്നു. അമാവാസി യോടടുത്ത ദിനങ്ങളിൽ ഒന്ന്. ക്ഷീ ണചന്ദ്രന്റെ ഒരു കീറ് അലസഗമ നം ചെയ്യുന്ന മേഘക്കൂട്ടങ്ങൾക്കിട യിൽ ഒളിച്ചുകളിക്കുന്നു. ഇടക്കിടെ, പൂതലിച്ച മുഖപ്പിൽ നിന്നും ഇളകി വീഴുന്ന പൊടി തിരിതാഴ്ത്തിയ റാ ന്തലിന്റെ വെളിച്ചത്തിലേക്കുതിർ ന്നുകൊണ്ടിരുന്നു. വീശിയടിക്കുന്ന കാറ്റിൽ ജാലകങ്ങളെ മറയ്ക്കുന്ന തിരശീലകളുലഞ്ഞു. മാലിനി ഇരു ളിലേക്ക് ഭയത്തോടെ ഉറ്റുനോക്കി. തിരിഞ്ഞ് ശിശുവിന്റെ നൈർമ്മ ല്യത്തോടെ മടിയിലുറങ്ങുന്ന മഹാ രാജാവിനെയും.

അവളോർത്തു, പുരുഷന് കൈയേ റാനും വെട്ടിപ്പിടിക്കാനുമുള്ള സാ മ്രാജ്യങ്ങൾ മാത്രമാണ് സ്ത്രീകൾ എന്നുകരുതിയ ഒരു ഭൂതകാലമാ യിരുന്നു നരേന്ദ്രവർമ്മന്റേത്. സ്വന്തമാക്കലിനും അധികാരം കൈമാറലിനും ശേഷം അശ്രദ്ധ നം വിരസനമാകുന്ന അവൻ പിൻ വാങ്ങിയ മണ്ണിന്റെ നോവുകൾ എന്തിനെച്ചൊല്ലിയെന്ന് അറി ഞ്ഞിട്ടേ ഉണ്ടാവില്ല. അശ്വമേധ ത്തിന്റെ രഥവേഗത്തിനപ്പുറം ഒരു സമ്രാട്ടിൽ എന്തു കൗതുകം ശേഷി ക്കാൻ? അവന്റെ കുതിരക്കുളമ്പ ടിനാദം ത്രസിപ്പിച്ച ഭൂഭാഗങ്ങൾ എത്രയോ എത്രയോ ഉണ്ടാവണം!

ആ നാദമകന്നു പോയതുകൊണ്ടു മാത്രം നിതാന്ത മൗനത്തിലമർ ന്ന്, ശിശിരത്തിലെന്നപോലെ ഇലകൊഴിഞ്ഞു മൊട്ടച്ചപോയ മലനിരകളും, തളിർക്കാതെപോയ പുൽമേട്ടുകളും, ഉണങ്ങിയ ശിഖ രങ്ങളാൽ ഒരു നെഞ്ചുപൊട്ടുന്ന നിലവിളിക്കൊട്ടുക്കം ചക്രവാളങ്ങ ളുടെ സർവ്വസാക്ഷിത്വത്തിലേക്ക് നീട്ടിയ കൈകളുമായി വിറയാർ ന്നു നിൽക്കുന്ന വടവൃക്ഷങ്ങളും, ഉടയോന്റെ തിരിച്ചറിവും കാത്ത് ദീനതയോടെ വിലപിക്കുന്ന രാപ്പ ക്ഷികളും, അങ്ങനെ എത്രയോ..

നരേന്ദ്രൻ, നിന്റെ പാദുകങ്ങളുടെ അടയാളങ്ങൾ മുദ്രമോതിരം പോലെ കാത്തുവെച്ചു വഴിമാറി യൊഴുകിയ പുഴകളെ നീ അറി ഞ്ഞിട്ടുണ്ടോ? ഒരിക്കൽ കടന്നു പോയ വഴികൾ തേടി നീ വീണ്ടും വരുമെന്നോർത്ത് അടയാളവാക്യ ങ്ങൾ കാത്തുവെച്ച വെള്ളാരംകല്ലു കളെയെങ്കിലും? പറയൂ നരേന്ദ്രൻ.

ഞാനോർക്കുന്നു, നിന്റെ മാത്രം മണ്ണെന്ന അവകാശബോധത്തോ ടെയായിരുന്നു അന്നുനിന്റെ കാൽ പാദങ്ങൾ എന്നിലും പതിച്ചത്.

**സബീന ബാലചന്ദ്രൻ**
എസ്.എ.എസ്.എസ്.എൻ.ഡി.പി. യോഗം കോളേജ്, കോന്നി



അത്രയ്ക്കും മൃദുവായി, അത്രയേറെ കരുതലോടെ.

കിരീടമഴിച്ചുവെച്ച രാജാവിനു വിശ്രമിക്കാനായി ഞാനെന്റെ താഴ്വാരങ്ങളെ ഇത്രകാലവും സൂക്ഷിച്ചു.

എല്ലാ ഭൂവിടങ്ങളും പൊയ്പ്പോയ ശേഷവും നിനക്കൊട്ടുക്കം വന്നിളവേൽക്കാനായി.

നരേന്ദ്രൻ, മരുഭൂമിയിലെ പൊള്ളുന്ന മണൽക്കാട്ടുകളിൽ ചെകിടടപ്പിക്കുന്ന ചൂളംവിളിയോടെ കാറ്റുമൂളുന്ന ഒച്ച ഞാൻ കേൾക്കാത്തതെന്തുകൊണ്ടെന്നറിയുമോ? നിന്റെ നാദത്തിനുശേഷംവന്ന ഒരുശബ്ദവും പ്രവേശിപ്പിക്കാതെ ഞാനെന്റെ കാതുകൾ കൊട്ടിയടച്ചിരുന്നു.

നിന്റെ രൂപത്തിനു ശേഷം ഒരു കാഴ്ചയും കാണാതെ എന്റെ കണ്ണുകൾ അന്ധമായിതീർന്നിരുന്നു. ആരും കടന്നുവരാതെ ഞാനെന്റെ വാതിലുകൾ തഴുതിട്ടും കഴിഞ്ഞിരുന്നു.

എനിക്കു ഭയമായിരുന്നു. ഇനിയും വന്നേക്കാം, പുതുമണ്ണിന്റെ ഗന്ധം കൊതിച്ചു പടയാളികളും ഭിക്ഷാംദേഹികളും.

രാജാവായി ശേഷിച്ച ഒരേ ഒരുവൻ നീയായിരുന്നുവല്ലോ. നിനക്കായ് നീട്ടിയ പാനപാത്രത്തിന്റെ വക്കുകൾ വേറെ ഏതുചുണ്ടോടാണ് അടുക്കുവാൻ അർഹമാവുക? നിനക്കായി ഈ ഭൂമുഖത്തുശേഷിച്ച ഒരേയൊരു പ്രജ ഇന്നു ഞാനാണ്. ഒരു പക്ഷേ, ഒരേയൊരു സേവകനും.

നരേന്ദ്രൻ, നിരന്തരമായ നിന്റെ പടയോട്ടങ്ങൾക്കൊടുവിൽ നീ വന്നെത്തുമ്പോൾ, എനിക്കു നിന്റെ വിണ്ടുകീറിയ പാദങ്ങൾ കണ്ണീരുപ്പിനാൽ കഴുകിയുണക്കി, സുഗന്ധതൈലം പൂശിത്തിരുമ്മി, വിശ്രാന്തിയിലമരുന്ന നിന്റെ മിഴികൾക്കുപിന്നിൽ കാവലാളാകണമായിരുന്നു.

മദ്യവും മദിരയുമില്ലാത്ത രാവുകളിൽ എനിക്കു നിന്റെ ഒരേയൊരു ലഹരിയാകണമായിരുന്നു. നീ ഇന്നറിയുന്നുവോ നരേന്ദ്രൻ, നിന്റെ മുറിവുകളിൽ ഞാൻ ഔഷധമായി നിറയുന്നത്? ശകലിതമായ നിന്റെ അംഗങ്ങൾ, നിണം വാർന്ന നിന്റെ മനസ്, ഈ വിശ്രാന്തിയിലാണ് വല്ലാതെ നോവുന്നത് എന്നുഞാനറിയുന്നു. തേരോട്ടങ്ങളും പടയൊരുക്കങ്ങളുമില്ലാതെയണയുന്ന നിന്റെ പകലുകൾ... ചാരവൃത്തിയുടെ ദുർഗന്ധം പേറാത്ത നിന്റെ പ്രശാന്ത രാത്രികൾ... നിനക്കു സമാധാനം തോന്നുന്നില്ലേ നരേന്ദ്രൻ?

ആശ്വാസമാവുന്നില്ലേ നിനക്ക്? ഒരു ജീവൻ മാത്രമായിരിക്കുന്നതിൽ? ഉടുത്തുകെട്ടും അലങ്കാരങ്ങളുമില്ലാത്ത, കുലചിഹ്നങ്ങളും അപദാനങ്ങളുമുപേക്ഷിച്ച, ലഘുവും സൗമ്യവുമായ ഒരു ജീവൻ? മറ്റൊരു ജീവൻ മാത്രം തുണയായുള്ള നരേന്ദ്രൻ, എന്റെയോമനേ...

എന്നോടുള്ള പ്രണയം ഇടിമിന്നൽ പോലെ നിന്നിൽ നടുക്കം സൃഷ്ടിച്ച കാലം ഓർത്തെടുക്കാനാവുന്നുണ്ടോ നിന്റെ മത്തുപിടിച്ച തലയ്ക്ക്?

നിന്റെയുള്ളിൽ കൂണുകൾപോലെ മുളച്ചുപൊന്തിയ ക്ഷണികമാത്രങ്ങളായ അനുരാഗവായ്പ്പുകൾ ജീർണിച്ചൊടുങ്ങുന്ന നാളുകളിൽ എന്നെപ്രതി നിന്റെ മനസ്സുതുടിച്ചിരുന്നത് അകലങ്ങളിൽ വർത്തിക്കുമ്പോഴും ഞാനറിഞ്ഞു. അല്ലെങ്കിലെന്തിനായി, ഇത്രയും ക്ഷീണിതനും അശാന്തനുമായിരുന്നിട്ടും, കാതങ്ങൾ താണ്ടി, എന്റെ മാന്ത്രികമായ വല്ലകീനാദത്താൽ ആവേശിക്കപ്പെട്ടവനായി, ഈ മടിയിൽ തലവെച്ചുറങ്ങാനും ഈ കൈവിരലുകളാൽ തലോടപ്പെടാനുമായി ഈ പഴയ സൈരന്ധ്രിയുടെ വാസസ്ഥലം തേടിനീ വന്നിരിക്കുന്നു?

നരേന്ദ്രൻ, നിന്റെ ചെയ്തികളെ ഇന്നും ലോകം പ്രകീർത്തിക്കുന്നുണ്ട്. നിന്നെ തിരിച്ചറിയുന്നവരാണ്എന്റെ ചുറ്റിലും. പണ്ടില്ലാതിരുന്ന എന്തുധൈര്യമാണ് എന്നെ പ്രണയിനിയെന്നു വിളിച്ചുചൊല്ലാൻ നിനക്കു താങ്ങാവുന്നത്? രാജ്യഭ്രഷ്ടനെങ്കിലും രാജാവല്ലേ ഇന്നും നീ? വാർദ്ധക്യം മാത്രമാണ് നമ്മെ സമന്മാരാക്കുന്നത്. നാളെ മരണവും നമ്മെ തുല്യരാക്കിയേക്കാം. പക്ഷെ, അപ്പോഴും നീ രാജാവും ഞാൻ ദാസിയുമായിരിക്കും. നീ മരണപ്പെട്ടതിനുശേഷം പുഷ്പാലംകൃതമായ ആ ശവമഞ്ചം ദർശിക്കാനെനിക്കനുവാദമില്ല. നീയാകട്ടെ, ഓർമ്മയിലെന്നെ വീണ്ടും വീണ്ടും ജീവനോടെ മാത്രം കാണുവാനായി എന്റെ ജീവനറ്റ ശരീരത്തെ തിരസ്കരിക്കും. നരേന്ദ്രൻ, പ്രണയത്താൽ മാത്രമൊരുമിച്ചവരാണ് നാം. ആ പ്രണയത്തെ പ്രതി ഇന്നെനിക്ക് നിന്നെ ഉപേക്ഷിക്കാതെ വയ്യ.

നാളെ വൈതാളികരുടെ നാവുകൾ പിഴയ്ക്കരുത്... അവർ നിന്റെ വിജയഗാഥകൾ മാത്രം പാടട്ടെ. നിന്റെ തോൽവികൾ എന്റെ മാത്രം വില

തീരാത്ത രഹസ്യമാവും. രാജാവിനിണങ്ങുന്നതാവട്ടെ നിന്റെ ഓരോപ്രവൃത്തിയും. ഞാൻ ഭാഗ്യവതിയാണ് നരേന്ദ്രൻ. ഉറക്കത്തിൽ അതിശാന്തമായിരിക്കുന്ന നിന്റെ മുഖം നരച്ച താടിരോമങ്ങളാലും നീണ്ടുവളർന്നിറങ്ങിയ മുടിയിഴകളാലും അഭൗമമായ കാന്തി വർഷിക്കുന്ന ദൃശ്യം എനിക്കു കാണാനായല്ലോ. അതാവട്ടെ എന്റെ അവസാനത്തെ കാഴ്ച്ച.

നിന്റെ ഉറക്കറയാവാൻ ഭാഗ്യം സിദ്ധിച്ചതുകൊണ്ട് ഈ കുടിൽ ഇന്നു കൊട്ടാരമായിരിക്കുന്നു. നിന്റെ അനുചരന്മാർ നിർന്നിദ്രം ഈ കുടിലിനെച്ചുറ്റി കാവലുണ്ട്. എന്നാലും ഞാൻ പോകും നിന്റെ പടയാളികളുടെ കണ്ണുവെട്ടിച്ച്. ആരുമറിയില്ല മാലിനിയെത്തേടിയായിരുന്നു നിന്റെയാത്രയെന്ന്.

ഉണർന്നെണീക്കുമ്പോൾ പ്രഭാതസൂര്യന്റെ തെളിമയുള്ളതാവും നിന്റെ മുഖം. വീണ്ടുമപദാനങ്ങളും സ്തുതിഗീതങ്ങളും കൊണ്ടു നീ നിറയും. ആ പഴയ ശക്തനും നിർവ്വികാരനുമായ മഹാരാജാവായി നീ മാറും. അങ്ങനെയൊരുവന്റെ പ്രജ ആയിരിക്കുമ്പോഴേ ഈയുള്ളവൾക്കു തൃപ്തിയാവുന്നുള്ളൂ. നിന്റെ ജീവനുകാവലായിഒരു ജന്മം കഴിച്ചുതുകൊണ്ടുമാത്രം ഞാൻ നിന്റെ റാണിയാവുന്നില്ല. ഒരുദാസിക്കും റാണിക്കുമിടയിൽ ഒരുപാടുദൂരമുണ്ട്. ദുർഗ്ഗമങ്ങളായ അകലങ്ങൾ ഞാനറിയുന്നു. ആ അറിവാണ് എന്നെ ശാന്തയാക്കുന്നത്. നിന്നിൽ നിന്നും എന്നെ വലിച്ചകറ്റുന്നതും.

# ആവാസ വ്യവസ്ഥയിൽനിന്ന് പുറത്ത് പോയവർ

**ഡോ. സിന്റിൽ ജോസ് ചിറയിൽ**
ന്യൂമാൻ കോളേജ്, തൊടുപുഴ



വിവേകമുള്ള ജീവികളിൽ ഏറ്റവും ശ്രേഷ്ഠമെന്ന് വിളിച്ചിരുന്ന മനുഷ്യനിൽ നിന്ന് കൈവിട്ടുപോയ വാക്കാണ് കരുണ.

എന്നാൽ മൃഗങ്ങൾ എന്നുവിളിച്ച് മാറ്റിനിർത്തിയ നാല് കാലികളിൽ പോലും കരുണയുടെ അംശം അവശേഷിക്കുന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. മറ്റു ജീവജാലങ്ങൾക്കൊപ്പം സഹവർത്തിത്തത്തോടെ വസിക്കാൻ മാത്രമാണ് മനുഷ്യനും ഈ പ്രപഞ്ചത്തിൽ ഇടം കിട്ടിയത്. ആർത്തിപൂണ്ട് പണത്തിനും, സുഖത്തിനും വേണ്ടിയുള്ള പരക്കം പാച്ചിലിൽ അവനറിയാതെ നഷ്ടപ്പെടുത്തിക്കളഞ്ഞ സ്വന്തം ഗണത്തിനോടും, സഹജീവികളോടുമുള്ള ഈ കരുണയെന്ന ചെറിയ വാക്ക്.

അത്യാഗ്രഹം ബാധിച്ച് സ്വയം അന്ധനായപ്പോൾ തന്റെ ഗണത്തിൽ തന്നെ വിവിധ ഉപഗണങ്ങളുണ്ടാക്കി ജാതി-മത-വർഗ്ഗ-വർണ്ണങ്ങൾ നല്കിയപ്പോൾ അവനറിഞ്ഞിരുന്നില്ല സ്വന്തം അസ്തിത്വത്തിന് നേരെയാണ് കോടാലിവെച്ചതെന്ന്.

ഒരിക്കൽ ദൂരേയ്ക്ക് വലിച്ചെറിഞ്ഞ ഇത്തരം ചിന്തകൾ തിരികെകൊണ്ടുവരുന്നത് അടുക്കളമുറ്റത്ത് വിഷച്ചെടികൾ വളർത്തുന്നതിന് തുല്യമാവും. മറ്റുജീവജാലങ്ങൾ ഇല്ലെങ്കിൽ മനുഷ്യനും നിലനിൽപ്പ് ഇല്ലെന്ന് വിശ്വസിക്കാൻ ഭ്രമുഖത്ത് ഇനിയും ഇരുകാലിമൃഗങ്ങൾ അവശേഷിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

പ്രപഞ്ചം നിൽക്കുന്നതും ചലിക്കുന്നതും എല്ലാം അതിന്റെ ആവാസവ്യവസ്ഥയിലാണെന്ന സത്യം ഓരോ പുൽക്കൊടിയും വിളിച്ചു പറയുന്നത് കേൾക്കാൻ കഴിയും. അല്പം ശാന്തതയോടെ പ്രപഞ്ചത്തെ നോക്കിയാൽ. വിനോദത്തിനും ഭക്ഷണത്തിനും മാത്രമായി മറ്റു ജീവികളെ നോക്കിക്കാണുന്ന അവന് കരുണ എങ്ങനെ തിരിച്ചറിയാൻ പറ്റും. വരും തലമുറയെ പഠിപ്പിക്കുന്നതും ഇത്തരം അപ്രിയസത്യങ്ങളാണ് എന്ന് തിരിച്ചറിയാൻ സ്വന്തം അനുഭവം ഉണ്ടാകുന്നതുവരെ കാത്തിരിക്കേണ്ടിവരും. എന്തിന് നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ടുപോലും കാണാൻ കഴിയാത്ത കൊറോണയെന്ന വൈറസ് എത്ര നാടുകളെ - എത്ര നാൾ ഭയത്തിന്റെ മുൾമുനയിൽ നിർത്തിയെന്നത് വിസ്മരിച്ചുകൂടാ. ഇതെല്ലാം പുതിയ പാഠങ്ങളാണ്, പഠിപ്പിക്കലാണ്.

തിരിച്ചറിവിന്റെയും വിവേകത്തിന്റെയും ആവാസവ്യവസ്ഥയിലേക്ക് തിരികെ കയറേണ്ടത് മനുഷ്യൻ എന്ന ഇരുകാലിമൃഗത്തിന് ഏറെ അത്യാവശ്യമായി അവശേഷിക്കുന്നു ഇനിയുള്ള നാളുകൾ...

# കാവൽ മാലാഖ

മിഷ എന്ന കുട്ടിക്ക്
സ്വന്തമായിട്ടൊരു
കാവൽ മാലാഖയുണ്ടായിരുന്നു.
വൈകുന്നേരത്തെ പ്രാർത്ഥനയെത്തിക്കുമ്പോൾ
കൊന്തമണികളുരുട്ടിയുരുട്ടി
അവളുണ്ടാക്കിയ
ചില രഹസ്യ പ്രാർത്ഥനകൾ
കാവൽ മാലാഖയ്ക്കു വേണ്ടി
പ്രത്യേകം ചൊല്ലുക പതിവുണ്ട്.
അത്താഴം കാലായോന്ന് എത്തിനോക്കുന്നതിനിടെ
ചറപറാന്ന് ചൊല്ലിത്തീർക്കാൻ
പറ്റുന്ന തരം കുഞ്ഞിവരികളാണത്.
പല പല സിനിമാപ്പാട്ടിന്റെ ഈണങ്ങളിൽ
ചൊല്ലുന്നതു കൊണ്ട് മടുപ്പില്ല,
മുഷിപ്പില്ല, കോട്ടുവായില്ല.
ചോറൂണ് കഴിഞ്ഞ്,
അവസാന വട്ടം കാലുകഴുകാൻ
വാഴത്തടത്തിൽ കുനിയുന്ന നേരത്ത്
കാവൽ മാലാഖ കൂട്ടിനു വരും -
ഇല്ലെങ്കിൽ വെള്ളമൊഴിക്കലും
തട്ടിപ്പിടച്ച് ഒറ്റ ഓട്ടവുമാണ്.
ഉറക്കമുറിയിലെ
വിറയ്ക്കുന്ന മെഴുകുതിരിനാളമാണ്
പേടിസ്വപ്നങ്ങളെ
അകത്തേക്ക് കടത്തിവിടുന്നതെന്ന്
അവൾക്കറിയാമായിരുന്നു.
കാവൽ മാലാഖ വന്നതിൽ പിന്നെ
ഉറക്കമുറി നിറച്ചും നിലാവാണ് -
ഇളംതെളിച്ചമുള്ള ഈറൻ നിലാവ്.
സിനിമയിലെ പോലെ
വിദൂരതയിലേക്ക് നോക്കി നിന്ന്
വിരഹഗാനം പാടാനൊക്കെ തോന്നിപ്പിക്കുന്ന തരം
കാല്പനിക നിലാവ്.
ഉറങ്ങാൻ കിടക്കുമ്പോൾ തലയണയ്ക്കടുത്തിരുന്ന്
മിട്ടായിക്കഥ പറയലാണ് മാലാഖയ്ക്കു പണി.
പതിനാലാമത്തെ മിട്ടായിപ്പെണ്ണ്
വട്ടത്തിൽ പാവാട വിടർത്തുമ്പോഴേയ്ക്കും
അവളുറങ്ങിത്തുടങ്ങും.
സ്വപ്നങ്ങൾ കണ്ടു കണ്ട്
തിരികെ കയറാൻ മറന്നു പോയ കുട്ടിയും
കാക്കത്തൊള്ളായിരാമത്തെ
മിട്ടായിക്കഥയുമായി
കാവൽ മാലാഖയും
ചാരുപടിയിലിരുന്ന്
കൊത്തങ്കല്ലു കളിക്കാൻ തുടങ്ങി.
പതിവുപോലെ
നേരം വെളുക്കരുതേ
എന്ന് രാത്രി പോലും പ്രാർത്ഥിക്കാൻ തുടങ്ങി.

**കല സജീവൻ**
ശ്രീകേരളവർമ്മ കോളേജ്,
തൃശ്ശൂർ





# 'സ്വത്വം, സമത്വം, വിദ്യാഭ്യാസം' സ്ത്രീകളിലൂടെ


**ഡോ. ജയശ്രീ എസ്.റ്റി.**
കെ.എസ്.എം.ഡി.ബി. കോളേജ്,
ശാസ്താംകോട്ട




സ്വതന്ത്ര ഇന്ത്യയുടെ എഴുപത്തിമൂന്നാം വർഷത്തിലും ജനസംഖ്യയുടെ പകുതിവരുന്ന സ്ത്രീവിഭാഗം തൊഴിൽ ചൂഷണങ്ങളും സ്വത്വമില്ലായ്മയും, തൊഴിൽ രാഹിത്യവുമാണ് അനുഭവിക്കുന്നത്. അധികാരം, വിദ്യാഭ്യാസം, തൊഴിൽ, സ്വയംനിർണ്ണയാവകാശം, സുരക്ഷിതത്വം എന്നീ മേഖലകളിൽ സ്ത്രീകൾ വിവേചനപരമായ സമീപനമാണ് നേരിടുന്നത്. ഈ വിവേചനപരമായ സ്ത്രീസമീപനം ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്നു. ലിംഗപരവും, നിയന്ത്രിതപരവുമായ ചൂഷണങ്ങളിലൂടെ സ്ത്രീകൾ സ്വത്വബോധം ഇല്ലാത്തവരായിത്തീരുന്നു. 'സ്വത്വം, സമത്വം, വിദ്യാഭ്യാസം – സ്ത്രീകളിലൂടെ' എന്ന വിഷയത്തിലേക്ക് കടക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് പാരമ്പര്യത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും പൊതുസമൂഹവീക്ഷണത്തിന്റെയും തടവറയ്ക്കുള്ളിലകപ്പെട്ട് അവശത അനുഭവിക്കുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ എന്നുമാണ്.

വർത്തമാനകാല സാഹചര്യത്തിൽ ഏറെ ചർച്ചചെയ്യപ്പെടുന്നതും, എന്നാൽ യാതൊരു തരത്തിലുമുള്ള സുരക്ഷിതത്വം ഇല്ലാത്തവരുമാണ് സ്ത്രീകൾ. ഈയൊരു സാഹചര്യത്തിൽ നാം മനസ്സിലാക്കേണ്ടത് സ്ത്രീകൾ സ്വത്വമില്ലാത്തവരായിത്തന്നെ വർത്തമാനകാല സാഹചര്യത്തിൽ കഴിയുന്നുവെന്നാണ്. സ്ത്രീസ്വത്വത്തിനും സമത്വത്തിനും വേണ്ടി നാം തയ്യാറായാൽ സമൂഹം അത്തരത്തിലുള്ളവരെ ഒറ്റപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. അതോടൊപ്പം അവരെ 'ഫെമിനിസ്റ്റ്'കളെന്നും വിളിക്കുന്നു. ഈയൊരു കാഴ്ചപ്പാടാണ് സമൂഹം ആദ്യം മാറ്റേണ്ടത്.

വളരെ പുരാതനകാലം മുതൽ തന്നെ നമ്മുടെ സംസ്കാരം സ്ത്രീയ്ക്ക് ആദരണീയമായ ഒരു സ്ഥാനമാണ് നൽകിയിരുന്നത്. 'മാതൃദേവോഭവ' – സ്ത്രീകളെ മാതാവായി കരുതണമെന്ന് ലോകത്തെ പഠിപ്പിച്ച ഭാരതീയ സംസ്കൃതി സ്ത്രീകൾക്ക് നൽകിപ്പോന്നിരുന്ന

സ്ഥാനമാനങ്ങൾ മറ്റ് സംസ്കൃതികളിലില്ല. ഭാരതീയ സംസ്കൃതിയോളം സ്ത്രീകളുടെ അവകാശങ്ങളെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്ത മറ്റൊരു സംസ്കാരവുമില്ല. സമസ്ത മേഖലകളിലും വ്യാപിച്ചുനിൽക്കുന്ന ആ ഊർജ്ജത്തെ – ശക്തിയെ സ്ത്രീ ഭാവമായി നാം കരുതുന്നു.

മനുസ്മൃതിയിലെ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന വാക്ക് നമ്മെ ഏറെ ചിന്തിപ്പിക്കുന്നതാണ്. പുരുഷന് സമൂഹത്തിൽ എന്തു സ്ഥാനവും അവകാശവുമാണോ ഉള്ളത് അതേ സ്ഥാനവും അവകാശവും സ്ത്രീക്കും സമൂഹത്തിലുണ്ട്. അതിന് കുറവ് സംഭവിക്കുമ്പോൾ സമൂഹത്തിന്റെ വ്യവസ്ഥയ്ക്ക് മാറ്റമുണ്ടാകുന്നു ഈശ്വരസൃഷ്ടിയിൽ സ്ത്രീയും പുരുഷനും തുല്യരാണ്. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണിത്. രണ്ട് ഭാഗങ്ങൾക്കും തുല്യപ്രാധാന്യമുണ്ട്. ശാരീരികതലത്തിൽ മാത്രമാണ് സ്ത്രീപുരുഷ വ്യത്യാസം കാണാൻ കഴിയുന്നത്.

'എല്ലാ കാര്യത്തിലും തുല്യത' എന്നതാണ് സമത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്ത്രീ സ്വാതന്ത്ര്യം സ്ത്രീയുടെ കർത്തവ്യങ്ങളിൽ നിന്നുള്ള ഒളിച്ചോടലല്ല, മെച്ചപ്പെട്ട രീതിയിൽ സമൂഹത്തിൽ പ്രവർത്തിക്കാനുള്ള അവസരം ഉണ്ടാക്കലാണ്. പുരുഷന്മാരോടൊപ്പം പ്രവർത്തിക്കാൻ ശക്തയാണെന്ന് അംഗീകരിക്കലാണ് സമത്വം. ഇന്ന് സമൂഹത്തിന്റെ പല മേഖലകളിലും സ്ത്രീകൾക്ക് സ്വന്തം വ്യക്തിത്വം കാണിക്കാനുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ പുരുഷനുള്ള എല്ലാ നിയമങ്ങളും സ്ത്രീകൾക്കുമുണ്ട്. പുരുഷൻ സ്ത്രീയുടെ സ്ഥാനം ബലംപ്രയോഗിച്ച് കൈയ്യടക്കുമ്പോഴാണ് അവിടെ സമത്വം നിഷേധിക്കപ്പെടുന്നത്. ഇത് അസംതൃപ്തിയും അസന്തുലിതാവസ്ഥയും സമാധാനമില്ലായ്മയും ഉണ്ടാകുന്നതിന് കാരണമാകുന്നു. സ്ത്രീസ്വാതന്ത്ര്യം എന്നത് സാമൂഹികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ ഉന്നമനം ആണ്. അത് നേടിയെടുക്കുന്നതോടെ സ്ത്രീകൾ സമത്വം ഉള്ളവരായിത്തീരും.

സ്ത്രീസ്വത്വത്തെയോ, സ്വത്വമെന്ന കേവലനാമത്തെയോ പൂർണ്ണമായി നിർവ്വചിക്കാൻ പ്രയാസമാണ്. ഒരു വ്യക്തിയുടേയോ വസ്തുവിന്റെയോ സ്വത്വമെന്നാൽ അതിന്റെ തനിമ അഥവാ മറ്റൊന്നിൽ നിന്ന് അതിനെ വേർതിരിച്ചറിയുന്ന ഘടകങ്ങൾ എന്നർത്ഥം. മനഃശാസ്ത്രപരം, ബുദ്ധിപരം, വൈകാരികം, ശാരീരികം എന്നീ ഘടകങ്ങളുടെ കൂടിച്ചേരലാണ് ഇത്. ഒരാളിന് പകരം മറ്റൊരു വ്യക്തിയെ കണ്ടെത്താൻ പറ്റാത്ത തരത്തിൽ മികച്ചതാണ് ഓരോ വ്യക്തിയുടെയും സ്വത്വം. ഇംഗ്ലീഷിലെ 'പേഴ്സണാലിറ്റി ഐഡന്റിറ്റി' എന്നീ പദങ്ങളുടെ സംയോജിതമായ അർത്ഥമാണ് സ്വത്വം എന്നത്. വ്യത്യസ്തമായ കാഴ്ചപ്പാടുകളിലൂടെ ഓരോ വ്യക്തികൾക്കും അവരവരുടെ സ്വത്വവീക്ഷണം നിജപ്പെടുത്തുവാൻ കഴിയും. സമൂഹം, മതം, സംസ്കാരം, സാഹിത്യം, കാലഘട്ടം എന്നിവയിലൂടെ സ്വത്വത്തെ വിശകലനം ചെയ്യാൻ സാധിക്കും. സ്ത്രീസ്വത്വം എന്നത് മനുഷ്യവ്യക്തിത്വത്തിലെ സ്ത്രൈണ സവിശേഷതകളാണ്. സ്ത്രീയുടെ ശരീരവും, മനസ്സും പുരുഷന്റെ പൊതുസ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണ്. ആ വ്യത്യസ്തതകളുടെ കൂടിച്ചേരലാണ് സ്ത്രീസ്വത്വം.

ചരിത്രാതീതകാലം മുതൽ തന്നെ സമൂഹം കാണുന്നത് സ്ത്രീപുരുഷന്റെ അടിമയെന്നതാണ്. പുരുഷന്മാരെക്കാൾ എന്തുകൊണ്ടും ഉയർന്ന സ്ഥാനമാണ് സ്ത്രീകൾക്ക് നൽകേണ്ടതെന്നത് കാലഘട്ടം അവഗണിക്കുകയാണ്. ശൈശവം മുതൽ തന്നെ സ്ത്രീകൾ സ്വത്വം ഇല്ലാത്തവരായിട്ടാണ് വളരുന്നത്. മനുഷ്യരിൽ സ്ത്രീയ്ക്ക് മാത്രമുള്ള പ്രകൃതിനിയമമാണ് ഗർഭധാരണം, പ്രസവം, മുലയൂട്ടൽ എന്നിവ. ഇത്തരത്തിലുള്ള പ്രകൃതിധർമ്മം നിർവ്വഹിക്കപ്പെടുന്നതിലൂടെ സ്ത്രീ സ്വന്തം സ്വത്വം കണ്ടെത്തുകയാണ് ചെയ്യുന്നത്. സമൂഹത്തിൽ സ്ത്രീകൾക്ക് അവരുടേതായ ഒരു ഇടം നൽകേണ്ടതാണ്. എന്നാൽ നമ്മുടെ സമൂഹം പുരുഷന് പ്രാധാന്യം നൽകുകയും സ്ത്രീ എന്നും സ്വത്വബോധമില്ലാത്തവളായി വീട്ടിനകത്ത് കഴിയണമെന്നുമാണ് കണക്കാക്കിയിരിക്കുന്നത്. അതിലൂടെ സ്ത്രീസ്വത്വം എന്നത് അവഗണിക്കപ്പെടുകയാണ്.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ രണ്ടായിരത്തി മുപ്പതോടെ നേടിയെടുക്കേണ്ടതായി ലക്ഷ്യംവെച്ചിരിക്കുന്നവയിൽ ഒന്നാണ് 'സമഗ്രമായ വിദ്യാഭ്യാസ പുരോഗതി'. വിദ്യാഭ്യാസത്തിലെ ലിംഗപരമായ അസമത്വം ഇല്ലാതാക്കുക എന്നതാണിത്. സാമൂഹ്യപുരോഗതിയുടെ ഏറ്റവും വലിയ മാർഗ്ഗം വിദ്യാഭ്യാസ മുന്നേറ്റമാണ്. അതിനാൽത്തന്നെ സ്ത്രീവിദ്യാഭ്യാസം എന്നത് സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയപരമായരീതിയിൽ കാണേണ്ടതാണ്. സ്ത്രീവിദ്യാഭ്യാസത്തിൽ മുന്നേറ്റം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും, സ്ത്രീകൾ ഇന്നും ചൂഷിത വിഭാഗങ്ങളായി തന്നെ നിലകൊള്ളുന്നതായി നമുക്ക് കാണാം. ഈയൊരവസ്ഥയിൽ നിന്നും സ്ത്രീകളെ മോചിപ്പിക്കുന്നതിന് മികച്ച രീതിയിലുള്ള വിദ്യാഭ്യാസം നൽകേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ സമൂഹം സ്ത്രീകൾക്ക് മേൽ അടിച്ചേൽപിച്ചിട്ടുള്ള ബന്ധനങ്ങൾ ഇല്ലാതാക്കുന്നതിന് കഴിയുന്നു. വിദ്യാഭ്യാസ വികസനത്തിലൂടെ രാജ്യത്തിന്റെ ഐക്യത്തെ വാർത്തെടുക്കാൻ സാധിക്കുന്നു.

സ്ത്രീ ശാക്തീകരണം ഒരു വശത്തും സ്ത്രീപീഡനങ്ങൾ മറുഭാഗത്തും ഒരുപോലെ ഉയർന്നുവരുന്ന പ്രശ്ന സങ്കീർണ്ണമായ ഈ പശ്ചാത്തലത്തിൽ സ്ത്രീ, സമത്വം, സ്വത്വം എന്ന വിഷയത്തിൽ വ്യക്തമായ സമീപനം നാം എടുക്കേണ്ടതാണ്. സങ്കീർണ്ണമായ പ്രശ്നങ്ങൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതിൽ തളരാതെ പ്രശ്നത്തെ മറികടന്ന് മുന്നോട്ടുപോകുവാനുള്ള ഒരു മാനസികാവസ്ഥ സ്ത്രീകൾക്കുണ്ടാകേണ്ടതാണ്. ജീവിതത്തിന്റെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവർ സ്വയം ആർജ്ജവം ഉണ്ടാക്കേണ്ടതാണ്. എന്നാൽ മാത്രമേ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന വാക്യം അന്വർത്ഥമാവുകയുള്ളൂ.

# A TALE ABOUT THE DISCOVERY OF A NEW LEAD IN CANCER THERAPY

**Dr. Divya V**
MSM Kayamkulam



One day in January 2013, while I was walking along the long stretched corridor of my college, a friend of mine, Mrs. Jyothi came to me and with her usual lukewarm style told about her experience in the doctoral committee that she had in the previous day. She encouraged me also to register for the PhD programme in the next session. Even though it was a casual talk, the matter perturbed both my mind my sleep.


Yes! It was my dream to do research. But, is it possible at this age? I did my post-graduation during 2002. Now, it was more than ten years! How can I continue my studies after such a long break? My children were also too small. No, it is not possible. I thought.

After a few days, my mother came to home. During our discussions she asked about my opinion about doing my thesis. I put forth the difficulties one-by-one before her.

She knew well that I had a strong desire for doing research. So, after hearing my grievances she consoled me and extended her full support. I always find comfort when I speak with my husband. So, I discussed the matter with him also and he also had no doubt about the decision. Even if, all of them were supporting and encouraging, I still felt some hindrance. Where to begin? How to find out a research problem? Is there anyone to guide me at this age? I became more and more disturbed and confused.

It was Dr. Lakshmy, my friend as well as my colleague who introduced me to Dr. V. L. Pushpa. Meeting with Dr. Pushpa was really a turning point in my life. We started our discussions informally and slowly changed the topic into computational chemistry and its theoretical aspects. My tryst with quantum chemistry helped me understand the theoretical aspects of computer aided drug discovery procedures. She gave me an exercise to write a report about computer aided drug discovery. After two weeks, I met her with a very short report of three paragraphs. She was a very interesting person; she started discussion about CADD in a very curious way. That time I felt that this was the first time that she was hearing about different processes included in CADD. She asked me questions like a small student. Later, I realized that she was trying to train me in CADD. She familiarized me some of the databases, softwares and online resources to do CADD.

Our next meeting was happened after a month. For the drug discovery, we need to find out a disease and a target responsible for the diseased condition. So, she demanded me to find out a research problem. My worst nightmares were back. The problem remained intriguing for two- three weeks. One day I woke-up with shocking news about the death of my aunt. She was suffering from breast cancer for two years.





After surgical removal of her left breast, she had undergone severe chemotherapy and radiation treatments. Meanwhile my grandmother also diagnosed with breast cancer. But, doctor told that she was in the safe zone. She will be alright after chemo. I wonder why the two different treatments for the same disease. I started to think about these anomalies and read several articles related to cancer. I discussed the matter with Dr.

Satish Chandran our family doctor. He gave me a book by Siddhartha Mukherjee, “The Emperor of all Maladies: A biography of cancer” which won the Pulitzer Prize of 2011. My brother Dr. Vinod also helped me to understand the pathogeneses of cancer. Then, I knew that my research problem must be there in breast cancer. I became more and more serious about the topic.

Incidentally, I read article titled ‘Specific inhibition of cyclin dependent kinase 4/6 by PD 0332991 and associated antitumor activity in human xenografts’ written by DW fry, PJ Harvey, PR Keller et al. in Molecular Cancer Therapy journal published on 2004. Cyclin dependent kinase 4 is the kinase part of cyclin D1. After the formation of holoenzyme between cyclin D1 and CDK4 facilitate the progression of cell cycle from G1 phase to S phase by the release of transcriptional factors. The CDK4 inhibitor was designed in such a way that it competitively inhibit phosphorylation of retinoblastoma protein which further render cell cycle progression to next phase. The idea sounds good for me and I fixed my research problem to find out a lead molecule as an effective CDK4 inhibitor.

Meanwhile, I got an opportunity to get training in CADD using Schrodinger software. My guide Dr. Pushpa encouraged to participate in different workshops and seminars related to the topic in prestigious institutions like IIT Chennai, IISC Bangalore, IIT Delhi, Amrita Viswavidyapeetham Coimbatore, Sastra University Thanjavur etc. These gatherings provided me with a very good exposure and deep insight into the research topic. Thus, I framed my research plan. During the literature survey I found that several other people were there in the field of this drug discovery pathway. They synthesized thousands of molecules and tested in vitro. So, I tried to collect all the information. Since, the available were determined under different experimental conditions I categorized them into seven classes. With the effective and efficient utilization of computational technology, we can reduce the wastage of time, money, manpower and chemicals (green chemistry principles). Keeping this in mind I did molecular docking studies to find out the vital interactions between CDK4 protein and ligand molecules. But, I did not find any significant correlation between molecular docking values and their corresponding biological activity. I became confused. I tested with molecules under clinical trials (Palbociclib, Ribociclib and Abemaciclib). Then also I did not find any features in common. I tried several times, but in vain. I became thoroughly disappointed.



Whenever I feel distress, my guide will be there to find a solution. My guide provided an opportunity to meet Dr. Pritesh Bhatt, Senior application scientist of Schrodinger software suit. He asked me to do molecular docking in the flexible mode and change molecular docking settings appropriately so as to suit the chemical behavior of the protein. Then only I realized the foolishness- I performed all the docking in a default way; without considering the chemical environment of the molecule. Thanks to Dr. Pritesh. He gave me an ample opportunity to discover and utilize different programs of Schrodinger Software for Drug discovery. Afterwards, I performed the molecular docking in controlled way and found that all the active molecules including those under clinical trials exhibited hydrogen bonding interaction with the hinge region residue Val96 while the inactive molecules do not. Besides hydrogen boding interactions, pi-pi

interactions and salt bridges were also found between the highly active molecules and CDK4 protein. Also, the molecules had shown greater than 90% correlation between scoring functions and experimentally determined biological activities.

Another major challenge was then aroused. How to express my findings in a piece of paper? I and my husband, Rajiv had long time discussions in the topic. He encouraged me registering in different scientific communities and interacting with eminent personalities in the field. Even though he is working in marketing, he has great passion in reading books. During our conversations, he encouraged me to write and corrections were suggested to improve the style of my presentations. After arduous struggle, my first research article got published in Molecular Graphics and Modelling Journal, by Elsevier in 2018. After that, I got an opening to publish three more articles in reputed journals.

In 2015, FDA approved Palbociclib as CDK4/6 inhibitor for treating HR+/HER2- breast cancer patients and later in 2017, both Ribociclib and Abemaciclib got approval. On structure based analysis, it was found that these molecules possess some common structural features. The quest for new scaffold for CDK4 inhibitors is thus worthy. Keeping this in mind I tried to develop a worthy QSAR model using recursive partitioning. The quality of the model was ascertained by both internal and external validation procedures. There are several online databases are available for virtual screening. I selected nearly five lakh molecules for virtual screening using validated QSAR model followed by molecular docking. After the lengthy and strenuous procedures, we finally arrived at 20 molecules with drug like characteristics defined by Lipinski's rule of five. Luckily all these molecules were lie within the admissible limits of pharmacokinetic properties of drug like molecules and hence all of them were considered for the experimental studies. All the twenty molecules which were predicted as good inhibitors of CDK4 through in silico means were found to be true through in vitro studies in breast cancer cell lines. They exhibited greater than 60% inhibition!

The tale never ends up here. I know
"……..Miles to go before I sleep
And miles to go before I sleep"
This is my tribute to my parents, husband and to all my well-wishers.

# സ്ത്രീശാക്തീകരണത്തിലെ നിഷ്പക്ഷത

**ഡോ. ഷീബ എൻ.എച്ച്.**
എം.ഇ.എസ്. അസ്മാബി കോളേജ്



ഡൽഹി പെൺകുട്ടിയുടെ പീഡനം നടന്ന വർഷം, വനിതാ ദിനത്തോടനുബന്ധിച്ച് കോളേജിൽ ഒരു സിമ്പോസിയം സംഘടിപ്പിച്ചു. സ്ഥലത്തെ വനിതാ എം.എൽ.എ. മുഖ്യ അതിഥി ആയ ചടങ്ങിൽ പകുതിയും പുരുഷന്മാരെ ആണ് ഞങ്ങൾ സംസാരിക്കാൻ ക്ഷണിച്ചത്. വിഷയം 'സ്ത്രീസുരക്ഷ – സ്ത്രീയുടെ മാത്രം ഉത്തരവാദിത്വമോ?'.

ഉന്നത വിദ്യാഭ്യാസം ഉള്ളവരാണല്ലോ അധ്യാപകർ. ഒരു സാർ വളരെ രോഷത്തോടെ ചോദിച്ചു, "എന്ത് ചോദ്യമാണിത്, സ്ത്രീയെ സംരക്ഷിക്കില്ല എന്ന് ഇവിടെ ആരെങ്കിലും പറഞ്ഞോ ഞങ്ങൾ എപ്പോഴും സ്ത്രീകളുടെ ഒപ്പമാണ്".

പക്ഷെ മറ്റൊരാൾ രോഷത്തോടെ ചോദിച്ചു "ഒരു പുരുഷനും ഒരു സ്ത്രീയും കൂടെ ഓടിയാൽ ആരാണ് മുന്നിലെത്തുക? സ്ത്രീ എപ്പോഴും പുറകിൽ തന്നെയാണ്" ഈ രണ്ട് അഭിപ്രായങ്ങൾ സമൂഹത്തിലെ സാമ്പത്തികമായും സാമൂഹ്യമായും വിഭിന്നമായ ഏതു തട്ടിലും നമുക്കു കേൾക്കാൻ കഴിയും.

പക്ഷെ സ്ത്രീയുടെ നിർഭാഗ്യവശാൽ രണ്ടാമത്തെ അഭിപ്രായത്തിനാണ് മൃഗീയ ഭൂരിപക്ഷം.

മനുഷ്യരിൽ കയ്യൂക്കുള്ളവൻ പുരുഷൻ തന്നെയാണ് തർക്കമില്ല. അതുകൊണ്ടുതന്നെ മനുഷ്യചരിത്രം പുരുഷന്റെ ചരിത്രമായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത്. അടിച്ചമർത്തപ്പെട്ടവർക്ക് എവിടെയാണ് ചരിത്രത്തിൽ സ്ഥാനം? മനുഷ്യൻ തന്റെ ഈഗോയുടെ പുറന്തോടിൽ നിന്നും പുറത്തുകടന്നു നിഷ്പക്ഷമായി ചിന്തിച്ചാൽ ഇതല്ലേ പ്രകൃതിയിലെ ഏറ്റവും വലിയ നീതിനിഷേധം? ഈ നീതിനിഷേധത്തിനെതിരെയുള്ള പ്രതിഷേധത്തിന് അധികകാലത്തെ ചരിത്രമൊന്നുമില്ല. ഒന്നര നൂറ്റാണ്ടു കാലത്തെ പഴക്കംമാത്രം.

ഈയവസരത്തിൽ  ലോകത്തിലെ സ്ത്രീമുന്നേറ്റത്തിന്റെ  ആദ്യത്തെ രക്തസാക്ഷിയെ സ്മരിക്കാതെ നമുക്കു മുന്നോട്ട് പോകാൻവയ്യ. 'ഒളിംപിഡി ഗൗഷ് (Olympe de Gouges)'– പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിപ്ലവകാലത്ത് ഫ്രാൻസിൽ ജീവിച്ചിരുന്ന,



എഴുത്തിലൂടെ തന്റെ  ആശയങ്ങൾ ശക്തമായി പ്രചരിപ്പിച്ചിരുന്ന ധീര വനിത. അവരുടെ 'The Decalaration of Rights of Women' (1790) എന്ന ഗ്രന്ഥം ആണ് സ്ത്രീ സമത്വം എന്ന ആശയത്തിന് തന്നെ തിരികൊളു ത്തിയത്. അക്കാലത്തു ഫ്രഞ്ച് കോ ളനികളിലെ അടിമത്ത വ്യവസ്ഥി തിക്ക് എതിരെയും അവർ നിശിത മായ ഭാഷയിൽ പ്രതികരിച്ചിരുന്നു. ഭരണാധികാരികളുടെ അപ്രീതിക്ക് പാത്രമാവുകയും അതേ സമയം തന്റെ  നിലപാടിൽ ഉറച്ചുനിൽക്ക കയും ചെയ്തതോടെ ഗൗഷ് 1793ൽ ഗില്ലറ്റിൻ ചെയ്യപ്പെ ടുകയാണ് ഉണ്ടായത്. ഗൂഷിന്റെ ആശയങ്ങൾ യൂറോപ്പിലേക്കും അമേരിക്കയിലേ ക്കും വ്യാപിച്ചെങ്കിലും പ്രകടമായ ഒരു സ്ത്രീമുന്നേറ്റം ഉണ്ടായത് 1857 മാർച്ച് 8ന് ന്യൂയോർക്കിൽ അരങ്ങേ റിയ ഒരു പ്രക്ഷോഭത്തിന്റെ  രൂപ ത്തിലായിരുന്നു. തുണിമില്ലുകളിൽ പണിയെടുത്തിരുന്ന ആയിരകണ ക്കിന് വനിതാ തൊഴിലാളികൾ, കൂടിയ വേതനത്തിനും തൊഴിൽസ മയം കുറയ്ക്കുന്നതിനും വേണ്ടിയാണ് അന്ന് തെരുവിലിറങ്ങിയത്. ഇത് ലോകത്തിന്റെ  പലഭാഗത്തും സ്ത്രീകൾക്ക് സംഘടിക്കാനും അവ കാശങ്ങൾക്കുവേണ്ടി പൊരുതാ നും ഊർജം നൽകുകയുണ്ടായി.

1910 കോപ്പൻ ഹേഗനിൽ നടന്ന വനിതാ സമ്മേളനത്തിലാണ് വനിതാ ദിനം ആചരിക്കണം എന്ന ആശയം ഉയർന്നുവന്നത്. ജർമൻ മാർക്സിസ്റ്റ് തത്വ ചിന്തകയായ ക്ലാ രസെറ്റ്കിൻ ഈസമ്മേളന ത്തിന് ചുക്കാൻ പിടിക്കുകയും മാർച്ച് 8 വനിതാ ദിനം ആയി ആചരിക്കണമെന്ന നിർദ്ദേശിക്കു കയും ചെയ്തു. പിന്നീട്, ചരിത്രം പരിശോധിച്ചാൽ മനസിലാക്കാം 1917 മാർച്ച് 8ന് റഷ്യയിൽ നടന്ന വനിതാ ദിനപ്രകടനം റഷ്യൻ വിപ്ലവത്തിലേക്കുള്ള ആദ്യചുവടു വെപ്പായിരുന്നു എന്ന്. ഐക്യരാഷ്ട്ര സഭ 1975 ലാണ് മാർച്ച് 8 വനിതാ ദിനമായി അംഗീകരിച്ചത്.

ഒരുനൂറ്റാണ്ടിനു ഇപ്പുറം ലോകമൊ ട്ടുക്ക് അനവധി സ്ത്രീസംഘടനകൾ രൂപംകൊണ്ട് കഴിഞ്ഞു. ഇന്ന് ഇന്ത്യ എന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെട്ടുക്കു കയാണെങ്കിൽ, ക്രൈം ബ്യൂറോ റെ ക്കോർഡ് അനുസരിച്ചു 93 സ്ത്രീകൾ ഓരോ ദിവസം ശരാശരി ബലാ ത്സംഗത്തിനിരയാകുന്നു, ഒരുലക്ഷ ത്തിലധികം ഗാർഹിക പീഡന കേ സുകൾ വർഷംതോറും രജിസ്റ്റർ ചെയ്യപ്പെടുന്നു.... സ്വബോധമുള്ള ഏതൊരുവ്യക്തിക്കും ആകുലതയും ആശങ്കയും തോന്നേണ്ട കണക്കുക ളാണിത്... ഇവിടെയാണ് ''സ്ത്രീസുര ക്ഷ സ്ത്രീയുടെ മാത്രം ഉത്തരവാദിത്വ മോ ?' എന്നചോദ്യമുയരുന്നത്. സ്ത്രീ സമൂഹത്തിനു ഒരിക്കലും ഒറ്റപെട്ടു നിൽക്കാനാവില്ല, മറിച്ചു പൊതു സമൂഹത്തിനെ മുന്നോട്ടു കൊണ്ട് പോകുന്ന ഉത്തരവാദിത്വം ആണ് ഏറ്റെടുക്കുന്നത്. കരുത്തുകുറഞ്ഞ ഈ ശരീരത്തെ കൊത്തിപ്പറി ക്കാൻ കാത്തുനിൽക്കുന്ന കഴുക ന്മാരിൽനിന്നും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ  ഉത്തരവാ ദിത്വം ആണ്.ആശ്വാസകരമെന്നു പറയട്ടെ, വളരെ ഉദ്ദേ ശശുദ്ധിയോടു കൂടി പ്രവർത്തിക്കുന്ന ഒരുപിടി സംഘടനകൾ ഇന്ന് നമുക്ക് ഉണ്ട് – ഗവണ്മെന്റ്തലത്തിലും നോൺഗ വണ്മെന്റ് തലത്തിലും. ഓരോ സം ഘടനയും ഓരോ ലക്ഷ്യം ഏറ്റെടു ത്തുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്ന് നമുക്കറിയാം, ഇന്ത്യയിൽ നിലനില്ക്കുന്നത് മതാധിഷ്ഠിത സാമൂ ഹ്യമൂല്യങ്ങളാണ്. എന്നാൽ നമുക്ക് ഒരുപാടു മതങ്ങൾ ഉണ്ട് താനും, ഏതൊരു മതവും അവകാശപ്പെടുന്ന

ത് ഞങ്ങൾ സ്ത്രീകൾക്ക് ഉന്നതസ്ഥാനം നൽകുന്നവരാണ് എന്നാണ്. പക്ഷെ, ഇന്ന് പത്രത്താളുകളൊന്ന മറിച്ചാൽ മതി, ഈ മതഭ്രാന്തന്മാർ (മത വ്യതാസമില്ലാതെ) പെൺകുഞ്ഞുങ്ങളെ പോലും കടിച്ചുകീറുന്ന വാർത്തയാണ്. ഇവിടെ നാം കാണുന്നത് ഈ ക്രിമിനലുകൾക്ക് പിന്തുണയുമായി മത സംഘടനകളോടൊപ്പം രാഷ്ട്രീയക്കാരും അണിനിരക്കുന്നതാണ് ഏറെ സങ്കടകരം. മതഭ്രാന്തന്മാരോ മദ്യപിച്ച ബോധമില്ലാത്തവരോ ആരുമാകട്ടെ, ഈ കഴുകന്മാർ തങ്ങളുടെ വിശപ്പുതീർക്കുന്നത് സ്ത്രീശരീരം ഭക്ഷിച്ചുകൊണ്ടാണ്.

പീഡനങ്ങൾ സഹിച്ചുമിണ്ടാതിരിക്കുകയോ അല്ലെങ്കിൽ ആവലാതികൾ പറഞ്ഞു സ്വയം ആശ്വസിക്കുകയോ അല്ല ഒരു ക്രിയാത്മക സമൂഹം ചെയ്യേണ്ടത്. നമുക്ക് ഇതിനെ നേരിട്ടേ ഒക്കൂ. മാറ് മറയ്ക്കാനോ വിദ്യാഭ്യാസം നേടാനോ സ്വാതന്ത്ര്യമില്ലാതിരുന്ന സ്ത്രീ സമൂഹം ഇത്രയും നേടിയെങ്കിലും നാം ഇനിയും മുന്നോട്ടുപോകണം.

2018 ലെ കണക്കനുസരിച്ച് ഭാരതത്തിലെ ജനസംഖ്യ 135 കോടി ആണ്, അതിൽ 48%സ്ത്രീകളാണ്. പക്ഷെ ആശങ്കപ്പെടുത്തുന്ന മറ്റൊരു കണക്കു കാണിക്കുന്നത് 2005ൽ 36% സ്ത്രീകളാണ് സ്വന്തമായി ജോലിചെയ്തു വരുമാനം കണ്ടെത്തിയിരുന്നത് എങ്കിൽ 2016 എത്തുമ്പോഴേയ്ക്കും 26% ആയി കുത്തനെ കുറയുകയാണ്. ഒപ്പം തന്നെ ക്രൈം റിസർച്ച് ബ്യൂറോയുടെ വിവരമനുസരിച്ച് ഈ കാലയളവിൽ സ്ത്രീകൾക്കെതിരെയുള്ള അക്രമം വർധിച്ചതായാണ് കാണുന്നത്. സ്വന്തമായ വരുമാനം ഉപേക്ഷിച്ച് കുഞ്ഞുങ്ങളുടെയും കുടുംബത്തിന്റെയും സംരക്ഷണത്തിനു വേണ്ടി ഒരു പ്രതിഫലവുമില്ലാതെ തന്റെ സർവ ഊർജ്ജവും ചില വഴിക്കാൻ നിർബന്ധിതരാകുന്ന സ്ത്രീകളുടെ കഥയാണിത്. ഇത് കാണിക്കുന്നത് സ്ത്രീകൾ സാമ്പത്തിക സ്വാതന്ത്ര്യം നേടേണ്ടതിന്റെ ആവശ്യകതയിലേക്കാണ്.

തലമുറകളായി അച്ഛനമ്മമാർ പെണ്മക്കളോട് ഓതിക്കൊടുക്കുന്നത് പെണ്ണുങ്ങൾ ക്ഷമയുടെ കലവറയാ

ണ്, കുടുംബത്തിന്റെ വിളക്കാണ് നീ നന്നായാൽ കുടുംബം നന്നായി എന്നാണ്. ഒരു ചെറിയ ന്യൂനപക്ഷമൊഴിച്ചാൽ എല്ലാ സ്ത്രീകളും പുരുഷനു പുറകിൽ നടക്കാനാണ് ആഗ്രഹിക്കുന്നത്. ഒരുപക്ഷെ സമൂഹത്തിന്റെ നല്ല നടപ്പു നിയമങ്ങളിൽപെട്ട ഒന്നാമത്തേത് ഈവിധേയത്വം ആണെന്നത് തന്നെ ആകണം കാരണം. പുരുഷ മനോഭാവവും വ്യത്യസ്തമല്ല. സ്ത്രീയെ ഒപ്പം നടത്തുന്നവർ ഇല്ലെന്നല്ല, വളരെ വളരെ അപൂർവം - ഏതു ശ്രേണിയിൽപെട്ടവരായാലും.

പല സർവ്വേകളും കാണിക്കുന്നത് ഗാർഹിക പീഡനത്തിന്റെ മൂല കാരണം ഇതാണെന്നാണ്. ഇതിനുപരിഹാരമായി പല വനിതാ സംഘടനകളും കൗൺസിലിങ്ങ് കൊടുക്കുന്നുണ്ട്. ഇപ്പോൾ വിദ്യാർത്ഥികൾക്കിടയിൽ സർക്കാരിന്റെ സഹായത്തോടുകൂടി പ്രീമാരിറ്റൽ കൗൺസിലിങ് നൽകിവരുന്നുണ്ട്.

പക്ഷെ ഇത് 50% പോലും ഫലപ്രദമല്ല എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. കാരണം ആൺകുട്ടികൾ കൗൺസിലിങ്ങിന് വരുന്നതേയില്ല. പ്രീമാരിറ്റൽ കൗൺസിലിങ്ങിൽ ഫോക്കസ് ചെയ്യേണ്ട ഒറ്റക്കാര്യമേ ഉള്ളൂ, സ്ത്രീ പുരുഷ സമത്വം. ഒരിക്കലും ഭാര്യ ഭർത്താവിന്റെ അടിമയല്ല, മറിച്ച തന്റെ പങ്കാളിയാണ്. എന്തും ഒരുപോലെ പങ്കുവെയ്ക്കേണ്ടവൾ.

1780ൽ 'ഒളിംപിഡിഗൗഷ്' വിളിച്ച





പറഞ്ഞ ജൻഡർ ഇക്വാലിറ്റി ഇന്നും വിദൂരം തന്നെ ആണ്. പാശ്ചാത്യ രാജ്യങ്ങളിലും ഗാർഹി കപീഡ നം ഒട്ടും കുറവല്ല. വളരെ വലിയ തോതിൽ സ്ത്രീപീഡനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇക്കാലത്ത് ഇന്ത്യയിൽ, എല്ലാ സ്ത്രീ സംഘടനകളും ഒരുപോലെ പങ്കുവെയ്ക്കുന്ന കാര്യമുണ്ട് – നമ്മുടെ വ്യവസ്ഥിതിയിൽ പീഡനകേസ് കൈകാര്യം ചെയ്യുന്ന രീതി അതിനു വിധേയമായവർക്ക് മറ്റൊരു പീഡനമാണ്. ശാരീരികവും മാനസികവും ആയി തകർന്ന അവസ്ഥയിൽ, ഇത്തരം വ്യക്തികളിൽ നിന്നും തെളിവെടുക്കുമ്പോൾ വളരെയധികം ശ്രദ്ധയും പരിഗണനയും കൊടുക്കുന്ന രീതിയിലേക്കു തുടർ നടപടികൾ മാറേണ്ടത് അത്യാവശ്യമാണ്. മറിച്ചായാൽ തീർച്ചയായും പ്രതികൾക്കു രക്ഷപെടാനുള്ള എല്ലാ പഴുതും അതിനകത്തുണ്ടാകും. അതിനോടൊപ്പം തന്നെ കേസിൽ വരുന്ന കാലതാമസവും. 'justice delayed is justice denied' ഈ കാര്യത്തിൽ അത് 200% ശരിയാണ്.

നാം അധ്യാപകർക്കു സ്ത്രീശാക്തീകരണത്തിൽ ഏറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. പെൺകുട്ടികളെ നാം പഠിപ്പിക്കേണ്ടത് 'പാവം' ആയിരിക്കാനല്ല, മറിച്ചു, ധൈര്യവതികളാകാനും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാനും ആണ്, പ്രശ്നങ്ങളെ തന്റേടത്തോടെ നേരിടാനാണ്.

വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന പരിശീലനവും പിന്തുണയും വലിയതോതിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതായി കാണുന്നുണ്ട്.

ഇന്ന് പോലീസ് ഡിപ്പാർട്മെന്റ് പെൺകുട്ടികൾക്കു നൽകുന്ന 'self defence training' അവരിൽ ആത്മവിശ്വാസം വളർത്താൻ വളരെ ഉപകാരപ്രദമാണ്. അതുപോലെ, നാം മാതാപിതാക്കളെ മനസ്സിലാക്കിക്കേണ്ടത്, ഒരു മകൾക്ക് വിവാഹത്തെക്കാൾ മുൻഗണനകൊടുക്കേണ്ടത് അവളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനാണ്. സ്വന്തം കാലിൽ നിൽക്കാനുള്ള പ്രാപ്തി പെൺകുട്ടികൾക്ക് ഉണ്ടായേ തീരൂ.

ഇതോടൊപ്പം തന്നെ പെൺകുട്ടികളോടും സ്ത്രീകളോടും തുല്യരായി പെരുമാറുവാൻ നാം ചെറുപ്പം മുതലേ ആൺകുട്ടികളെ പരിശീലിപ്പിക്കണം, ഇന്ന് സൈബർലോകത്തു മുഖം മറഞ്ഞിരുന്നു സ്ത്രീകളെ ആക്രമിക്കുന്ന ഭീരുക്കളായ ആൺകുട്ടികളെയോ ആണുങ്ങളെയോ ആണ് നാം കാണുന്നത്.

ഇവരെല്ലാം നമ്മുടെ കുഞ്ഞുങ്ങൾ തന്നെയാണ്. സ്ത്രീകൾക്ക് ആരെയും ഉപേക്ഷിക്കാൻ വയ്യ അച്ഛനെയോ സഹോദരനെയോ ഭർത്താവിനെയോ മകനെയോ ആരെയും. മറിച്ചു, ഇവരുടെ എല്ലാം സംരക്ഷണം ആണ് സ്ത്രീ ഏറ്റെടുക്കുന്നത്. അതുകൊണ്ടു തന്നെ സ്ത്രീയുടെ പ്രശ്നങ്ങൾ സ്ത്രീയുടേത് മാത്രമല്ല, ഈ സമൂഹത്തിന്റെ മൊത്തം പ്രശ്നമാണ്. ഇന്നും സ്ത്രീകളുടെ പ്രശ്നങ്ങളോട് പ്രതികരിക്കാൻ പുരുഷന്മാർ മുന്നോട്ടുവരുന്നത് അപൂർവം ആണെന്നത് ഏറെ ദുഃഖകരവും ആശങ്കാജനകവും ആണ്. പ്രശസ്ത എഴുത്തുകാരി നോറ എഫ്രോന്റെ ഈ വാക്കുകളോടെ ഉപസംഹരിക്കട്ടെ "Above all, be the heroine of your life, not the victim'

January 2021 | KERALA PRIVATE COLLEGE TEACHER

# ജീവിതത്തിന്റെ സർഗാത്മകതകൾ

**അനൂജ ചാക്കോ**
സാമൂതിരി ഗുരുവായൂരപ്പൻ
കോളേജ്, കോഴിക്കോട്



പലപ്പോഴും പലയിടത്തും കാണുന്നൊരു പരസ്യവാചകമാണ് – 'ചെലവു കുറഞ്ഞ തീർത്ഥയാത്രകൾ'. അതിന് താഴെ പ്രത്യക്ഷത്തിൽ നിർദോഷം എന്ന് തോന്നിക്കുന്നൊരു നിർദേശവും: വിരമിച്ച അദ്ധ്യാപകർക്ക് ഉപകാരപ്പെടും. വിരമിച്ച് കഴിഞ്ഞാൽ, അല്ലെങ്കിൽ അറുപത് വയസ് ഒക്കെ കഴിഞ്ഞാൽ, തീർത്ഥാടനവും പേരക്കുട്ടികളെ നോക്കാൻ മക്കളുടെ വീട്ടിൽ പോയി നിൽക്കലും ഒക്കെയാണ് മികച്ച മാതൃകകൾ എന്നാണ് പലപ്പോഴും സമൂഹത്തിന്റെ പൊതുധാരണ. ഓരോ വ്യക്തിയ്ക്കും സ്വന്തം ഇഷ്ടങ്ങളും താത്പര്യങ്ങളും ഉണ്ടെന്നും അതൊക്കെ സഫലീകരിക്കാൻ കൂടി ഉള്ളതാണ് ജീവിതം എന്നും സൗകര്യപൂർവ്വം മറന്ന് പോവാറുണ്ട് നാം.

ആർക്കൊക്കെയോ വേണ്ടി മാത്രമല്ലാതെ അവരവർക്ക് വേണ്ടി കൂടിയുള്ള ഒറ്റത്തവണത്തെ ഒരു മനോഹര അവസരമാണ്



ജീവിതം. സ്വപ്നസാക്ഷാത്ക്കാരത്തിനായി ഉലകം ചുറ്റുന്ന വിദേശികളും ചായക്കടയിലെ വരുമാനം കൊണ്ട് വിദേശരാജ്യങ്ങളിൽ പോവുന്ന മലയാളി ദമ്പതികളും വെറും കൗതുക കാഴ്ചയ്ക്കപ്പുറം അനുകരണീയ മാതൃകകളായി നമ്മളിപ്പോഴും സ്വീകരിച്ചിട്ടില്ല. പുതിയ കാഴ്ചകളും അറിവുകളും ഒക്കെച്ചേർന്ന് സമ്പന്നമാകേണ്ട ജീവിതത്തെ വാർപ്പ് മാതൃകകളിൽ തളച്ചിടാനാണ് പലപ്പോഴും നാം മുതിരുന്നത്.

ജീവിക്കുന്ന ഓരോ നിമിഷവും നമുക്കെല്ലാം പ്രായം ഏറിവരികയാണ്. അതിൽ വിശേഷിച്ച് ആകുലപ്പെടാൻ ഒന്നുമില്ല. ഇന്നലെകളിലെ വൈവിദ്ധ്യമായ ജീവിതാനുഭവങ്ങൾ നമുക്കുണ്ടായത് ആ ദിവസങ്ങൾ ജീവിതത്തിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. കുങ്കുമം ചുമന്നിട്ടും അതിന്റെ സുഗന്ധം തിരിച്ചറിയാതെ പോവുന്ന കഴുതയെപ്പോലെ, പലരും മനസിലാക്കാതെ പോവുന്നതും ജീവിതത്തിന്റെ അപ്രവചനീയതയും നിഗൂഢസൗന്ദര്യവുമാണ്.

വീട്ടിലെ സഹായത്തിനും മക്കളെ നോക്കാനും അമ്മമാരാണ് കൂടുതൽ നല്ലത് എന്നതുകൊണ്ട് വിദേശത്തേക്ക് അവരെ കൂടെ കൊണ്ടുപോകാൻ മത്സരിക്കുന്ന മക്കൾ എന്താണ് അമ്മയുടെ താത്പര്യം എന്ന് പലപ്പോഴും ചോദിച്ചു കാണാറില്ല. പ്രായമാവുമ്പോൾ അവരുടെ സന്തോഷത്തിന് അനുസരിച്ചൊരു ജീവിതത്തിലേക്ക് വിട്ടുകൊണ്ട്, ജീവിതത്തിലെ ഓട്ടപ്പാച്ചിലിനിടയിൽ അവർക്ക് നഷ്ടമായ കൊച്ചു കൊച്ചു സന്തോഷങ്ങൾ തിരികെ നൽകുക എന്നതായിരിക്കും അവർക്ക് കൊടുക്കാൻ പറ്റുന്ന സമ്മാനങ്ങൾ .

ആത്മീയതയ്ക്കും ഭക്തിക്കും ഒക്കെ അപ്പുറം വിശാലമായ നിറപ്പകിട്ടുള്ളൊരു ലോകം കൂടിയുണ്ട്. പ്രായം കൂടി എന്നതുകൊണ്ട് ആർക്കും അത് നിഷിദ്ധമല്ല. തൊണ്ണൂറ്റിമൂന്നാം വയസിൽ യോഗയും ഡൈവിങ്ങും ചെയ്യുന്ന ന്യൂയോർക്കിലെ ഒരു 'യുവതി' യെയും എഴുപത്തിമൂന്നാം വയസിൽ ടൂറിസ്റ്റ് ഗൈഡും ഡ്രൈവറും ആയി ജോലി ചെയ്ത് ജീവിതം സർഗാത്മകമാക്കുന്ന ആസ്ട്രേലിയൻ 'യുവതി' യെയും കുറിച്ച് ഈ അടുത്തിടെ വായിക്കുകയുണ്ടായി. അവരാരും ജീവിതത്തിന്റെ നല്ലപ്രായം കഴിഞ്ഞവരല്ല; മറിച്ച് ഇപ്പോഴും നല്ല പ്രായത്തിൽ ജീവിക്കുന്നവരാണ്. ജീവിക്കുന്ന കാലത്തെ നല്ല പ്രായവും നല്ല സമയവും ആക്കി മാറ്റിയെടുക്കാനുള്ള ആർജവം മാത്രം മതി.

അനുഭവസമ്പത്തും ലോകപരിചയവും കൊണ്ട് സമ്പന്നമായ മുതിർന്ന തലമുറയെ ക്രിയാത്മകമായ ഇടങ്ങളിലേക്ക് വഴിതിരിച്ച് വിടാൻ സാധിക്കുമ്പോഴേ ഒരു സമൂഹം പരിഷ്കൃതമാകൂ. തല നരയ്ക്കുമ്പോഴും

"ഈ മനോഹര തീരത്ത് തരുമോ

ഇനിയൊരു ജന്മം കൂടി ..."


എന്ന് സന്തോഷത്തോടെ ആഗ്രഹിക്കാൻ പറ്റാവുന്ന വിധം, എം.ടി. യുടെ 'മഞ്ഞി'ലെ സർദാർജിയെപ്പോലെ പ്രസാദമധുരമായി ജീവിതത്തെ നോക്കിക്കാണുമ്പോഴാണ് ജീവിതം സർഗാത്മകമാവുന്നത്.



ഒരു അവിശ്വാസിയുടെ കൈലാസയാത്ര 2

# മാനസസരസ്സ് തടാകങ്ങളുടെ മാതാവ്

**ഡോ. ജോയ്സ്കുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം



അതിരാവിലെ ഉണരുന്ന ശീലമുള്ളതിനാലും തലേദിവസം നേരത്തെ കിടന്നതിനാലും നേരത്തെ ഉണർന്നു. അഞ്ചുമണിക്കുമുമ്പു തന്നെ പ്രഭാതമായിരിക്കുന്നു. മുറ്റത്തിറങ്ങിയപ്പോഴാണ് തണുപ്പിന്റെ രൂക്ഷത ശരിക്കുമറിയുന്നത്. വരാന്തയിലും മുറ്റത്തും തലേദിവസം വീണ വെള്ളം ഐസായിരിക്കുന്നു. റോഡ് വിജനമാണ്. ഒരൊച്ചയനക്കവുമില്ല. ആകാശത്ത് നക്ഷത്രങ്ങൾ പൂർണമായും മറഞ്ഞ് കഴിഞ്ഞിട്ടില്ല. പുറത്തിറങ്ങി കുറച്ചു ദൂരം ടൗണിന്റെ ദിശയിലേക്ക് നടന്നു. ഗ്രാമീണവീടിന്റെ മുറ്റത്ത് തലേദിവസം കണ്ട പട്ടികളെല്ലാം കിടന്ന് ഉറങ്ങുന്നുണ്ട്. യാക്കുകൾ ഉറങ്ങുകയാണോ എന്നറിയില്ല തല കുനിച്ച് നിശ്ചലരായി നില്ക്കുയാണ്. തിരിച്ചെത്തിയാശേ ഗസ്റ്റ് ഹൗസിൽ ഒരു ബഹളം നടക്കുകയാണ്. ഞങ്ങളുടെ സംഘത്തിന് ആകെ നൽകിയത് മൂന്നാലു ബക്കറ്റ് ചൂടുവെള്ളമാണ്. ആദ്യം വന്നവർ കുളിച്ചും മറ്റും




അത് തീർത്തു. പല്ല് തേയ്ക്കാനും മുഖം കഴുകാനും തണുത്ത വെള്ളം ഉപയോഗിക്കുന്നത് ആലോചിക്കാനേ പറ്റില്ല. ചില കാര്യങ്ങൾ വേണ്ടെന്നു വെച്ചും കയ്യിലുള്ള ടോയ്‌ലറ്റ് ടിഷ്യൂ പേപ്പർ കൊണ്ട് ചില കാര്യങ്ങൾ സാധിച്ചും ഞങ്ങൾ മല്ലൂസ് ഒരുവിധം കൈകാര്യം ചെയ്തു.

കാലാവസ്ഥയുമായി പൊരുത്തപ്പെടാൻ കിട്ടിയ ഇന്നത്തെ ദിവസം മിലരേപയുടെ ഗുഹ സന്ദർശിച്ചാലോ എന്നൊരു നിർദ്ദേശം ഞങ്ങൾ വെച്ചെങ്കിലും വിവേക് അനുവദിച്ചില്ല. ഇന്ന് ചെറിയ മലകയറ്റം മതി എന്നാണ് അയാളുടെ പക്ഷം. ന്യാലത്തിന് 11 കിലോമീറ്റർ വടക്ക് മലമുകളിലാണ് മിലരേപയുടെ ഗുഹ. ടിബറ്റിൽ ആകെ അറിയപ്പെടുന്ന, 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന തത്വജ്ഞാനിയായ ഈ ബുദ്ധഗുരു മലമുകളിലെ ഒരു ഗുഹയിൽ കഴിഞ്ഞിരുന്നുവത്രേ. ന്യാലത്തെ ഗോംപയിൽ (ബുദ്ധക്ഷേത്രം) നിന്നാണ് ഗുഹയിലേക്കുള്ള വഴി ആരംഭിക്കുന്നത്. രണ്ടുമൂന്നു കിലോമീറ്റർ ആ വഴിക്കുതന്നെ ഒരു ട്രെക്കിംഗ് പരിശീലനമാകട്ടെ എന്ന് അവസാനം കോംപ്രമൈസ്. സംഘത്തിലെ നാലോ അഞ്ചോ പേർ ഒപ്പം കൂടി. ഡോർജി എന്ന ഷെർപ്പയെ സഹായിയായി വിവേക് ഒപ്പം വിട്ടുതന്നു.

'ഓം മണിപദ്മേഹ ഹും' എന്ന ടിബറ്റൻ പ്രാർത്ഥനാ മന്ത്രങ്ങളെഴുതിയ കൊടിതോരണങ്ങൾ പറക്കുന്ന അങ്കണം കടന്ന് ചെമ്പിൽ തീർത്ത, ഐസുപോലെ തണുത്ത പ്രാർത്ഥനാചക്രങ്ങൾ തിരിച്ച് അനുഷ്ഠാനപരമായി തന്നെ ഗോംപയിൽ കടന്നു. വർണ്ണശബളമായ, ഇരുണ്ട ക്ഷേത്രത്തിനകം പുറത്തെക്കാൾ അല്പം കൂടി ഊഷ്മളമാണ്. മിലരേപയെയാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. സമീപത്തു തന്നെ മാവോയുടെ ഫ്രെയിം ചെയ്തു വെച്ചിരിക്കുന്ന ഒരു ചിത്രവുമുണ്ട്. ഈ കോമ്പിനേഷൻ എത്രയായിട്ടും പിടികിട്ടിയില്ല. ഗോംപയുടെ ഭിത്തികളും മുകൾത്തട്ടുമെല്ലാം രേഖാചിത്രങ്ങൾകൊണ്ട് ആകർഷകമാക്കിയിരിക്കുന്നു. ശ്രീകോവിലിനു സമീപം അധികം വെട്ടമില്ലാത്ത ഒരു വിളക്കുവെച്ച് ഒരു ലാമ (ബുദ്ധസന്യാസി) എന്തോ പ്രാർത്ഥനാപുസ്തകം വായിക്കുന്നുണ്ട്. ഓടിലും വെള്ളിയിലും തീർത്ത ചില പാത്രങ്ങൾ ആ ഇരുട്ടിലും തിളങ്ങുന്നുണ്ട്.

കല്ലുകൾ ഇളകിക്കിടക്കുന്ന മിലരേപയുടെ ഗുഹയിലേക്കുള്ള വഴിയിൽ ഭാരം വഹിക്കുന്ന പത്തിരുപത് യാക്കുകളെ തെളിച്ചുകൊണ്ട് ഒരാൾ മലകയറുന്നു. ഒരൊച്ചയും ഇല്ലാതെ, അനങ്ങുന്നുണ്ടെന്ന് തോന്നിപ്പിക്കുക പോലും ചെയ്യാതെയാണ് ആ മൃഗങ്ങൾ മല കയറുന്നത്. വഴികളിൽ പലയിടത്തും ഉറമഞ്ഞ്

കിടപ്പുണ്ട്. തരിശായി കിടക്കുന്നത് എന്ന് നേരത്തെ നമ്മൾ കണ്ട മലകളിൽ നിറപ്പകിട്ടില്ലാത്ത ചില മുൾച്ചെടികളുണ്ട്. ചെടികളിൽ ചെറിയ പൂക്കളും. കാലാവസ്ഥയുമായി ശരീരത്തിന് അനുകൂലനം കിട്ടാത്തതിനാലാവണം ചെറിയ കയറ്റം പോലും ദുഷ്ക്കരമാണ്. മിലരേപയുടെ ഗുഹയിലേക്ക് പോയിരുന്നെങ്കിൽ പെട്ടുപോയേനേ. ഇരുന്നും നടന്നും കിതച്ചും സമീപത്തുകണ്ട ഒരു മലയുടെ മുകൾവരെ കയറി. ന്യാലത്തിന്റെ ഒരു ഏരിയൽ വ്യൂ അവിടെ നിന്നാൽ കിട്ടും. മലയുടെ ഒരു വശത്തുകൂടി ഒരരുവി ഒഴുകി ഇറങ്ങുന്നുണ്ട്. ഹൈക്കിംഗ് പോൾ കുത്തി മല കയറേണ്ടതെങ്ങനെയെന്ന് ഡോർജി കാണിച്ചു തന്നു. അയാൾക്ക് മല കയറ്റത്തെക്കുറിച്ച് നല്ല അറിവുണ്ട്. സാഗർമാത (എവറസ്റ്റ്) കയറണമെന്നതാണ് എല്ലാ ഷെർപ്പകളുടേയും എന്നതുപോലെ അയാളുടെയും സ്വപ്നം.

## ന്യൂ ഡോങ്മയിലേക്ക്

ഇന്ന് താമസിക്കാൻ പോകുന്ന ന്യൂ ഡോങ്മയിലെത്തണമെങ്കിൽ ഇവിടെ നിന്ന് ഏകദേശം 400 കിലോമീറ്റർ സഞ്ചരിക്കണം. എന്ന് മാത്രമല്ല ടിബറ്റിലെ തന്നെ ഉയരംകൂടിയ ചുരങ്ങളിലൊന്നായ ലാലങ്ല കടക്കണം. ആയതിനാൽ 8 മണിക്ക്  തന്നെ പുറപ്പെട്ടു. തവിട്ടുനിറത്തിനും കറുപ്പിനുമിടയിലുള്ള ഒരു നിറമാണ് പൊതുവെ മലകൾക്ക്. മരങ്ങളോ പച്ചപ്പോ ഒരിടത്തും കാണാനേയില്ല. ഇടയ്ക്ക് താഴ്‌വരകളിൽ ചില കൃഷിടിയങ്ങൾ കാണാം. നെൽവയലുകളാണ് അധികവും. മഞ്ഞുകാലം കഴിയുന്നതേ ഉള്ളതിനാലാവാം കൃഷിയിടങ്ങളുടെ ഒരുക്കൽ നടക്കുന്നതേ ഉള്ളൂ. ഇടയ്ക്ക് ചില അരുവികളും ചെറിയ ഗ്രാമങ്ങളും കാണാം. ചെമ്മരിയാടിൻ പറ്റങ്ങളുമായി ആട്ടിടയന്മാരെ ധാരാളം കണ്ടുതുടങ്ങുന്നു. മേഞ്ഞുനടക്കുന്ന യാക്കിൻ കൂട്ടങ്ങളെയും ചിലയിടത്ത് കാണാം. എന്താണ് ഇവയ്ക്കെല്ലാം ഇവിടെ തിന്നാനുള്ളതെന്ന് മാത്രം അറിയില്ല. ചിലയിടങ്ങൾ മരുഭൂമി പോലെ മണൽപ്പരപ്പാണ്.

റോഡും വാഹനവും നല്ലതായതുകൊണ്ടാവാം ഉയരത്തിലൂടെ സഞ്ചരിക്കുന്നതിന്റെ വൈഷമ്യങ്ങളല്ലാതെ മറ്റൊന്നുമില്ല. ഞങ്ങളുടെ സംഘത്തിലെ പലരും വല്ലാതെ അവശതയിലാണ്. ഇപ്പോൾ പഴയതുപോലെ സദാസമയവും ഭജനാപ്പാട്ടുകളില്ല. വാഹനം നിറുത്തുമ്പോഴും പുറപ്പെടുമ്പോഴും പഴയ തീവ്രതയില്ലെങ്കിലും ബംബം ശരണംവിളികൾ മുടക്കമില്ലാതെ ഉണ്ടെന്നുമാത്രം.

ലാലങ് പർവ്വതപാതയുടെ ഏറ്റവും





ഉയർന്ന ഭാഗത്ത് നിൽക്കുമ്പോൾ ഉള്ള കാഴ്ച അപാരമാണ്. ടിബറ്റിലെ കാഴ്ചകളെ പൊതുവെ മനോഹര മെന്ന് വിശേഷിപ്പിക്കാനാവുമെ ന്ന് തോന്നുന്നില്ല. അത്ഭുതകരം, അപാരം, അമ്പരപ്പിക്കുന്നത്, അഭൗമം എന്നൊക്കെയുള്ള വിശേ ഷണങ്ങളാവും യുക്തം. പ്രാർത്ഥനാ തോരണങ്ങളിൽ കാറ്റുതീർക്കുന്ന ആരവം. കടുംനീല ആകാശത്ത് ആഴിയിൽ കപ്പലുകൾപോലെ വല്ലാത്ത ധൃതിയിൽ താഴ്ന്ന് പാഞ്ഞു പോകുന്ന വെൺമേഘക്കൂട്ടങ്ങൾ.

സാഗയിലെത്തുംമുമ്പ് ബ്രഹ്മപുത്ര കുറുകെ കടക്കേണ്ടതുണ്ട്. എതാനും വർഷം മുമ്പുവരെ ചങ്ങാടത്തിലായി രുന്നു വാഹനങ്ങൾ നദികടന്നു കൊണ്ടിരുന്നത്. ഇപ്പോൾ നല്ല പാലമുണ്ട്. ടിബറ്റിൽ സാങ്പോ എന്നും യാർലുങ് ത്സാങ്പോ എന്നും അറിയപ്പെടുന്ന ഈ നദി കൈലാസത്തിന് തെക്ക് ബുറാങ് പ്രവിശ്യയിൽ നിന്നാണ് ഉത്ഭവിക്കു ന്നത്. ആകെ 3848 കിലോ മീറ്റർ നീളമുള്ള ഇത് 1200 കിലോമീറ്ററും ടിബറ്റിലൂടെയാണ് ഒഴുകുന്നത്. ഒരു പച്ചപ്പുമില്ലാത്ത ഊഷരതയിലൂടെ യാണ് ബ്രഹ്മപുത്ര ഇവിടെ ഉല്ലസി ച്ചൊഴുകുന്നത്. ബ്രഹ്മപുത്രയാണെ ന്നറിഞ്ഞിട്ടും പാലത്തിനുമുകളിൽ ബസ് നിറുത്തിയിട്ടിട്ടും ഞങ്ങളുടെ ഭക്തസംഘം വലിയ ആവേശം കാ ണിക്കാതിരുന്നത് എന്തുകൊണ്ടാ ണെന്ന് എനിക്ക് മനസ്സിലായില്ല. ഗംഗയ്ക്കും യമുനയ്ക്കു മറ്റും ഉള്ളതുപോ ലെ ദിവ്യത ഈ നദിക്ക് ഭക്തർ കല്പിച്ച് കൊടുത്തിട്ടില്ലെന്ന് തോ ന്നുന്നു. ഒരു പക്ഷേ, ഈ നദിയുടെ ആൺപേരും ഒരു കാരണമാവുമോ?

ടിബറ്റിൽ കൈലാസ വഴിയിലെ ചെറിയൊരു പട്ടണമാണ് സാഗ. ന്യാലത്തേക്കാളേറെ പരിഷ്ക്കാ രത്തിന്റെ അടയാളങ്ങൾ സാഗ പ്രദർശിപ്പിക്കുന്നു. മിക്കവാറും കെട്ടിടങ്ങൾ പുതിയവയാണ്. എങ്കിലും ഇവ പലതും പരമ്പരാഗത ടിബറ്റൻ വാസ്തുശില്പ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. വൈകുന്നേ രമായതിനാലാവാം തെരുവിൽ സാമാന്യം തിരക്കുണ്ട്. മനുഷ്യരുടെ വലിയ ബഹളവും വാഹനങ്ങളുടെ ഹോണടിയുമൊന്നും ഇന്ത്യയിലും നേപ്പാളിലും കേൾക്കുന്നതുപോലെ ഇവിടെ കേൾക്കാനില്ല. ചെറിയ പ്രാർത്ഥനാചക്രങ്ങൾ കറക്കി ക്കൊണ്ട് നടക്കുന്ന വൃദ്ധരായ ചില ടിബറ്റരെ ഇവിടെ കണ്ടു. ചെറുക്കാർ പൊതുവെ പരിഷ്കൃത വേഷം ധരിച്ചവരും ഉല്ലാസപ്രി യരുമാണ്. പന്നിയുടെ കാലും തലയും യാക്കിന്റെ മാംസവും ഒക്കെ വില്പനയ്ക്ക് വെച്ചിരിക്കുന്ന കടകൾ ഇവിടുണ്ട്. ടിബറ്റിൽ മഴ ഏറ്റവും കുറഞ്ഞ പ്രദേശങ്ങളിലൊന്നായി ട്ടാണ് ഇവിടം അറിയപ്പെടുന്നത്. ഇടയ്ക്കിടയ്ക്കുള്ള പൊടിക്കാറ്റിനെ

പ്രതിരോധിക്കാനാവും പലരും മാസ്ക് വെച്ചാണ് നടക്കുന്നത്.

അസ്തമയത്തിന്റെ വർണ്ണങ്ങൾ വാരിപ്പൂശിയാണ് ന്യൂ ഡോങ്മ ഞങ്ങളെ എതിരേറ്റത്. മഴക്കാറിന്റെയും വൃക്ഷങ്ങളുടെയും മറവില്ലാത്തതിനാലാവാം ടിബറ്റിലെ ഉദയാസ്തമയങ്ങൾ പൊതുവെ അടിപൊളിയാണ്. ഡോങ്മ ഗോംപയുടെ പശ്ചാത്തലത്തിലെ ഈ അസ്തമയം അതിവിശിഷ്ടവും. ന്യൂ ഡോങ്മ ചെറിയൊരു സ്ഥലമാണ്.

കൈലാസ മാനസസരസ് യാത്രികർക്ക് വേണ്ടി തയ്യാർ ചെയ്ത രണ്ടുമൂന്ന് സത്രങ്ങൾ മാത്രമാണിവിടുള്ളത്. സത്രങ്ങൾക്ക് ചുറ്റും മണൽപ്പരപ്പാണ്. രാവിലെ ഒരു മറവുമില്ലാത്ത വെളിമ്പുറത്ത് കക്കുസിൽ പോയി മണ്ണിട്ട് മൂടി പോരുന്നതിനെക്കുറിച്ച് ഇക്കാലത്ത് നമുക്ക് ആലോചിക്കാനാവുമോ? എന്നാൽ ഇവിടിങ്ങനാണു ഭായി!

## മാനസസരസ് തടാകങ്ങളുടെ മാതാവ്

മാനസസരസിൻ കരയിലേക്കാണ് ഇന്നത്തെ യാത്ര എന്നത് ഞങ്ങളിൽ ഉന്മേഷം നിറച്ചു. ടിബറ്റിന്റെ വടക്ക പടിഞ്ഞാറ് പ്രദേശങ്ങളാണ് ഏറ്റവും ജലസമ്പന്നം. പോകുന്ന വഴിയിൽ ചെറിയ ചെറിയ തടാകങ്ങളും അരുവികളും പലയിടത്തും കണ്ടുതുടങ്ങുന്നു. എല്ലാ ദിക്കിലും അതിരുകാവൽ മഞ്ഞുമലകളായിരിക്കുന്നു. ഇടയ്ക്ക് വഴിയരികിൽ, സ്തൂപാകൃതിയിൽ കല്ലടുക്കി വെച്ചിരിക്കുന്ന ഒരിടത്ത് വണ്ടി നിറുത്തി. കൈലാസ പർവ്വതത്തിന്റെ ആദ്യകാഴ്ച ഇവിടെ നിന്നാണ് കിട്ടുന്നത്. വളരെ ദൂരെ, തിളങ്ങി നിൽക്കുന്ന കൈലാസമുടി. ഭക്തർ ഓം നമഃശിവായ ചൊല്ലി കൈലാസ നമസ്കാരം തുടങ്ങി. ചിലർ സാഷ്ടാംഗ പ്രണാമത്തിൽ. ഒരു പ്രത്യേക ശിവഭക്തനായ വി.എം.ജോസും കൂടെക്കൂടി.

എവിടെ കൈലാസം കണ്ടാലും ഒന്നും നോക്കാതെ അവിടെ സാഷ്ടാംഗം പ്രണമിക്കുക വി.എം. ജോസിന്റെ ഒരു മിനിമം പരിപാടിയായി. തത്തീര് ഗുണം ചെയ്തു എന്നു പറയുന്നതുപോലെ ഈ പരിപാടി ഞങ്ങൾ ഗുണകരമാക്കി.

ഞങ്ങളും ഗുജറാത്ത് ടീമുമായി അകലം കുറയാൻ ഇതും ഒരു കാരണമായി. ഗുജറാത്തി പലഹാരങ്ങൾ ബസിന്റെ പിന്നിലേക്കും വരാൻ തുടങ്ങി.

ഇടയ്ക്ക് ചൈനയുടെ ഒന്നുരണ്ട് ചെക്കിംഗ് പോസ്റ്റുകൾ. ഒരിടത്ത് എല്ലാവരും വാഹനത്തിൽ നിന്നിറങ്ങി നിൽക്കണം. അവിടെ ഇരിക്കാനും മറ്റും നല്ല സൗകര്യങ്ങളുണ്ട്. കൈലാസയാത്ര കഴിഞ്ഞ് വരുന്ന പലരും, ചൈനീസ് പട്ടാളക്കാരും ഉദ്യോഗസ്ഥരും ഇന്ത്യാക്കാരോട്





വൈരാഗ്യത്തോടെ പെരുമാറുന്നതായി വാചാലരാവാറുണ്ട്. എന്നാൽ പല രാജ്യങ്ങളിലൂടെ സഞ്ചരിച്ച ആൾ എന്ന നിലയിൽ പറയട്ടെ, അത്ര മോശമായ പെരുമാറ്റമൊന്നുമല്ല ഈ പട്ടാളക്കാരുടേത്. ഇസ്രായേലിലും ഇംഗ്ലണ്ടിലും മറ്റും അനുഭവിക്കേണ്ടി വന്ന കാർക്കശ്യത്തിന്റെ പകുതിപോലും ഇവിടെ കണ്ടില്ല. ലണ്ടനിലെ ഹീത്രൂ വിമാനത്താവളത്തിൽ എത്ര അപമാനകരമായാണ് ഇന്ത്യക്കാരോട് പെരുമാറുന്നത്.

വീട്ടിൽ വരുന്ന യാചകരെ നമ്മൾ കാണുന്നതിലും മോശമായാണ് നമ്മെ അവർ കാണുന്നത്. ഇന്ത്യക്കാരെ മണിക്കൂറുകൾ ക്യൂ നിറുത്തി വലച്ച് മാത്രമേ അവർ ക്ലിയറൻസ് തരാറുള്ളൂ. എന്തിന്, ചില സ്ഥലങ്ങളിൽ നമ്മുടെ പട്ടാളക്കാർ നമ്മോട് പെരുമാറുന്നതുപോലും ഇതിലും കർക്കശമായിട്ടാണ്. മുമ്പൊരിക്കൽ ഡൽഹിയിൽ രാജ്ഘട്ടിന്റെ സമീപത്ത് വാഹനപാർക്കിംഗ് അനുവദിക്കാത്തിടത്ത് വാഹനം നിന്നുപോയി എന്നതിന്റെ പേരിൽ വാഹനത്തിൽ ഉണ്ടായിരുന്ന കുഞ്ഞുങ്ങളും സ്ത്രീകളും ഉൾപ്പെടെ ഞങ്ങളുടെ സംഘത്തിന് മൂന്ന് മണിക്കൂർ ബന്ധവസിൽ കഴിയേണ്ടി വന്ന അനുഭവവും ഉണ്ട്.

വീണ്ടും മലമ്പാതകൾ, ചെറിയ നീരൊഴുക്കുകൾ, തടാകങ്ങൾ, കല്ലും മണ്ണും വാരിക്കൂട്ടിയതുപോലുള്ള പർവ്വതങ്ങൾ, കറുത്ത പാറക്കുന്നുകൾ ഇതെല്ലാം കടന്നു ചെല്ലുമ്പോൾ ദൂരെ മാനസസരസ് കാണാം. തവിട്ടു പശ്ചാത്തലത്തിൽ ദീർഘവൃത്താകാരത്തിൽ തിളങ്ങുന്ന ഒരു നീലരത്നംപോലെ. സരസ് കണ്ടതോടെ സർവ്വരുടെയും ക്ഷീണമെല്ലാം പമ്പകടന്നു. ഇടയ്ക്ക് ഒരിടത്ത് സരസിനപ്പുറത്ത് കൈലാസ ശിഖരം. വീണ്ടും ബസിനുള്ളിൽ ശരണം വിളികൾ മുഴങ്ങി. ഈ ദർശനങ്ങൾക്കു വേണ്ടിയാണല്ലോ വലിയ കഷ്ടപ്പാടുകൾ സഹിച്ച് ഈ മനുഷ്യർ ഇവിടെയെത്തിയിരിക്കുന്നത്. കുറേക്കൂടി സഞ്ചരിച്ച് ഒരിടത്ത് വാഹനം നിറുത്തി പുറത്തിറങ്ങി. നേരിയ ഒരു പുൽപ്പരപ്പും മണൽപ്പരപ്പും മുറിച്ചു കടന്നാൽ മാനസസരസിലിറങ്ങാം. തീരത്ത് ഉറഞ്ഞ മഞ്ഞാണ്. സരസിലെ ഹിമം പോലെ തണുത്ത വെള്ളം കൈകൾ കൊണ്ട് കോരിയെടുത്ത് മുഖത്തൊഴിച്ചു. കൈകളിലും മുഖത്തും ഉണർവ്വിന്റെ, തണുപ്പിന്റെ ആലിംഗനം.

ഇപ്പോൾ പോകുന്ന വഴിയുടെ ഇടതുവശത്ത് രാക്ഷസതാൾ എന്ന തടാകം കാണാം. രാവണന്റെ പേരിലാണ് ഈ തടാകം അറിയപ്പെടുന്നത്. ഇതുകൊണ്ടാവാം ഞങ്ങളുടെ കൂട്ടത്തിലെ ഭക്തർക്ക് ഈ തടാകം കാണാൻ കൂടി താല്പര്യമില്ല. ഞങ്ങളുടെ നിർബന്ധം കൊണ്ടു മാത്രം ബസിവിടെ നിറുത്തി. റോഡിൽ

നിന്ന് അല്പം ദൂരമുണ്ട് തടാകത്തിലേയ്ക്ക്. തടാകത്തിന് അടുത്തേയ്ക്ക് പോകാൻ അനുമതിയില്ലെന്നാണ് വിവേക് പറയുന്നത്. സംഘത്തിലുള്ളവർക്ക് താല്പര്യമില്ലാത്തതു കൊണ്ടാണ് വിവേക് ഇങ്ങനെ പറയുന്നതെന്ന് ഞങ്ങൾക്കറിയാം. കാഴ്ചയിൽ വളരെ മനോഹരമാണ് ഈ തടാകം. തടാകത്തിന് നടുവിൽ രണ്ട് തുരുത്തുകളുണ്ടെന്നാണ് കേൾവി. നിരവധി തെറ്റിദ്ധാരണകൾ ആൾക്കാർക്ക് ഈ തടാകവുമായി ബന്ധപ്പെട്ട് ഉണ്ട്. ഇതിൽ ജീവജാലങ്ങളൊന്നുമില്ല എന്നാണ് പലരും പറയുന്നത്. തപോവനം സ്വാമികൾ പറയുന്നത് ഇതിൽ ജീവജാലങ്ങൾ മാനസസരസിനേക്കാൾ കൂടുതലെന്നാണ്.

തടാകം കട്ടിയായി കിടക്കുമ്പോൾ ടിബറ്റർ അവരുടെ യാക്കുകളുമായി തടാകത്തിന് മുകളിലൂടെ നടന്ന് തുരുത്തുകളിലേക്ക് പോകുമത്രേ. തുരുത്തുകളിലെ വിശേഷപ്പെട്ട പുല്ലുതിന്ന് തൃപ്തരായ യാക്കുകളും അവിടെ നിന്ന് ശേഖരിച്ച പക്ഷി മുട്ടകളുമായി സംതൃപ്തരായ ടിബറ്റരും മഞ്ഞുരുകുന്നതിനു മുമ്പ് തിരിച്ചുപോരുമത്രേ. അവിടുന്ന് ശേഖരിച്ച പക്ഷിമുട്ടകൾക്ക് ചൈനയിൽ വൻ ഡിമാൻറാണെന്നും പറഞ്ഞുകേൾക്കുന്നു.

മാനസസരസിൽ നിന്ന് ഒരു നീർച്ചാൽ ഇതിലേക്ക് ഉള്ളതായി അറിയാമെങ്കിലും വിവേകിന് അതിനെക്കുറിച്ച് വലിയ അറിവുള്ളതായി നടിച്ചില്ല. ഇത് വിവേകിന്റെ ഒരു നമ്പരായി പിന്നീട് മനസ്സിലായി. ഞങ്ങളെ കൊണ്ടുപോകേണ്ട എന്ന് അയാൾ കരുതുന്ന എന്തിനെക്കുറിച്ച് ചോദിച്ചാലും ഒരു പൊട്ടൻകളി പതിവാ. മാനസസരസിൽ നേരത്തെ എത്തി ബലികർമ്മങ്ങൾ ചെയ്യാനുള്ള ഭക്തരുടെ ആഗ്രഹം കൊണ്ടാവാം അയാൾ ഇങ്ങനെ പ്രവർത്തിക്കുന്നത്. രാക്ഷസതാലിൽ നിന്ന് ബസ് വിട്ട് ഉടനെ തന്നെ വി.എം.ജോസ് മുഴക്കമുള്ള ശബ്ദത്തിൽ രാവണ കൃതമെന്ന് പറയെപ്പടുന്ന 'ജടാടവീഗള ജ്വല പ്രവാഹപാവിതസ്ഥലേത്സ എന്നു തുടങ്ങുന്ന ശിവസ്തവം ചൊല്ലാൻ തുടങ്ങി. ഞങ്ങളുടെ ബസിലുണ്ടായിരുന്ന ഭക്തർ ശരിക്കും ഞെട്ടിപ്പോയെന്ന് പറയാം. വി.എം. ജോസ് ഇത് നന്നായി ചൊല്ലും. മുമ്പ് ഞങ്ങൾ 'ലങ്കാലക്ഷ്മി' നാടകം ചെയ്തപ്പോൾ ഈ സ്തോത്രം ചൊല്ലിയത് ഇദ്ദേഹമാണ്. പല പ്രാവശ്യം ഇദ്ദേഹത്തിന്റെ ചൊല്ലൽ കേട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ ഇതിന് അപാരസൗന്ദര്യമുള്ളതായി തോന്നി. മല്ലൂസ് അത്ര നിസാരക്കാരല്ല എന്ന് ഞങ്ങളുടെ ഉത്തരേന്ത്യൻ ഭക്തസംഘത്തിന് തോന്നിത്തുടങ്ങാൻ ഇതും ഒരു കാരണമായി.

മാനസസരസിന്റെ കരയിൽ തീർത്ഥാടകർക്ക് താമസിക്കാനായി പല കേന്ദ്രങ്ങളുണ്ടെങ്കിലും കൂടുതൽ പേരും തിരഞ്ഞെടുക്കുന്നത് ചിയു എന്ന സ്ഥലമാണ്. സരസിന് ചുറ്റുമായി എട്ട് ഗോംപകൾ ഉള്ളതിൽ ഏറ്റവും വിശേഷപ്പെട്ടത് ഇവിടുത്തേത് ആയതിനാൽ ബുദ്ധമതക്കാരും ബലികർമ്മങ്ങൾ ചെയ്യാൻ ഏറ്റവും സൗകര്യം ഉള്ളതിവിടായതിനാൽ ഹിന്ദുക്കളും ഇവിടം ഇഷ്ടപ്പെടുന്നു. കൈലാസത്തോട് സരസ് ഏറ്റവും അടുത്തുവരുന്നതിവിടായതിനാൽ ഏറ്റവും വ്യക്തമായ കൈലാസ ദൃശ്യവും ഇവിടെനിന്നാണ്. തീർത്ഥാടകർക്ക് താമസിക്കാനായി സാമാന്യം നല്ല സൗകര്യങ്ങൾ ഇവിടുണ്ട്. സരസ് തീരത്തെ ഒരു പിൽഗ്രിം സെൻററാണ് ഞങ്ങൾ താമസിക്കാനായി തിരഞ്ഞെടുത്തത്. തീർത്ഥാടന കാലം ആരംഭിക്കാത്തതുകൊണ്ടാവാം ഇവിടെ കാര്യമായ തിരക്കൊന്നുമില്ല. സാമാന്യം വൃത്തിയും ഉണ്ട് .

ഉച്ചഭക്ഷണം കഴിച്ചെന്ന് വരുത്തി വിശ്രമത്തിനൊന്നും നിൽക്കാതെ നേരെ സരസിലേയ്ക്കോടുകയാണുണ്ടായത്. അപാരമായ ഒരു കാഴ്ചയാണ് മാനസസരസ്. ടിബറ്റൻ പീഠഭൂമിയിലെത്തിയപ്പോൾ മനോഹരം എന്ന വാക്ക് ഞാൻ പിൻവലിച്ചെങ്കിൽ ഇപ്പോൾ അത് തിരിച്ചുകൊണ്ടുവരികയാണ്. മനോഹരം, അതിമനോഹരം ഈ കരിനീല തടാകം. തീരത്തോടടുത്ത് അവിടവിടെ മഞ്ഞ് കൂമ്പാരമായി കിടക്കുന്നു. തവിട്ടും കറുപ്പും നിറമുള്ള നഗ്നമായ മലകൾ തടാകത്തിന് ചുറ്റും. ചില മലകളുടെ മുകളിലും മലമടക്കുകളിലും മഞ്ഞിന്റെ ധവളിമ. മറുവശത്ത് കൈലാസത്തിന്റെ ഉജ്വലമായ കാഴ്ച. കൈലാസം ഭക്തർക്ക് മാത്രമേ, വല്ലപ്പോഴുമേ ദർശനം തരു എന്നായിരുന്നു മുമ്പ് കേട്ടിരുന്നത്. ഒരു പക്ഷിത്തൂവൽ മേഘത്തിന്റെ പോലും മറവില്ലാതെ നീല ആകാശ പശ്ചാത്തലത്തിൽ കൈലാസം വിളങ്ങി നിൽക്കുകയാണിപ്പോൾ.

മാാം യുംസോ എന്ന് ടിബറ്റിൽ അറിയപ്പെടുന്ന മാനസസരോവരം സമുദ്ര നിരപ്പിൽ നിന്ന് 15060 അടി ഉയരത്തിലാണ്. ഇതിന്റെ വിസ്തീർണ്ണം 410 ചതുരശ്ര കിലോമീറ്ററും കൂടിയ ആഴം 300 അടിയുമാണ്. ഹിന്ദു പുരാണമനുസരിച്ച് ബ്രഹ്മാവിന്റെ മനസിൽ നിന്നാണ് ഈ സരസിന്റെ പിറവി. തന്റെ സൃഷ്ടിയുടെ സൗന്ദര്യം വീണ്ടും വീണ്ടും ആസ്വദിക്കാൻ ബ്രഹ്മാവിന്റെ മനസ്സ് അരയന്നങ്ങളായി എത്തുന്നു എന്നാണ് സങ്കല്പം.

ഹിന്ദു, ജൈന, ബുദ്ധ, ബോൺ മതങ്ങൾക്കെല്ലാം മാനസസരസുമായി ബന്ധട്ടെ് നിരവധി കഥകളും വിശ്വാസങ്ങളുമുണ്ട്. എല്ലാവർക്കും ഇതൊരു പുണ്യതടാകമാണ്. ഹിന്ദുക്കൾക്കാകട്ടെ കൈലാസം പോലെ പരിശുദ്ധവും. ഒരു ജന്മത്തിലെ അല്ല പലജന്മങ്ങളിലെ പാപങ്ങൾ ഇതിൽ സ്നാനം ചെയ്താൽ നീങ്ങുമെന്നാണ് അവരുടെ വിശ്വാസം.

ഞങ്ങളുടെ സംഘത്തിലെ ഭക്തർ ഏതെല്ലാമോ പൂജകൾ ആരംഭിച്ചു കഴിഞ്ഞു. ഷെർപ്പകൾ മിനിട്ടുകൾ കൊണ്ട് ഹോമകുളം തയ്യാറാക്കി. ഇതുവരെ ചടഞ്ഞുകൂടിയിരുന്നിരുന്ന പൂജാരിമാർ രണ്ടുപേരും ആക്ടീവായിരിക്കുന്നു. ഒരാൾ ഹോമകുളത്തിന് സമീപമിരുന്ന് മന്ത്രോച്ചാരണങ്ങൾ തുടങ്ങി. രണ്ടാമത്തെ പൂജാരി ബലികർമ്മങ്ങളാണ് നടത്തുന്നത്. അക്കൂടെയാണ് ആളുകൾ കൂടുതൽ. പിതൃക്രിയകൾ നടത്താൻ ഏറ്റവും ഉചിതമാണിവിടമെന്ന് കരുതുന്നവരുണ്ട്. സരസിൽ മുങ്ങി ഈറനായി വന്ന് ക്രിയകൾ ചെയ്യാം എന്ന ചിലരുടെ മോഹം വിവേക് കർശനമായി വിലക്കി. വിലക്ക് ലംഘിച്ചും ചിലർ സരസിൽ മുങ്ങിവരുന്നുണ്ട്. മഞ്ഞുകട്ടകൾ ചിതറിക്കിടക്കുന്ന സരസിലെ കുളി



ഞങ്ങൾ തല്ക്കാലം വേണ്ടെന്നുവെച്ചു. കണ്ണാടിപോലെ തെളിഞ്ഞ വെള്ളമാണ് തടാകത്തിലേത്. അടിമുഴുവൻ പല നിറങ്ങളിലുള്ള കല്ലുകളാണ്. വെള്ളത്തിൽ നിറപ്പകിട്ടുള്ള ചെറിയ ധാരാളം മീനുകൾ. തടാകതീരത്ത് വലിച്ചുകെട്ടിയ തോരണങ്ങൾക്കിടയിലൂടെയുള്ള കൈലാസ കാഴ്ചയും മനോഹരം തന്നെ.

നാലഞ്ച് കടകളുള്ള ചെറിയൊരു 'ജംഗ്ഷൻ' പിൽഗ്രിം സെൻററിനടുത്തായുണ്ട്. അവിടെ ഒരിടത്ത് ചൂടുവെള്ളത്തിൽ എന്തോ വിശേഷപ്പെട്ട കുളിയുണ്ട് എന്നറിഞ്ഞ് പോയി. ചൂരലുപോലെയുള്ള എന്തോ ചെറുകമ്പുകൾ കൊണ്ട് മെടഞ്ഞുണ്ടാക്കിയ നാലഞ്ചടി പൊക്കമുള്ള കുട്ടയിൽ തുകലുപോലുള്ള എന്തോ വിരിച്ചിട്ട് ചൂടുവെള്ളം നിറച്ചിരിക്കുകയാണ്. വെള്ളം നിറയ്ക്കുന്നതൊക്കെ നമ്മുടെ മുമ്പിൽ വെച്ചുതന്നെ. മാനസസരസിൽ നിന്നുള്ള ഏതോ ചൂടുറവയിലെ വെള്ളമാണുപോലും. നമുക്ക് അതിൽ ഇറങ്ങി നിന്ന് അരമണിക്കൂർ കുളിക്കാം. വെള്ളത്തിൽ ഏതോ ചില പൂവുകൾ കൂടി ഇടും. മൂന്നാലു ദിവസമായി കുളിക്കാതിരുന്ന ഞങ്ങൾക്ക് അവിടുത്തെ ഭീകരമായ തണുപ്പിൽ ഈ കുളി വളരെ ആസ്വാദ്യകരമായി തോന്നി. മുപ്പത് യുവാനാണ് ചാർജ്. ഇന്ത്യൻ രൂപയായിട്ടാണെങ്കിൽ അഞ്ഞൂറ് രൂപ കൊടുക്കണം. കാശു പോയാലും ജീവിതത്തിലിന്നുവരെ ഇത്രയും നല്ല കുളി കുളിച്ചിട്ടില്ലെന്ന് ശരിക്കും തോന്നിപ്പോയി.

പ്രഭാതത്തിലെ സരോവരം ഇന്നലെ കണ്ടതേ അല്ല. ആകാശത്തിന്റെ നിറങ്ങളെല്ലാം സരോവരം കടം കൊണ്ടിരിക്കുന്നു. സരോവരത്തിലും കാവൽ നിൽക്കുന്ന മലനിരകളിലും കൈലാസത്തിലും ഉദയസൂര്യന്റെ മന്ദസ്മിതം.

സരോവരത്തിൽ നിറയെ നീന്തിത്തുടിക്കുന്ന ഒരിനം തവിട്ടുത്തലയൻ കൊറ്റികൾ. ഇടയ്ക്ക് സ്വർണ്ണ നിറമുള്ള അരയന്നങ്ങൾ. കാളിദാസൻ വർണ്ണിക്കുന്ന വിടർന്ന സ്വർണ്ണ താമരകളും താമര നൂലുകൾ തിന്നുമദിക്കുന്ന ഹംസങ്ങളേയും മാത്രം കണ്ടില്ല. കല്പദ്രുമത്തിന്റെ പൂമ്പൊടി വീണ് സുഗന്ധിയായ ജലമാണ് സരോവരത്തിലേത് എന്നാണ് കവി പറയുന്നത്.

ബൗദ്ധർ മാനസസരസിനെ എട്ടു ദളങ്ങളുള്ള ഒരു താമരപ്പൂവായാണ് കല്പിച്ചിട്ടുള്ളത്. ഈ ദളങ്ങളെ പ്രതിനിധീകരിച്ച് സരസിന് ചുറ്റുമായി എട്ട് ഗോംപകൾ ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായതാണ് ചിയു ഗോംപ. ഇത് സരസിൻ കരയിലുള്ള ഒരു കുന്നിന്റെ മുകളിലും ഉള്ളിലുമായാണ്. കുന്നിൻ പള്ളയിലെ വളഞ്ഞു പുളഞ്ഞ വീതികുറഞ്ഞ നടപ്പാതയിലൂടെ വേണം കയറിച്ചെല്ലാൻ.

പ്രകൃതിദത്തമായതും മനുഷ്യരാൽ കുഴിച്ചും തുരന്നും ഉണ്ടാക്കപ്പെട്ടതുമായ, പൊത്തുപോലുള്ള പല മുറികളും ഇവിടുണ്ട്. ഇതിലൊരു അറയിൽ ബുദ്ധഗുരുവായ പദ്മസംഭവൻ ധ്യാനിച്ചിരുന്നു എന്നാണ് വിശ്വാസം. ടിബറ്റൻ ബുദ്ധമതത്തിലെ ശങ്കരാചാര്യരാണ് ഗുരു റിംപോച്ചേ എന്നറിയപ്പെടുന്നഇദ്ദേഹം. ഇന്ത്യക്കാരനായിരുന്നുവത്രേ. അക്കാലത്ത് ടിബറ്റിൽ ആധിപത്യമുറിച്ചിരുന്ന ബോൺമതത്തെ തകർത്ത് തരിണമാക്കി ബുദ്ധമതത്തിന്റെ കൊടി ഇവിടെ പാറിച്ചത് ഇദ്ദേഹമാണെന്ന് കരുതപ്പെടുന്നു. ഇത്തരം സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ ഞാൻ പലപ്പോഴും ആലോചിക്കാറുള്ളത് എന്തുകൊണ്ടാവാം ഗുരുക്കാരും സന്യാസിമാരും ഇത്തരം വിജനമായ സ്ഥലങ്ങൾ തേടിപ്പോവുന്നത് എന്നാണ്. വീടു നാടും വിട്ടുമാറിയും ജനങ്ങളിൽ നിന്ന് അകന്നും മാത്രമേ പ്രാർത്ഥനയും ധ്യാനവും നടക്കു എന്നാണോ? ഭൗതികവും അതിനാൽ നശ്വരവുമായ വീട്ടിൽ നിന്നും നാട്ടിൽ നിന്നുമുള്ള ഈ അകന്നു പോകൽ അനശ്വരതയിലേക്കും ദൈവത്തിലേക്കും നയിക്കുമെന്നാവാം അവർ കരുതുന്നത്. സാധാരണ ഗോംപകൾക്കുള്ളിലുള്ള എല്ലാം ഇവിടെയുണ്ട്. കുന്നിന്റെ മുകൾത്തട്ടിൽ നിന്നുള്ള സരോവര, കൈലാസക്കാഴ്ചകൾ അതിമനോഹരം തന്നെ.

# വാക്കിലെരിയും കനൽ

മനുഷ്യനിന്ന് യന്ത്രമാകുന്ന കാലമാണിത്
യന്ത്രത്തോടൊപ്പം വളരുന്ന കാലമാണിത്
തിരിച്ചറിവിൽ തീ പടരാൻ സമയമായെന്നോതും
കാലത്തിൻ ശംഖുനാദമിന്നു പാഴ്സ്വരമായി
'അക്ഷരങ്ങൾ കത്തുന്ന കാലമുദിക്കേണം
വാക്കുകളിൽ കനല്പൂക്കുന്ന കാലമുദിക്കേണം
തുടികൊട്ടി തുയിലുണർത്താൻ നേരമായിന്ന്
ഉണർത്തുപാട്ടിൽ വിപ്ലവത്തിന് കാലമായിന്ന്
പറയാത്ത വാക്കുകളുള്ളിൽ നോവാകുന്നു
എഴുതിയ വാക്കുകളോരോന്നും മോക്ഷം തേടുന്നു
അറിവിൻ പനയോലത്താളുകളിലന്ന്
നേരിൻ മന്ത്രം ചൊല്ലി പൂർവ്വസൂരികൾ
ഉള്ളിലണയാത്ത തീയമ്പുമായി പണ്ട്
തോട്ടുവക്കത്തും മാടപ്പുരയിലും
വയൽക്കാട്ടിലും കത്തിജ്ജ്വലിച്ച തീപ്പന്തങ്ങളുടെ തുണ്ടാവാം
ചൂഷണം, അനീതിക്കെതിരെയെന്ന്
ഉയർന്നുപൊങ്ങി പ്രതിഷേധക്കൊടുങ്കാറ്റുകൾ
കരിമ്പാറകൾ പിളർക്കുന്ന മുദ്രാവാക്യത്താൽ
തെല്ലടങ്ങി പൊടിപടലങ്ങൾ മെല്ലെയെന്നാലും
നീരുറവകളിൽ വിഷംകലക്കി കരിന്തേളുകൾ
കുമിഞ്ഞുകൂടി നിർഭയമിന്ന് നിരത്തിലെമ്പാടും
'യന്ത്രം പൂക്കുമീക്കാലത്തിൽ മനുഷ്യകരങ്ങൾ
മനുഷ്യനീതി മറന്നുപോലും സഞ്ചരിക്കയായ്
വർത്തമാനത്തിൻ ശാപമായ് വാർത്തകളിന്ന്
മലയാളത്തിൻ തനിമ പോലുമന്യമായ്
ചങ്കിൽ കിനിയും ചോരയുമായ് പൊരുതാൻ
പാരമ്പര്യത്തിൻ നിറമോലും സന്ധ്യവിടരാൻ
ശിലാകാതുശിരത്തം കാട്ടുമെന്നുണ്ണിയന്ന്
മുലപ്പാലിൻ രുചി മണക്കും കാറ്റുമിന്നോതി
മതം മദമായി രക്തക്കളമായിടുമ്പോൾ
ജാതിയിൽ സ്പർദ്ധ പടർത്തിയ തിരികൊയ്യുമ്പോൾ
നിയമങ്ങളിൽ പുതുക്കവിത രചിച്ചന്നം മുടക്കുമ്പോൾ
കോടികളിൽ അഴിമതിയുടെ കണക്കെടുക്കുമ്പോൾ
മാനവികതയുടെ മഹനീയതയ്ക്ക് കൊടിപിടിച്ചീടാൻ
സാഹോദര്യത്തിൻ ചങ്ങലയിൽ കണ്ണിയാകുവാൻ
പെണ്ണിൻ ഉടുതുണിയഴിയാതെ തുണയേകിടാൻ
അക്ഷരങ്ങൾ കത്തുന്ന കാലമുദിക്കേണം
വാക്കുകളിൽ ചോരതിളയ്ക്കുന്ന കാലമുദിക്കേണം
നിലവിളികളെ നെഞ്ചേറ്റി മറുമരുന്നാകാൻ
പാരിൽ നന്മയുടെ സുഗന്ധമായിടാൻ
സത്യത്തിൽ മുഖമെങ്ങും തുറന്നുകാട്ടാൻ
വാക്കുകളിൽ കനല്പൂക്കുന്ന കാലമുദിക്കേണം.

**ഡോ. ബിന്ദു എ.സി.**
ബി.എ.എം. കോളേജ്, തുരുത്തിക്കാട്



വിദ്യാഭ്യാസ രംഗത്ത് ലോകത്തിന് മാതൃകയായ ഒട്ടേറെ പരിഷ്കാരങ്ങൾക്ക് എല്ലാ കാലവും നേതൃത്വം നൽകിയത് കേരളത്തിലെ ഇടത് പുരോഗമന പ്രസ്ഥാനങ്ങളാണ്. ലോകമെമ്പാടും മുതലാളിത്ത ശക്തികൾ വലിയ മുതൽമുടക്കിന് സന്നദ്ധമായിക്കൊണ്ട് വിദ്യാഭ്യാസ മേഖലയെ തങ്ങളുടെ കമ്പോള ആവശ്യങ്ങൾക്ക് അനുസരിച്ച് കീഴ്മേൽ മറിക്കുന്ന കാലത്തും സ്വയംഭരണ സ്ഥാപനങ്ങളായി നിലകൊള്ളുകയും സാമൂഹിക സമത്വത്തിന്റെ ഇടങ്ങളായി അവശേഷിക്കുകയും ചെയ്യുന്ന സർവകലാശാലകളെയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ ആകെയും അതിന്റെ അന്തസ്സും അന്തസത്തയും ചോർന്നുപോവാത്ത വിധം ചേർത്തുപിടിക്കുന്ന നിലപാടുകൾ സ്വീകരിക്കുകയാണ് കേരളത്തിലെ ഇടതുമുന്നണി സർക്കാർ നാളിതുവരെ ചെയ്തത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മികച്ച വിജയത്തിന് തുടർച്ച എന്നോണം ഉന്നത വിദ്യാഭ്യാസ മേഖലയെ അടിമുടി പരിഷ്കരിക്കാൻ ആവശ്യമായ നയ സമീപനങ്ങൾ ബജറ്റിലൂടെ ഇതിനകം പുറത്തുവന്നു കഴിഞ്ഞു. ഇനി അങ്ങോട്ട് ഈ മേഖലയുടെ വികസനത്തിന് ആക്കം കൂട്ടുന്ന വിവിധങ്ങളായ പദ്ധതികളുടെ നടത്തിപ്പിനും ആസൂത്രണത്തിനും ആവശ്യമായ സർഗാത്മകമായ ഇടപെടലുകൾ നടത്തുക എന്ന പരമപ്രധാനമായ ഉത്തരവാദിത്തമാണ് നമുക്ക് നിർവഹിക്കാൻ ഉള്ളത്. സർവകലാശാലകളുടെ വിവിധ സമിതികളുടെ പരസ്പര ഏകോപനത്തിലൂടെ മാത്രമേ നമുക്ക് ഇത് സാധ്യമാക്കാൻ കഴിയൂ.

അനാവശ്യ കോടതി വ്യവഹാരങ്ങളിലൂടെ അധ്യാപകരുടെയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജോലി പ്രതീക്ഷിച്ച് ഉന്നത ബിരുദങ്ങൾ കരസ്ഥമാക്കുന്ന സാധാരണക്കാരുടെയും എല്ലാ അവസരങ്ങളും തട്ടി തകർക്കുന്ന വലതുപക്ഷ മുതലാളിത്ത സമീപനങ്ങൾ നാം ഈ അവസരത്തിൽ കാണാതെ പോവരുത്. നമ്മുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാൻ പൊതു സമൂഹത്തെ ചേർത്ത് നിർത്തി നാം നടത്തിയ നിരന്തരമായ പോരാട്ടങ്ങളും ഒപ്പം മൂല്യബോധമുള്ള വിദ്യാർഥി സമൂഹവും ആണ് നമ്മുടെ കൈമുതൽ. അവസാനിക്കാത്ത പോരാട്ടങ്ങളുടെ ചരിത്രത്തെ പരിഹസിക്കുന്നവർക്ക് മുന്നിൽ നമ്മൾ പറയുന്നത് പ്രതീക്ഷാനിർഭരമായ ഒരു നാളയെ കുറിച്ചാണ്. ജനകീയ ബദലുകൾ മുന്നോട്ട് വച്ചുകൊണ്ട് എല്ലാ കാലത്തും അധ്യാപകർക്കും വിദ്യാർഥി സമൂഹത്തിനും ഒപ്പം നിന്ന ഇടത്പക്ഷത്തിനാവട്ടെ നമ്മുടെ വോട്ട്.

ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ ക്യൂ.ആർ. കോഡ് അദ്ധ്യാപക സുഹൃത്തുക്കൾക്ക് പ്രയോജനമാകുംവിധം ഇതോടൊപ്പം ചേർത്തിട്ടുണ്ട് എന്ന വിവരം സന്തോഷത്തോടെ അറിയിക്കട്ടെ.

UGC Pay Revision Order

G.O(P)No.03/2021/ HEDN, Dated TVM 23/01/2021

G.O(P) No.28/2019/ HEDN, Dated TVM 29/06/2019

G.O(P) No.38/2020/ HEDN, Dated TVM 06/11/2020

G.O(P) No.18/2020/ HEDN, Dated TVM 28/05/2020


G.O(P) No.29/2019/ HEDN, Dated TVM 30/09/2019


G.O(P) No.18/2019/ HEDN, Dated TVM 29/06/2019

G.O(P) No.09/2021/ HEDN, Dated TVM 20/02/2021



AKPCTA
AKPCTA
പത്തനംതിട്ട ജില്ല വനിതാ കമ്മിറ്റി
(കേരള യൂണിവേഴ്സിറ്റി മേഖല)
വെബിനാർ
വിഷയം: കോവിഡ് കാല വീട്ടകങ്ങളിലെ സ്ത്രീജീവിതം: ചില മനഃശാസ്ത്ര ചിന്തകൾ
13 ജനുവരി 2021
7.00 pm
ഡോ: വിനോദ്കുമാർ M.V.
പ്രൊഫസർ
VPSV ആയുർവേദ കോളേജ്
കോട്ടക്കൽ
Join us live on:
through the link: https://meet.google.com/yaj-ktxm-upj


AKPCTA
എ കെ പി സി ടി എ
കണ്ണൂർ - കാസർഗോഡ് ജില്ലാ
വനിതാ കമ്മിറ്റി
വനിതാ കൺവെൻഷൻ
2021 മാർച്ച് 15 തിങ്കളാഴ്ച
വൈകീട്ട് 7 മണിക്ക്
മുഖ്യപ്രഭാഷണം
ശ്രീമതി. പി പി ദിവ്യ
(കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്)
വനിതാമുന്നേറ്റങ്ങളുടെ
രാഷ്ട്രീയദൃശ്യത
ഏവർക്കും സ്വാഗതം


AKPCTA പയ്യന്നൂർ കോളേജ്
വനിത കമ്മറ്റി സംഘടിപ്പിക്കുന്ന വെബിനാർ
"ഹത്രസ് - ഇന്ത്യ
എത്തിനിൽക്കുന്നിടം"
7 OCT 2020
6 PM
ഉദ്: സ: എൻ.സുകന്യ
ടീച്ചർ


എ.കെ.ജി.സി.ടി. കൊല്ലം
ജില്ലാ വനിതാ സബ് കമ്മിറ്റി
വെബിനാർ
28/01/2021 2 PM
വിഷയം: കോവിഡ്
പ്രതിരോധവും നിയന്ത്രണവും
ഡോ: കാർത്തിക എം.
അസോസിയേറ്റ്
പ്രൊഫസർ, കമ്മ്യൂണിറ്റി
മെഡിസിൻ, ഗവ:
ടി.ഡി. മെഡിക്കൽ
കോളേജ്, ആലപ്പുഴ
മീറ്റിംഗ് ലിങ്ക്:
https://meet.google.com/ram-kuqg-mhk
Adobe Spark


AKPCTA
എ കെ പി സി ടി എ
വനിതാ കമ്മിറ്റി,
കോട്ടയം - ഇടുക്കി ജില്ലാ കമ്മിറ്റി
വെബിനാർ
വിഷയം
അധ്യാപകജീവിതം : ഓൺലൈൻ
കാലത്തെ വെല്ലുവിളികൾ
ഡോ. വിനോദ് കുമാർ എം വി
പ്രൊഫസ്സർ
വി പി എസ് വി ആയുർവേദ
കോളേജ്, കോട്ടക്കൽ
തീയതി :28 നവംബർ 2020
സമയം : 3.00PM


AKPCTA
എ കെ പി സി ടി എ
വനിതാ കമ്മിറ്റി,
പത്തനംതിട്ട ജില്ല
വെബിനാർ
വിഷയം
അതിജീവനം - കോവിഡിനു
മുമ്പും ശേഷവും
വിഷയാവതരണം :ഡോ.ബി ജയരാജ്
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്മെന്റ് ഓഫ് സൈക്കോളജി
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം
തീയതി :27 ഒക്ടോബർ 2020
സമയം : 6:15PM


AKPCTA
എ.കെ.പി.സി.റ്റി.എ
കൊല്ലം ജില്ലാ
വനിതാ കമ്മിറ്റി
അക്കാദമിക് വെബിനാർ സീരീസ്
തീയതി 16 ഒക്ടോബർ 2020
സമയം 6 PM
ഉദ്ഘാടനം ഡോ.നിഷ.വി
ആമുഖ പ്രഭാഷണം എ.ജി.ഒലീന
മുഖ്യ പ്രഭാഷണം അഡ്വ. വി.കെ.പ്രസാദ്
വിഷയം
"കാർഷിക നിയമങ്ങൾ : കർഷകൻ പുറത്ത്, കുത്തക അകത്ത്"
Google Meet Link
https://meet.google.com/aik-ycyi-bpa


എ കെ പി സി ടി എ
വനിത കമ്മറ്റി, ശ്രീകൃഷ്ണപുരം
വി.ടി.ബി.കോളേജ്
നടത്തുന്ന
വെബിനാർ
പ്രാദേശിക ഭരണ സംവിധാനത്തിലെ
മാറ്റങ്ങളും സാധ്യതകളും -
വനിതാ പ്രാതിനിധ്യത്തിലൂടെ
2020 നവംബർ 30 തിങ്കൾ
ഉദ്ഘാടനം
മുഖ്യ പ്രഭാഷണം
വിഷയാവതരണം
ഷാജിത എസ്
http://www.facebook.com/akpcta/live
Platform:-
zoom
പങ്കെടുക്കുക..... വിജയിപ്പിക്കുക.....

# സംഘടനയുടെ സ്ത്രീപക്ഷം

**നിഷ**
ജില്ലാസെക്രട്ടറി, കൊല്ലം



സമൂഹത്തിൽ ഉന്നതപദവിയും സംഘടനാശക്തിയുമുള്ള ഒരു വിഭാഗമാണ് ഇന്ന് കോളേജ് അധ്യാപകർ. 1958 ൽ എ.കെ.പി.സി.ടി.എ രൂപീകരിക്കുന്നതിനുമുമ്പ് ഇതായിരുന്നില്ല കോളേജ് അധ്യാപകരുടെ സ്ഥിതി. അതുവരെ അധ്യാപകർ ഒരു സംഘടിത ശക്തി ആയിരുന്നില്ല. അധ്യാപകരെ സർവ്വീസിൽ നിന്നു പിരിച്ചുവിടാൻ മാനേജ്മെൻറുകൾക്ക് അന്ന് അനായാസം കഴിഞ്ഞിരുന്നു. മെറ്റേണിറ്റി ലീവ് അനുവദിക്കേണ്ടി വരുമെന്ന ആശങ്കയിൽ വിവാഹത്തോടെ അദ്ധ്യാപികമാരെ സർവ്വീസിൽ നിന്നും നിഷ്കരുണം ഒഴിവാക്കുകയും ചെയ്തിരുന്നു. അനീതികൾക്കെതിരെ കോടതിയെ സമീപിക്കാനുള്ള നിയമപരിരക്ഷയും അദ്ധ്യാപകർക്കു ലഭിച്ചിരുന്നില്ല. ഈ അനീതികൾക്കെതിരെ എ.കെ.പി.സി.ടിഎ നിരന്തരം പോരാടി. സർക്കാർ ഗ്രാൻ ഇൻ എയ്ഡ് കോഡ് നടപ്പാക്കിയതും, സ്വകാര്യ കോളേജ് അധ്യാപകർക്കു സർക്കാർ കോളേജ് അധ്യാപകരുടെ തുല്യപാരിറ്റി നടപ്പാക്കിയതുമെല്ലാം ഈ പോരാട്ടങ്ങളുടെ ചരിത്ര നേട്ടങ്ങളാണ്. വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി 1964 ൽ യൂണിവേഴ്സിറ്റി ഭരണസമിതിയിലേക്ക് എ.കെ.പി.സി.ടി.എ യുടെ ഔദ്യോഗിക സ്ഥാനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. 1969 ൽ കേരള സർവ്വകലാശാലാ നിയമത്തിൽ മാഗ്നാകാർട്ട ഓഫ് പ്രൈവറ്റ് കോളേജ് എന്നറിയപ്പെടുന്ന ചാപ്റ്റർ എട്ട് നിലവിൽ വന്നു. ഇതെല്ലാം ഏ.കെ.പി.സി.റ്റി.എ. യുടെ ചരിത്രത്തിൽ സുവർണ്ണ ലിപി

യിലെഴുതിയ അദ്ധ്യായങ്ങളാണ്.

സംഘടനയുടെ ഈ ചരിത്രനേട്ടങ്ങളിലെല്ലാം ശക്തമായ സാന്നിദ്ധ്യമായി നമ്മുടെ അദ്ധ്യാപികമാരും ഉണ്ടായിരുന്നു. ലിംഗനീതിക്കും ലിംഗസമത്വത്തിനും വേണ്ടി എക്കാലവും ശബ്ദമുയർത്തിയിരുന്ന നമ്മുടെ സംഘടന. അതുകൊണ്ടുതന്നെ വനിതകളെ നേതൃസ്ഥാനത്ത് എത്തിക്കുന്നതിലും സംഘടനയുടെ ശ്രദ്ധ പതിഞ്ഞിരുന്നു.

അക്കാലം വരെ മിക്ക സംഘടനകളുടെയും സംസ്ഥാന നേതൃത്വത്തിൽ പുരുഷാധിപത്യമാണ് നിലവിലിരുന്നത്. ഇതിനു മാറ്റം വരുത്തി ആദ്യമായി വനിതയെ സംസ്ഥാന നേതൃപദവിയിലേക്കു കൊണ്ടുവന്നത് ഏ.കെ.പി.സി.റ്റി.എ. ആണ്. 2015 മുതൽ 2018 വരെ മൂന്നു വർഷം പ്രൊഫ. എ.ജി. ഒലീന, എം.ജി കോളേജ്, തിരുവനന്തപുരം ഏ.കെ.പി.സി.റ്റി.എ യുടെ സംസ്ഥാന പ്രസിഡന്റ് സ്ഥാനം വഹിക്കുകയുണ്ടായി. 2020 മാർച്ചിൽ ഏ.കെ.പി.സി.റ്റി.എ യുടെ 63-ാമത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടന്ന കൊല്ലം ജില്ലാസമ്മേളത്തിൽ കൊല്ലം എസ്.എൻ വനിതാകോളേജ് അധ്യാപിക ഡോ. വി. നിഷ ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ഏ.കെ.പി.സി.റ്റി.എ. യുടെ ചരിത്രത്തിലെ അഭിമാനാർഹമായ സന്ദർഭങ്ങളാണവയെല്ലാം. ഈ കുറിപ്പ് തയ്യാറാക്കുമ്പോൾ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ തദ്ദേശപ്രസ്ഥാനങ്ങളുടെ തലപ്പത്ത് ഏറെ വനിതകൾ സ്ഥാനം നേടി. ആര്യാ രാജേന്ദ്രൻ എന്ന ഇരുപത്തൊന്നുകാരി തിരുവനന്തപുരം മേയറായി ചരിത്രത്തിൽ ഇടം നേടുകയും ചെയ്തു.

ഏ.കെ.പി.സി.റ്റി.എ യുടെ ആദ്യ വനിതാ ജില്ലാ സെക്രട്ടറിയായതിൽ എനിക്ക് അഭിമാനമുണ്ട്. ഭാവിതലമുറയെക്കുറിച്ച് ഏറെ പ്രതീക്ഷയും. പുതിയ തലമുറയിലെ അധ്യാപികമാരോട് എനിക്കു പറയുവാനുള്ളത് ചോദ്യങ്ങൾ ചോദിക്കുക അഭിപ്രായങ്ങൾ തുറന്നു പറയുക, പദവിക്കപ്പുറം പ്രവൃത്തിക്കു പ്രാധാന്യം നൽകുക, എതിർശബ്ദങ്ങളെ സമചിത്തതയോടെ നേരിടുക, പ്രതിസന്ധികളിൽ തളരാതിരിക്കുക, എന്നിവയാണ്. വരുംകാലം നിങ്ങളുടേതാണ്.

അവസാനത്തെ വനിതാ ജില്ലാ സെക്രട്ടറി ഞാനാവില്ല എന്ന ഉറപ്പോടെ...





## സല്യൂട്ട്

കോഴഞ്ചേരി സെന്റ് തോമസ് കോളേജ് മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപികയായ ശ്രീമതി പ്രിയ മാത്യൂസ്, കോളേജിലെ ഗവേണിംഗ് ബോർഡിലേക്കുള്ള ഇലക്ഷനിൽ എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥിയ്ക്കുവേണ്ടി പി.പി.ഇ കിറ്റ് ധരിച്ച് വോട്ടുചെയ്തു.

# നിന്നിലേക്കുള്ള ദൂരം

**ഡോ. മിലൻ ഫ്രാൻസ്**
സെന്റ് സേവ്യേഴ്സ് കോളേജ്, ആലുവ



ഒരു മുകിലായ് പരക്കാൻ
ഒരു നിലാവായ് നിറയാൻ
ഒരു കവിതയായ് പൊഴിയാൻ
ഒരിക്കൽ നിന്റെ കല്പനകൾ.
പിന്നെയെപ്പോഴോ
കാതരമായതൊക്കെ അടർത്തിപ്പൊഴിച്ച്
കട്ടും ചുവപ്പും കറുപ്പും
മുഖത്തു വാരിയണിഞ്ഞു
ചന്ദന ഗന്ധമുള്ള വെണ്ണയുടൽ
ചില്ലടയാടകൾ കൊണ്ടു പൊതിഞ്ഞു
തൊട്ടാൽ മുറിയുന്ന ചില്ലടലായ് നീ
നോക്കിയാൽ കണ്ണടയുന്ന കണ്ണാടിച്ചീളായ് നീ.

ഒരു മുകിലിൽ നിന്നും
നിന്നിലേയ്ക്കുള്ള ദൂരം
ഒരു നിലാവിൽ നിന്നും
നിന്നിലേയ്ക്കുള്ള അകലം
ഒരു കവിതയിൽ നിന്നും
നിന്നിലേക്കുള്ള കാതം.

# നാലുമണി മണങ്ങൾ

നാലുമണിക്കെത്ര മണങ്ങളാണ്!

ചെളിയും വിയർപ്പും പുരണ്ട സ്കൂൾ യൂണിഫോമുകളുടെ
പകുതി ബാക്കി വെച്ച ചോറിന്റെ
മണ്ണു കയറി നിറം മാറിയ ചെരിപ്പിന്റെ
നെറ്റിയിൽ വീണു കിടക്കുന്ന നനഞ്ഞ മുടിയിഴകളുടെ
തുടച്ചിട്ട നിലത്ത് പതിയുന്ന ചെരുപ്പുകളുടെ
ഓടിക്കയറുന്ന അഴുക്കുപുരണ്ട പാദങ്ങളുടെ
വെളിച്ചെണ്ണയിൽ മൊരിയുന്ന പഴം പൊരിയുടെ
ഉള്ളിൽ മധുരം നിറച്ച കൊഴുക്കട്ടയുടെ.

ഒറ്റയ്ക്കിരുന്ന് ബോറടിച്ച പന്തിന്റെ
ആലസ്യം വിട്ടുണരുന്ന ചുവരുകളുടെ
പൊട്ടാൻ ബാക്കിയായ ചില്ലുകളുടെ
മുറ്റത്തെ ആരവങ്ങളുടെ.
ഒരു പകൽ മുഴുവൻ അടക്കിപ്പിടിച്ച
കൊച്ചുകൊച്ചു സന്തോഷങ്ങളുടെ സങ്കടങ്ങളുടെ.

വർഷങ്ങൾ കഴിഞ്ഞും മുന്നിലൂടെ കടന്നു പോകുന്ന
ഒരു സ്കൂൾ ബസിൽനിന്ന്
ഈ മണങ്ങളൊക്കെ പുനർജനിക്കാറുണ്ട്
തിക്കിത്തിരക്കി വന്നു
വൃത്തിയില്ലാത്ത കൈകളോടെ കെട്ടിപ്പിടിക്കാറുണ്ട്
ജലദോഷ മുഖങ്ങൾ വെച്ചുരസാറുണ്ട്
ഇന്നാപിടിച്ചോ എന്ന്
ബാഗ് എറിഞ്ഞു തരാറുണ്ട്.

പക്ഷേ ഇപ്പോൾ ഒന്നും മുമ്പത്തെപ്പോലെ തട്ടി മാറ്റാറില്ല
എത്ര പറഞ്ഞാലും കേൾക്കില്ല എന്ന് പരാതിപ്പെടാറില്ല
കണക്കു ചെയ്തിട്ടുമതി കളിയെന്ന് ഉപദേശിക്കാറില്ല
പകരം ഒന്നുകൂടി മൂക്കു വിടർത്തും
എല്ലാം വലിച്ചെടുക്കാൻ പരമാവധി ശ്രമിക്കും
ഇനിയവ തിരിച്ചു വന്നില്ലെങ്കിലോ
എന്ന സത്യമാകാനിടയുള്ള ഭയത്താൽ
അകത്തുള്ള ഒരു പാത്രത്തിൽ ഭദ്രമായടച്ചു വെക്കും.

**സന്ധ്യ ഇ.**
നീലോല്പലം, തൃശൂർ





ഇന്ത്യൻ ട്രൂത്ത് കാവ്യപുരസ്കാരം നേടിയ തൃശ്ശൂർ കേരളവർമ്മ കോളേജിലെ ഡോ. കലാ സജീവൻ. 'ജിപ്സിപ്പെണ്ണ്' എന്ന കവിതാ സമാഹാരത്തിനാണ് പുരസ്കാരം ലഭിച്ചത്.



2020-ലെ ഇടശ്ശേരി സാഹിത്യ പുരസ്കാരം നേടിയ ഡോ. ഇ എം സുരജ. ഒറ്റപ്പാലം എൻ.എസ്.എസ് കോളേജ് അദ്ധ്യാപികയാണ്.

## വനിതാ പതിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ









ഫാത്തിമ സുല്ലമി ടി.എ., എം.ഇ.എസ്. കോളേജ്, നെടുങ്കണ്ടം, മിന ബാലകൃഷ്ണൻ, എൻ.എസ്.എസ്. കോളേജ്, ചേർത്തല, ഡോ. ബീസ പി. ഭാസ്കർ, എം.പി.എം.എം.എസ്.എൻ. ട്രസ്റ്റ് കോളേജ്, ഷൊർണ്ണൂർ, പ്രിയ പ്രിയദർശനൻ, എസ്.എൻ.കോളേജ്, ചേർത്തല



KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.284

ISSN 2454-4795
Rs.11/- JANUARY - 2021


# തുടരണം...വളരണം















Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**